**KOTTAYAM PUBLIC LIBRARY**

Call No M07 NAG-A Acc. No 81467

Author [illegible]

Title [illegible]

## BOOK To READER

* Thank you for not tearing my pages.
* Grateful for not Writing Comments or putting unsightly markings.

## CALLING URGENT ATTENTION

1. Tearing of pages causes permanent damage to the Book. Please think of the Reader who finds missing pages after reading that far. It is cruelty to the innocent.

2. Writing Comments and putting markings disfigure the Book. Please take care.

**Secretary**

1435

# അണുബോംബു വീണപ്പോൾ

DISTRIBUTING LIBRARY
No. 6596
KOTTAYAM.

(Malayalam)
Anubombu Veenappol
Memoirs
DR. TAKASHI NAGAI

Translated by
A. ADAPPUR, S. J.

M07

First Published June 1962

Printed at
INDIA PRESS, KOTTAYAM

Price Rs. 2.00

Rights Reserved

Publishers:
**Sahitya Pravarthaka Co-operative Society Ltd., Kottayam, Kerala State**

Sales Department:
NATIONAL BOOK STALL
Kottayam Kerala State India

# അണുബോംബു വീണപ്പോൾ

KOTT... LIBRARY KOTTAYAM.
14469

## തകാഷി നാഗായി

വിവർത്തനം

**എ. അടപ്പൂർ**

DISTRIBUTING LIBRARY
No. 6596
KOTTAYAM.

പ്രസാധകന്മാർ

**സാഹിത്യപ്രവർത്തക സഹകരണസംഘം**

നാഷനൽ ബുക്ക്സ്റ്റാൾ
കോട്ടയം

വില ക. 2.00


S1346 B859 126/61-62 1-3000



ഡോക്ടർ തകാഷി നാഗായി രോഗശയ്യയിൽ. പുത്രി കയാനോയും പുത്രൻ മക്കോടോയുമാണ് ഇരുവശത്തും. കിടന്നുകൊണ്ടാണ് അദ്ദേഹം ഗ്രന്ഥങ്ങൾ എഴുതിയതും വായിച്ചതും.




ഡോക്ടർ നാഗായി
അദ്ദേഹത്തിന്റെ അന്ത്യ
ദിനങ്ങളിൽ. പോപ്പ്
പ്രത്യേകം അനുഗ്രഹിച്ച
യച്ചുകൊടുത്ത ജപമാല
യാണ് കൈയിൽ.



ത്രൻ മക്കോടോ ഡോക്ടർ
ാഗായിയെ കുളിപ്പിക്കുന്നു.
ണുപ്രസരമേറ്റതു നിമിത്തം
ദ്ദേഹത്തിന്റെ കൈകാലു
ൾ ശുഷ്കിച്ചു ബലഹീനമാ
യെങ്കിലും വയർ വീർത്തുവ
ിരിക്കുന്നതു നോക്കുക.

# ഡോക്ടർ തകാഷി നാഗായി

രണ്ടാം ലോകമഹായുദ്ധം നടന്നുകൊണ്ടിരുന്ന കാലം. ലക്ഷക്കണക്കിനു പട്ടാളക്കാർ പലയിടങ്ങളിലായി മരിച്ചുകഴിഞ്ഞിരുന്നു. അസംഖ്യം പട്ടണങ്ങളും ഭവനങ്ങളും നശിപ്പിക്കപ്പെട്ടു. സമരകക്ഷികളുടെ രാജ്യങ്ങളിലുടനീളം വിധവകളുടെ വിലാപങ്ങളും അനാഥക്കുഞ്ഞുങ്ങളുടെ പൊട്ടിക്കരച്ചിലുകളും മാറെറാലികൊണ്ടു. എന്നിട്ടും യുദ്ധമവസാനിക്കാനുള്ള ലക്ഷണങ്ങൾ വ്യക്തമായി കാണാൻ കഴിഞ്ഞില്ല. ഭീതിയുടേയും വേദനയുടേയുമായ അന്തരീക്ഷം. നിരാശതയുടെ വക്കിലെത്തിയ ജനാവലി യുദ്ധവിരാമത്തിനും ശാശ്വതശാന്തിക്കുമായി ആഗ്രഹിച്ചു.

1945 ആഗസ്റ്റ് ഒമ്പതാം തീയതി അതിരാവിലെ മൂന്നു പടുകൂറ്റൻ അമേരിക്കൻവിമാനങ്ങൾ അതിപ്രധാനമായ ഒരു ദൗത്യവുമായി ജപ്പാനിലേക്ക് ഇരമ്പിപ്പറന്നു. ഭയങ്കരങ്ങളായ സമരായുധങ്ങൾ നിറച്ച ആ വിമാനങ്ങൾക്കുള്ളിൽ 18 പട്ടാളവിദഗ്ദ്ധന്മാർ യന്ത്രങ്ങളുടേയും കമ്പികളുടേയും ക്യാമറകളുടേയുമിടയിൽ ഇരുപ്പുറപ്പിച്ചു. ആ വ്യോമജാഥയ്ക്കു നേതൃത്വം നല്കിയ വിമാനത്തിന്നു 'വലിയ കലാകാരൻ' (Great Artist) എന്നാണു പേരിട്ടിരുന്നതു്. മേജർ സ്വീനിയായിരുന്നു അതു പറപ്പിച്ചതു്. സഹവൈമാനികൻ ആഷ്വത്തിനോടൊപ്പം 27 വയസ്സുമാത്രം പ്രായമുള്ള ബൊംബാർഡിയർ കേമ്മിറും അതേ വിമാനത്തിൽതന്നെ ഇരുപ്പുണ്ടായിരുന്നു. നിശ്ചിതസമയത്തു് ഒരു പട്ടണമത്തി അണുബോംബ് നിർദ്ദിഷ്ടസ്ഥലത്തേക്കു വീഴ്ത്തേണ്ട ചുമതല ഈ യുവാവിലാണു് നിക്ഷിപ്തമായിരുന്നതു്. ബോംബു വീണു പൊട്ടുമ്പോഴുണ്ടാകുന്ന ഭീമനാശങ്ങൾ ചിത്രണംചെയ്യാൻ കഴിവുള്ള ശാസ്ത്രോപകരണങ്ങൾ നിറച്ചവയായിരുന്നു മററു രണ്ടു വിമാനങ്ങൾ. രണ്ടാം ലോകയുദ്ധത്തിൻെറ സമാപനസമരത്തെപ്പററി ലേഖനങ്ങൾ തയ്യാറാക്കാൻവേണ്ടി പ്രസിദ്ധ പത്രപ്രവത്തകൻ വില്യം ലോറൻസും അക്കൂട്ടത്തിൽ യാത്രചെയ്തിരുന്നു.

വിധിനിർണ്ണായകമായ ആ ദിവസം രാവിലെ വായുമണ്ഡലം മുഴുവൻ കാർമേഘങ്ങൾ നിറഞ്ഞു കാണപ്പെട്ടു. 17,000 അടി ഉയരത്തിൽപ്പറന്ന വിമാനങ്ങൾ മൂന്നും മഴക്കാറുകളെ തുളച്ചുകൊണ്ടു മുന്നേറി. 5-50 ന്ന് നേരം പുലന്നു. സൂര്യകിരണങ്ങളേററു വിമാനങ്ങൾ വെട്ടിത്തിളങ്ങി. മണി ഒമ്പതായി. വൈമാനികരുടെ ലക്ഷ്യമായിരുന്ന കഗോഷിമ എന്ന ജാപ്പനീസ് പട്ടാളത്താവളം മുഴുവൻ കട്ടിയുള്ള മൂടൽമഞ്ഞിൽ പൊതിഞ്ഞുകിടന്നു. അവിടെത്തന്നെ ബോംബിടാൻ പല തവണ ശ്രമിച്ചിട്ടും, ദൃശ്യത തൃപ്തികരമല്ലായ്കയാൽ, 'വലിയ കലാകാരൻ' ഒരു പഴുതു തേടി ചുററിപ്പറന്നു.

സമയം ഉച്ചയോടടുക്കുകയായിരുന്നു. വിമാനയന്ത്രങ്ങളുടെ പ്രവത്തനശക്തി ക്ഷയിച്ചുവന്നു. ഇനി അധികനേരം പറക്കുവാൻ അവക്കു കഴിയുകയില്ലെന്നായി. എന്തുചെയ്യണമെന്നറിയാതെ വൈമാനികർ കൂടിയാലോചന നടത്തി. അപ്പോഴേക്കു മൂടൽമഞ്ഞിൽ ഒരു പിളർപ്പു കണ്ടു. ആ വിള്ളലിലൂടെ നാഗസാക്കിനഗരം വൈമാനികക്ക് കാണാൻകഴിഞ്ഞു. പന്ത്രണ്ടുമണിയടിക്കാൻ ഇനി ഏതാനും നിമിഷങ്ങളേയുള്ളു. പത്തു്, ഇരുപതു്, മുപ്പതു്, അമ്പതു്, അമ്പത്തഞ്ചു്, അമ്പത്തെട്ടു്, അമ്പത്തൊമ്പതു്—നിമിഷങ്ങൾ നീങ്ങുകയാണു്.

"അതാ വീഴുന്നു." പ്രേക്ഷകവിമാനത്തിൽനിന്നു് ആരോ വിളിച്ചുപറഞ്ഞു. 'വലിയ കലാകാര'ൻെറ ഉദരത്തിൽനിന്നു് ഒരു കറുത്ത വസ്തു താഴോട്ടു വീണു. അപ്പോൾ 1945 ആഗസ്റ്റ് ഒമ്പതാം തീയതി ഉച്ചക്കു് പന്ത്രണ്ടുമണി അടിച്ചു കഴിഞ്ഞിരുന്നു.

ജപ്പാനിൽ മനോഹരമായ കൊമ്പീറാമലയുടെ താഴെക്കൂടി വളഞ്ഞൊഴുകുന്ന ഉറക്കാമിനദിയുടെ തീരത്തിലാണു് നാഗസാക്കിനഗരം നിലകൊള്ളുന്നതു്. ആ ഒമ്പതാം തീയതി രാവിലെ ഉണന്നെഴുന്നേററ ജനങ്ങൾ അസാധാരണമായി എന്തെങ്കിലും അന്നു സംഭവിക്കുമെന്നു് കരുതിയില്ല. ശാന്തതയുടേയും സംതൃപ്തിയുടേയുമായ അന്തരീക്ഷത്തിൽ നഗര

വാസികൾ ദിനകൃത്യങ്ങളിൽ മുഴുകി. കൊച്ചുകുട്ടികൾ പാഠങ്ങൾ വായിച്ചു. പ്രായമായവരിൽ ചിലർ ഉരുളക്കിഴങ്ങു തോട്ടത്തിൽ വേലയാരംഭിച്ചു. യുദ്ധകാലമായതിനാൽ സാധാരണയിലേറെ ഊർജ്ജസ്വലമായി പ്രവർത്തിച്ചുവന്ന മെഡിക്കൽ കോളേജിൽ പതിവുപോലെ പരീക്ഷണങ്ങളും പ്രഭാഷണങ്ങളും നടന്നുകൊണ്ടിരുന്നു.

"കീയൂഷുവിനു മുകളിൽ ശത്രുവിമാനങ്ങൾ"—ഉച്ചഭാഷിണിയിലൂടെ മുന്നറിയിപ്പു മുഴങ്ങി. അതു മെഡിക്കൽ കോളേജിലെ വരാന്തകളിലൂടെയും പരീക്ഷണശാലകളിലൂടെയും, സന്ദർശകമുറികളിലൂടെയും മാറ്റൊലിക്കൊണ്ടു. ഡോക്ടർമാർ, പ്രൊഫസർമാർ, വൈദ്യശാസ്ത്രവിദ്യാർത്ഥികൾ, പരിചാരികമാർ, ഭൃത്യന്മാർ—ഇവരെല്ലാം മുഖാവരണങ്ങളണിഞ്ഞു വെളിയിൽ വന്നു സംരക്ഷണനടപടികളിലേർപ്പെട്ടു. ചിലർ രോഗികളെ അഭയകേന്ദ്രത്തിലേക്ക് എടുത്തുനീക്കി. എല്ലാവരും ബോംബാക്രമണം നേരിടാൻ ഒരുങ്ങിനിന്നു. ആ സജ്ജീകരണങ്ങളുടെയെല്ലാം നേതൃത്വം വഹിച്ചിരുന്ന ഡോക്ടർ നാഗായി എല്ലായിടത്തും ചുററിനടന്ന് സ്വയംസേവകർക്ക് നിർദ്ദേശങ്ങൾ നല്കിക്കൊണ്ടിരുന്നു. അപ്പോഴേക്കും "ശത്രുവിമാനങ്ങൾ തിരിച്ചുപോയിക്കഴിഞ്ഞു" എന്ന വാർത്ത ഉച്ചഭാഷിണിയിലൂടെ പ്രഖ്യാപിക്കപ്പെട്ടു. എല്ലാവരും അവരവരുടെ ജോലിസ്ഥലത്തേക്കു മടങ്ങി. എക്സ്റേ വിദഗ്ധൻ ഡോക്ടർ നാഗായി തൻെറ ഗവേഷണശാലയിലേക്കു തിരിച്ചുപോയി കസേരയിലിരുന്നു. ശാസ്ത്രഗവേഷണത്തിൻെറ ഫലമായി തനിക്കു പിടിപെട്ട ഭയങ്കരരോഗത്തെപ്പററിയും വീട്ടിൽ തനിയെയിരിക്കുന്ന സ്നേഹവതിയും പതിവ്രതയുമായ ഭാര്യയെപ്പററിയുമുള്ള ചിന്തകൾ അദ്ദേഹത്തിൻെറ മനസ്സിലൂടെ ഒഴുകി. മണി പന്ത്രണ്ടായി. അപ്പോൾ അതു സംഭവിച്ചു.

കണ്ണഞ്ചിക്കുന്ന ഒരു പൊട്ടൽ. നീലയും ചുവന്നതുമായ പ്രകാശനാളങ്ങൾ നാലുപാടും ചീറിപ്പാഞ്ഞു. മണിക്കൂറിൽ അറുന്നൂറുമൈൽ വേഗമുള്ള ഒരുക്കൻ കൊടുങ്കാററു് അവിടെല്ലാം ആഞ്ഞടിച്ചു. സൂര്യബിംബത്തിൻെറ മുഖംപോലെ ആറായിരം ഡിഗ്രി ചൂടുററ ഒരു തീച്ചൂളയായി മാറി ആ പ്രദേശം മുഴുവനും. കത്തുന്ന മരക്കഷണങ്ങളും ചാരവും പുകയും

എല്ലായിടത്തും ചൂളിപ്പറന്നു. പാതിരാത്രിയിലെ കൂരിരുട്ട് ആ നട്ടുച്ചനേരത്ത് അവിടെയെല്ലാം വ്യാപിച്ചു. നാഗസാക്കി നഗരത്തിന്റെ പാർശ്വപ്രദേശത്തുള്ള ഉറക്കാമി എന്ന വ്യവസായകേന്ദ്രത്തിനു മുകളിൽ 1,500 അടി ഉയരത്തിൽവെച്ച് കൃത്യം 12-1-ന് ഒരണുബോംബു പൊട്ടി, അതിന്റെഫലമായിരുന്നു ഈ ബഹളമെല്ലാം.

ആദ്യത്തെ പൊട്ടൽ കഴിഞ്ഞു നാല്പത്തഞ്ചു നിമിഷങ്ങൾക്കകം ദിഗന്തങ്ങൾ ഭേദിക്കുന്ന വേറെ നാലു പൊട്ടലുകൾകൂടെ ഉണ്ടായി. ഭീമാകൃതിയിലുള്ള തീപ്പന്തുകൾ ഭൂമിയുടെ ഉദരത്തിൽനിന്ന് തെറിച്ചുപൊങ്ങി. ഞൊടിയിടങ്ങുള്ളിൽ അവയെല്ലാം ഒരുമിച്ചു ചേർന്ന് 10,000 അടി ഉയരമുള്ള ഒരു പടുകൂറൻ തീത്തൂണായി വളർന്നു. ആ ഭീമസ്തംഭത്തിന്റെ കറുത്തിരുണ്ട അടിത്തട്ടിനു മൂന്നുമൈലിലധികം പടർച്ചയുണ്ടായിരുന്നു. മുകൾഭാഗത്തിന്റെ നിറം മഞ്ഞയും ചുമപ്പും കലർന്നു കാണപ്പെട്ടു. അടുത്ത നിമിഷം അതെല്ലാം അരമൈൽ ദൈർഘ്യമുള്ളതും കണ്ണഞ്ചിപ്പിക്കുന്നതുമായ ഒരുതരം വെള്ളമേഘമായി വളർന്നു. അവിടെനിന്ന് ഒരു രാക്ഷസക്കൂൺ പൊട്ടിവിരിഞ്ഞതോടെ തീനാളങ്ങളുടെ ഉയരം 45,000 അടിയായി വർദ്ധിച്ചു. നരകതുല്യമായ ഈ വെടിക്കെട്ടിന്റെ ഫലമായി നാഗസാക്കിനഗരമാകെ തീക്കനലുകൾ വർഷിക്കപ്പെട്ടു. അവയുടെ പ്രകാശനാളങ്ങൾ 200 മൈലകലംവരെ വെട്ടിത്തിളങ്ങി. ഏതാനും മിനിട്ടുകൾക്കുള്ളിൽ ആ പട്ടണം മുഴുവൻ ആളിക്കത്തുന്ന ഒരു കടലായിത്തീർന്നു.

മൃഗങ്ങളും പക്ഷികളും ചത്തൊടുങ്ങി. സസ്യങ്ങളും വൃക്ഷങ്ങളും കരിഞ്ഞുപോയി.

മനുഷ്യർക്കെന്തു സംഭവിച്ചു? അതൊരു നീണ്ട കഥയാണ്. ചുരുക്കിപ്പറഞ്ഞാൽ ആ അത്യാഹിതത്തിന്റെ ഫലമായി 25,000 പേർ ഉടനടി മരണമടഞ്ഞു. 1,00,000 പേർക്കു പരുക്കുപററി. അവരിൽ 74,000 പേർ പിന്നീടു മരിച്ചു. അക്കൂട്ടത്തിൽ ഒരാളായിരുന്നു നാഗസാക്കി മെഡിക്കൽ കോളേജിലെ പ്രൊഫസർ, ഡോക്ടർ തകാഷി നാഗായി.

മനുഷ്യരാശിയെ മുഴുവൻ വിറപ്പിച്ചതും, മനുഷ്യർതന്നെ നിർമ്മിച്ചതുമായ ആ നരകത്തിന്റെ ഒരു വിശദാംശ

വിവരണം ഡോക്ടർ നാഗായി എഴുതിയിട്ടുണ്ട്. കുപ്രസിദ്ധമായ അണുരോഗം പിടിപെട്ട് കിടപ്പിലായ ആ ശാസ്ത്രജ്ഞൻ തൻെറയും സഹപ്രവർത്തകരുടെയും ഓർമ്മകളും അനുഭവങ്ങളും ശേഖരിച്ച് ജാപ്പാനീസ് ഭാഷയിൽ പ്രസിദ്ധം ചെയ്ത ഗ്രന്ഥമാണ് 'നാഗസാക്കിയിലെ മണികൾ' (The Bells of Nagazaki). അതിൻെറ അനേകായിരം പ്രതികൾ ജാപ്പാനിൽ അതിവേഗം വിററഴിഞ്ഞു. പലപല പതിപ്പുകൾ വേണ്ടിവന്നു. പിന്നീടത് ഒരു ചലച്ചിത്രമാക്കി. ജപ്പാനിലുള്ള ലക്ഷത്തിലധികം സിനിമാസ്നേഹികളുടെ കരളലിയിക്കുകയും അവരെ കരയിക്കുകയും ചെയ്ത ആ ചിത്രം ജാപ്പാനീസ് സിനിമാചരിത്രത്തിലെ ഒരവിസ്മരണീയസംഭവമായിരുന്നു. പിന്നീട് ഫ്രഞ്ചുഭാഷയിലേക്കു തർജ്ജമചെയ്യപ്പെട്ട പ്രസ്തുത ഗ്രന്ഥം ഫ്രാൻസിലാകെ കോളിളക്കമുണ്ടാക്കി.

രോഗക്കട്ടിലിൽ കിടന്നുകൊണ്ട് കട്ടിയുള്ള കടലാസ്സിൽ ഒരു പെൻസിലുപയോഗിച്ചു കുത്തിക്കുറിച്ച ആ പുസ്തകം അസാധാരണനായ ഒരു വ്യക്തിയുടെ ധീരസമ്പന്നമായ ജീവിതസന്ദേശത്തിൻെറ ലളിതസുന്ദരമായ ആവിഷ്കാരമത്രേ. മൂലകൃതിയുടെ മുഖവുരയിൽ തികഞ്ഞ വിനയത്തോടെ ഡോക്ടർ നാഗായി പറയുകയാണ്:

"രണ്ടുകൊല്ലമായി എനിക്കിതു തുടങ്ങിയിട്ട്. ഇക്കാലമെല്ലാം നാഗസാക്കിയിലെ ഈ സമതലപ്രദേശത്ത് രോഗിയും അശക്തനുമായി കിടക്കുകയാണു ഞാൻ. ഇതിനുള്ളിൽ ഞാൻ മരണമടഞ്ഞില്ലെങ്കിൽ, അതിനു കാരണം പരിചിതരും അപരിചിതരുമായ എൻെറ അസംഖ്യം സുഹൃത്തുക്കളുടെ പ്രാർത്ഥനകളും പ്രോത്സാഹനങ്ങളുമത്രേ.

"ഈയിടെ ഞാനെഴുതിയ ഏതാനും ചെറുലേഖനങ്ങൾ പ്രസിദ്ധം ചെയ്യാൻ ഔദാര്യപൂർവ്വം മുന്നോട്ടു വന്നിരിക്കുകയാണ് ഡോക്ടർ ഷിക്കിബ. മിസ്സ് ഈദസെ യഷിദ അവയെല്ലാം എനിക്കുവേണ്ടി പകർത്തിയെഴുതിത്തന്നു.

"കൈയെഴുത്തുപ്രതി പൂർത്തിയായപ്പോൾ ഞാൻ അതൊന്നു വായിച്ചുനോക്കി. എൻെറ തെററുകൾ ഇങ്ങനെ വീണ്ടും വെളിച്ചത്തു കൊണ്ടുവരപ്പെട്ടതു കണ്ടു് ഞാൻ ലജ്ജാകുലനായി. തകർന്നുപോയ എൻ്റെ ജീവിതത്തെ ആത്മാർത്ഥതയോടെ

വിവരിക്കുന്ന ഈ കുറിപ്പുകളെപ്പററി വായനക്കാർ ഉന്നയിച്ചേക്കാവുന്ന വിമർശനങ്ങൾ സന്തോഷപൂർവ്വം ഞാൻ സ്വാഗതം ചെയ്യും.

"ഇക്കഴിഞ്ഞ ഭയങ്കരയുദ്ധത്തിൻെറ ദുരിതങ്ങൾക്കിരയായവർ കീറത്തുണികൾ നീക്കി സമാധാനകാലത്തിൻേറതായ പുതുവേഷം അണിഞ്ഞുതുടങ്ങിയിരിക്കുന്നു. ഒരു പുതുജീവിതം ആരംഭിക്കുവാൻ ഒരുങ്ങുകയാണ് ഞാനും. അവസാനിക്കാൻ പോകുന്ന എൻെറ ജീവിതത്തിൻെറ സ്മാരകമായി ഈ കൊച്ചുപുസ്തകം യുദ്ധക്കളത്തിൽ ഞാൻ ഇട്ടിട്ടു പോകുന്നു.

"കഴിഞ്ഞ കാലങ്ങളിലെ ഓർമ്മകൾ അയവിറക്കുവാനല്ല. പ്രത്യുത, സൃഷ്ടാത്മകങ്ങളായ പ്രവർത്തനങ്ങൾക്കുവേണ്ടി എൻെറ പുതുജീവിതം പൂർണ്ണമായി ഉഴിഞ്ഞുവെയ്ക്കാനത്രേ ഞാൻ ആഗ്രഹിക്കുന്നതു്. കരച്ചിലില്ലാത്തതും പ്രത്യാശകൾ നിറഞ്ഞതുമായ ഒന്നായിരിക്കട്ടെ മനുഷ്യരാശിയുടെ ഭാവി."

'അണുബോംബു വീണപ്പോൾ' കൂടാതെ വേറെയും പല ഗ്രന്ഥങ്ങൾ ഡോക്ടർ നാഗായി രചിച്ചിട്ടുണ്ടു്. അദ്ദേഹത്തിൻെറ കൈ, ഏതാനും വരികൾ എഴുതിയാലുടൻ, കുഴഞ്ഞുപോവുക പതിവായിരുന്നു. അപ്പോഴെല്ലാം അദ്ദേഹത്തിൻെറ കൊച്ചുമകൻ മക്കത്തോവും കൊച്ചുമകൾ കയാനോവും ആ കൈ തിരുമ്മിക്കൊടുത്തു. ഭൗതികശാസ്ത്രത്തിൻെറ കുഴഞ്ഞ പ്രശ്നങ്ങളുമായി വിജയപൂർവ്വം ഏററുമുട്ടിയിട്ടുള്ള ആ തല വിങ്ങി വേദനിച്ചപ്പോൾ പരിചാരിക വന്നു കട്ടൻകാപ്പി നല്കി അദ്ദേഹത്തെ സമാശ്വസിപ്പിച്ചുവന്നു. ഇത്തരം അസാധാരണ സാഹചര്യങ്ങളിലാണു് ഡോക്ടർ നാഗായി ഗ്രന്ഥരചന നടത്തിയതു്. അണുബോംബു പൊട്ടിയപ്പോൾ മരണമടഞ്ഞ അദ്ദേഹത്തിൻെറ ഭാര്യ മിഡോറിയെപ്പററി ചോരയിലും കണ്ണീരിലുമെഴുതിയ 'ജപമാലച്ചങ്ങല' (Rosary Chain) എന്ന പുസ്തകത്തിൻെറ എല്ലാ പ്രതികളും അതു പ്രസിദ്ധപ്പെട്ടുത്തിയ ദിവസംതന്നെ വിററഴിഞ്ഞു. 1949-ൽ

പ്രസിദ്ധംചെയ്ത ഡോക്ടർ നാഗായിയുടെ ആത്മകഥ അതിലും വലിയ വിജയമായിരുന്നു. രോഗിയായശേഷം കിടക്കാൻ അദ്ദേഹം സ്വീകരിച്ച ചെററക്കുടിലിനു 'സഹോദരസ്നേഹത്തിൻെറ വീട്ട്'' എന്നാണു പേരിട്ടിരുന്നതു്. അതിനുള്ളിൽ നിന്നു വേദനകൾ നിറഞ്ഞ നാലുകൊല്ലത്തിന്നിടയിൽ ഇരുപതു പുസ്തകങ്ങൾ പുറത്തുവന്നു. അവ ഓരോന്നും ജപ്പാനിലെ അവിസ്മരണീയമായ സാഹിത്യസംഭവമായിരുന്നു.

അമ്മയില്ലാത്ത തൻെറ രണ്ടു കുഞ്ഞുമക്കൾക്കുവേണ്ടി ഡോക്ടർ നാഗായി രചിച്ച 'ഒരു പിതാവിൻെറ മരണപത്രം' പ്രസിദ്ധം ചെയ്ത കൊല്ലംതന്നെ അതിൻെറ 2,20,000 പ്രതികൾ വിററഴിഞ്ഞു. അങ്ങനെ ദീനക്കിടക്കയിൽനിന്നു പുറത്തിറങ്ങാൻ കഴിയാത്ത ആ ശാസ്ത്രജ്ഞൻ ജപ്പാനിലെ ഏററവും പ്രശസ്തവ്യക്തിയായിത്തീൎന്നു. മരണത്തിൻെറ കരാളമുദ്ര പതിഞ്ഞ ആ മനുഷ്യൻ ഒരു പെൻസിലിൻെറ മുനകൊണ്ടു്, സ്വന്തം നാട്ടുകാരുടെ വററിപ്പോയ ധാൎമ്മികചൈതന്യം വീണ്ടും ഉത്തേജിപ്പിച്ചു. നിരായുധീകരണത്തിനും വിശ്വശാന്തിക്കുംവേണ്ടിയുള്ള അദ്ദേഹത്തിൻെറ ജീവിതസന്ദേശം ലോകത്തിലുള്ള എല്ലാ നല്ല മനുഷ്യരും ശ്രദ്ധിച്ചു; ആദരിച്ചു.

മരിക്കുന്നതിനു് ഒരുമാസം മുമ്പുവരെ ഡോക്ടർ നാഗായി രോഗതല്പത്തിൽ കിടന്നെഴുതി. 'ല്യൂക്കേമിയ' എന്ന ഭയങ്കര രോഗം വൎദ്ധിച്ചുവന്നതോടൊപ്പം അദ്ദേഹത്തിൻെറ ശരീരശക്തി ചോൎന്നുപൊയ്ക്കൊണ്ടിരുന്നു. ശോഷിച്ചു വിളറിയ ആ വിരലുകൾക്കു സാധാരണ വലുപ്പമുള്ള പെൻസിൽ പിടിച്ചെഴുതാൻ കരുത്തുണ്ടായില്ല. കൂടുതൽ കൂടുതൽ ലോലമായ പെൻസിലുകൾ ഉപയോഗിച്ചു് അദ്ദേഹം എഴുത്തു തുടൎന്നു. അവസാനം എഴുതുക തികച്ചും അസാദ്ധ്യമെന്നു വന്നപ്പോൾ, ബാക്കി സമയം മുഴുവൻ ചിത്രങ്ങൾ രചിക്കുവാൻ അദ്ദേഹം വിനിയോഗിച്ചു. ഡോക്ടർ നാഗായി വരച്ച മതവിഷയകങ്ങളായ പതിനഞ്ചു വൎണ്ണച്ചിത്രങ്ങൾ ഉറക്കാമയിൽ ഇപ്പോഴും സൂക്ഷിക്കപ്പെടുന്നു. ചതഞ്ഞു തകൎന്ന ജീവിതത്തിലെ ഒരു നിമിഷംപോലും അലസതയിൽക്കഴിക്കാൻ അദ്ദേഹം ഇഷ്ടപ്പെട്ടില്ല.

വേണമെങ്കിൽ ഡോക്ടർ നാഗായിക്ക കോടീശ്വരനാകാമായിരുന്നു. അവിശ്വസനീയമായ വേഗത്തിൽ വിററുതീൎന്ന കൃതികളും അവയുടെ വിവിധഭാഷകളിലുള്ള തൎജ്ജമകളും ധാരാളം പണം അദ്ദേഹത്തിനു നേടിക്കൊടുത്തു. പക്ഷേ, സ്വന്തം സുഖത്തിന്നുവേണ്ടിയോ മക്കൾക്കുവേണ്ടിയോ സമ്പത്തുണ്ടാക്കാൻ ആ ദീനബന്ധു ഇഷ്ടപ്പെട്ടില്ല. മഹത്തരമായ ഒരാദ്ധ്യാത്മികാദൎശത്തിന്നുവേണ്ടി സ്വേച്ഛയാ സ്വീകരിച്ച ദാരിദ്ര്യത്തിൽ അദ്ദേഹം സംതൃപ്തി കണ്ടെത്തി. മൂന്നുകൊല്ലത്തെ ഗ്രന്ഥരചനാപ്രതിഫലമായിക്കിട്ടിയ രണ്ടു ലക്ഷം 'യെൻ' മുഴുവനും സാമൂഹ്യവും മതാത്മകവുമായ പൊതുസേവനങ്ങൾക്കായി അദ്ദേഹം സംഭാവന ചെയ്തു.

. ഡോക്ടർ നാഗായിയുടെ ചെററക്കുടിലിലേക്ക് എല്ലാ ജീവിതമണ്ഡലങ്ങളുടെയും പ്രതിനിധികൾ വന്നുകൊണ്ടിരുന്നു. യാചകന്മാർ, കുബേരന്മാർ, ശാസ്ത്രജ്ഞന്മാർ, രാഷ്ട്രീയപ്രവൎത്തകർ, സാഹിത്യകാരന്മാർ, മതനേതാക്കൾ, ഭക്തജനങ്ങൾ, നിരീശ്വരന്മാർ—എല്ലാവരും ആ കൂടിക്കാഴ്ച അസാധാരണമായ ഒരനുഭൂതിയായിക്കരുതി. 1949 ജൂൺ 28-ാം തീയതി ജപ്പാനിലെ ചക്രവൎത്തി ഹിറോഹീതൊതന്നെ നാഗായിയുടെ കുടിലിൽ വന്നെത്തി. അവിടെ തൻെറ മുമ്പിൽ കിടന്നനങ്ങിയ മാനുഷികദുരിതങ്ങളുടേതായ ആ ഭാണ്ഡം പ്രസിദ്ധ ശാസ്ത്രജ്ഞനും ജപ്പാനിലെ ഏററവും വലിയ ധാൎമ്മികശക്തിയുമായ ഡോക്ടർ നാഗായിയാണെന്നോൎത്തപ്പോൾ ചക്രവൎത്തി അമ്പരന്നുപോയി. പൗരസ്ത്യരീതിയിൽ കുനിഞ്ഞു വണങ്ങിക്കൊണ്ട് അദ്ദേഹം ജാപ്പനീസ് ജനതയുടെ പേരിൽ ഡോക്ടൎക്ക നന്ദി പറഞ്ഞു. അക്കൊല്ലംതന്നെ ഡിസംബർ 23-ാംതീയതി ഡോക്ടർ നാഗായിയെ ജപ്പാനിലെ ഒന്നാമത്തെ പൗരനും ദേശീയവീരപുരുഷനുമായി പ്രഖ്യാപിക്കുന്ന സുവൎണ്ണലിഖിതം ചക്രവൎത്തിയുടെ രാജകീയമന്ദിരത്തിൽനിന്നു വിളംബരം ചെയ്യപ്പെട്ടു. യുദ്ധകാലത്ത് "രാജ്യത്തിൻെറ ധാൎമ്മികവും ഭൗതികവുമായ നന്മയ്ക്കുവേണ്ടി ഏററമധികം പ്രവൎത്തിച്ച വ്യക്തി" എന്ന് അദ്ദേഹത്തെ ജാപ്പനീസ് പാർലമെൻറ് വിശേഷിപ്പിച്ചു.

ഒരുദിവസം ഒരദ്ധ്യാപികയുടെ നേതൃത്വത്തിൽ ഉല്ലാസ

യാത്രയ്ക്കിറങ്ങിയ ഏതാനും കൊച്ചുകുട്ടികൾ നാഗായിയെക്കാണാൻ കുടിലിലെത്തി. അദ്ധ്യാപിക പലതരം ആംഗ്യങ്ങളോടുകൂടി ആ കുട്ടികളോട് ഇപ്രകാരം പറഞ്ഞു: "പ്രസിദ്ധമായ 'സഹോദരസ്നേഹത്തിൻെറ വീടാ'ണിതു്. ഈ കിടക്കുന്ന മനുഷ്യനാണു് ഡോക്ടർ നാഗായി. അയാളെ സൂക്ഷിച്ചു നോക്കുക." ക്ലാസ്സദ്ധ്യാപികയുടെ നിർദ്ദേശപ്രകാരം രോഗിയുടെ ചുററും രണ്ടു വരിയായി നിന്നു് ആ കുട്ടികൾ അദ്ദേഹത്തെ തുറിച്ചുനോക്കി. ഈ സംഭവത്തെ പരാമർശിച്ചുകൊണ്ടു് ഡോക്ടർ നാഗായി പിന്നീടെഴുതി: "ഒരു മൃഗശാലയിൽ കാഴ്ചയ്ക്കു സൂക്ഷിക്കപ്പെടുന്ന കരടിയാണു ഞാൻ എന്നു് എനിക്കു് അപ്പോൾ തോന്നിപ്പോയി. എങ്കിലും എൻെറ ജീവിതം മുഴുവനും സഹജീവികളുടെ സേവനത്തിന്നായി ഞാൻ ഉഴിഞ്ഞുവെച്ചിരിക്കുകയാൽ ഉല്ലസിക്കാനിറങ്ങിയ ആ കുട്ടികളെ സംതൃപ്തരാക്കാൻ കഴിയുന്നിടത്തോളം കാലം ഇങ്ങനെ കാഴ്ചബംഗളാവിലെ കരടിയോ മറെറന്തു ജന്തുവോ ആയിത്തീരുവാൻ എനിക്കു സന്തോഷമേയുള്ളു."

അണുവായുധങ്ങൾ പ്രയോഗിച്ചുള്ള ആധുനികയുദ്ധത്തിന്നു മനുഷ്യരാശിയെ ഒന്നടങ്കം തുടച്ചുകളയാൻ കഴിവുണ്ടെന്നു ശാസ്ത്രവിദഗ്ദ്ധന്മാർ പറയുമ്പോൾ, അതത്ര കാര്യമായി ഗൗനിക്കാൻ കൂട്ടാക്കാത്തവർ കാണും. എന്നാൽ 1945-ൽ നിർമ്മിച്ച ഒരണുബോംബ് നാഗസാക്കിനഗരത്തിൽ വരുത്തിവെച്ച നാശങ്ങൾ സ്വാനുഭവങ്ങളുടെ വെളിച്ചത്തിൽ ഡോക്ടർ നാഗായി വരച്ചുകാട്ടുമ്പോൾ സന്ദേഹമനോഭാവം ഉരുകിപ്പോകുന്നു. കടുത്ത യാഥാർത്ഥ്യങ്ങളുടേതായ ഒരു ചിന്ത്യലോകത്തിലേക്കാണു് അദ്ദേഹം നമ്മെ പ്രവേശിപ്പിക്കുന്നതു്. അമ്പരപ്പുണ്ടാക്കുന്ന അവിടത്തെ രംഗങ്ങൾ വീക്ഷിക്കുന്നതു് തികച്ചും ഫലപ്രദമായ ഒരനുഭവമായിരിക്കും.

അണുരോഗത്തിന്നു് ഇരയായിത്തീർന്ന ഡോക്ടർ നാഗായി നിദ്രാവിഹീനങ്ങളായ പല രാത്രികൾ തള്ളിവിട്ടിട്ടുണ്ടു്. ആ സമയമെല്ലാം അദ്ദേഹം പ്രാർത്ഥനയിൽ കഴിച്ചുകൂട്ടുകയാണു ചെയ്തതു്. "ഹെയിവാവോ"—ഞങ്ങൾക്കു സമാധാനം നല്കുക—ഇതായിരുന്നു ആ ശാസ്ത്രവിദഗ്ദ്ധൻെറ പ്രാർത്ഥന. ചിലപ്പോൾ ഒരു കൊച്ചു കടലാസുതുണ്ടിൽ ആ വാക്കുകൾ

ചായംകൊണ്ടെഴുതാറുണ്ടായിരുന്നു. എന്നിട്ട് അവയ്ക്കു താഴെ ഒരു റബ്ബർമുദ്രയുപയോഗിച്ചു സ്വന്തം പേർ—പോറൊ നാഗായി—കൂടി ചേർത്തുവന്നു. നവീനത നിറഞ്ഞ ഈ അഭിവാദ്യത്തിന്റെ ആയിരത്തിലധികം പ്രതികളുണ്ടാക്കി തന്നെ സന്ദർശിക്കാൻവന്ന സുഹൃത്തുക്കളുടെയിടയിൽ അദ്ദേഹം വിതരണംചെയ്തിട്ടുണ്ട്.

1951 ഏപ്രിൽമാസത്തിൽ ഡോക്ടർ നാഗായി തൻെറ അവസാനത്തെ പുസ്തകം പൂർത്തിയാക്കി. അന്ന് അദ്ദേഹത്തിൻെറ കൊച്ചുമകൻ മക്കാത്തോ ഒരു വിദ്യാലയത്തിൽ പഠിക്കുകയായിരുന്നു. അവൻെറ അദ്ധ്യാപകന്നെഴുതിയ കത്തിൽ നാഗായി പറയുകയാണ്: "എനിക്കേറ്റം പ്രിയംകരമായ ഒരഭിലാഷമുണ്ട്—മക്കാത്തോ ഒരണുശാസ്ത്രഗവേഷകനായിക്കാണുവാൻ ആത്മാർത്ഥമായി ഞാൻ ആഗ്രഹിക്കുന്നു. അങ്ങനെയാണെങ്കിൽ പൂർണ്ണസന്തുഷ്ടിയോടെ എനിക്ക് ഈ ലോകത്തോടു യാത്രപറയാൻ സാധിക്കും."

ഏപ്രിൽ മുപ്പതാംതീയതി അദ്ദേഹം മരണത്തിൻെറ വക്കിലെത്തി. പ്രാർത്ഥനയിലൂടേയും ധ്യാനത്തിലൂടേയും അദ്ദേഹം നിത്യതയിലേക്കുള്ള യാത്രയ്ക്ക് ഒരുങ്ങി. അന്നു പതിനാറു വയസ്സു പ്രായമുള്ള മക്കാത്തോവിന്ന് ഡോക്ടർ നാഗായി നൽകിയ അന്തിമസന്ദേശം ശ്രദ്ധാർഹമാണ്: "നമ്മുടെ നാട്ടുകാർക്കുവേണ്ടി, പോരാ, എല്ലാ മനുഷ്യർക്കുംവേണ്ടി; ഉത്സാഹപൂർവ്വം അദ്ധ്വാനിക്കുകയും പഠിക്കുകയും ചെയ്യുക. എല്ലാത്തിനുമുപരിയായി—ഇതു് കൂടുതൽ പ്രധാനമാണ്—ദൈവത്തിൻെറ ഒരു വൈദികനായിത്തീരാൻ ശ്രമിക്കുക."

പിറേറദിവസം രാവിലെ വളരെനേരം പ്രാർത്ഥനയിൽ ലയിച്ചുകിടന്നശേഷം ജാപ്പാനീസ് ഭാഷയിൽ അദ്ദേഹം മന്ത്രിച്ചു: "എൻെറ ദൈവമേ, അങ്ങയുടെ തൃക്കരങ്ങളിലേക്കു് എൻെറ ആത്മാവിനെ ഞാൻ സമർപ്പിക്കുന്നു." സമീപത്തു നിന്ന സുഹൃത്തുക്കളോടു് നാഗായി പറഞ്ഞ അവസാനവാക്കുകൾ ഇവയായിരുന്നു: "പ്രാർത്ഥിക്കുക പ്രാർത്ഥിക്കുക." മരിക്കുമ്പോൾ അദ്ദേഹത്തിന്നു 43 വയസ്സു പ്രായമുണ്ടായിരുന്നു.

നാഗായിയുടെ ശവസംസ്കാരം ജപ്പാനിൽ അഭൂതപൂർവ്വമായ ഒരു സംഭവമായിരുന്നു. നാഗസാക്കിനഗരം മുഴുവനും

ആ ചടങ്ങ് മോടിപിടിപ്പിക്കാൻ വെമ്പൽകൊണ്ടു. മൂന്നു മൈൽ ദൈർഘ്യമുള്ള അന്നത്തെ വിലാപജാഥയ്ക്കു് നേതൃത്വം നല്കിയതു് നഗരത്തിലെ മേയറായിരുന്നു. നാഗായിയുടെ രണ്ടു കുട്ടികൾ ശവമഞ്ചത്തിന്നു പിമ്പേ നടന്നു. ക്രിസ്ത്യാനികളും ബുദ്ധമതക്കാരും നിരീശ്വരന്മാരുമടങ്ങിയ ഒരു വമ്പിച്ച ജനക്കൂട്ടം ശോകമൂകമായ ആ സംസ്കാരച്ചടങ്ങിൽ പങ്കെടുത്തു. പട്ടണത്തിലെ തൊഴിലാളികൾ അന്നത്തെ വേല ഉപേക്ഷിച്ചു് ഡോക്ടർ നാഗായിയെ ബഹുമാനിക്കാൻ അണിനിരന്നു. ജപ്പാനിലെ എല്ലാ ദിനപത്രങ്ങളും ആ സംഭവത്തെപ്പറ്റി നീണ്ട ലേഖനങ്ങൾ പ്രസിദ്ധം ചെയ്തു.

പ്രശസ്തി ഒട്ടും ആഗ്രഹിക്കാത്ത ഒരാളായിരുന്നു ഡോക്ടർ നാഗായി. സ്വന്തം ശവക്കല്ലറയിൽ എഴുതിവയ്ക്കാൻവേണ്ടി അദ്ദേഹം നിർദ്ദേശിച്ച വാക്യങ്ങളിവയാണു്: "എളിയ ഒരു ജനസേവകൻ മാത്രമായിരുന്നു ഞാൻ, എൻെറ കടമ നിർവ്വഹിക്കുകയേ ഞാൻ ചെയ്തിട്ടുള്ളു."

ഡോക്ടർ നാഗായിയുടെ പ്രസിദ്ധമായ മരണപത്രത്തിലെ ഒരു വാക്യം കൂടി ഉദ്ധരിച്ചുകൊണ്ടു് ഈ ലേഖനം അവസാനിപ്പിക്കുന്നു: "അണുബോംബിനോടു് എനിക്കു കൃതജ്ഞതയുണ്ടു്; അതു് എന്നെ ദൈവത്തിലേക്കു നയിച്ചു."

—ഏ. അടപ്പൂർ

അദ്ധ്യായം ഒന്ന്

# അത്യാഹിതത്തിനു മുമ്പ്

## അമ്മയച്ഛന്മാരെപ്പററിയുള്ള ഓർമ്മകൾ

എന്റെ അച്ഛൻ പ്രാഥമികവിദ്യാഭ്യാസം പൂർത്തിയാക്കിയില്ല; അത്രയ്ക്കു മടിയനായിരുന്നു അദ്ദേഹം.

വലിയ ആദരവോടെ വീട്ടിൽ വന്ദിക്കപ്പെട്ടിരുന്ന ഒരു കരിങ്കൽപ്രതിമയുണ്ടായിരുന്നു. ഒരു ദിവസം രാവിലെ അച്ഛൻ അതെടുത്ത് നദിയിലേക്കെറിഞ്ഞു. ഇതു കണ്ടു് അയൽവാസികൾ ക്ഷുഭിതരായി. ശാന്തത വിടാതെ അദ്ദേഹം അവരോടു പറഞ്ഞു: "വെള്ളത്തിൽ വീണിട്ടും അയാളൊരു പുഞ്ചിരിതൂകുന്നതുകണ്ടോ ആ കുളി ഇഷ്ടനു് വളരെ സുഖമായി, തീർച്ച."

അച്ഛൻ വിദ്യാർത്ഥിയായിരുന്നപ്പോൾ ഒരു ശരൽക്കാലദിവസം സ്ക്കൂളിനടുത്തുള്ള കളിസ്ഥലത്തെ പേരമരത്തിൽ കയറിയിരുപ്പായി. വായനിറയെ പേരയ്ക്കാ ചവച്ചുകൊണ്ടു് ആ മരക്കൊമ്പിലിരുന്നു് അദ്ദേഹം ക്ലാസ്സിലെ പാഠങ്ങൾ ശ്രദ്ധിച്ചു. ഇതുകണ്ടു് കോപിച്ച ഹെഡ്മാസ്റ്റർ ബാലനെ ശകാരിക്കാനായി അവിടെ എത്തി. മരമുകളിലിരുന്ന വികൃതിക്കുട്ടി കുറെ കൊമ്പുകൾ പിടിച്ചു ശക്തിയായി കുലുക്കി. പേരയ്ക്കായുടെ ഒരു പേമാരിതന്നെ ഹെഡ്മാസ്റ്ററുടെ തലയിൽവന്നുവീണു.

അദ്ദേഹം കോപംകൊണ്ടു് ആകമാനം വിറച്ചു. ധിക്കാരിയായ ബാലൻ വിട്ടില്ല:

"എങ്ങനെയിരിക്കുന്നു, സാറേ; കുറേക്കൂടി വീഴിക്കണോ?"

"ഇറങ്ങടോ, താഴെ."

"ഒക്കുല്ല, സാർ."

"ഇറങ്ങാനാ പറഞ്ഞതു്."

നേരമിരുളുന്നതുവരെ സമരം തുടൎന്നു. ഗുരുവിനും ശിഷ്യനും പരസ്പരം കണ്ടറിയാൻ കഴിയാത്തവിധം ഇരുട്ടുനിറഞ്ഞു. അവരുടെ അലർച്ചകൾമാത്രം അപ്പോഴും കേൾക്കാമായിരുന്നു. അവസാനം ഗത്യന്തരമില്ലാതെ ഹെഡ്മാസ്റ്റർ, എന്റെ അച്ഛനെ സ്കൂളിൽനിന്നു പുറത്താക്കുമെന്നു് പരുഷമായ സ്വരത്തിൽ പ്രഖ്യാപിച്ചു. അച്ഛനെ സംബന്ധിച്ചിടത്തോളം ആദ്യത്തെ പിരിച്ചുവിടൽ ആയിരുന്നു അതു്. പിന്നീടു് അതേ അനുഭവം അഞ്ചോ ആറോ പ്രാവശ്യംകൂടി ആവൎത്തിക്കപ്പെട്ടു.

അങ്ങനെ വീട്ടിൽനിന്നു് അഞ്ചുമൈലകലത്തിനുള്ളിൽ അച്ഛനെ സ്വീകരിക്കാൻ ഒരുക്കമുള്ള ഒരൊററ വിദ്യാലയംപോലും ഇല്ലെന്നായി. മുത്തച്ഛൻ ഒടുവിൽ മകനെ പഠിപ്പിക്കാൻ ഒരു സ്വകാര്യ അദ്ധ്യാപകനെ നിയോഗിച്ചു. പക്ഷേ, അനിയന്ത്രിതനായ എൻെറ അച്ഛൻ അയാളെ വീട്ടിൽനിന്നു് ഓടിച്ചുകളഞ്ഞു.

അവസാനം മുത്തച്ഛൻ മകനെ ജോലിക്കായി ഒരു തോട്ടത്തിലയയ്ക്കാൻ തീരുമാനിച്ചു. ഇരുപതുവയസ്സാകുന്നതുവരെ അവിടെ അദ്ദേഹം പണിയെടുത്തു. ഞങ്ങളുടെ മലനാടൻഗ്രാമത്തിലുള്ള എല്ലാവരുംതന്നെ അദ്ദേഹത്തെ മറന്നു. കാരണമെന്തെന്നെനിക്കു് അറിഞ്ഞുകൂടാ; ഇരുപതാമത്തെ വയസ്സിൽ അച്ഛൻ ഒരു തീരു

മാനമെടുത്തു. തോട്ടത്തിൽനിന്നു പുറത്തുകടന്നു പെരുവഴിയിലൂടെ അദ്ദേഹം നടന്നു. നാട്ടുകാർ പറഞ്ഞു: "നിങ്ങളൊക്കെ കണ്ടോളൂ, ഒരമ്പതുകൊല്ലം അങ്ങനെ ചുററിത്തിരിഞ്ഞിട്ട് കീശയിൽ ഒരു പൈസാപോലും ഇല്ലാതെ അവൻ ഈ നാട്ടിലേക്കു തിരിച്ചുവരും."

പക്ഷേ, അവർക്കെല്ലാം തെററുപററി. നാലുകൊല്ലത്തിനുശേഷം ആ മുടിയനായ പുത്രൻ തൻെറ പിതാവിൻെറ മുമ്പിൽ തിരിച്ചെത്തി—ഒരു എം. ഡി. ബിരുദവും നേടിക്കൊണ്ടു്. കാശിനുകൊള്ളാത്ത ആ പട്ടവികൃതി അങ്ങനെയൊരു ഡോക്ടറായിത്തീൻ. നാട്ടുകാർ അതു് വിശ്വസിച്ചില്ല. കുറെയൊക്കെ നാട്ടുചികിത്സ അറിയാമായിരുന്ന എൻെറ മുത്തച്ഛൻപോലും ആശ്ചര്യത്തോടും സംശയത്തോടുംകൂടി മകനെ നോക്കി. ആ മകനുവേണ്ടി മുടങ്ങാതെ അദ്ദേഹം പ്രാത്ഥിച്ചിട്ടുണ്ടു്. തൻെറ മുമ്പിലിരുന്ന പുത്രനെ അദ്ദേഹം സശ്രദ്ധം പഠിച്ചു. എം. ഡി. ബിരുദത്തിന്റെ ഔദ്യോഗിക ഡിപ്ലോമ വീണ്ടും വീണ്ടും വായിക്കുവാൻവേണ്ടി വൃദ്ധൻ കൂടെക്കൂടെ കണ്ണട ധരിച്ചു.

വീടുവിട്ടു പോയതിൽപ്പിന്നെ അച്ഛൻ ഒരു ഡോക്ടരുടെകൂടെയാണു് കഴിച്ചുകൂട്ടിയതു്. വാതിൽകാവൽക്കാരനായും, 'അപ്പോത്തിക്കരി'യായും അദ്ദേഹം വേലയെടുത്തു. അതിനും പുറമേ ഡോക്ടരെ ഓഫീസ് ജോലിയിൽ സഹായിക്കുകയും, രോഗികളെ സന്ദർശിക്കുമ്പോൾ അനുഗമിക്കുകയും ചെയ്തു. ഡോക്ടരുടെ പുസ്തകങ്ങൾ അദ്ദേഹം വായ്പവാങ്ങി പഠിച്ചു. രാത്രി മുഴുവനും വായനയിൽ മുഴുകി. കൃഷിസ്ഥലങ്ങളിൽ അദ്ധ്വാനിച്ചുമുരുകിയ ഒരു ശരീരപ്രകൃതിക്കു മാത്രമേ അതുപോലുള്ള അസാധാരണശ്രമം നടത്തുവാൻ കഴിയുമായിരുന്നുള്ളൂ.

അതിനുശേഷം മാത്സേ എന്ന പട്ടണത്തിൽ പോയി ഒരു സ്ത്രീരോഗചികിത്സാവിദഗ്ദ്ധന്റെ (gynaecologist) ആസ്പത്രിയിൽ സേവനമനുഷ്ഠിച്ചു. ഡോക്ടർ താനോ എന്നായിരുന്നു അദ്ദേഹത്തിന്റെ പേരു്. സ്ത്രീരോഗ ചികിത്സയ്ക്കു് സ്ഥലത്തെ ഏററവും വലിയ വിദഗ്ദ്ധനായിരുന്നു അദ്ദേഹം. അവിടെയും പകൽ വേലയും രാത്രി പഠനവുമായിരുന്നു അച്ഛന്റെ പരിപാടി. തന്നിമിത്തം അദ്ദേഹത്തിന്റെ വൈദ്യശാസ്ത്രവിജ്ഞാനം അവിശ്വസനീയമാംവിധം വർദ്ധിച്ചു. ഡോക്ടർ താനോവിന്റെ കുടുംബാംഗങ്ങൾ അത്യുത്സാഹശാലിയായ ചെറുപ്പക്കാരൻ നാഗായിയെ ഇന്നും ഓർക്കുന്നുണ്ടു്.

മേല്പറഞ്ഞ പരിശ്രമത്തിന്റെ ഫലമായി മെഡിക്കൽബിരുദത്തിനുള്ള എല്ലാ പരീക്ഷകളും നാലു കൊല്ലത്തിനുള്ളിൽ ജയിക്കാൻ അച്ഛനു കഴിഞ്ഞു. അതിനുശേഷം അദ്ദേഹം ഡോക്ടർ താനോവിന്റെ കീഴിൽ നാലു കൊല്ലംകൂടി വേലചെയ്തു. അക്കാലത്താണു് അച്ഛന്റെ വിവാഹം നടന്നതു്. അങ്ങനെ ഞാൻ ഈ ലോകത്തിലേക്കു വന്നു. അച്ഛന്റെ ഒരു സഹപ്രവർത്തകന്റെ മുറിയിലാണു് ഞാൻ പിറന്നതു്. അച്ഛനു് ഇരുപത്തെട്ടു വയസ്സായപ്പോൾ ഏകദേശം പത്തു കിലോമീററർ അകലെയുള്ള ഒരു ഗ്രാമത്തിൽ ചികിത്സ ആരംഭിക്കുവാൻ ക്ഷണം കിട്ടി. അച്ഛനും അമ്മയും ആ വിദൂര സ്ഥലത്തു് എങ്ങനെ ജീവിച്ചുപോന്നു' എന്നു ചോദിച്ചാൽ ഉത്തരമായി വേറെ ഒരു ഗ്രന്ഥംതന്നെ രചിക്കേണ്ടിവരും. ആ ചെറുവീടിന്റെ ചുററുമുള്ള തോട്ടത്തിൽ കരടികൾവന്നു കളിച്ചിരുന്നു. അടുത്തുള്ള വനപ്രദേശം കുരങ്ങന്മാരുടെ ഒരു സങ്കേതമായിരുന്നു. അവിടെ രാത്രികാലം ചെന്നായ്ക്കൾ കൂവുന്നതു കേൾക്കാമായിരുന്നു.

ഐതിഹാസികയുഗത്തിനുശേഷം ആ ചെറുഗ്രാമത്തിലേക്കു ഒരുവക സാംസ്കാരികപുരോഗതിയും എത്തിനോക്കിയിട്ടുപോലുമില്ല.

എൻെറ അച്ഛനും അമ്മയും വളരെ പരിശ്രമിച്ച് ഏതാനും പുരോഗമനാശയങ്ങൾ അവിടെ പ്രചരിപ്പിച്ചു. അവർ ഒരുമിച്ചു നടക്കാൻ പോയി; ഒരുമിച്ചു പഠിച്ചു. 'ഗീത്താർ' മീട്ടുന്നതിലും മീൻ പിടിക്കുന്നതിലും മലമുകളിലൂടെയും താഴ്വരകളിലൂടെയും കുതിരസ്സവാരി ചെയ്യുന്നതിലും അവർ വിനോദം കണ്ടെത്തി.

മാതാപിതാക്കന്മാൎക്കു പഠനകാൎയ്യത്തിൽ എന്നെ നിർബന്ധിക്കേണ്ട ആവശ്യമുണ്ടായിരുന്നില്ല. അവർ ഒരുമിച്ചിരുന്നു പഠിച്ചപ്പോഴെല്ലാം അവാച്യമായ സംതൃപ്തി അനുഭവിക്കുന്നതായി എനിക്കു തോന്നി. തന്നിമിത്തം അവരെ അനുകരിക്കുവാനുള്ള ഒരുൽക്കടാഭിനിവേശം എന്നിലുണ്ടായി. തോട്ടത്തിൽ കാട്ടുപ്രാവുകൾ മൂളിക്കൊണ്ടിരുന്നപ്പോൾ, അച്ഛനുമമ്മയും ഒരു കൊച്ചു മണ്ണെണ്ണവിളക്കിൻെറ വെളിച്ചത്തിരുന്നു വൈദ്യശാസ്ത്ര ഗ്രന്ഥങ്ങൾ വായിച്ചുപഠിക്കുന്ന കാഴ്ച ഇപ്പോഴും എന്റെ ഓൎമ്മയിൽ പൊന്തിനില്ക്കുന്നുണ്ട്.

നിർഭാഗ്യമെന്നു പറയട്ടെ, എൻെറ അച്ഛൻ അമ്പത്തൊമ്പതാം വയസ്സിൽ അർബ്ബുദം പിടിപെട്ടു മരിച്ചു. അന്നു ഞങ്ങൾ അഞ്ചുകുട്ടികളുണ്ടായിരുന്നു. ഞങ്ങളെ അഞ്ചുപേരേയും വളൎത്തിക്കൊണ്ടുവരുവാൻവേണ്ടി അമ്മ അത്യദ്ധ്വാനം ചെയ്യേണ്ടിവന്നു. വീട്ടിലെ ജോലിക്കു പുറമേ, ഡോക്ടറെ സഹായിക്കുക, ഗ്രാമവാസികളെ ശുശ്രൂഷിക്കുക എന്നീ സേവനങ്ങളിലും അമ്മ വ്യാപൃതയായി. ഇതെല്ലാമായിരുന്നിട്ടും വിഷാദത്തിൻേറതായ ഒരു ലാഞ്ഛനപോലും ഞാൻ ഒരിക്കലും അമ്മയുടെ

മുഖത്തു കണ്ടിട്ടില്ല. എപ്പോഴും ചിരിക്കുന്ന പ്രകൃതിയായി രുന്നു അമ്മയുടേതു്. എന്നാൽ ഒരു രക്ഷാകർത്ത്രി എന്ന നിലയിൽ ഞങ്ങളോടുള്ള അമ്മയുടെ നയത്തിൽ കർക്കശ ഭാവം കലന്നിരുന്നു. ഞങ്ങളുടെ തെററുകളോ അശ്രദ്ധ യോ അല്ല, പ്രത്യുത സ്വാതന്ത്ര്യവും ദുഃസ്വഭാവവുമാണു് അമ്മയെ അരിശംകൊള്ളിച്ചിരുന്നതു്.

അഞ്ചു വയസ്സു പ്രായമുള്ളപ്പോഠം എനിക്കു കിട്ടിയ ഒരു ശിക്ഷ ഇപ്പോഴും നന്നായോക്കുന്നുണ്ടു്. അതിൻെറ എല്ലാ വിശദാംശങ്ങളും ഓമ്മയുണ്ടെന്നല്ല പറയുന്നതു്. ഞാൻ ധിക്കാരപൂവ്വം അമ്മയോടു് എന്തോ മറുപടി പ റഞ്ഞുകാണണം. ഏതായാലും അമ്മ എന്നെ പിടിച്ചു് തുണിയുരിഞ്ഞു. ഞാൻ ഒഴിഞ്ഞുമാറുവാൻ ശ്രമിച്ചു. പക്ഷേ, അമ്മ എന്നെ ബലമായി അവിടെ പിടിച്ചുനി റുത്തി. തോട്ടത്തിൽ രണ്ടു മീറ്റർ ആഴത്തിൽ മഞ്ഞുവീ ണടിഞ്ഞുകിടന്നിരുന്നിടത്തേക്കു് അമ്മ എന്നെ എടുത്തു് വാതിലിലൂടെ പുറത്തേക്കിട്ടു. ഒരു ഞൊടിയിടകൊ ണ്ടു് എല്ലാം തീൻ. „വെളുത്തു പരന്നുകിടന്ന മഞ്ഞിൻ കൂട്ടവും എന്നിലുളവായ ഭയവുംമൂലം എൻെറ ശരീരമാ കെ കിടുകിടാ വിറച്ചു! ഇപ്പോഴും ആ വിറയൽ എനി ക്കനുഭവപ്പെടുന്നതുപോലെ തോന്നിപ്പോകുന്നു.

മക്കടമുഷ്ടിയായി നിരന്തരം കരഞ്ഞുകൊണ്ടുനടന്ന എന്നെ ഒരു നല്ലകുട്ടിയായി വളത്തിയെടുക്കുവാൻ അമ്മ ചെയ്ത ബുദ്ധിമുട്ടുകളേപ്പററി ഞാൻ ഇന്നും ചിന്തിക്കാ റുണ്ടു്.

## മാംസവും രക്തവും

എൻെറ ഹൈസ്ക്കൂഠംവിദ്യാഭ്യാസകാലത്തുതന്നെ ഭൗതികവാദത്തിൻെറ പ്രലോഭനങ്ങഠംക്കു് ഞാൻ വഴി

പ്പെട്ടുകഴിഞ്ഞിരുന്നു. വൈദ്യശാസ്ത്രപഠനം ആരംഭിച്ചതോടുകൂടി മനുഷ്യൻ വെറുമൊരു ജഡവസ്തു മാത്രമാണെന്ന ധാരണയിൽ എളുപ്പത്തിൽ ഞാൻ എത്തിച്ചേർന്നു. ശരീരച്ഛേദന(Dissection)ത്തിൻെറ ക്ലാസ്സുകളിൽ അദ്ധ്യാപകന്മാർ ഞങ്ങളോടു തീർത്തുപറഞ്ഞു, മനുഷ്യനിൽ ഭൗതികാംശങ്ങളല്ലാതെ മറെറാന്നുമില്ലെന്നു്. പൊതുവീക്ഷണത്തിൽ വ്യക്തമാകുന്ന അത്ഭുതാവഹമായ ശരീരഘടന, വിവിധഭാഗങ്ങളുടെ ദുർഗ്രാഹ്യമായ സജ്ജീകരണസവിശേഷതകൾ—ഇവയെല്ലാം ഞങ്ങളെ ആശ്ചര്യപ്പെടുത്തി. എന്നാൽ ഞങ്ങൾ ഇപ്രകാരം കൈകാര്യം ചെയ്തുവന്നതെല്ലാം ഏതൊരു കാഴ്ചപ്പാടിൽനിന്നു നോക്കിയാലും വെറും ജഡവസ്തുക്കൾ മാത്രമായിരുന്നു. ശരീരശാസ്ത്രത്തെ സംബന്ധിച്ചിടത്തോളം ഉത്തേജനം (Stimulation) പ്രതികരണം തുടങ്ങിയുള്ള, സങ്കീർണ്ണങ്ങളും പരസ്പരബദ്ധങ്ങളുമായ പ്രതിഭാസങ്ങളെ ഞാൻ പഠിച്ചു; കോളേജിൽവെച്ചു് ഞങ്ങൾക്കു ലഭിച്ച പ്രബോധനത്തിൽ മനുഷ്യാത്മാവിൻെറയോ, ആദ്ധ്യാത്മികയാഥാർത്ഥ്യങ്ങളുടെയോ അസ്തിത്വത്തിന്നു് ഒട്ടും സ്ഥാനമുണ്ടായിരുന്നില്ല.

മൃതദേഹങ്ങളെ വെട്ടിമുറിച്ചശേഷം അതേ നിർവ്വികാരതയോടെ ഞങ്ങൾ സ്വന്തം ശരീരഘടനയെ അപഗ്രഥിച്ചു പഠിക്കുവാൻ ആരംഭിച്ചു. ഓക്സിജൻ, നൈട്രജൻ തുടങ്ങിയ പദാർത്ഥങ്ങളുടെ ഒരാവയവികമിശ്രം (Organic compound)മത്രേ ശരീരം. ഈ പദാർത്ഥങ്ങളിൽ നമ്മുടെ സവിശേഷമായ ബഹുമാനം അർഹിക്കുന്ന ഒന്നുമില്ല. ഭൗതികവും രാസതന്ത്രികവുമായ പ്രതിഭാസങ്ങളനുസരിച്ചു സമ്മിളിതമായ പദാർത്ഥങ്ങളുടെ ഒരു സമാഹാരംമാത്രമാണു ജീവിതം. ഇങ്ങനെ നോക്കിയാൽ മനു

ഷ്യനിൽ അഭിവന്ദ്യമായി ഒന്നുമില്ലെന്നു തോന്നും. മരണത്തോടെ മനുഷ്യൻ ചീഞ്ഞഴിയുന്നു; ആദിഭൂതങ്ങളിലേക്ക് അവൻ മടങ്ങിച്ചെല്ലുന്നു. കുഴിമാടംവരെമാത്രമെ ജീവിതം നീണ്ടുപോകയുള്ളൂ. തന്നിമിത്തം ആനന്ദത്തിലും യൗവനത്തിന്റേതായ നേരംപോക്കുകളിലും മുഴുകി മരണംവരെ ജീവിതം നുകരുക എന്നതിനേക്കാളധികം ബുദ്ധിപൂർവ്വമായി യാതൊന്നും കാണാൻ ഞങ്ങൾക്കു കഴിഞ്ഞില്ല. യൗവനത്തിന്റെ ചോരത്തിളപ്പ് ആറിപ്പോകുന്നതിനുമുമ്പ് നമുക്കു തിന്നുകുടിച്ചാടിപ്പാടി ജീവിക്കുകതന്നെ. ശരീരത്തോടു യാതൊരു ബഹുമാനവും തോന്നാതിരുന്ന എനിക്ക് അതിനെ അശുദ്ധമാക്കാൻ മടിയുണ്ടായില്ല. എങ്കിലും എന്റെ ഹൃദയത്തിന്റെ അടിത്തട്ടിൽ തൂത്തുകളയാനാവാത്ത ഒരു അശാന്തി അവ്യക്തമായി തങ്ങിനിന്നു. എന്നാൽ മനസ്സാക്ഷിയുടെ മുന്നറിയിപ്പുകളേപ്പററി പറയുന്നതുതന്നെ കാലഹരണപ്പെട്ടുപോയ ഒരു കെട്ടുകഥയിലേക്കു തിരിച്ചുപോകുന്നതിനു തുല്യമായിരുന്നു.

ശാസ്ത്രത്തിന്റെ സ്വയംപര്യാപ്തതയിൽ വിശ്വസിക്കുന്ന പ്രത്യക്ഷവാദം (Positivism) അതിന്റെ ഉച്ചകോടിയിൽ എത്തിയ കാലമായിരുന്നു അതു്. മനസ്സാക്ഷിയുടേതായ എല്ലാ കാല്പനികരൂപങ്ങളും ഭൂതകാലത്തിന്റെ മറവിയിൽ കുഴിച്ചുമൂടപ്പെട്ടുകഴിഞ്ഞിരുന്നു.

വൃദ്ധജനങ്ങൾ ഭാവിക്കുന്നതുപോലെ ആത്മാക്കളും അരൂപികളും വാസ്തവത്തിലുണ്ടെങ്കിൽ അവർ അതൊക്കെ ഞങ്ങളെയൊന്നു കാണിച്ചുതരട്ടെ. അങ്ങനെ ഞങ്ങൾക്കു സ്വന്തം കണ്ണുകൊണ്ടു് അവയെ കണ്ടറിയാമല്ലോ. പക്ഷേ, അതൊന്നും ശരിയല്ല. ആത്മാവെന്നൊക്കെപ്പറയുന്ന ഈ സൊല്ലുകളെല്ലാം വൃദ്ധന്മാരുടെ

KOTTAYAM
81469

ഭാവനാസൃഷ്ടികളാണ്. യുവജനങ്ങളോടുള്ള അസൂയനിമിത്തം, അവരുടെ ജീവിതാനന്ദങ്ങൾ നശിപ്പിക്കാൻ വേണ്ടി മെനഞ്ഞുണ്ടാക്കിയ കെട്ടുകഥകൾ.

എൻെറ സർവ്വകലാശാലാവിദ്യാഭ്യാസത്തിൻെറ മൂന്നാംകൊല്ലം അമ്മയ്ക്കു് "സന്യാസ രോഗം" (apoplexy) പിടിപെട്ടു. ഞങ്ങൾക്കു് ഒഴിവുകാലമായിരുന്നു. ഞാൻ അമ്മയുടെ ദീനക്കിടക്കയ്ക്കടുത്തെത്തിയപ്പോഴേക്കും മരണമടുത്തുകഴിഞ്ഞിരുന്നു. എൻെറ നേരെ തുറിച്ചുനോക്കിക്കൊണ്ടു കിടക്കവേതന്നെ അമ്മ അന്ത്യശ്വാസം വലിച്ചു. അമ്മയുടെ ആ അവസാനനോട്ടത്തിൽ എൻെറ ഭൗതികവാദം മുഴുവനും തകർന്നുപോയി. എനിക്കു ജീവൻ നൽകി എന്നെ വളർത്തിയെടുത്തു്, അന്ത്യംവരെ എന്നെ സ്നേഹിച്ചുവന്ന അമ്മയുടെ കണ്ണുകൾ എന്നോടു വിളിച്ചുപറഞ്ഞു, മരണശേഷവും എൻെറ അമ്മ എന്നെന്നും അവരുടെ തകാഷിയോടുകൂടെ ഉണ്ടായിരിക്കുമെന്നു്. ആത്മാവില്ലെന്നു വിശ്വസിച്ചുപോന്ന ഞാൻ ആ കണ്ണുകളിലേക്കു നോക്കി. അമ്മയുടെ ആത്മാവു് അപ്പോഴും എവിടെയോ ഉണ്ടെന്ന ചിന്ത സ്വാഭാവികമായിത്തന്നെ എന്നിൽ മുളയെടുത്തു. അതു ശരീരത്തിൽനിന്നു നീക്കം ചെയ്യപ്പെട്ടിരിക്കയാണു്. എങ്കിലും അതൊരിക്കലും നശിക്കയില്ല.

ശവസംസ്കാരകർമ്മങ്ങൾ കഴിഞ്ഞതോടെ വീട്ടിലാകെ നിശ്ശബ്ദത നിറഞ്ഞു. അമ്മയുടെ ഉന്മേഷനിർഭരമായ സ്വരം നിലച്ചുകഴിഞ്ഞിരുന്നു. ഞാൻ പൂർണ്ണമായ ഒരു പരിവർത്തനത്തിന്നു വിധേയനായി. എത്രതന്നെ ശ്രമിച്ചിട്ടും എൻെറ അമ്മ ശൂന്യാവസ്ഥയിലേക്കു മടങ്ങിയിരിക്കയാണെന്നു് വിശ്വസിക്കുവാൻ എനിക്കു

കഴിഞ്ഞില്ല. എന്റെ നയനങ്ങൾ അന്ന് ആദ്യമായി അദ്ധ്യാത്മികലോകത്തിലേക്കു തിരിഞ്ഞു.

മെഡിക്കൽകോളേജിലേ മൂന്നാംകൊല്ലം പ്രായോഗിക ചികിത്സയുടെ വിവിധവശങ്ങൾ ഞങ്ങൾ അഭ്യസിച്ചു. ജീവനുള്ള ശരീരങ്ങളെപ്പററി ഞങ്ങൾ പഠിക്കുവാൻ തുടങ്ങി. മൃതശരീരങ്ങളിൽനിന്നും ഒട്ടേറെ വ്യത്യസ്തങ്ങളായിരുന്നു അവ. അതുപോലെതന്നെ ഞങ്ങൾ പരീക്ഷണങ്ങൾക്കുപയോഗിച്ച മൃഗങ്ങളിൽനിന്നും വ്യത്യസ്തരായിരുന്നു മനുഷ്യർ. വെറും കുരങ്ങന്മാരിൽപ്പെട്ട ഒരുതരം ഉൽകൃഷ്ടകുലജാതർ മാത്രമല്ല മനുഷ്യരെന്ന് ഞങ്ങൾ മനസ്സിലാക്കി. ഒരു സൃഷ്ടിയെന്നതിനു പുറമേ, മനുഷ്യൻ 'മാംസവും രക്തവും' കൂടിയാണു്; വേറെ ചിലതുമുണ്ടു് അവനിൽ.

ഈ കണ്ടുപിടുത്തങ്ങൾ നടത്തിക്കൊണ്ടിരുന്ന കാലത്താണു്, ഞാൻ പസ്കാലിന്റെ 'ചിന്തകൾ' (Pensees) എന്ന പ്രശസ്ത ഗ്രന്ഥം വായിച്ചതു്. ഈശ്വരനിൽ അഗാധവിശ്വാസം പുലർത്തിപ്പോന്ന ആ മഹാപണ്ഡിതന്റെ ആശയങ്ങളിലേക്കു് ഒരു ഭൗതികവാദിയെ ഇറക്കിവിടുന്നതു്, ഒരു നിരക്ഷരകുക്ഷിയെ ദൂരദർശിനിയുടെ സഹായംപോലുമില്ലാതെ നക്ഷത്രശാസ്ത്രത്തിന്റെ സാങ്കേതികപഠനങ്ങളിലേക്കു് നയിക്കുന്നതിനു തുല്യമത്രേ. എന്റെ പാദങ്ങൾ മണ്ണിൽ തറച്ചുനില്ക്കുന്നതായി എനിക്കുതോന്നി. ആകാശങ്ങളിലേക്കു് തുളഞ്ഞു കയറുവാനുള്ള എന്റെ കണ്ണുകളുടെ ശ്രമം വിഫലമായിരുന്നു. എന്റെ ഹൃദയത്തിൽ അടക്കാനാവാത്ത വികാരങ്ങളുടെ ഒരു വേലിയേററമുണ്ടായി. പിടിവിട്ടുപോകുന്ന എന്തിനെയോ തിരയുകയാണു് ഞാൻ, എന്നെനിക്കു തോന്നി. പസ്കാൽ പറഞ്ഞതെല്ലാം നിസ്സംശയം സത്യമായി കാണപ്പെട്ടു. എന്നിട്ടും അസത്യങ്ങളെ പ്രമാണികങ്ങ

ളായി സ്വീകരിക്കാൻ എനിക്കു കഴിഞ്ഞില്ല. ആത്മാവുകൾ...നിത്യത...ഈശ്വരൻ—പ്രശസ്ത ശാസ്ത്രജ്ഞനായ ഞങ്ങളുടെ മുൻഗാമി, പസ്കാൽ ഇവയെല്ലാം സഗൗരവം സ്വീകരിച്ചു. ആ മഹാപണ്ഡിതൻ വാസ്തവത്തിൽ അവയിലെല്ലാം വിശ്വസിച്ചു. പസ്കാലിനെപ്പോലുള്ള ഒരു പണ്ഡിതവരേണ്യന് ശാസ്ത്രീയസിദ്ധാന്തങ്ങളെ നിഷേധിക്കാതെതന്നെ സ്വീകരിക്കാൻ സാധിച്ച കത്തോലിക്കാ വിശ്വാസം എന്തൊരു വിശിഷ്ടവസ്തുവായിരിക്കണം?

അങ്ങനെ എൻെറ ജിജ്ഞാസ കത്തോലിക്കാമതത്തിൻെറ നേരെ തിരിഞ്ഞു. സർവ്വകലാശാലയ്ക്ക് അടുത്തായിരുന്ന ഉറക്കാമിയിലെ ദേവാലയം—അതിപൗരസ്ത്യദേശങ്ങളിലെ ഏററവും മനോഹരമായ പള്ളി. അതിൻെറ ഗോപുരങ്ങളുടെ നിഴലുകൾക്ക് താഴെ പതിനായിരത്തിലധികം കത്തോലിക്കർ ജീവിച്ചുപോന്നു. നാളതുവരെ ലക്ചർ ഹോളിൻെറ ജനലുകളിലൂടെ ആ ചെമ്മതിൽകെട്ടിടത്തെ കുറെയൊക്കെ ആദരവോടുകൂടി ഞാൻ നോക്കിയിരുന്നിട്ടുണ്ട്. മദ്ധ്യാഹ്നപ്രാർത്ഥനയുടെ സമയമറിയിക്കുവാനായി എന്നും പള്ളിയിൽ മുഴങ്ങിയ മണിനാദത്തെ ചകിതചിത്തനായി നിന്നു ഞാൻ ശ്രവിച്ചിട്ടുമുണ്ട്. എന്നാൽ തലയിൽ വെള്ളവസ്ത്രങ്ങൾ ധരിച്ച ജനങ്ങളുടെ പ്രദക്ഷിണങ്ങൾ പള്ളിയിൽനിന്നു പുറപ്പെട്ട് സർവ്വകലാശാലയ്ക്കടുത്തുകൂടി ശവക്കോട്ടയിലേക്കു നീങ്ങുന്നതു കണ്ടപ്പോഴെല്ലാം, പാശ്ചാത്യസംസ്കാരത്തിൻെറ ദാസോചിതമായ ആ അനുകരണം എന്നിൽ വെറുപ്പുണ്ടാക്കി. തന്നിമിത്തം അവയിൽ കൂടുതൽ താല്പര്യം കാണിക്കാൻ എനിക്കു കഴിഞ്ഞില്ല. എന്നാൽ എന്റെ ജീവിതവീക്ഷണസമ്പ്രദായം മുഴുവനും

പസ്റ്റാലിന്റെ ആശയങ്ങളുടെ കീഴിൽ തകൻകഴിഞ്ഞപ്പോഠ, പുതുതായ ഒരു കാഴ്ചപ്പാടിൽനിന്നു കത്തീദ്രൽ പള്ളിയെ കാണുവാൻ എനിക്കു് എളുപ്പമായിരുന്നു.

അവസാനം ഉറക്കാമിയിൽ വന്നു പാക്കുവാൻ ഞാൻ തീരുമാനിച്ചു. അവിടത്തെ ജനങ്ങളുടെ വിശ്വാസംമൂഢവും അതേ സമയം ഉൗഷ്മളവും ആയിരുന്നു. എന്നെ മാനസാന്തരപ്പെടുത്താൻ അവർ ഒരിക്കലും ശ്രമിച്ചില്ല. ചില പ്രത്യേക നിയോഗങ്ങഠക്കായി പ്രാത്ഥിക്കുവാൻവേണ്ടി എൻെറ ആതിഥേയരും അയല്ക്കാരും പലപ്പോഴും സമ്മേളിച്ചുവന്നതു് എൻെറ ശ്രദ്ധയിൽപ്പെട്ടു. അവരുടെ അക്രൈസ്തവസഹോദരങ്ങളായ ഞങ്ങഠക്കുവേണ്ടി പ്രാത്ഥിക്കാനാണു് അവർ ഒരുമിച്ചുചേന്നതെന്നു് ഞാൻ എങ്ങനെയാണു് ഊഹിക്കുക? എൻെറ മാനസാന്തരത്തിനുശേഷം മാത്രമാണു് ഇക്കാര്യം ഞാനറിഞ്ഞതു്.

ശാസ്ത്രീയഗവേഷണം ഞാൻ തുടൻകൊണ്ടിരുന്നു. ഞാൻതന്നെ മുൻകൈയെടുത്തു് ഏതാനും പുതിയ പരീക്ഷണങ്ങഠ ചെയ്തുനോക്കി. തന്മൂലം പരീക്ഷണരീതിയിൽ മാററം വരുത്തുമ്പോഠ ഫലം വ്യത്യസ്തമാകുന്നതെങ്ങിനെയെന്നറിയുവാൻ എനിക്കവസരം ലഭിച്ചു. ഏതെങ്കിലുമൊരു രീതിയിൽനിന്നു പ്രതീക്ഷിക്കാവുന്ന നിഗമനങ്ങഠക്കു് ചില പരിമിതികഠ ഉണ്ടെന്നു ഞാൻ മനസ്സിലാക്കി. ഭൗതികശാസ്ത്രത്തിൻെറ പരീക്ഷണസങ്കേതങ്ങഠക്കു് എത്തിച്ചേരാവുന്ന മണ്ഡലത്തിനു് അതിന്റേതായ പരിധികഠ ഉണ്ടെന്നും എനിക്കു കാണാൻ കഴിഞ്ഞു. പ്രപഞ്ചത്തിലെ എല്ലാ പ്രശ്നങ്ങഠക്കും പോം വഴി നൽകുവാൻ ശാസ്ത്രജ്ഞന്മാർ ഒരിക്കലും പ്രാപ്തരാവുകയില്ലെന്നും ഞാൻ കണ്ടു. ഉദാഹരണമായി, മനു

ഷ്യാത്മാവിൻെറ അസ്തിത്വം ശാസ്ത്രഗവേഷണത്തിൽ നിന്നുത്ഭൂതമാകുന്ന ഒരു വസ്തുതയല്ലതന്നെ. എന്നാൽ വേറെ മാൎഗ്ഗങ്ങളുപയോഗിച്ചു മനുഷ്യനിൽ ആത്മാവുണ്ടെന്നു് തെളിയിക്കാൻ കഴിയുംതാനും. എല്ലാത്തിനും ശാസ്ത്രീയമായ തെളിവു് ആവശ്യപ്പെട്ടതാണു എനിക്കു പററിയ അബദ്ധം. സത്യത്തിൽ എത്തിച്ചേരുന്നതിനുള്ള മാൎഗ്ഗം ശാസ്ത്രത്തിൻെറ കുത്തകയാണെന്ന സിദ്ധാന്തത്തിനു് ഞാൻ ഒരടിമയായിക്കഴിഞ്ഞിരുന്നു. തന്നിമിത്തം മനുഷ്യാത്മാവിൻെറ അസ്തിത്വംപോലും നിഷേധിക്കുവാൻ ഞാൻ നിർബന്ധിതനായി. എൻെറ ശാസ്ത്രീയവിദ്യാഭ്യാസം പുരോഗമിച്ചതോടെ എനിക്കു മനസ്സിലായി, ശാസ്ത്രത്തിൻെറ മണ്ഡലം എത്രയേറെ സങ്കുചിതമാണെന്നു്; എത്ര അപൂൎണ്ണവും വൈരുദ്ധ്യജഡിലവുമാണെന്നു്. സാൎവ്വത്രികമായി അംഗീകരിക്കപ്പെട്ട അനേകം ശാസ്ത്രനിയമങ്ങൾ വെറും അഭ്യൂഹങ്ങൾ മാത്രമാണെന്നറിഞ്ഞപ്പോൾ എൻ്റെ അമ്പരപ്പു് ഇരട്ടിച്ചു. മനുഷ്യശാസ്ത്രം എത്ര ദരിദ്രമാണെന്നും, നമ്മുടെ ഗവേഷണങ്ങൾ എത്ര അപൂൎണ്ണങ്ങളെന്നും ഞാൻ മനസ്സിലാക്കി. തൽഫലമായി കൂടുതലായ വിനയത്തിൻെറ ആവശ്യകത ഞാൻ പഠിച്ചു. അവസാനം പ്രകൃത്യതീതലോകത്തെപ്പറ്റി വൈയക്തികമായ ഒരനുഭൂതി എന്നിലുളവായപ്പോൾ മനുഷ്യാത്മാവിൻ്റെ അസ്തിത്വം നിഷേധിച്ചുകൊണ്ടു കഴിച്ചുകൂട്ടിയകാലത്തെ ഓർത്തു് ഞാൻ ലജ്ജിച്ചു. അപ്പോൾമുതലാണു് പസ്കാലിൻെറ 'ചിന്തകൾ' ആദ്യമായി ഞാൻ മനസ്സിലാക്കാനാരംഭിച്ചതു്.

മഞ്ചൂറിയയിലെ പട്ടാളസേവനം തീൎന്നയുടനെ ഞാൻ ജ്ഞാനസ്നാനം (Baptism) സ്വീകരിച്ചു. പരി

ശുദ്ധാരൂപിയാൽ പ്രബോധിതനായ എനിക്കു് സൃഷ്ടിപ്രപഞ്ചത്തിന്റെ മൗലികലക്ഷ്യം വ്യക്തമായിത്തുടങ്ങി: ജീവിക്കുന്ന മനുഷ്യനിൽ ശരീരവും ആത്മാവുമുണ്ടു്. മരണത്തോടൊത്തു് ആത്മാവു ശരീരത്തിൽനിന്നു താല്ക്കാലികമായി വേർതിരിക്കപ്പെടുന്നു. സൃഷ്ടിയായ മനുഷ്യന്റെ പരമലക്ഷ്യം ഈശ്വരനെ സ്തുതിക്കുകയും സ്വർഗ്ഗത്തിൽ നിത്യാനന്ദം അനുഭവിക്കുകയുമാണു്. ദൈവത്തിന്റെ പ്രതിബിംബമായത്രേ മനുഷ്യൻ നിർമ്മിക്കപ്പെട്ടിരിക്കുന്നതു്. തന്നിമിത്തം മനുഷ്യൻ സ്വയം അശുദ്ധമാക്കരുതു്. നാം നമ്മുടെ ശരീരത്തെ എങ്ങനെയാണു് ആദരിക്കേണ്ടതെന്നു ഞാൻ പഠിച്ചു. ദിവ്യകാരുണ്യസ്വീകരണംവഴി യേശുവുമായി ഐക്യം പൂണ്ട അവസരങ്ങളിൽ എനിക്കു ബോദ്ധ്യമായി എന്റെ ശരീരം കൊണ്ടു് യഥേഷ്ടം എന്തും ചെയ്യാമെന്നു ഭാവിക്കുന്നതു തെററാണെന്നു്. ദിവ്യബലിയുടെ സമയത്തു് ജീവിക്കുന്ന ക്രിസ്തുവിന്റെ ശരീരം വിശ്വാസികൾക്കു നൽകപ്പെടുന്നു. അതു സ്വീകരിക്കുന്ന മനുഷ്യന്റെ ആത്മാവു് ക്രിസ്തുവുമായി ഐക്യം പ്രാപിക്കുന്നു.

യേശു ഒരിക്കൽ പറയുകയുണ്ടായി: "ആരെങ്കിലും ഈ അപ്പം ഭക്ഷിക്കുന്നെങ്കിൽ അവൻ അനന്തമായി ജീവിക്കും." ഇങ്ങനെ എന്റെ ശരീരത്തെ ബഹുമാനിക്കാൻ ഞാൻ അഭ്യസിച്ചു. എന്തെന്നാൽ ഈ ശരീരം മരണാനന്തരം ഉയിർത്തെഴുന്നേല്ക്കുകയും ആത്മാവുമായി വീണ്ടും യോജിക്കുകയും ചെയ്യും. മരണത്തോടുകൂടി ശരീരം ചീഞ്ഞഴിയുമെന്നതു തീർച്ചയാണു്. ഒരു പഴഞ്ചെരുപ്പെന്നപോലെ യാതൊരുൽക്കണ്ഠയും കൂടാതെ നമുക്കു വേണമെങ്കിൽ ആ മൃതദേഹത്തെ കുഴിയിൽ വലിച്ചിടാം. എന്നാൽ ഈ മാംസപിണ്ഡം പ്രഭാഭരിതമായി

ഒരു ദിവസം ദൈവസാന്നിദ്ധ്യത്തിലേക്കു തിരിച്ചുവരും. ഇക്കാരണത്താൽ ഈശ്വരസൃഷ്ടിയായ മനുഷ്യശരീരത്തെ ഞാൻ ബഹുമാനിക്കുന്നു. ഇതേ കാരണത്താൽ ഞാൻ എന്നോടുതന്നെ പലപ്പോഴും ചോദിക്കാറുണ്ടു് എനിക്കു പിടിപെട്ടിരിക്കുന്ന ഈ രോഗം* സ്നേഹസാന്ദ്രമായ ദൈവേച്ഛയുടെ ഫലമോ അതോ എന്റെ കുററകരമായ അശ്രദ്ധനിമിത്തമുണ്ടായതോ എന്നു്. തന്നതു വിധിയുടെ അവസരത്തിൽ എനിക്കു് ഇതിനെല്ലാം കണക്കുപറയേണ്ടിവരുകയില്ലേ?

ഏതായാലും മരണംവരെ മനസ്സാക്ഷിയുടെ പ്രേരണയനുസരിച്ചു് എല്ലാവിധ ഔഷധങ്ങളും ഞാൻ എടുക്കുകതന്നെ ചെയ്യും. ല്യൂക്കേമിയയ്ക്കു ശാസ്ത്രീയമായ ചികിത്സ കണ്ടുപിടിക്കുവാനുള്ള പരീക്ഷണങ്ങൾക്കുവേണ്ടി എന്റെ ശരീരം ഞാൻ വിനിയോഗിക്കും. മുങ്ങിച്ചാകാൻ പോകുന്ന മനുഷ്യൻ ഏതൊരു വൈക്കോൽക്കഷണത്തെപ്പോലും കയറിപ്പിടിക്കുന്നതുപോലെ, ഞാനും എല്ലാവിധ ഉപാധികളും ഉപയോഗിക്കുന്നതാണു്. പക്ഷേ, ഏതെങ്കിലും മുറിവൈദ്യന്മാരുടെ ചികിത്സകൾ ഞാൻ സ്വീകരിക്കുകയില്ല, തീർച്ച. രോഗംബാധിച്ച എന്റെ ശരീരത്തോടുള്ള പെരുമാററത്തിൽ ഞാൻ വിവേകവും ആദരവും പാലിക്കും. അടുത്തുവരുന്ന അണുയുഗത്തിലെ യുവതലമുറയ്ക്കു് ആനന്ദമരുളുവാൻ വേണ്ടി പ്രയത്നിക്കാനുള്ളതല്ലേ എന്റെ ശരീരം? അങ്ങനെ അവസാനവിശകലനത്തിൽ ദൈവസ്തുതിക്കായി ഉപയോഗിക്കേണ്ടതല്ലേ ഈ ദേഹം?

---

* രോഗികളുടെ നന്മയ്ക്കുവേണ്ടി എക്സ്റേ സംബന്ധിച്ച വിഷയത്തിൽ ഡോക്ടർ നാഗായി നടത്തിയ അനേകകൊല്ലത്തെ ഗവേഷണങ്ങളുടെ ഫലമായി അദ്ദേഹത്തിനു വന്ന രോഗമാണിതു്—Leukemia.

അദ്ധ്യായം രണ്ട്

# അശനിപാതം

**അല്പം മുമ്പ്**

1945 ഓഗസ്റ്റ് ഒമ്പതാംതീയതി കൊമ്പീറാമലയുടെ പിൻഭാഗത്തുനിന്ന് സൂര്യൻ ഉയരുകയായിരുന്നു. പുലരിത്തുട്ടപ്പണിഞ്ഞ ഉറക്കാമിപ്രദേശത്തേക്ക് ബാലാർക്കൻെറ പൊൻകതിരുകൾ പ്രസരിച്ചു. വളരെക്കാലത്തെ അശ്രാന്തിക്കുശേഷം സമാധാനത്തിൻേറതായ ഒരന്തരീക്ഷം ആദ്യമായി നഗരത്തെ ആവരണംചെയ്തു. മലമുകളിൽ ജനവാസമുള്ള ഭാഗങ്ങളിലെ കെട്ടിടങ്ങളിൽനിന്നു ധൂമപടലങ്ങൾ ഉയൻകൊണ്ടിരുന്നു. മലഞ്ചെരുവിലെ കൃഷിസ്ഥലങ്ങളിലുള്ള മധുരക്കിഴങ്ങിൻ ചെടികളിൽ തങ്ങിനിന്ന മഞ്ഞിൻതുള്ളികൾ സൂര്യപ്രകാശമേറ്റു തിളങ്ങി. അല്പം താഴെയായി പുഴവക്കത്തു നിലകൊണ്ട ആഗ്നേയായുധനിമ്മാണശാല(ammunition factory)യിൽനിന്നു വെള്ളപ്പുകക്കാറുകൾ പൊങ്ങിവന്നു. പ്രധാനതെരുവിലെ കെട്ടിടങ്ങളുടെ മേൽക്കൂരകൾ അഴിമുഖത്തോളമെത്തിയ നീലചക്രവാളച്ചെരുവിൽ ഉരുകിച്ചേൎന്നപോലെ കാണപ്പെട്ടു.

അടുത്തുള്ള പട്ടക്കുററൻ ഭദ്രാസനപ്പള്ളിയിൽ വെള്ളവസ്ത്രങ്ങൾകൊണ്ടു തലമൂടിയ ഏതാനും ക്രൈസ്തവ വനിതകൾ പ്രാത്ഥനയിൽ ലയിച്ചിരിക്കുകയാണ്. മനുഷ്യരാശിയുടെ തെററുകളേയും പാപങ്ങളേയും പററിയുള്ള അത്യഗാധമായ പശ്ചാത്താപം അവരുടെ മുഖങ്ങ

ളിൽ നിഴലിച്ചുകാണാം. ഒരു പുത്തൻപുലരിയുടെ പിറവിയായിരുന്നു അതു്.

പതിവുപോലെ നാഗസാക്കിമെഡിക്കൽകോളേജിൽ രാവിലത്തെ ക്ലാസ്സുകൾ കൃത്യം എട്ടുമണിക്കാരംഭിച്ചു. ദേശീയസ്വയംസേവകസേനയുടെ ആജ്ഞപ്രകാരം വിദ്യാർത്ഥികൾ പട്ടാളക്കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതോടൊപ്പം വൈദ്യശാസ്ത്രാദ്ധ്യയനവും തുടരേണ്ടിയിരുന്നു. വിദ്യാർത്ഥികളുടേതായ വൈദ്യസഹായവ്യൂഹത്തിന്റെ ഉപയോഗത്തിനുവേണ്ടി പരീക്ഷണശാലകളും ആശുപത്രികളും നൽകപ്പെട്ടു. എന്തെങ്കിലും ഒരത്യാവശ്യം നേരിട്ടാൽ എന്തെല്ലാമാണു ചെയ്യേണ്ടതെന്നു് ഓരോ വിദ്യാർത്ഥിക്കും അറിയാമായിരുന്നു.

എല്ലാവരും വിമാനാക്രമണത്തെ നേരിടാനുള്ള വേഷമണിഞ്ഞിരുന്നു. പ്രഥമശുശ്രൂഷയ്ക്കു വേണ്ട സജ്ജീകരണങ്ങളടങ്ങിയ പെട്ടി ഓരോരുത്തരുടെയും കഴുത്തിൽ തൂക്കിയിട്ടുണ്ടു്. അദ്ധ്യാപകന്മാരും വിദ്യാർത്ഥികളും നേരത്തെതന്നെ ജോലിയിൽ വ്യാപൃതരായി കാണപ്പെട്ടു. ഏതുനിമിഷത്തിൽ വിമാനാക്രമണമുണ്ടായാലും മുറിവേല്ക്കുന്നവരെ ഉടനെ പരിചരിക്കാൻ അവർ സന്നദ്ധരായിരുന്നു.

തലേ ആഴ്ചയിൽ അവരുടെ കാര്യക്ഷമത പരീക്ഷിക്കപ്പെട്ടതാണു്; മെഡിക്കൽകോളേജിൽ ബോംബിടപ്പെട്ട അവസരത്തിൽ മൂന്നുപേർ ഉടനെ മരിക്കുകയും പന്ത്രണ്ടിലധികംപേർക്കു പരുക്കേൽക്കുകയും ചെയ്തു. എന്നാൽ വിദ്യാർത്ഥികളുടെ സമർത്ഥവും ധീരവുമായ ഇടപെടൽ നിമിത്തം രോഗികളിൽ ആർക്കുംതന്നെ ഉപദ്രവമുണ്ടായില്ല. അന്നത്തെ അഗ്നിപ്പരീക്ഷയ്ക്കുശേഷം ആ സ്ഥാപനം യുദ്ധവുമായി കൂടുതൽ പരിചയപ്പെട്ടു.

പെട്ടെന്നു് ഒരു കുഴൽവിളി മുഴങ്ങി. ഇന്നു് ഒരിക്കൽക്കൂടി തെക്കേ കീയ്യൂഷ്യുവിൽ വൻതോതിലുള്ള ഒരു ബോംബാക്രമണം ഉണ്ടാകുവാൻ പോവുകയാണു്. അടുത്ത നിമിഷത്തിൽ വിദ്യാൎത്ഥികളെല്ലാവരും പ്രധാനവരാന്തയിൽ എത്തിക്കഴിഞ്ഞു. ഓരോരുത്തൎക്കുമായി നിശ്ചയിച്ചിട്ടുള്ള സ്ഥാനങ്ങളിലേക്കു് അതിവേഗം നീങ്ങുകയായിരുന്നു അവർ. ക്രമപാലനത്തിൻെറ ഉത്തരവാദിത്വമേററിരുന്നവർ ഉച്ചഭാഷിണിയിലൂടെ ജനങ്ങൾക്കു നിൎദ്ദേശങ്ങൾ നൽകി. കുഴൽവിളി ആവൎത്തിക്കപ്പെട്ടു.. ബോംബുകൾ വീഴുന്ന വിവരം വെളിപ്പെടുത്താനായിരുന്നു ആ വിളി. വിമാനവിരുദ്ധത്തോക്കുകളിൽനിന്നു പുറപ്പെട്ട വെളുത്ത പുകയുടെ ചെറിയ കഷണങ്ങൾ ആകാശത്തിൽ അവിടെയുമിവിടെയും തങ്ങിനിന്നു. ശ്രദ്ധിച്ചുനോക്കിയാൽ ശത്രുവിമാനങ്ങൾ തിരിച്ചറിയാമായിരുന്നു. സമരത്തിൻെറ മുന്നറിയിപ്പു നൽകുന്ന ആ കുഴൽവിളി ദുഃഖഭരിതവും നിരാശാജനകവുമായി തോന്നി. "ആ നശിച്ച കുഴലൂത്തു് അങ്ങു നിറുത്തരുതോ. അവർ വരികയാണെന്നു് എല്ലാവൎക്കും അറിഞ്ഞുകൂടെ." ഈ വഴിക്കാണു് ഞങ്ങളപ്പോൾ ചിന്തിച്ചതു്. പക്ഷേ, കുഴൽവിളി തുടൎന്നുകൊണ്ടുതന്നെയിരുന്നു. അതിൻെറ ശബ്ദം അനുനിമിഷം വൎദ്ധിച്ചുവന്നതേയുള്ളു. ആരെയും ഭ്രാന്തുപിടിപ്പിക്കുന്ന ബഹളം—അനുസ്യൂതമായ ആ മരണവിളി ഞങ്ങളുടെ ആത്മധൈര്യത്തെ ദുൎബ്ബലപ്പെടുത്തുന്നതുപോലെ തോന്നി.

ഉദ്യാനത്തിലെങ്ങും ചുമന്ന പുഷ്പങ്ങൾ വിടൎന്നുനിന്നു. രോഗീവാഹകന്മാ(Ambulance men)രും ഒന്നാംകൊല്ലക്കാരായ വിദ്യാൎത്ഥികളും ആശുപത്രിയുടെ വാതിൽക്കൽ ചെമ്പൂക്കൾ നിറഞ്ഞ ചെടികളുടെ നിഴലിലായി

നിലയുറപ്പിച്ചു. വിമാനാക്രമണത്തിൽനിന്നും രക്ഷ നേടുവാനുള്ള അഭയസ്ഥാനങ്ങളുടെ സമീപത്തു് അവർ തടിച്ചുകൂടി. ആവശ്യം നേരിടുന്ന ഏതൊരു നിമിഷത്തിലും ഓടിയെത്തുവാൻ തയ്യാറെടുത്തുകൊണ്ടാണു് അവരുടെ നില്പു്.

"ഈ പൈശാചികയുദ്ധം എങ്ങനെയാണവസാനിക്കാൻ പോകുന്നതു്?" കഗോഷിമായിലെ സെകണ്ടറിസ്ക്കൂളിൽനിന്നു വന്ന ഒരു വിദ്യാർത്ഥി ചോദിച്ചു: "എൻെറ കൂട്ടുകാരിൽ പലരും വ്യോമസേനയിൽ ചേന്നിട്ടുണ്ടു്." അവൻ തുടന്നു പറഞ്ഞു.

"നമ്മുടെ വിമാനങ്ങളെല്ലാം എവിടെയാണെന്നു് ഓക്കുകയാണു ഞാൻ." ഒസാക്കാഭാഷയിൽ സംസാരിക്കുകയായിരുന്ന വേറൊരു ബാലൻ പ്രസ്താവിച്ചു. അവൻ തുടന്നുപറഞ്ഞു: "യുദ്ധം തുടരുന്നതുകൊണ്ടു് എന്തു ഫലമാണുള്ളതു്. വിജയസാദ്ധ്യത നമുക്കു തീരെയില്ല."

ആരും മറുപടി പറഞ്ഞില്ല. ഏറെക്കുറെ അതേ അഭിപ്രായക്കാരായിരുന്നു എല്ലാവരും. വാസ്തവത്തിൽ മാതൃരാജ്യം ഒരുന്മൂലനാശത്തിൻെറ വക്കത്തെത്തിക്കഴിഞ്ഞിരുന്നു. തീർച്ചയായിട്ടും ജയിക്കാമെന്ന പ്രതീക്ഷയോടെയാണു് യുദ്ധമാരംഭിച്ചതു്. പരാജയത്തിൻെറ അന്തികത്തെത്തിയ ആ ദുരന്തനാടകത്തിന്റെ തിരശ്ശീല വലിച്ചുകററുവാൻ ഗവണ്മെൻറു് കൂട്ടാക്കിയില്ല. എന്നാൽ സയ്യാൻ നഷ്ടപ്പെട്ടതോടുകൂടി പട്ടാളത്തിൻെറ കേന്ദ്രകാര്യാലയത്തിൽനിന്നു് ലഭിച്ചുകൊണ്ടിരുന്ന വാത്തകരം സന്ദേഹാത്മകമായ രീതിയിൽ അവ്യക്തങ്ങളായിരുന്നു. ഇതിനു കാരണമെന്തായിരിക്കണമെന്നു് വിദ്യാർത്ഥികരം ഊഹിക്കാൻ തുടങ്ങി. അതോടൊപ്പം എന്തെന്നില്ലാത്ത ഒരസുഖം അവക്കനുഭവപ്പെട്ടു.

"ഹേ, ക്യാപ്റ്റൻ," ഒസാക്കയിലെ ചെറുപ്പക്കാരൻ വിളിച്ചുപറഞ്ഞു: "ഈ യുദ്ധം എങ്ങനെയാണു് അവസാനിക്കാൻ പോകുന്നതു്?" കട്ടിയുള്ള കണ്ണടച്ചട്ടങ്ങളാണു് ക്യാപ്റ്റൻ ധരിച്ചിരുന്നതു്. ആ വട്ടമുഖം ഒന്നുയർത്തിപ്പിടിച്ചപ്പോൾ അടിമുതൽ മുടിവരെ പട്ടാളവേഷമണിഞ്ഞിരുന്ന ക്യാപ്റ്റനെ കാണുവാൻ ആകപ്പാടെ ഒരു ചന്തമുണ്ടായിരുന്നു. ഇതിനുമുമ്പു് എത്രപ്രാവശ്യം, മുറിവേററവരെ നാശഗർത്തത്തിൽ നിന്നു സധീരം രക്ഷിച്ചു് സഹപ്രവർത്തകരുടെ ബഹുമാനം അദ്ദേഹം ആർജ്ജിച്ചിട്ടുണ്ടു്? അഗ്നിനാളങ്ങളുടെയും പുകയുടെയും മദ്ധ്യത്തിലേക്കു് വാണംപോലെ കയറിപ്പോകുന്ന ക്യാപ്റ്റനെ കാണുമ്പോൾ ആരും അങ്ങു കൂടെപ്പോകും. സ്വന്തം അച്ഛന്റെ ദൂരദർശകക്കണ്ണട അദ്ദേഹം എപ്പോഴും കൈയിലെടുത്തിട്ടുണ്ടായിരിക്കും. ശത്രുവിമാനം വന്നാലുടൻ ക്യാപ്റ്റനതു കണ്ടുപിടിക്കും. അതുമാത്രമായിരുന്നു യുദ്ധത്തിന്റെ വിഷാദാത്മകങ്ങളായ യാഥാർത്ഥ്യങ്ങൾക്കിടയിൽ അദ്ദേഹത്തിനു ലഭിച്ച സന്തോഷം.

"എന്റെ ക്യാപ്റ്റൻ," ബാലൻ വിട്ടില്ല, "എന്താണു സംഭവിക്കാൻപോകുന്നതു്? ഒന്നു പറയൂ."

"എന്തു സംഭവിക്കും എന്നതല്ല പ്രശ്നം—നാമെങ്ങനെ വർത്തിക്കണമെന്നതാണു പ്രധാന കാര്യം." ഫുജിമോത്തോ ഉൗന്നിപ്പറഞ്ഞു: "നമ്മുടെ ഭാവിയെ നിശ്ചയിക്കാൻ പോകുന്നതു് യുദ്ധമല്ല. നാമായിരിക്കും യുദ്ധത്തിന്റെ ഭാവി നിർണ്ണയിക്കുന്നതു്. രണ്ടു രാജ്യങ്ങളിലെയും യുവജനങ്ങൾതമ്മിലുള്ള ഒരു ബലപരീക്ഷണമാണിതു്."

"അതൊക്കെശ്ശരി. പക്ഷെ, ഇപ്പോൾ നടക്കുന്നതെന്തെന്നു നോക്കൂ: ചുററുപാടുകൾ അനുദിനം വഷളാകുക

യാണ്. ഭൗതികവിഭവങ്ങളുടെ കാര്യത്തിൽത്തന്നെ രണ്ടുകക്ഷികളുംതമ്മിൽ എത്രവലിയ അന്തരമാണുള്ളതു്? ഭിത്തിക്കെതിരെ തലവെച്ചുകൊണ്ടു് ഓടാൻ കഴിയുമോ?"

"നീ പറയുന്നതു ശരിയായിരിക്കാം. പക്ഷേ, കേൾക്കൂ," ഗൗരവവും അധികാരവും കലൎന്ന സ്വരത്തിൽ ഫ്വജിമോത്തോ പറഞ്ഞു. "ബോംബുവീഴാനിടയുണ്ടെന്നതു ശരിയല്ലേ. അപ്പോൾ നാമിങ്ങനെ തക്കിച്ചുകൊണ്ടിരിക്കയാണോ വേണ്ടതു്? ഒരിക്കലുമല്ല. നീയും മററുള്ളവരെപ്പോലെ പുറത്തുപോയി നിന്റെ കൎത്തവ്യം അനുഷ്ഠിക്കണം, രക്തപ്രവാഹം തടയാൻ ശ്രമിക്കണം. ഏതായാലും അതായിരിക്കും ഞാൻ ചെയ്യുന്നതു്."

ഒസാക്കയിൽനിന്നു വന്ന ബാലൻ മറുപടി പറഞ്ഞില്ല. എങ്കിലും അവനു് അപ്പോഴും ഏതോ സംശയമുള്ളതുപോലെ തോന്നി. അതേ നിമിഷത്തിൽ വലിയൊരു തടിക്കഷണം തോളിലേന്തിക്കൊണ്ടു് ഒരു വൈസ് ക്യാപ്റ്റൻ വന്നെത്തി. കൊക്കുറയിലെ സെക്കണ്ടറി സ്ക്കൂളിൽനിന്നു് അയാൾക്കൊരു ഡിപ്ലോമ കിട്ടിയിട്ടുണ്ടായിരുന്നു. ഒരു വാക്കുപോലും പറയാതെ സ്വന്തം ജോലി ചെയ്തുകൂട്ടുന്ന സ്വഭാവക്കാരനായിരുന്നു അയാൾ. നിരീക്ഷണാഭയത്തിന്റെ മേൽക്കെട്ടു് കുറേക്കൂടി ശക്തിപ്പെടുത്തണം—ഇതായിരുന്നു അയാളുടെ ഏകചിന്ത. അയാൾ തന്നെത്താൻ വിയൎത്തൊലിച്ചുകൊണ്ടു ജോലി ചെയ്യുകയായിരുന്നു.

ഒസാക്കയിൽനിന്നു വന്ന ചെറുപ്പക്കാരൻ അയാളോടു ചോദിച്ചു: "ശത്രുക്കൾ നമ്മേ ആക്രമിച്ചാൽ നാമെന്തു ചെയ്യും, വൈസ് ക്യാപ്റ്റൻ?"

"നമ്മുടെ വിധിയനുസരിച്ചു നാം ജീവിക്കുകയോ

മരിക്കുകയോ ചെയ്യും." വിയർപ്പുതുള്ളികൾ തുടച്ചുകളഞ്ഞുകൊണ്ടു വൈസ് ക്യാപ്റ്റൻ മറുപടി പറഞ്ഞു. "മററുള്ളവർ നമ്മെ വെറുക്കാൻ അവസരം കൊടുക്കാതെ നാം ജീവിക്കുകയോ മരിക്കുകയോ ചെയ്യുക—അത്രതന്നെ."

വീണ്ടും നിശ്ശബ്ദത. ചുററുമുള്ള ചുമന്ന പുഷ്പങ്ങൾ കട്ടകെട്ടിയ ചോരപോലെ നിശ്ചലങ്ങളായി നിന്നു. കോളേജിനടുത്തുള്ള ദേവാലയത്തിൻെറ ചുററുംനിന്ന വൃക്ഷങ്ങളിലിരുന്ന ക്ഷുദ്രജീവികൾ ശബ്ദമുണ്ടാക്കി.

ആശുപത്രിയിലുണ്ടായിരുന്ന എല്ലാ പ്രഥമശുശ്രൂഷകരുടെയും അന്നത്തെ പരമാധികാരി ഞാനായിരുന്നു. അതുകൊണ്ടു ഞാൻ പ്രധാന വാതിലിലൂടെ ഉള്ളിൽക്കടന്നു് എല്ലാ മുറികളും പരിശോധിക്കുന്നതിനുവേണ്ടി വലിയ വരാന്തയിലൂടെ വേഗം നടന്നു. ഒടുക്കം പിൻഭാഗത്തെ കതകു തുറന്നു ഞാനതിലേ പുറത്തേക്കിറങ്ങി. ഏതൊരത്യാവശ്യത്തേയും നേരിടാൻ തയ്യാറെടുത്ത പരിചാരികമാരും വിദ്യാർത്ഥികളും ഓരോ വാർഡിലും നില്പുണ്ടായിരുന്നു. വെള്ളം നിറച്ച തൊട്ടികൾ സമീപത്തുണ്ടായിരുന്നു. വെള്ളമൊഴിച്ചു തീ കെടുത്തുവാനുള്ള റബർക്കുഴലുകൾ ഒരുക്കിവെച്ചിട്ടുണ്ടു്. കോടാലികളും തൂമ്പാകളും അടുത്തുണ്ടു്. ഏതൊരു അപ്രതീക്ഷിതസംഭവത്തേയും നേരിടാനെന്നമട്ടിൽ ഓരോവസ്തുവും അതാതിൻെറ സ്ഥാനത്തു നിരത്തിവെച്ചിരുന്നു. ഭൃത്യന്മാർ രോഗികളെ അഭയസ്ഥാനങ്ങളിലേക്കു സാവധാനം നീക്കിക്കൊണ്ടിരുന്നു.

റേഡിയോളജിമുറിയുടെ വാതില്ക്കൽവെച്ചു ഞാൻ ഉവേനോവേ കണ്ടു. നല്ല ധീരതയും സാഹസികതയുമുള്ള ഒരു മൂന്നാമാണ്ടു വിദ്യാർത്ഥിയായിരുന്നു അയാൾ.

കഴിഞ്ഞ ഒരു വിമാനാക്രമണവേളയിൽ സ്ത്രീചികിത്സാലയത്തിൻെറ ഹോളിനു തീപ്പിടിച്ചപ്പോൾ ഉവേനോതൊട്ടടുത്തുള്ള ചമ്രചികിത്സാകേന്ദ്രത്തിന്റെ മേൽക്കൂരയിൽക്കയറി ദീർഘനേരം ഇരുന്നു സംഭവവികാസങ്ങൾ വീക്ഷിക്കുകയുണ്ടായി. ആളിക്കത്തിയ കെട്ടിടത്തിലേക്കു ഞങ്ങൾ വെള്ളം കൊണ്ടുചെന്നപ്പോഴും വിമാനങ്ങൾ താണുപറന്നു ബോംബിട്ടുകയായിരുന്നു. ഇതുകൊണ്ടൊന്നും കൂസാതെ ഉവേനോ അവിടെത്തന്നെ ഇരുന്നു. സർവ്വശക്തിയുമുപയോഗിച്ചു ഞങ്ങളോടു വിളിച്ചുപറഞ്ഞു: "ഹേ! അവർ പോവുകയാണ്. അവർ പോയിക്കഴിഞ്ഞു. എല്ലാം ശരിയാണു കൂട്ടുകാരേ! പുറത്തേക്കു വരൂ. ഹോൾ കത്തിത്തുടങ്ങിയിട്ടുണ്ട്."

അടുത്ത നിമിഷം—"അവർ തിരിച്ചുവരുകയാണ്. ബോംബുകൾ വീഴുന്നുണ്ട്. വേഗമാവട്ടെ. അഭയസ്ഥാനങ്ങളിലേക്കോടുക."

അയാളെ അഭിവാദ്യംചെയ്തുകൊണ്ടു ഞാൻ പറഞ്ഞു: "ഓ സാരമില്ലന്നേ." എന്റെ വാക്കുകൾ അയാളെ ആശ്ചര്യപ്പെടുത്തി. തല ചൊറിഞ്ഞുകൊണ്ട് അയാൾ പറഞ്ഞു: "ഇന്നാളൊരിക്കൽ എൻെറ അമ്മ എന്നെ ശകാരിച്ചു: മററുള്ളവരുടെ ശ്രദ്ധ ആകർഷിക്കത്തക്കവിധം ഒന്നും ചെയ്യരുതെന്ന് അമ്മ ഉപദേശിച്ചു: നീ ഇപ്പോൾ ഒരു കൊച്ചുകുട്ടിയല്ല. അറിയാമോ? അതു പറഞ്ഞപ്പോൾ അമ്മയുടെ മുഖത്ത് ഒരു പുഞ്ചിരി വിടരുന്നതു ഞാൻ കണ്ടു."

കൈകൊണ്ടു തിരിച്ച് വെള്ളം കയററുന്ന പമ്പിൻെറ മേൽനോട്ടം വഹിച്ചിരുന്നവർ പിൻഭാഗത്തുള്ള വാതില്ക്കൽ നില്പുണ്ടായിരുന്നു. മനുഷ്യബുദ്ധിക്കു സാധിക്കുന്ന സകല മുൻകരുതലുകളും അവിടെ ചെയ്തുകഴി

ഞ്ഞിരിക്കുന്നതുപോലെ തോന്നി. അവിടത്തെ സ്ഥിതി തൃപ്തികരമായിരുന്നതിനാൽ ഞാൻ ആസ്പത്രിയുടെ കിഴക്കേഭാഗത്തേക്കു പോയി. ശസ്ത്രക്രിയ, സ്ത്രീചികിത്സ, കാതിനും മൂക്കിനുമുള്ള ചികിത്സ (Otherinology) എന്നിവയ്ക്കുപയോഗിച്ചിരുന്ന ഹോളുകൾ ബോംബാക്രമണത്തിനു വിധേയമായിക്കഴിഞ്ഞിരുന്നു. അവയ്ക്കു ഭവിച്ച ഭീകരനാശങ്ങൾ മനുഷ്യരുടെ മുറിവുകളേക്കാൾ കൂടുതൽ സങ്കടകരമായി എനിക്കു തോന്നി. അവിടെയുണ്ടായിരുന്ന തോട്ടത്തിലെ പുഷ്പങ്ങൾക്കു ചുമപ്പുനിറം തന്നെയായിരുന്നു. കാർബോളിക്കാസിഡിന്റെ മണം വായുമണ്ഡലത്തിൽ തങ്ങിനിന്നു. പെട്ടെന്ന് എനിക്കു പേടിതോന്നി.

സംശയത്തിൻെറയും ഭീതിയുടെയുമായ ചങ്ങലക്കെട്ടുകൾ ഞങ്ങളുടെ മനസ്സിനെ ബന്ധിച്ചപോലൊരനുഭവം എനിക്കുണ്ടായി. എങ്കിലും അവയെ പൊട്ടിക്കുവാനെന്നോണം എല്ലാം സുഭദ്രമെന്നറിയിക്കുന്ന അടയാളസ്വരം മുഴങ്ങി.

ഞാൻ ഓഡിറ്റോറിയത്തിൽ പ്രവേശിച്ചപ്പോൾ വിദ്യാൎത്ഥികൾ അവരുടെ ഇരുമ്പുതൊപ്പികൾ അഴിച്ചുനീക്കുകയായിരുന്നു. അതിനിടയിൽ അവർ വളരെ ഉച്ചത്തിൽ സംസാരിക്കുന്നുമുണ്ടായിരുന്നു. വാൎത്താവിതരണവകുപ്പിലെ പരിചാരികയായ ഉനുവേ ഏററവും ഒടുവിൽ കിട്ടിയ വിശേഷങ്ങൾ വിദ്യാൎത്ഥികളെ അറിയിക്കുന്നതു ഞാൻ കണ്ടു. അവളുടെ കണ്ണുകൾ പതിവിലധികം ഉജ്ജ്വലങ്ങളായിരുന്നു. ഏതാനും നിമിഷങ്ങൾ മുമ്പു ലഭിച്ച റേഡിയോവാൎത്തകൾ വിശദീകരിച്ചു് അവൾ പറഞ്ഞു: "കിയൂഷുവിനുമുകളിൽ ശത്രുവിമാനങ്ങൾ പ്രത്യക്ഷപ്പെട്ടില്ല." ചോരത്തുടുപ്പാർന്ന അവളുടെ കവിളു

കളിലൂടെ വിയർപ്പുകണങ്ങൾ ഒഴുകി. ചീകിയൊതുക്കാത്ത തലമുടി അല്പം ക്രമരഹിതമായി കാണപ്പെട്ടു.

വിദ്യാർത്ഥികൾ ലക്ചർ ഹോളുകളിൽ കയറി: അദ്ധ്യയനം വീണ്ടും തുടങ്ങി. ക്രമവും ശാന്തതയും കോളേജിലെങ്ങും വ്യാപിച്ചു. ആളുകൾ സത്യം അന്വേഷിക്കുന്ന ഒരു സ്ഥലത്തിന്റെ പ്രതീതിയാണ് അവിടെ കണ്ടതു്.

ആസ്പത്രിയിലെ ക്ലിനിക്കിലേക്കു രോഗികൾ വന്നുകൊണ്ടിരുന്നു. വെള്ളവസ്ത്രധാരികളായ വിദ്യാർത്ഥികൾ രോഗികളുടെ ഇടയിൽ എല്ലായിടത്തും കാണപ്പെട്ടു. ആദ്യത്തെ രോഗനിർണ്ണയവേലയിൽ ഏർപ്പെട്ടിരിക്കുകയായിരുന്നു അവർ. എന്റെ ഹോളിനു മുൻഭാഗത്തെ വരാന്തയുടെ അങ്ങേ അററത്തായിരുന്നു ആന്തര ചികിത്സയ്ക്കുള്ള (Internal medicine) ക്ലാസ്സുമുറി. കോളേജിന്റെ അദ്ധ്യക്ഷനായ ഡോക്ടർ ത്സ്യൂണോവാണ് അവിടെ പഠിപ്പിച്ചുകൊണ്ടിരുന്നതു്. ക്ലിനിക്കൽ ചികിത്സയെപ്പററി പ്രസംഗിക്കുകയായിരുന്ന അദ്ദേഹത്തിന്റെ മധുരശബ്ദം എന്റെ ചെവിയിൽ അലയടിച്ചു.

അപ്പോൾ അതു സംഭവിച്ചു...

## പുല്ലുവെട്ടുകാരന്റെ വിവരണം

കവാബിറാമലയുടെ മുകളിൽ പുല്ലുവെട്ടുകയായിരുന്നു ത്സുചിമോത്തോ. അവിടെനിന്നു മൂന്നു കിലോമീറ്റർ അകലെ തെക്കുപടിഞ്ഞാറായി നാഗസാക്കിനഗരത്തിന്റെ ഭാഗമായ ഉറക്കാമിപ്രദേശം അയാൾക്കു കാണാൻ കഴിഞ്ഞു. ഗ്രീഷ്മകാലസൂര്യന്റെ പൊൻകതിരുകൾ മല

കളേയും നഗരത്തെയുമെല്ലാം ശാന്തിഭാസുരമായ ഒരു തരം നിസ്സംഗതയിൽ ആവരണംചെയ്തു.

ദുർബ്ബലമെങ്കിലും അതിവ്യക്തമായ ഒരു വിമാനത്തിൻെറ മൂളൽ പെട്ടെന്നു് ത്സുചിമോത്തോവിൻെറ കാതുകളിൽ എത്തി. അയാഠം ചാടി എഴുന്നേററു് അരിവാഠം കൈയിലെടുത്തു് ചക്രവാളസീമയെ നിരീക്ഷിക്കാൻ തുടങ്ങി. അയാളുടെ തലയ്ക്കുമീതെ തങ്ങിനിന്ന ഒരു ചെറിയ മേഘമാലയൊഴിച്ചാൽ ആകാശം മുഴുവനും സ്വച്ഛമായിരുന്നു. സ്വരം വരുന്നതു് ആ മേഘത്തിനുള്ളിൽനിന്നാണെന്നു തോന്നിപ്പോയി. ശബ്ദം ക്ഷയിച്ചുകൊണ്ടിരുന്നു. ആ മനുഷ്യൻ ആകാശത്തിലേക്കു സൂക്ഷിച്ചുനോക്കി. അതൊരു "ബി. 29 വിമാനം" ആണെന്നു് അയാഠം കണ്ടു. ആ ചെറിയ വെള്ളവസ്തു കൊച്ചു മേഘത്തിൻെറ തൊട്ടടുത്തായിരുന്നു. മേഘത്തിൻെറ ഉയരം 8,000 മീറ്ററായിരിക്കണമെന്നു് അയാഠം ഊഹിച്ചു. അയാഠം വിമാനത്തെ വീണ്ടും നോക്കി; എന്നിട്ടു് ഉറക്കെ വിളിച്ചുപറഞ്ഞു: "നോക്കൂ! അവരെന്തോ അവിടെ വീഴിച്ചു. കറുത്തുനീണ്ട ഏതോ ഒരു സാധനം. അതു ബോംബാണു്, ബോംബ്!"

ത്സുചിമോത്തോ നിലംചേൻ കിടന്നു. അഞ്ചു നിമിഷങ്ങഠം കടന്നുപോയി; പത്തു്, ഇരുപതു്; ഒരുമിനിട്ടു്. ശ്വാസം അടക്കിപ്പിടിച്ചുകൊണ്ടു് അയാളവിടെക്കിടന്നു. കണ്ണഞ്ചിക്കുന്ന ഒരു ഭയങ്കരവെളിച്ചം ആകാശത്തിൽ പാളി. "പേടിയുണ്ടാക്കുന്ന പ്രകാശം" അയാഠം ആത്മഗതം ചെയ്തു: "പക്ഷേ, ശബ്ദമൊന്നുമില്ല. വിചിത്രംതന്നെ." വിറയലോടെ അയാഠം തല ഉയർത്തിപ്പിടിച്ചു. അതു വാസ്തവത്തിൽ ഒരു ബോംബുതന്നെയാണു്. അതു് ഉറക്കാമിയിൽ വീണു പൊട്ടി. കത്തീഡ്രൽ

പ്പള്ളിനിന്ന സ്ഥലത്തു് ഒരു പടുക്കൂററൻ ധൂമസ്തംഭം മുള ച്ചുവന്നു. അനുനിമിഷം അതു വളൎന്നുകൊണ്ടേയിരുന്നു.

വെള്ളമേഘത്തിനു താഴെ ഒരു കൊടുങ്കാററടിക്കു ന്നതു് അയാൾ കണ്ടു. ആ കാഴ്ച അയാളെ പേടിപ്പിച്ചു; അയാളുടെ രക്തധമനികളെ മരവിപ്പിച്ചു. മലകളേയും കൃഷിസ്ഥലങ്ങളേയും തൂത്തുകൊണ്ടു് അയാളുടെനേരെ ചീററിയടുക്കുകയായിരുന്നു ആ കൊടുങ്കാററു്. ആ വഴി ക്കുള്ള വീടുകളെല്ലാം തകൎന്നുവീണു. മരങ്ങളും. ആ ഉഗ്ര രാക്ഷസൻ അവയെയെല്ലാം തവിടുപൊടിയാക്കുന്നതു് അയാൾ കണ്ടു. ഈ സംഭവത്തിന്റെ ഗൌരവത്തെപ്പററി ചിന്തിക്കുവാൻ ത്സുചിമോത്തോവിനു സമയം കിട്ടി യില്ല. അതിനുള്ളിൽ ആ പ്രചണ്ഡമാരുതൻ അയാൾ ക്കടുത്തുള്ള വനത്തിൽ പ്രവേശിച്ചു്, അയാൾ കിടന്ന സ്ഥലത്തു നാശങ്ങൾ വരുത്തി. അദൃശ്യമായ ഒരു കെട്ടു കെണ്ടൻ വഴിനിരത്തുയന്ത്രം (സ്റ്റീംറോളർ) വഴിയിലുള്ള സകല വസ്തുക്കളേയും തവിടുപൊടിയാക്കിക്കൊണ്ടു് മു ന്നോട്ടുന്നപോലെ. "എന്റെ കഥകഴിഞ്ഞു. ഞാനും ഉടൻ ചത്തുപോകും." അയാൾ തന്നത്താൻ പറഞ്ഞു. കൈ കൂപ്പി, മുഖം മണ്ണിലമൎത്തിക്കൊണ്ടു് അയാൾ പ്രാൎത്ഥിച്ചു: "എന്റീശ്വരാ, ഈശ്വരാ!" ഒരു ഭയങ്കര ശബ്ദം അയാളു ടെ കണ്ണുകളിൽ ആഞ്ഞടിച്ചു. അയാൾ നിലത്തുനിന്നു സ്വയം ഉയൎന്നു. അടുത്ത നിമിഷം അഞ്ചുമീറ്ററകലെ യുള്ള ഒരു കന്മതിലിന്നെതിരായി അയാൾ എറിയ പ്പെട്ടു.

ധീരനായ ആ കൊച്ചു പുല്ലുവെട്ടുകാരൻ അത്യാ ഹിതത്തെ അതിജീവിച്ചു. അവസാനം ധൈര്യമവലം ബിച്ചു് കണ്ണുതുറന്നു് അയാൾ ചുററുപാടും നോക്കി. വൃക്ഷങ്ങൾ വലിച്ചു ചീന്തപ്പെട്ടതു് അയാൾ കണ്ടു. ഇല

കളോ പുല്ലുകളോ കാണ്മാനില്ല. എല്ലാം അപ്രത്യക്ഷമായി. ഒരു പശയുടെ മണം മാത്രം അവശേഷിച്ചു.

## മിസ്റ്റർ ഫുരുവേ

മിച്ചോനോവിൽനിന്നു് ഉറക്കാമിയിലേക്കു തിരിച്ചുപോവുകയായിരുന്നു ഫുരുവേ. ആഗ്നേയായുധനിർമ്മാണശാലയുടെ അടുത്തെത്തിയപ്പോൾ ഒരു വിമാനത്തിന്റെ സ്വരം കേട്ടതുപോലെ അയാൾക്കു തോന്നി. അയാൾ മുകളിലേക്കു നോക്കി: ചോരനിറം പൂണ്ട ഒരു അഗ്നിഗോളം ആകാശത്തിൽ കാണപ്പെട്ടു. മത്സിയാമയിലെ നഗരഭാഗത്തിനടുക്കൽ ഇനോസാമലയുടെ മുകളിലായിരുന്നു അതു്. അത്യുജ്ജ്വലമായ ആ അഗ്നിഗോളം കണ്ണഞ്ചിക്കാൻമാത്രം ശക്തമായിരുന്നില്ല. ആളിക്കത്തുന്ന ഒരു പന്തത്തിന്റെ പ്രകാശമേ അതിനുണ്ടായിരുന്നുള്ളു. അല്പനേരത്തിനുള്ളിൽ ഗോളം നിലംപതിച്ചു. കാര്യമെന്തെന്നു് ഫുരുവേക്കു് ഒരു ലക്കം കിട്ടിയില്ല. കൂടുതൽ വ്യക്തമായി കാണുവാൻവേണ്ടി അയാൾ കൈപൊക്കി ഒരു കണ്ണു മറച്ചിട്ടു് മറേറ കണ്ണുകൊണ്ടു് നോക്കുവാൻ ശ്രമിച്ചു. ഉടനെ ഒരു പൊട്ടലുണ്ടായി. "മഗ്നേസിയ"ത്തിന്റെ വിസ്ഫോടനംപോലെ പ്രഭോജ്ജ്വലമായിരുന്നു ആ പൊട്ടൽ. സ്വയം വായുവിലേക്കു വലിച്ചെറിയപ്പെട്ടതുപോലെ അയാൾക്കു തോന്നി. അനേകം മണിക്കൂറുകൾക്കു ശേഷമാണു് അയാൾക്കു വീണ്ടും ബോധമുണ്ടായതു്. അയാളോടൊപ്പം മറിഞ്ഞുവീണ സൈക്കിളിനു താഴെ അടുത്തുള്ള ഒരു നെല്പാടത്തിൽ കിടക്കുകയായിരുന്നു ഫുരുവേ. അയാളുടെ ഒരു കണ്ണു് പൂർണ്ണമായി നശിച്ചിരുന്നു.

## യാത്രക്കാരൻെറ വിവരണം

ഉറക്കാമിയിൽനിന്നു രണ്ടു കിലോമീററർ അകലെയായി ഒഡോറീസിലേക്കുള്ള വഴിയിലൂടെ ഒരു എരുമയേയുംകൊണ്ടു് വീട്ടിലേക്കു മടങ്ങുകയായിരുന്നു തക്കാമി. പെട്ടെന്നു് ഒരു ഉഷ്ണതരംഗം (heatwave) ഉണ്ടായതായി അയാൾക്കു തോന്നി. അതത്ര സുശക്തമാണെന്നു് അപ്പോൾ അയാൾ കരുതിയില്ല. എങ്കിലും അയാൾക്കും എരുമയ്ക്കും പൊള്ളലേററു. ഉടനെ ചൂളംവിളിയുടെ ശബ്ദമുണ്ടാക്കിക്കൊണ്ടു് തീപ്പന്തുകൾ അവരുടെ മേൽ വന്നു വീഴാൻ തുടങ്ങി. അതിലൊന്നു് ആ മനുഷ്യൻെറ കാലിൽ കൊണ്ടു് ഉടനെ പൊട്ടുകയും വെള്ള നിറത്തിലുള്ള ഒരു ധൂമമാല അവിടെ പ്രത്യക്ഷപ്പെടുകയും ചെയ്തു. കത്തിയമെഴുകിൻെറ ഗന്ധം പരന്നു. തീമഴയുടെ ഫലമായി അവിടെയുമിവിടെയും ഏതാനും കെട്ടിടങ്ങൾ കത്തുവാൻ തുടങ്ങി.

## ബോംബു വീണശേഷം

സർവ്വകലാശാലക്കെട്ടിടങ്ങളിൽനിന്നു് ബോംബു പൊട്ടിയ സ്ഥലത്തേക്കുള്ള ദൂരം 300 മീററർ മുതൽ 700 മീറ്റർ വരെയായിരുന്നു. എന്നിട്ടും ആ പൊട്ടിത്തെറിക്കൽ പൂർണ്ണശക്തിയോടെതന്നെ കെട്ടിടങ്ങളിൽ വന്നടിച്ചു. മൗലിക ചികിത്സാവിഭാഗത്തിന്റെ മരംകൊണ്ടുണ്ടാക്കിയ ചുമരായിരുന്നു ഏറ്റവും അടുത്തു്. അതു് ഉടനെ കത്തിത്തകൻറു ചാമ്പലായി. അതിനുള്ളിലുണ്ടായിരുന്ന അദ്ധ്യാപകന്മാരിലും വിദ്യാർത്ഥികളിലും ഒരാൾപോലും മരണത്തിൽനിന്നു രക്ഷപ്പെട്ടില്ല. അല്പം അകലെയായി സിമിന്റിട്ട പണുത ക്ലിനിക്കൽ ചികിത്സാലയത്തിലെ

അന്തേവാസികളിൽ ഏതാനും പേക്ക് ജീവിതം തുടരു വാനുള്ള ഭാഗ്യമുണ്ടായി. ഞാൻ അക്കൂട്ടത്തിൽ പെടും.

പന്ത്രണ്ടുമണി കഴിഞ്ഞതേയുള്ളൂ. വിദ്യാൎത്ഥികൾക്ക് രോഗനിൎണ്ണയവിദ്യ പറഞ്ഞുകൊടുക്കുവാൻവേണ്ടി ഏതാനും റേഡിയോഗ്രാഫുകൾ തെരഞ്ഞെടുക്കുകയായിരുന്നു ഞാൻ; പ്രധാന കെട്ടിടത്തിൻെറ രണ്ടാംനിലയിലായിരുന്നു അതു്. പുറത്തുനിന്നു വരുന്ന രോഗികൾക്ക് മരുന്നുകൊടുക്കുന്നതും അവിടെവച്ചായിരുന്നു. അതിനുനേരെ മുകളിലാണു് എൻെറ മുറി. പെട്ടെന്നൊരു വെളിച്ചമുണ്ടായി; തുടൎന്നൊരു കുലുക്കവും. അല്പനേരത്തേക്ക് എനിക്കു തോന്നി വാതില്ക്കൽ ഒരു ബോംബു വീണു പൊട്ടിക്കാണുമെന്നു്. താഴേക്കു ചാടിക്കളയാമെന്നു ഞാൻ വിചാരിച്ചു. പക്ഷേ, അതിനവസരമുണ്ടായില്ല. അതിനുമുമ്പേതന്നെ ജനലുകൾ ഉള്ളിലേക്കു തള്ളിത്തുറക്കപ്പെട്ടു. ഒരു ചുഴലിക്കാററു് എന്നെ എടുത്തുപൊക്കി എങ്ങോട്ടേക്കോ നീക്കിക്കൊണ്ടുപോയി. തുറന്ന കണ്ണുകളോടെ ഞാൻ ചുററും നോക്കി. ചുഴലിക്കാററിൽപ്പെട്ട ചപ്പിലക്കൂട്ടംപോലെ പൊട്ടിയ ചില്ലിൻകഷണങ്ങൾ എമ്പാടും പറന്നുകൊണ്ടിരുന്നു. ഒരു ചിന്ത എന്റെ മനസ്സിലുദിച്ചു: "എൻെറ കഥ കഴിഞ്ഞതുതന്നെ."

മരക്കഷണങ്ങൾ എൻെറ വലതുവശത്തു് തുളച്ചുകയറി. വലത്തെ കണ്ണിനും കാതിനും മുകളിൽ പൊടിച്ചുവന്ന ചുടുരക്തം എൻെറ കവിളിലൂടെയും കഴുത്തിലൂടെയും ഒഴുകാൻ തുടങ്ങി. ഇതെല്ലാമായിട്ടും എനിക്കു് ഒരു വേദനയും തോന്നിയില്ല.

ഒരു വലിയകരം മുറിയിലുള്ള സകല വസ്തുക്കളേയും തകിടംമറിച്ചതുപോലെ തോന്നി. ഞാൻ തറയിലേക്കു് എറിയപ്പെട്ട നിമിഷത്തിൽത്തന്നെ കട്ടിൽ,

കസേര, അലമാരി, ഇരുമ്പുതൊപ്പി, പാദരക്ഷകൾ, ഓവർകോട്ടുകൾ ഇവയെല്ലാം പെട്ടെന്ന് ഉയരുകയും ഉടനെ് ഭയങ്കര ശബ്ദമുണ്ടാക്കിക്കൊണ്ടു് എൻെറ മീതെ വന്നു വീഴുകയും ചെയ്തു. ഓക്കാനമുണ്ടാക്കുന്ന ഒരുതരം അശുദ്ധവാതകം എൻെറ മൂക്കിൽ നിറഞ്ഞു. ഞാൻ ചുമച്ചുപോയി. അപ്പോഴും മിഴിച്ച നയനങ്ങളോടെ ഞാൻ ജനലിലേക്കു് നോക്കിക്കൊണ്ടിരുന്നു.

പുറമേ ഇരുട്ടു വ്യാപിച്ചു. ഘോരമായി ചീറുന്ന ഒരു കൊടും ചുഴലിക്കാററു് മുറിയിൽ ഉണ്ടായി. സർവ്വ സാധനങ്ങളും തൂത്തുനീക്കപ്പെട്ടു. മുറിയിലുള്ള വസ്തുക്കളെല്ലാം ഒരുതരം പേനൃത്തം ആടാൻതുടങ്ങി. പിന്നീടു വല്ലാത്ത ഒരു നിശ്ശബ്ദത അവിടെ പരന്നു.

"ഇതുവാസ്തവത്തിൽ അസാധാരണംതന്നെ," ഞാൻ ആത്മഗതം ചെയ്തു. ഒരു ടണ്ണിലധികം തൂക്കമുള്ള പ്രത്യേകതരം ബോംബായിരിക്കണം അതു്. വാതിലിന്നടുത്തുതന്നെ അതു് വീണിരിക്കണം. വളരെപ്പേൎക്കു് പരുക്കു പററിയിട്ടുണ്ടാവും, തീർച്ച. അവരെയെല്ലാം എവിടെ ഇട്ടു് ശുശ്രൂഷിക്കും? ഞാൻ വേണം അവരുടെ എല്ലാം കാര്യം നോക്കാൻ. പക്ഷെ, എങ്ങനെ നോക്കും? ആദ്യം ചെയ്യേണ്ടതു് ലക്ചർമുറികളിലുള്ളവരെ വേലയ്ക്കിറക്കുകയാണു്. ഒരുപക്ഷെ, അവരിലധികം പേൎക്കും അന്ന ഞാൻ കഴിയുകയില്ലായിരിക്കും. ഏതായാലും ഇവിടന്നു പുറത്തിറങ്ങുകതന്നെ."

വീണടിഞ്ഞ സാമാനങ്ങളുടെ ഇടയിൽനിന്നു് കാലുകൾ വലിച്ചൂരുവാൻ ഞാൻ ഒരു ശ്രമം നടത്തി. പക്ഷെ, പെട്ടെന്നു് എല്ലാം വീണ്ടും അന്ധകാരമയമായി. എനിക്കു് ഒന്നും കാണാൻ കഴിഞ്ഞില്ല "ഇനി

എന്തുചെയ്യും?" ഞാൻ ചിന്തിച്ചു. കണ്ണിനുചുറ്റും മുറിവേററിരുന്നതിനാൽ മിഴികളിൽനിന്നുവന്ന രക്തപ്രവാഹം നിമിത്തമായിരിക്കാം കാഴ്ച നഷ്ടപ്പെട്ടതെന്നു് ഞാൻ ആദ്യം വിചാരിച്ചു. പക്ഷേ, എനിക്കു കണ്ണുകൾ അനക്കാമെന്നു ഞാൻ ഉടനെ മനസ്സിലാക്കി. താൻ കുരുടനായിട്ടില്ലെന്നു് അറിയുവാൻ കഴിഞ്ഞു. എൻെറ പരിതസ്ഥിതി എത്ര ഭയാനകമാണെന്നു വ്യക്തമായി. കെട്ടിടം മുഴുവനും തകർന്നു വീണിരിക്കണം. ജീവനോടെ കുഴിച്ചുമൂടപ്പെട്ടിരിക്കുകയാണു് ഞാൻ.

"മരിക്കാനുള്ള ഈ മാർഗ്ഗം അതിവിചിത്രവും ഭയങ്കരവും തന്നെ," ഞാൻ ആത്മഗതം ചെയ്തു: "ഏതായാലും തോൽവി സമ്മതിക്കുന്നതിനു മുൻപു് പുറത്തുകടക്കുവാനുള്ള എല്ലാ മാർഗ്ഗങ്ങളും പരീക്ഷിച്ചുനോക്കിയേ തീരു." അങ്ങനെ എൻെറ മീതെ കുന്നുകൂടികിടന്ന തടിക്കഷണങ്ങളിൽനിന്നും ചില്ലുകളിൽനിന്നും ചപ്പിൻകൂട്ടത്തിൽനിന്നുമെല്ലാം സ്വയം വലിച്ചൂരാൻവേണ്ടിയുള്ള ഒരു ചിന്ത്യശ്രമം ഞാൻ ആരംഭിച്ചു. തീച്ചട്ടിയിലെ ദോശപോലെ നിലംപററി ചടഞ്ഞുകിടക്കുന്ന ഒരാൾക്കു് ശരീരത്തിൻെറ ഏതെങ്കിലുമൊരു ഭാഗം അനക്കുക അസാദ്ധ്യമാണു്. മുഖം അല്പം അനക്കുന്നതിനുപോലും എനിക്കു് മുൻകരുതലുകൾ എടുക്കേണ്ടിയിരുന്നു. എന്തെന്നാൽ എല്ലായിടത്തും ചില്ലിൻകഷണങ്ങൾ തറഞ്ഞിട്ടുണ്ടായിരുന്നു. പോരെങ്കിൽ സർവ്വത്ര ഇരുട്ടായിരുന്നതിനാൽ എൻെറ മീതെ അടിഞ്ഞിരുന്ന ചപ്പിൻകൂമ്പാരത്തിൻെറ കാര്യം ഞാനപ്പോൾ അറിഞ്ഞതേ ഇല്ല. വലത്തെ തോൾ അല്പമൊന്നു് അനക്കിയതോടെ ഒട്ടേറെ വസ്തുക്കൾ താഴോട്ടു് ഉരുണ്ടുവീണു. സഹായത്തിനുവേണ്ടി ഞാൻ ഉറക്കെ വിളിച്ചുനോക്കി; പക്ഷേ, എൻെറ

സ്വരം മുഴവനും ആ ഇരുട്ടിൽ ലയിച്ചുപോവുകയാണു ണ്ടായതു്.

ഹഷിമോട്ടോവിൽനിന്നു വന്ന പരിചാരിക ബോംബുപൊട്ടിയപ്പോൾ എക്സ്റേ മുറിയിലായിരുന്നു. ഭാഗ്യവശാൽ പുസ്തകങ്ങൾ വച്ചിരുന്ന അലമാരിയുടെ പിമ്പിലായിരുന്നു അവൾ നിന്നതു്. അതുകൊണ്ടു് അവൾക്കു പരുക്കുപറ്റിയില്ല. മുറിയിലെ വസ്തുക്കളെല്ലാം ജീവനുൾക്കൊണ്ടാലെന്നപോലെ ചാടിമറിയുകയും നര കശബ്ദമുണ്ടാക്കുകയും ചെയ്തപ്പോൾ അവൾ ഭിത്തിയോടു ചേർന്നുനിന്നു. കുറേനേരം കഴിഞ്ഞിട്ടും അവിടെയെല്ലാം പൊടി നിറഞ്ഞിരുന്നതിനാൽ അവൾക്കു ചുമവന്നു. വലിയ കഷണങ്ങളുടെയെങ്കിലും നൃത്തം ഇതിനകം അ വസാനിച്ചുകാണുമെന്നു് അവൾ പ്രത്യാശിച്ചു. മുറിവേ റ്റവരുടെ സഹായത്തിനു കഴിയുംവേഗം ഓടിയെത്ത ണമെന്നു് അവൾ തീരുമാനിച്ചു. മറിഞ്ഞുവീണ പുസ്ത കാലമാരികളുടെയിടയിലൂടെ അവൾ വെളിയിലേക്കു നടന്നു. മുമ്പിൽക്കണ്ട കാഴ്ച അവളെ ആശ്ചര്യപരതന്ത്ര യാക്കി. എല്ലാം തകിടംമറിഞ്ഞു കിടക്കുന്നു. തകർന്നടി ഞ്ഞ സാമാനങ്ങളുടെ മുകളിൽ കയറി അവൾ ജനാല യുടെ അടുക്കലെത്തി. ആ കാഴ്ച അവളെ അമ്പരപ്പിച്ചു. എന്താണു് സംഭവിച്ചിരിക്കുന്നതു്? അവൾക്കതു മനസ്സി ലായില്ല. ഏതാനും നിമിഷങ്ങൾക്കു മുമ്പു്, കടൽത്തീരം വരെ വ്യാപിച്ചുകിടന്ന ഒരു വിശാലനഗരം അവൾക്കു കാണാമായിരുന്നു. എന്നാൽ ഇപ്പോൾ സക്കമാത്തോ അപ്രത്യക്ഷമായിക്കഴിഞ്ഞു. സ്വകാവയും കാണാനി ല്ല...ഹമാഗ്രൂച്ചിയും...എല്ലാം അപ്രത്യക്ഷമായി...എ ങ്ങോട്ടു്?

ആ തൊഴിൽശാലകളുടെയെല്ലാം പുകക്കുഴലുകൾ

എവിടെപ്പോയി? അല്പനേരം മുമ്പുവരെ അവയിലൂടെ പുക വരുന്നുണ്ടായിരുന്നു. അല്പം മുമ്പ് ഈ ഊഃനാസമല മുഴുവനും മനോഹരമായി പച്ചപുതച്ചു കിടന്നതാണ്. ഇപ്പോളതു ചുവന്നു് നഗ്നമായ ഒരു പാറക്കെട്ടുമാത്രം. പച്ചിലകളും പുല്ലുമെല്ലാം അപ്രത്യക്ഷമായിക്കഴിഞ്ഞിരിക്കുന്നു. ഒന്നും ശേഷിച്ചിട്ടില്ല.

അവൾ മറുവശത്തേക്കു നോക്കി. അവിടെ വാതില്ക്കൽ തടിച്ചുകൂടിയ ആളുകൾക്ക് എന്തുപററിയെന്ന് അവൾ ആരാഞ്ഞു. ആശുപത്രിയുടെ മുമ്പിലുള്ള മുററം മുഴുവനും കടപിഴുതു വീണ മരങ്ങളും ഉടുതുണിയില്ലാത്ത ശവങ്ങളുംകൊണ്ടു നിറഞ്ഞിരിക്കുന്നു. കണ്ണു പൊത്തിക്കൊണ്ടു് അവൾ വിളിച്ചുപറഞ്ഞു: "നരകം! ഇതാണു നരകം!" എന്തെന്നാൽ മരണത്തിൻേറതായ ലോകമായിരുന്നു അതു്. ജീവനുള്ള ആരും അതിലുണ്ടായിരുന്നില്ല.

അവൾ അവിടെത്തന്നെ നിന്നു. എല്ലായിടത്തും ഇരുട്ട്. ഒന്നും തിരിച്ചറിയുവാൻ സാധിച്ചില്ല. ഒരു ശ്മശാനമൂകത അവിടെ തൂങ്ങിനിന്നു. അപ്പോൾ അവൾക്കൊരു തോന്നലുണ്ടായി—ഒരുപക്ഷേ ഈ ലോകത്തിൽ ജീവനോടെ അവശേഷിച്ചിട്ടുള്ളതു് താൻ മാത്രമായിരിക്കാം. അവാച്യമായ ഭീതി അവളെ ഗ്രസിച്ചു. അല്പനേരത്തിനുള്ളിൽ അവളും ഒരു ശവമായിത്തീരും. തൻെറ ഗ്രാമവസതിയെപ്പററിയുള്ള ഓമ്മകൾ അവളുടെ മനസ്സിലേക്കു പാളിക്കയറി. അവൾക്കു കരയണമെന്നു തോന്നി—17 വയസ്സുമാത്രം പ്രായമുള്ള പെൺകുട്ടി.

തൊട്ടടുത്തുനിന്നു് ആരോ വിളിക്കുന്ന ശബ്ദം അവൾ കേട്ടു. വളരെ കട്ടിയുള്ള ഭിത്തിയിലൂടെയാണ്

ആ സ്വരം അവളുടെ ചെവിയിലെത്തിയതെന്നു തോന്നി. ഒരിക്കൽക്കൂടി ശ്രദ്ധിച്ചപ്പോൾ അവൾക്കു മനസ്സിലായി, അവിടത്തെ പ്രധാന ഉദ്യോഗസ്ഥൻെറ സ്വരമാണതെന്ന്. അദ്ദേഹമെങ്കിലും ഇപ്പോഴും ജീവിച്ചിരിപ്പുണ്ടല്ലോ. അദ്ദേഹത്തിനു ജീവനുണ്ടെങ്കിൽ ചുററും കിടക്കുന്ന മൃതദേഹങ്ങളെ സംസ്കരിക്കാൻ അവർ രണ്ടുപേരെങ്കിലുമുണ്ട്—അവൾ ആശിച്ചു.

മിസ് ഹഷിമോത്തോ വീണ്ടും ധൈര്യം അവലംബിച്ചു. ശബ്ദംവന്ന ദിക്കിലേക്ക് അവൾ സാവധാനം നീങ്ങി. അടുത്ത മുറിയിലെത്തുവാനുള്ള ശ്രമത്തിനിടയിൽ അവളുടെ കാലുകൾ ഏതോ ഒരു വസ്തുവിൽ മുട്ടി. 'എക്സ്റേ' ഉപകരണങ്ങളായിരിക്കാം അതെന്ന് അവൾ ഊഹിച്ചു. ഉടനെതന്നെ അവളുടെ പാദങ്ങൾ വൈദ്യുതക്കമ്പികളുടെ ഇടയിൽ കെട്ടിപ്പിണഞ്ഞു. മുമ്പോട്ടു പോകുക അസാദ്ധ്യമായിരുന്നു. അവർ സാധാരണയായി തുമ്പകൾ സൂക്ഷിച്ചുവെയ്ക്കുന്ന ഒരു മൂലയുണ്ടായിരുന്നു. അവിടെ എത്തിയപ്പോൾ തുമ്പയുടെ സ്ഥാനത്ത് ഒരു 'മെഗഫോൺ' ഇരിക്കുന്നതു് അവൾ കണ്ടു. റേഡിയോഗ്രാഫിയുടെ മുറിയിൽ തുമ്പകളുണ്ടായിരുന്ന കാര്യം അപ്പോൾ അവൾക്ക് ഓമ്മവന്നു. അവിടെ ചെന്നാൽ പ്രധാനഡോക്ടറേയും വേറെ ചിലരേയും കണ്ടുമുട്ടാൻ കഴിഞ്ഞേക്കുമെന്നു കരുതി അവൾ അങ്ങോട്ടു തിരിച്ചു.

'ഇരുൾപരത്തലി'ൻെറ (Black outs) സമയങ്ങളിൽ വെളിച്ചമില്ലാത്ത വരാന്തകളിലൂടെ നടന്ന് അവൾ പരിചയപ്പെട്ടിട്ടുണ്ടായിരുന്നു. ഏതാനും അടി മുന്നോട്ടു വെച്ച ഉടൻ ഏതോ ഒരു വസ്തുവിന്മേൽച്ചെന്ന് താൻ മുട്ടിയതായി അവൾ കണ്ടു. അല്പമൊന്നു തപ്പി

നോക്കിയതോടെ അതൊരു മനുഷ്യശരീരമാണെന്ന് അവൾക്കു മനസ്സിലായി. കൈയിൽ ഒട്ടിപ്പിടിച്ചിരിക്കുന്ന സാധനം രക്തമായിരിക്കണം, അവൾ ആത്മഗതം ചെയ്തു. അവിടെക്കിടന്ന ആളുടെ കൈപിടിച്ച് നാഡിയിടിപ്പു പരിശോധിച്ചുനോക്കി. ജീവൻ പോയിക്കഴിഞ്ഞിരുന്നു. കൈക്കൂപ്പി അല്പം പ്രാർത്ഥിച്ചശേഷം അവൾ അവിടെനിന്നു പോയി. വീണ്ടും വേറൊരു ശരീരത്തിൽ കാൽ മുട്ടി. തപ്പിനോക്കിയപ്പോൾ ആ ശവത്തിന്റെ തലമുടി അവളുടെ കൈയിൽ ഒട്ടിപ്പിടിച്ചു.

സർവ്വത്ര കൂരിരുട്ടു നിറഞ്ഞിരുന്നതിനാൽ എത്ര ശവങ്ങൾ അവിടെ കിടപ്പുണ്ടെന്ന് തീർച്ചയാക്കാൻ പ്രയാസമായിരുന്നു. ഒന്നിന്റെ കൈപിടിച്ചു നോക്കിക്കൊണ്ടിരുന്നപ്പോൾ പെട്ടെന്ന് ഒരു മിന്നലുണ്ടായി. അഗ്നി! ജനലുകളിലൂടെ അവൾക്കതു കാണാമായിരുന്നു. വളരെ ഉയരത്തിൽ കത്തുന്ന തീനാളങ്ങൾ ഭയങ്കരമായ ഒരു കാഴ്ചതന്നെയായിരുന്നു. ശവത്തിന്റെ കൈവിട്ടിട്ട് ആ നേഴ്സ് ഒരു പ്രേതംകണക്കെ അവിടെത്തന്നെ നിന്നു. വരാന്തയിൽ ഉടനീളം മൃതദേഹങ്ങളല്ലാതെ മറ്റൊന്നുമുണ്ടായിരുന്നില്ല. ചെമന്ന വെളിച്ചത്തിൽ പൊതിഞ്ഞു് മലർന്നുകിടക്കുകയായിരുന്നു ചിലർ. വേറെ ചിലർ ഒരുവശം ചെരിഞ്ഞുകിടന്നു. മുട്ടുകുത്തിവീണുകിടന്ന ഏതാനും പേരെ കണ്ടപ്പോൾ എഴുന്നേല്ക്കാൻവേണ്ടി അവർ ഒരു വിഫലശ്രമം നടത്തുകയാണോ എന്നു തോന്നിപ്പോയി.

തനിയെ എന്തെങ്കിലും ചെയ്യുക അസാദ്ധ്യമെന്ന് അവൾ കണ്ടു. പ്രഥമശുശ്രൂഷക്കാരുടെ ഒരു വ്യൂഹം സംഘടിതമായി പ്രവർത്തിച്ചെങ്കിലേ കാര്യമായി എന്തെ

ങ്കിലും ചെയ്യുവാൻ കഴിയുമായിരുന്നുള്ളൂ. അതിനു് അപ്പോഴും ജീവിച്ചിരുന്നവരെ വിളിച്ചുകൂട്ടി, മുഖ്യഡോക്ടർ മണ്ണിന്നടിയിൽപ്പെട്ടു് കിടന്നിരുന്ന ഭാഗത്തുതന്നെ ജോലി ആരംഭിക്കണം. ഈ ചിന്തകൾ കറങ്ങുന്ന മനസ്സോടുകൂടി, അവൾ ഓരോ ശവദേഹത്തേയും ചാടിക്കടന്നുപോകുവാൻ തുടങ്ങി. അങ്ങനെ ചെയ്യേണ്ടിവന്നതിൽ അവൾ ഉള്ളിൽ മാപ്പപേക്ഷിച്ചു. തകർന്നുപോയ ഗോവണി ഇറങ്ങി അവൾ 'എക്സ്റേ' മുറിയിലെത്തി.

**വേറൊരു വിവരണം**

നെഴ്സിങ്ങ് വിദ്യാർത്ഥിനി ത്സുബാക്കിയാമമോയും ഷീറോ തൊമാക്കിയോവും ഡോക്ടർ ചോറോസിയും എക്സ്റേ ഉപകരണങ്ങൾ ഒരുക്കുകയായിരുന്നു. പെട്ടെന്നു് ഒരു വിമാനത്തിൻെറ ഇരമ്പൽ അവരുടെ ചെവിയിലെത്തി.

"ഇതെന്താണു്?'' ത്സുബാക്കിയാമമോ ചോദിച്ചു.

"ഒരു ബി. 29.'' കത്രികകൊണ്ടുള്ള ജോലി നിറുത്താതെ ഷീറോ മറുപടി പറഞ്ഞു. കഴിഞ്ഞ ഒരു ബോംബാക്രമണത്തിൽ അയാളുടെ കാലിനു പരുക്കേറ്റിരുന്നു. "അവർ ഒരു ബോംബിട്ടല്ലോ," അയാൾ വിളിച്ചുപറഞ്ഞു.

"ഓടിയെങ്കിലോ?"

"ങ്, അഭയ (shelter)ത്തിലേക്കു് ഓടുകതന്നെ." എല്ലാവരും ഒരു വലിയ മേശയ്ക്കടിയിൽ ഓടിയൊളിച്ചു. ഒരു വെട്ടിത്തിളക്കം...എല്ലാം തകരുന്ന ശബ്ദം.

"അപ്പോൾ,അതു വേറൊരു ബോംബോ?"ഷീറോ ഉറക്കെ ചോദിച്ചു. പക്ഷേ, അയാളുടെ ശബ്ദം അവിടെയുണ്ടായ ഭയങ്കര ബഹളത്തിനിടയിൽ നഷ്ടപ്പെട്ടതേ

യുള്ളു. അവർ മൂന്നുപേരും നിശ്ശബ്ദതയിലാണ്ടു. മിസ് ത്സുബാക്കിയാമോ ശ്വാസമടക്കിപ്പിടിച്ചു. അല്പനേരം കഴിഞ്ഞപ്പോൾ അവൾ ചോദിച്ചു:

"മുറിവു പററിയോ?"

"ഇല്ല, നിനക്കോ?"

"എനിക്കോ? എനിക്കൊന്നും തോന്നുന്നില്ല."

"അയ്യോ! പ്രധാന നേഴ്സെവിടെ?"

"ഞാനിവിടെയുണ്ടു്." അടുത്ത മുറിയിൽനിന്നാണു് ആ ശബ്ദം കേട്ടതു്. "അല്പനേരം കഴിയട്ടെ ഒട്ടേറെ സാമാനങ്ങൾ എൻെറ മീതെ വീണു കുന്നുകൂടി കിടക്കുകയാണു്."

തുരങ്കത്തിലൂടെ ഓടുന്ന തീവണ്ടിയുടെ സ്വരം പോലൊരു മുഴക്കമുണ്ടായി. അടുത്ത നിമിഷത്തിൽ അവർ എല്ലാവരും കൂരിരുട്ടിൽ പൊതിയപ്പെട്ടു. ത്സുബാക്കിയാമോയുടെ മുഖം പേടികൊണ്ടു ചാരനിറം പൂണ്ടു. ഉടനടി ആ മുഖം ആകമാനം കറുക്കുകയും പിന്നീടു് അദൃശ്യമാവുകയും ചെയ്തു.

കോഹറോ പറഞ്ഞു: "ഇതെന്തായിരിക്കണം? ഒരു പക്ഷേ, അവർ ഹിറോഷിമയിൽ വീഴ്ത്തിയതരം പുതിയ ബോംബായിരിക്കാം. അല്ലെങ്കിൽ സൂര്യബിംബംതന്നെ പൊട്ടിയതാവാം."

"അങ്ങനെയാവാൻ ഇടയുണ്ടു്," ശാന്തസ്വരത്തിൽ ഷീറോ മറുപടി പറഞ്ഞു. "പെട്ടെന്നു തണുപ്പു വീണതു കണ്ടോ?"

"സൂര്യബിംബം പൊളിഞ്ഞുപോയാൽ നമുക്കെന്തു സംഭവിക്കും," മിസ് ത്സുബാക്കിയാമോ ഒരു സംശയം ഉന്നയിച്ചു.

"അങ്ങനെയാണെങ്കിൽ അതു ലോകാവസാനമായിരിക്കും." എന്തും വരട്ടെ എന്ന ഭാവത്തിൽ കോറോ മറുപടി പറഞ്ഞു. അവർ കാത്തിരുന്നു. ഇരുട്ടു നീങ്ങിയില്ല. ഒരു മിനിട്ടുകൂടി കഴിഞ്ഞു. ത്സുബാക്കിയാമോയുടെ റിസ്റ്റുവാച്ചിൻെറ ബലഹീനമായ ശബ്ദം നിമിഷങ്ങൾ കടന്നുപോകുന്നതു വിളിച്ചുപറയുകയായിരുന്നു.

"ഉച്ചഭക്ഷണത്തിനു നമ്മളെന്തുചെയ്യും?" ഷീറോ ചോദിച്ചു

"ഞാൻ ഭക്ഷണം കഴിച്ചിട്ടാണു പോന്നത്." കോറോ മറുപടി കൊടുത്തു. "നിങ്ങളുടെ കൈവശം വല്ല വിഭവവും ബാക്കിയിരുപ്പുണ്ടോ?"

മരിക്കുന്നതിനുമുമ്പ് ഒരു അന്തിമഭോജനം കഴിക്കാൻ അയാളുടെ വയറു വെമ്പൽകൊള്ളുന്നതുപോലെ തോന്നി.

"തീർച്ചയായിട്ടും. ജീവിച്ചിരിക്കുന്നിടത്തോളം കാലം ഉള്ളതെല്ലാം നമുക്കു ഭാഗിച്ചെടുക്കാം."

തീവണ്ടി തുരങ്കത്തിനു വെളിയിൽ വന്നാലെന്നപോലെ മുഴക്കം സാവധാനം കുറഞ്ഞുവന്നു. വീണ്ടും വെളിച്ചം പരന്നു. കോറോയുടെ വെള്ളപ്പല്ലുകളും അയാളുടെ നീണ്ട മൂക്കും ത്സുബാക്കിയാമോയുടെ മുഖത്തെ കൊച്ചുമറുകും ദൃശ്യങ്ങളായി.

"ഏതായാലും സൂര്യബിംബം അവിടെത്തന്നെയുണ്ട്." ഷീറോ ഒരു ഫലിതം പൊട്ടിച്ചു.

"പക്ഷേ, എനിക്കു വല്ലാതെ വിശക്കുന്നു. തൻെറ കൈയിലുള്ള ഭക്ഷണം കൊണ്ടുവരൂ." കോറോ പറഞ്ഞു.

അവർ മേശയ്ക്കു താഴെനിന്ന് എഴുന്നേററു ചില്ലിൻകഷണങ്ങളുടേയും തകന്ന ഉപകരണങ്ങളുടേയും

ഒടിഞ്ഞ കസേരകളുടേയും മുറിഞ്ഞ കമ്പികളുടേയും ഇടയിലൂടെ ഒരുതരത്തിൽ ഇഴഞ്ഞുനീങ്ങി.

"എവിടെയായിരിക്കും ആ ബോംബു വീണതു്? ഇത്രയേറെ നാശം ഇവിടെ വരുത്തിയനിലയ്ക്കു്, അതു വീണതു നമ്മുടെ നേരെ മുകളിലായിരിക്കണം. പക്ഷേ, മേൽത്തട്ടിൽ ദ്വാരമൊന്നും കാണുന്നില്ലല്ലോ."

"അതു വീഴുന്നതു കേട്ടുവോ?"

"ഇല്ല."

"ഒരുപക്ഷേ, ഒരുതരം 'കാററുപൊട്ടലാ' (air mine) യിരിക്കാം അതു്. വായുമദ്ധ്യത്തിൽ സ്ഫോടനം ഉണ്ടാകുകയോ? ഭയങ്കരംതന്നെ."

അവരിങ്ങനെ വർത്തമാനം പറഞ്ഞിരുന്നപ്പോൾ പ്രധാന പരിചാരിക മിസ് ഹിസമത്സു ഒരു റബർ പന്തുപോലെ അവിടെ ചാടിവീണു. അവരുടെ ഒരു പതിവായിരുന്നു അതു്. രണ്ടുകൈകൊണ്ടും തലമുടി ശരിയാക്കിക്കൊണ്ടു് അവർ അന്വേഷിച്ചു: "നിങ്ങൾക്കാർക്കും തകരാറൊന്നും വന്നില്ലല്ലോ?" ഉടനെ ഒന്നാംകൊല്ലക്കാരി ഒരു നേഴ്സ് ഏങ്ങിക്കരഞ്ഞുകൊണ്ടു് മുറിയിൽ പ്രവേശിച്ചു. അവളുടെ സമീപത്തുണ്ടായിരുന്ന ആരെങ്കിലും വധിക്കപ്പെട്ടതായിരിക്കാം, ആ കരച്ചിലിനു കാരണം.

"വേഗം വരൂ. നിങ്ങളുടെ ഇരുമ്പുതൊപ്പികൾ എടുത്തു ധരിക്കുക. മുറിവുകൾ വെച്ചുകെട്ടാനുള്ള സാമഗ്രികളും എടുക്കണം." പ്രധാന നേഴ്സ് സാന്ത്വന സ്വരത്തിൽ പറഞ്ഞു. അടുത്തുതന്നെ പൊട്ടിപ്പോയ ഒരു പൈപ്പിൽനിന്നു വെള്ളം തള്ളി നിർഗ്ഗളിക്കുന്നുണ്ടായിരുന്നു. ഹിസമത്സു കരങ്ങളും മുഖവും കഴുകി കുറെ വെള്ളമെടുത്തു് 'കുൽക്കു്കുഴിഞ്ഞു.' "എനിക്കു വിഷ

വാതകം ഏറ്റതുപോലെ തോന്നുന്നു,'' അവരം പറഞ്ഞു. സ്വന്തം ശ്വാസകോശങ്ങരം വെളിയിൽ വരുത്തത്തക്ക വിധം അത്ര ശക്തിയോടെയാണ് അവരം കൽക്കുഴി ഞ്ഞുകൊണ്ടിരുന്നതു്. കൈകരം തോർത്തിക്കൊണ്ടു് അവരം ആജ്ഞാപിച്ചു: "സ്ംബാക്കിയാമോ, നിന്റെ കൈകരം കഴുകു. കൈകഴുകാതെ നീ മുറിവുകരം തൊട്ടാൽ അവയിൽ പഴുപ്പുണ്ടാകും. തോമോക്കിയോസാൻ, താനും മുഖവും കൈകളും കഴുകു. സീസാൻ, നീയും വേഗം തയ്യാറാവുക. പലക്കും പരുക്കേററിട്ടുണ്ടു്."

ഉടനെ ജോലിക്കൊരുങ്ങാമെന്നു് എല്ലാവരും സമ്മതിച്ചു.

അവർ പോകാൻ തുടങ്ങിയപ്പോരം എന്തൊ ഞെരിയുന്ന ശബ്ദം കേട്ടു. സ്ംബാക്കിയാമോ ജനാലയ്ക്കടുക്കലേക്കു് ഓടിക്കൊണ്ടു വിളിച്ചുപറഞ്ഞു: "നോക്കു് എല്ലാത്തിനും തീ പിടിച്ചിരിക്കുകയാണു്."

തൊട്ടികരം എടുത്തു് തീ കത്തുന്ന സ്ഥലത്തേക്കു് അവർ ഓടി. മുമ്പു് 'റേഡിയോളൊജി'യുടെ പ്രഭാഷണമുറി നിലകൊണ്ട സ്ഥലത്തു് ആദ്യത്തെ ബോംബാക്രമണങ്ങളുടെ അവശിഷ്ടമായി കുറെ തടിക്കഷണങ്ങരം കുന്നുകൂടിക്കിടന്നിരുന്നു. അവയ്ക്കാണു് ഇപ്പോരം തീ പിടിച്ചിരിക്കുന്നതു്. അവരഞ്ചുപേരും ഒരേ സ്ഥലത്തെ കേന്ദ്രമാക്കി വെള്ളമൊഴിക്കാൻ തുടങ്ങി. അതായിരുന്നു അവക്കു ലഭിച്ച പരിശീലനം. പക്ഷേ, അവിടെ മാത്രമായിരുന്നില്ല തീ വ്യാപിച്ചതു്. അടുത്തുള്ള ഭോജനശാലയും കത്തുന്നുണ്ടായിരുന്നു. മരക്കെട്ടിടത്തിൻെറ അവശിഷ്ടങ്ങളിലേക്കും തീ പടന്നു പിടിച്ചുകഴിഞ്ഞിരുന്നു. കോൺക്രീറ്റു കെട്ടിടംമാത്രമേ അഗ്നിബാധയിൽ നിന്നു രക്ഷപ്പെട്ടു കണ്ടുള്ളു.

കുറച്ചുനേരത്തേക്കു് അവർ വെള്ളമൊഴിച്ചുനോക്കി. പക്ഷേ, അല്പഭാഗം മാത്രം തീയിൽനിന്നു രക്ഷപ്പെടുത്താനേ അവക്കു കഴിഞ്ഞുള്ളൂ. ഇതിനകം അഗ്നി അതിവേഗം പടൎന്നുകഴിഞ്ഞിരുന്നു. വെള്ളമൊഴിക്കുന്നതു് വിഫലമാണെന്നു് ഉടനെ വ്യക്തമായി. ഒരുതരം കരിമ്പുക അവിടെല്ലാം പരന്നു. എല്ലാം കത്തി ദഹിക്കാൻ പോവുകയാണെന്നു തോന്നിപ്പോയി.

"നമുക്കു് ആ ഉപകരണങ്ങൾ രക്ഷപ്പെടുത്താം" ഷീറോ പറഞ്ഞു.

പരുക്കേറ്റവക്കു പ്രഥമശുശ്രൂഷ നല്കുകയാണു വേണ്ടതെന്നു് കോറോ അഭിപ്രായപ്പെട്ടു. അവരിങ്ങനെ തക്കത്തിലേപ്പെട്ടിരുന്നപ്പോൾ, വകുപ്പുമേധാവി, ഡോക്ടർ നാഗായി ജീവനോടെ കുഴിച്ചുമൂടപ്പെട്ടിരിക്കുന്നു എന്ന വാത്തയുമായി മിസ് ഹഷിമോത്തോ അവിടെ പ്രത്യക്ഷപ്പെട്ടു. "എന്തു്?" പരസ്പരം നോക്കിക്കൊണ്ടു് എല്ലാവരും വിളിച്ചുപറഞ്ഞു: "ഡോക്ടർ നാഗായി കുഴിച്ചുമൂടപ്പെട്ടോ?" "എന്റീശ്വരാ" മിസ് സുംബാക്കിയാമോ മുറുമുറുത്തു: "അദ്ദേഹത്തിനു് എന്തുമാത്രം ഭാരമുണ്ടു്? നമ്മൾ എങ്ങനെയാണു് അദ്ദേഹത്തെ പുറത്തുകൊണ്ടുവരിക?"

"ഓ, അതൊന്നും പേടിക്കാനില്ല. നമ്മൾ അദ്ദേഹത്തെ പുറത്തുകൊണ്ടുവരികതന്നെ ചെയ്യും." ഇത്രയും പറഞ്ഞിട്ടു് കോറോ വാതില്ക്കലേക്കു് ഓടി. അവരഞ്ചുപേരും ഉജ്ജാറായി വേലയാരംഭിച്ചു. തടിക്കഷണങ്ങളും വീട്ടുസാമാനങ്ങളും തകൎന്നുവീണ വസ്തുക്കളും ചാടിക്കടന്നു് അവർ അഞ്ചുപേരും ജോലിയിൽ മുഴുകി. എക്സ്റേ മുറിയിൽ എത്തുവാൻ ജനാലകളിലൂടെ അവക്കു് ഇഴഞ്ഞുകയറേണ്ടിവന്നു.

## ഡോക്ടർ ഷെയിക്കിയുടെ അനുഭവം

ഡോക്ടർ ഷെയിക്കിയും ഏതാനും വിദ്യാർത്ഥികളുംകൂടി ഫാർമസി ഇൻസ്റ്റിട്യൂട്ടിന്റെ പിൻഭാഗത്തു് ഒരു രക്ഷാകേന്ദ്രം (shelter) പണിയുന്ന ജോലിയിൽ ഏർപ്പെട്ടിരിക്കുകയായിരുന്നു. അദ്ദേഹം കിളച്ചുപൊക്കിയമണ്ണു് വിദ്യാർത്ഥികൾ ചുമന്നുകൊണ്ടിരുന്നു. അപ്പോൾ രക്ഷാകേന്ദ്രത്തിനു വെളിയിൽനിന്നവർ ഏതാനും നിമിഷങ്ങൾക്കകം മരിക്കുമെന്നോ ഉള്ളിലായിരുന്നവർ അതിജീവിക്കുമെന്നോ അവരിലാരും സംശയിച്ചതേയില്ല. അവരെല്ലാം ബോംബുവീണിടത്തുനിന്നു് 400 മീറ്ററകലെ, മേൽവസ്ത്രം ധരിക്കാതെ നിന്നു് എല്ലുമറിയെ പണിയെടുത്തുകൊണ്ടിരുന്നു.

പെട്ടെന്നു് അത്യുജ്ജ്വലമായ ഒരു പ്രകാശം അവിടെ പാളി. ഷെൽറ്ററിന്റെ ഉൾഭാഗം മുഴുവൻ വെളിച്ചം നിറഞ്ഞു. ഒരു ഭയങ്കരശബ്ദം. കൈയിലൊരുകൊട്ട മണ്ണുമായി വാതിൽക്കൽ നിന്ന തൊമിത്ത ആ കത്തലിന്റെ അടിയേററു് ദൂരെ എറിയപ്പെട്ടു. അയാൾ ചെന്നു വീണതു് കിളയ്ക്കാൻ കുനിഞ്ഞ ഡോക്ടർ ഷെയിക്കിയുടെ പിടലിക്കാണു്. "എന്താണിതു്?" എഴുന്നേല്ക്കാൻ ബദ്ധപ്പെട്ടുകൊണ്ടു് അദ്ദേഹം അലറി. തൊമിത്തയുടെ പിറകേ തടിക്കഷണങ്ങളും കീറിയ വസ്ത്രങ്ങളും ഓട്ടിൻമുറികളുമെല്ലാം വന്നു രക്ഷാകേന്ദ്രത്തിനുള്ളിലേക്കു തള്ളിക്കയറി. കനമുള്ള ഒരു മുട്ടി പ്രൊഫസറുടെ നട്ടെല്ലിൽ വന്നടിച്ചു. താൻ കുഴിച്ചുകൊണ്ടിരുന്ന കുഴിയിലേക്കു് അദ്ദേഹം വീണു, ഒരു മരത്തടിപോലെ. ഏതാനും നിമിഷങ്ങൾക്കുള്ളിൽ അദ്ദേഹത്തിനു ബോധമുണ്ടായി. താൻ തറയിൽ മലൻകിടക്കുന്നതായി

അദ്ദേഹം കണ്ടു. രക്ഷാകേന്ദ്രം തീയും പുകയും നിറഞ്ഞ ഒരു നരകമായി മാറി. തകർച്ചയുടേതായ ഒരു ഭീകര ശബ്ദം അതിനുള്ളിൽ മുഴങ്ങിക്കൊണ്ടിരുന്നു. വിറയ്ക്കുന്ന കാലുകളോടെ അദ്ദേഹം എഴുന്നേററുനിന്നു. ഉടനെ തീജ്ജ്വാലകളിലൂടെ പ്രവേശനദ്വാരത്തെ ലക്ഷ്യമാക്കി രണ്ടുംകല്പിച്ചങ്ങു ചാടി. അപ്പോളദ്ദേഹത്തിനനുഭവപ്പെട്ട ആശ്വാസം ഒരു നിമിഷത്തേക്കുപോലും നിലനിന്നില്ല. കൈയിലിരുന്ന കോടാലി അറിയാതെതന്നെ നിലം പതിച്ചു. മുമ്പിൽ കണ്ട കാഴ്ച അദ്ദേഹത്തെ എന്തെന്നില്ലാതെ അമ്പരപ്പിച്ചു.

ഫാർമസി ഇൻസ്റ്റിറ്റ്യൂട്ടിൻേറയും ബയോ കെമിസ്ട്രിയുടേയും കെട്ടിടങ്ങൾ കാണ്മാനില്ല. മതിൽക്കെട്ടും അതിനപ്പുറത്തുണ്ടായിരുന്ന വീടുകളും കാണ്മാനില്ല. അഗ്നിയുടേതായ ഒരു സമുദ്രംമാത്രം അദ്ദേഹം മുമ്പിൽ കണ്ടു. അണുശക്തിയിൽ സവിശേഷവൈദഗ്ധ്യം നേടിയ ആ ശാസ്ത്രജ്ഞനുപോലും അതു് ഒരു അണുബോംബാണെന്നു മനസ്സിലായില്ല. ശാസ്ത്രം അമേരിക്കയിൽ ഇത്രയേറെ പുരോഗമിച്ചുവെന്നു് ഊഹിക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞില്ല.

വിദ്യാർത്ഥികൾക്കു് എന്തുപററി?—അദ്ദേഹം സ്വയം ചോദിച്ചു. തറയിൽ കിടക്കുന്ന ജീവനില്ലാത്ത ആകൃതികൾ വിദ്യാർത്ഥികളായിരിക്കാമെന്ന ചിന്ത പെട്ടെന്നു് അദ്ദേഹത്തിനുണ്ടായി. അദ്ദേഹം ആകമാനം വിറച്ചു. "ഞാൻ ഇപ്പോഴും ബോധരഹിതനാണെന്നു വരുമോ? യുദ്ധകാലത്തുപോലും ഇങ്ങനെയൊന്നും സംഭവിക്കാറില്ലല്ലോ." അദ്ദേഹം ആത്മഗതംചെയ്തു. പിന്നീടു് അദ്ദേഹം തന്നെത്താൻ നുള്ളിനോക്കി; നാഡിമിടിപ്പു പരിശോധിച്ചു. തനിക്കപ്പോഴും ജീവനുണ്ടു്. അടുത്തുകിടന്ന ഒരു

ശരീരം പിടിച്ചു കുലുക്കിക്കൊണ്ടു് അദ്ദേഹം പറഞ്ഞു: "വരൂ, എണീക്കൂ." ഉത്തരമില്ല. രണ്ടുകൈയുമുപയോഗിച്ചു് ആ ശരീരം ഉടനെ പൊക്കാൻ ശ്രമിച്ചു. പെട്ടെന്നു് ചർമ്മം ഉരിഞ്ഞുപോന്നു, വാഴപ്പഴത്തിൻെറ തൊലിപോലെ. ഒക്കാമോ വാസ്തവത്തിൽ മരിച്ചുകഴിഞ്ഞിരുന്നു. തൊട്ടടുത്തു കിടന്ന വേറൊരാൾ കരയുകയും അനങ്ങുകയും ചെയ്യുന്നതു കണ്ടു് പ്രൊഫസർ ഓടിയടുത്തു് അയാളുടെ കൈ പിടിച്ചു. കാൽമുട്ടിലെ തൊലി ഉരിഞ്ഞുപോന്നു. അവിടെത്തന്നെ മുറുകെ പിടിച്ചുകൊണ്ടു് അദ്ദേഹം ഉറക്കെ വിളിച്ചു: "മുറായാമാ, മുറായാമാ." "പ്രൊഫസർ, ഓ, പ്രൊഫസർ." ആ കുട്ടി വിതുമ്പി. അവൻെറ തല ഒരു വശത്തേക്കു ചെരിഞ്ഞു. അവനും മരിച്ചു. ഈ കാഴ്ച പ്രൊഫസറെ ആകെപ്പാടെ ഇളക്കി. മൃതദേഹം തറയിൽ കിടത്തിയശേഷം അദ്ദേഹം പ്രാർത്ഥനയിൽ മുഴുകി. പിന്നീടു് അടുത്ത ആളുടെ പക്കലേക്കു നീങ്ങി; അരാക്കി. അരാക്കിയുടെ മുഖം ഒരു മത്തങ്ങാപോലെ വീർത്തിരുന്നു. പല ഭാഗത്തുനിന്നും ചർമ്മം ഉരിഞ്ഞുപോയിരുന്നു. ആ സാധു വിദ്യാർത്ഥി കണ്ണു തുറക്കാൻ ശ്രമിച്ചു. പോളകൾക്കിടയിൽ വളരെ ലോലമായ ഒരു വെള്ളരേഖപോലിരുന്നു അവൻെറ കണ്ണുകൾ. ശാന്തസ്വരത്തിൽ അവൻ പറഞ്ഞു: "അവർ എന്നെ പിടിച്ചുകഴിഞ്ഞു സർ, എല്ലാം തീൎന്നു. അങ്ങു് എനിക്കുവേണ്ടി പലതും ചെയ്തിട്ടുണ്ടു്. അങ്ങേക്കു നന്ദി—" അതോടെ ആ ജീവനും അസ്തമിച്ചു.

തറയിൽക്കിടന്ന മൃതദേഹങ്ങളുടെ ചെവികളിൽനിന്നും മൂക്കിൽനിന്നും രക്തം ഒഴുകിക്കൊണ്ടിരുന്നു. തലച്ചോറു് ചിതറിയതാണു് അവരുടെ മരണഹേതു—തീർച്ച. ചിലരുടെ വായിൽനിന്നു് ചോരകലൎന്ന ഒരു

തരം പത പുറത്തുവന്നു. അവരുടെ മരണവേദന പെട്ടെന്നു് അവസാനിക്കുകയെങ്കിലും ചെയ്തു. ഭയങ്കരമായ ഒരു നിഗൂഢശക്തി അവരെ തറയിലേക്കു വലിച്ചെറിഞ്ഞു കൊന്നു.

തോമിത്തയോ മരിച്ചില്ല. അവൻ മരണാസന്നക്കു വെള്ളം കൊടുത്തുനോക്കി. സാന്ത്വനവാക്കുകൾ പറഞ്ഞു് അവക്കു് അല്പം പ്രോത്സാഹനം അരുളുവാൻ ശ്രമിച്ചു. അവരിൽ ആരുംതന്നെ സ്വയം അനങ്ങുവാൻ പ്രാപ്തരായിരുന്നില്ല. അരാക്കി കരയുന്നതു കേട്ടപ്പോൾ തോമിത്തയോ പ്രൊഫസറോ അങ്ങോട്ടു് ഓടിച്ചെന്നു നോക്കി. പക്ഷേ, അപ്പോഴേക്കും ആ മനുഷ്യൻ മരിച്ചു കഴിഞ്ഞതായി കണ്ടു. അയാളുടെ കണ്ണുകൾ വെളിയിലേക്കു് ഉന്തിനിന്നു. ഇരുപതോളം വിദ്യാത്ഥികൾ ഇങ്ങനെ ഒന്നൊന്നായി മരണമടഞ്ഞു.

മരണത്തിൽനിന്നു് രക്ഷപ്പെട്ട ആ രണ്ടുപേക്കു് കാര്യമായി ഒന്നും ചെയ്യുവാൻ കഴിഞ്ഞില്ല. അവർ തന്നെ സഹായം അർഹിച്ചിരുന്നു. പ്രൊഫസർ സവ്വശക്തിയുമുപയോഗിച്ചു് നാലുദിക്കിലേക്കും വിളിച്ചുനോക്കി. പിന്നീടു് ചെവി വട്ടംപിടിച്ചു ശ്രവിച്ചു. പക്ഷേ, സഹായത്തിനുവേണ്ടി നിലവിളിക്കുന്ന പാവങ്ങളുടെ ദീനരോദനം മാത്രമേ അദ്ദേഹം കേട്ടുള്ളു. മീതെ തകൎന്നു വീണ വീടുകൾക്കുള്ളിൽ കിടന്നു് ഇഴയുകയായിരുന്നു, അവർ. നിരാശതയുടേയും ഭീകരതയുടേയുമായ ചിത്രങ്ങൾ! "സഹായിക്കുക, ഞാൻ മരിക്കുകയാണു്; എനിക്കു് ശ്വാസം മുട്ടുന്നു. ദയവുചെയ്തു് സഹായിക്കുക. ഞാൻ കത്തിച്ചാമ്പലാകുന്നു. വേഗം കുറെ വെള്ളം കൊണ്ടുവരു. അമ്മേ...അമ്മച്ചീ..."

പ്രൊഫസർ വീണ്ടും ബോധംകെട്ടു മറിഞ്ഞുവീണു. കുറേ കഴിഞ്ഞു് അദ്ദേഹമുണന്നപ്പോഠം കട്ടിയുള്ള ഒരു കരിമേഘം ആകാശത്തിൽ പരന്നു് സൂര്യബിംബത്തെ മറച്ചുകളഞ്ഞു. എല്ലായിടത്തും ഇരുട്ട്—അതോടൊപ്പം ഭയങ്കരതണുപ്പും—വീണ്ടും ചെവിയോർത്തപ്പോഠം കരയുന്നവരുടെ സംഖ്യ കുറഞ്ഞുവരുന്നതായി ക്കണ്ടു. മിക്കവാറും എല്ലാവരും മരിച്ചുകഴിഞ്ഞു. തീച്ച്.

## ഒന്നാംകൊല്ലത്തെ വിദ്യാത്ഥികഠക്കു പററിയതു്

ക്ലാസ്സിൽ അടങ്ങിയിരുന്നു് നോട്ടെഴുതുകയായിരുന്നു അവർ. അന്നു് എഴുതിയെടുത്ത അസാധാരണങ്ങളായ ലത്തീൻ പദങ്ങഠം, തങ്ങഠം ഡോക്ടർമാരായിക്കഴിഞ്ഞു എന്ന ഭാവം അവരിലുളവാക്കി. പാശ്ചാത്യലിപികളുടെ ഉപയോഗവും അവരുടെ അഹന്തയ്ക്കു് വളം വച്ചുകൊടുത്തു.

കണ്ണഞ്ചിക്കുന്ന ഒരു വെളിച്ചം അവിടെ പാളി. കല്പാന്തപ്രളയമാണതെന്നു് അവക്കു തോന്നി. പ്രൊഫസറുടെ സ്വരം അപ്പോഴും മുഴങ്ങുന്നുണ്ടായിരുന്നു. മുകളിലേക്കോ, പാർശ്വങ്ങളിലേക്കോ നോക്കുവാൻപോലും നേരംകിട്ടിയില്ല. ആ ഇരുന്ന ഇരുപ്പിനു് അവരുടെമീതെ കെട്ടിടത്തിന്റെ മേൽക്കൂര തകന്നുവീണു.

ക്ലാസ്സ് നേതാവു് ഫുജിമോത്തോ ഒരു ഉത്തരത്തിനടിയിൽ കുടുങ്ങി. കരിപോലെ കറുത്ത അന്തരീക്ഷം. വായിലും മൂക്കിലും പൊടികയറി ശ്വാസം മുട്ടുന്നപോലെ അയാഠക്കനുഭവപ്പെട്ടു. അവസാനം അയാഠം ഡസ്കുകഠക്കിടയിലുള്ള തുറന്ന സ്ഥലത്തേക്കു്, ഒരു വിധത്തിൽ നീങ്ങി. തൊട്ടടുത്തുകിടന്നു കരയുകയായിരുന്നു, മുറിവേററവരിൽ ചിലർ. വേറെ ചിലർ അലറി. സ്വര

ത്തിൽനിന്നു് ഊഹിക്കുവാൻ കഴിഞ്ഞിടത്തോളം മരിക്കാത്തവർ ചുരുക്കമായിരുന്നു. എന്തോ കത്തുന്നതിന്റെ ഗന്ധം. ദുസ്സഹവും ചൂടുള്ളതുമായ പുക അവിടെ നിറഞ്ഞു. തീപിടിത്തമാണു്. ഉടനെ എന്തെങ്കിലും ചെയ്തേ തീരുവെന്നു്, ഫുജിമോത്തോ മനസ്സിലാക്കി. ഒരു വിറയലോടെ മുകളിലേക്കു കയറുവാൻ അയാൾ ശ്രമിച്ചു. പക്ഷേ, മീതേ കുന്നുകൂടിക്കിടന്ന തടികളും പലകകളും ഓടുകളും തട്ടിനീക്കുക അസാദ്ധ്യമായിരുന്നു. കത്തുന്ന മരക്കഷണങ്ങളുടെ ഞെരിച്ചിൽ അടുത്തുകേൾക്കാം. അയാൾ ഉന്തിനോക്കി, വലിച്ചുനോക്കി, തട്ടിനോക്കി, മുട്ടിനോക്കി,—എല്ലാം വിഫലം.

സകലശക്തിയുമെടുത്തു് അയാൾ ഒരു അന്തിമശ്രമംകൂടി നടത്തി. ഫലമുണ്ടായില്ല. വായുവിനു് ചൂടു കൂടിക്കൊണ്ടേയിരുന്നു. ചുററുംനിന്നു് നൃത്തംവച്ച തീജ്ജ്വാലകളുടെ പ്രഭ വദ്ധിച്ചു. അടുത്തുനിന്നു് ആരോ ശോകമയമായ ഒരു പട്ടാളപ്പാട്ടു് മൂളാൻ തുടങ്ങി.

"ഉറങ്ങുവാൻപോകും ഞാൻ കടലിന്നടിത്തട്ടി-
ലല്ലെങ്കിൽ മാമലക്കൂട്ടത്തിന്നന്തികേ."

തൻെറ ധൈര്യം വററിപ്പോകുന്നതുപോലെ ഫുജിമോത്തോവിനു തോന്നി. സ്വന്തം കൂട്ടുകാരൻെറ ആ അന്തിമഗാനം കേൾക്കുവാൻ അയാൾ ചെവി വട്ടംപിടിച്ചു. കുറെ നേരത്തേക്കു പാട്ടുനിറുത്തിയശേഷം ആ യുവാവു്, വിളിച്ചുപറഞ്ഞു: "വിടതരൂ, കൂട്ടുകാരേ, എൻെറ പാദങ്ങൾ കത്തിത്തുടങ്ങിയിട്ടുണ്ടു്."

രണ്ടു മിനിട്ടിനുള്ളിൽ ഫുജിമോത്തോവും അഗ്നിക്കിരയാവും. അയാൾ കൈകൂപ്പി പ്രാത്ഥിച്ചു സ്വന്തം പിതാവിൻെറ ആകൃതി അയാളുടെ മനസ്സിൽ മുളയെ

ട്ടത്തു. "ശാന്തനായിരിക്കുക" എന്നദ്ദേഹം ഉപദേശിക്കു ന്നതുപോലെ തോന്നി. അമ്മയുടെയും കൊച്ചനുജൻ മധാവോവിൻെറയും, രൂപങ്ങൾ അയാളുടെ മുമ്പിൽ ഉദിച്ചുവന്നു. മിക്കവാറും മധാവോ ഒരു ഡോക്ടറായി തൻെറ സ്ഥാനം ഏറ്റെടുക്കും. റേഡിയോളജി വിഭാഗ ത്തിലുള്ള തൻെറ സഹപ്രവത്തകരെ ഓരോരുത്തരേയും അദ്ദേഹം ഓത്തു. സവ്വകലാശാലയിൽ ചേന്ന ദിവസം വരെ അയാൾ ഈ വകുപ്പിൽ ഒരു ജോലിക്കാരനായി രുന്നു.

"എന്തിനാണ് ഇത്രവലിയ തിടുക്കം?" അയാൾ ആത്മഗതം ചെയ്തു. ഏതായാലും സ്വാതന്ത്ര്യം നഷ്ട പ്പെട്ടിരിക്കുന്നു. ഞാനിപ്പോൾ ഒരു കാരാഗൃഹവാസിയാ ണ്. അടുത്ത നിമിഷത്തിൽ നിസ്സഹായനായി ഞാൻ കത്തിച്ചാമ്പലാകും. എൻെറ ശരീരം അശക്തമാണ്. ഒന്നും ചെയ്യാൻ കരുത്തില്ല. താമസംവിനാ എൻെറ ആത്മാവ് ഒരു പാട്ടുംപാടിക്കൊണ്ടു് അനന്തവിഹായ സ്സിലൂടെ പറന്നുപോകും. ഏതാനും നിമിഷങ്ങൾ മാത്രം കഴിഞ്ഞാൽമതി. പിന്നെ എന്തിനു വിഷമിക്കുന്നു!" കത്തിദ്രഹിച്ചുകൊണ്ടിരുന്ന യുവശരീരങ്ങളിൽനിന്നു് പുറപ്പെട്ട മധുരപരിമളം കൂടുതൽ ഉഗ്രമായി.

"ഇതിനാണ് ഉൽക്കടാവസ്ഥ എന്നു പറയുന്ന തു്." നിർല്ലേപത ഭാവിച്ചുകൊണ്ടു് അയാൾ ചിന്തി ക്കാൻ തുടങ്ങി. "അതെ, അതുതന്നെ. പോരെങ്കിൽ ബാ ഹ്യവസ്തുക്കൾ ഉൾക്കൊള്ളാനും ഉള്ളിലുള്ളവ പുറംതള്ളാ നും മാത്രം കൊള്ളാവുന്ന ഒരു ശരീരംകൊണ്ടെന്താണു പ്രയോജനം?" അയാളുടെ പ്രൊഫസറായിരുന്ന ഡോ ക്ടർ സി പണ്ടൊരിക്കൽ പറഞ്ഞകാര്യം ഇപ്പോൾ ഓർമ്മയിൽ വന്നു. "ഒരു പ്രശ്നത്തിൽ പോംവഴികാണാൻ

കഴിയുന്നില്ലെങ്കിൽ, അതിന്നു നേരേ എതിരായി ചിന്തിച്ചുപോവുക." ഈ നിർദ്ദേശം അയാൾക്കു് പുതുവെളിച്ചം നൽകി. ശരീരത്തിന്മേൽ കുന്നുകൂടി കാണുന്ന വസ്തുക്കളുടെ മുകളിലെത്താൻ ശ്രമിക്കുന്നതിന്നുപകരം തറയിലാകെ അയാളൊന്നു തപ്പിനോക്കി. പലകകൾക്കിടയിൽ ഒരു കീറൽ കാണാൻ കഴിഞ്ഞു. അതിലൂടെ വിരലുകൾ കടത്തി സർവ്വശക്തിയുമുപയോഗിച്ചു് അയാൾ വലിച്ചു. ഒട്ടേറെ ശബ്ദമുണ്ടാക്കിക്കൊണ്ടു് പലക നീങ്ങി. ശുദ്ധവായു അങ്ങോട്ടു തള്ളിക്കയറി. വേറെ രണ്ടു പലകകൾകൂടി അങ്ങനെ മാററി. ഫുജിമോത്തോ ആ ദ്വാരത്തിലൂടെ താഴത്തെ നിലയിലേക്കു് പെട്ടെന്നു വീണു.

## ഡോക്ടർ യമാഡയുടെ അനുഭവം

ലേഡിഡോക്ടർ യമാഡയും മിസ് സുജീത്തയും ബാക്ടീരിയോളജിമുറിയുടെ പിമ്പിലുള്ള ജനൽ തുറന്നു. പട്ടണത്തിൽ പോയി തിരിച്ചുവന്ന അവൾക്കു് അല്പം കാററുകൊള്ളണമെന്നു തോന്നി. ടോക്കിയോയ്ക്കുള്ള ടിക്കററു വാങ്ങാനാണു് അവർ പട്ടണത്തിൽ പോയതു്. 'സീറം' നിർമ്മാണത്തെപ്പററിയുള്ള ഒരു പഠനപദ്ധതിയിൽ പങ്കുകൊള്ളുക എന്നതായിരുന്നു അവരുടെ ടോക്കിയോയാത്രയുടെ ഉദ്ദേശം. നാഗസാക്കിയിൽ ഒരു ആക്രമണം ഉണ്ടാകാനിടയുണ്ടു്—അവർ വിചാരിച്ചു. ഏതൊരു അടിയന്തിരാവസ്ഥയ്ക്കും അവർ തയ്യാറായിരിക്കണം. ചെറുപ്പക്കാരായ പുരുഷന്മാർ യുദ്ധക്കളത്തിലായിരുന്നതിനാൽ വമ്പിച്ച ചുമതലകളാണു് ആ രണ്ടു യുവതികൾക്കു വഹിക്കാനുണ്ടായിരുന്നതു്.

കളിസ്ഥലങ്ങളിൽ എമ്പാടും പുല്ലു തഴച്ചുവളരുക

യായിരുന്നു. യുദ്ധം തുടങ്ങിയതിൽപ്പിന്നെ കളികളേപ്പറ്റിയോ, നേരമ്പോക്കുകളേപ്പററിയോ സ്മരിക്കാൻപോലും കഴിഞ്ഞിട്ടില്ല. യുദ്ധം മാത്രമായിരുന്നു എല്ലാവരുടേയും ചിന്ത. കളിസ്ഥലങ്ങൾക്കു പിമ്പിലായി പൈൻമരങ്ങളും കാഫോർവൃക്ഷങ്ങളും ഉണ്ടായിരുന്നു. അവയുടെ ശിഖരങ്ങൾക്കിടയിലൂടെ നോക്കിയാൽ പഴയ സ്റ്റേഡിയം കാണാം. യുദ്ധമാരംഭിച്ചതിനുശേഷം സ്റ്റേഡിയമാകെ മധുരക്കിഴങ്ങു നട്ടിരിക്കുകയാണു്. അകലെ അല്പം അകലത്തിൽ നിലകൊള്ളുന്ന കെട്ടിടമാണു് ഭദ്രാസനദേവാലയം. കാലുറകൾ ധരിച്ച രണ്ടു സ്ത്രീകൾ കൈവീശി അവരെ അഭിവാദ്യംചെയ്തു. ഇതുവരെ മിസ് തുജീത്ത ജോലിചെയ്തുവന്ന റേഡിയോ വിഭാഗത്തിലെ നമസാനും ഒയ്യുനാജിസാനും ആയിരുന്നു അവർ. അവർ കൈപൊക്കിവീശി സ്നേഹിതകളെ പ്രത്യഭിവാദ്യം ചെയ്തു.

അതേ വിഭാഗത്തിലെ പരിചാരികമാരായിരുന്ന യമഷീതയും യോഷിതയും സ്റ്റേഡിയത്തിൽ കളപറിക്കുകയായിരുന്നു. ചുററുമുള്ള കുന്നിൻപുറങ്ങളിലും കയ്യാലകെട്ടിയ പുരയിടങ്ങളിലുമുണ്ടായിരുന്ന കർഷകരും അതേ ജോലിയിൽ മുഴുകിയിരുന്നു. വഴിയിലൂടെ വളരെ ആളുകൾ ഭദ്രാസനപ്പള്ളിയിലേക്കു നടക്കുന്നുണ്ടു്. അവരുടെ കുടകൾ സൂര്യപ്രകാശമേററു വെട്ടിത്തിളങ്ങി.

"എന്തു മനോഹരമായ സ്ഥലമാണീ നാഗാസാക്കി, എത്ര കണ്ടാലും തൃപ്തിവരില്ല."

"ശരിതന്നെ. പക്ഷേ, നാം രണ്ടുമാസം കഴിഞ്ഞു തിരിച്ചുവരുമ്പോൾ ഈ നഗരം ഇതുപോലെ ആയിരിക്കുമോ? അതാണെൻെറ സംശയം."

"ഇതു നശിപ്പിക്കപ്പെട്ടുമെന്നെനിക്കൊരു ഭയമുണ്ടു്."

"യുദ്ധവിനാശത്തിൽനിന്നും രക്ഷപ്പെട്ടേക്കാവുന്ന ഏകസ്ഥലം ഇതായിരിക്കുമെന്നാണ് എൻെറ തോന്നൽ."

പെട്ടെന്നുണ്ടായ പൊട്ടിത്തെറി ഈ സംഭാഷണത്തിനു വിരാമമിട്ടു. ലേഡീഡോക്ടർ തറയിൽ കമിഴ്ന്നു വീണു ജീവൻ രക്ഷിച്ചു. അവരുടെ അടുക്കലുണ്ടായിരുന്ന ത്സുജീത്ത ശ്വാസംമുട്ടി മരിച്ചു. ഒരു കരാളസ്വപ്നം പോലെയിരുന്നു അതു്. അവിശ്വസനീയമായ വേഗത്തിലാണ് സംഭവം നടന്നതു്. എന്നിട്ടും അതു വാസ്തവികവും അതിഭീകരവുമായ യാഥാർത്ഥ്യം ആയിരുന്നു. ബാക്ടീരിയോളജികെട്ടിടം കത്തുന്നുണ്ടു്. അവിടെയുണ്ടായിരുന്നവരിൽ ജീവനോടെ രക്ഷപ്പെട്ട ഏകവ്യക്തി ലേഡീഡോക്ടരായിരുന്നു. മററവരെല്ലാം പൊട്ടുന്നനവേ മരിച്ചിരിക്കണം.

ഡോക്ടർ യമാഡാ ഒരുവിധത്തിൽ പുറത്തുവന്നു. എല്ലായിടത്തും ക്രൂരിരുട്ടു്; ഭയങ്കരമായ കാററും. മുമ്പിൽ കണ്ട തുറസ്സായ സ്ഥലം അവരെ പേടിപ്പെടുത്തി. വൃക്ഷങ്ങളെല്ലാം വെട്ടിനീക്കപ്പെട്ടുവെന്നു്, കെട്ടിടങ്ങൾ തകന്നിരിക്കുകയാണെന്നു് അവർക്കുടൻ വ്യക്തമായി. ഭദ്രാസനപ്പള്ളിയുടെ മുകൾഭാഗം മുഴവനും, അമ്പതു മീററർ പൊക്കമുള്ള മണിമാളികയുൾപ്പെടെ, കാററിൻെറ ശക്തിയിൽ നിലംപതിച്ചു. പള്ളിയുടെ ബാക്കി ഭാഗം കണ്ടാൽ ജീർണ്ണതയിലാണ്ട ഒരു പുരാതന സ്മാരകംപോലെയിരുന്നു. കൈകാലുകൾ പറിഞ്ഞുപോയ ശരീരങ്ങൾ തലകീഴായി തൂങ്ങിക്കിടക്കുന്നതു് അവർ കണ്ടു. കരിങ്കൽഭിത്തിയിൽനിന്നു തൂങ്ങിക്കിടക്കുന്നവക്കു പുറമേ, റോഡിലും പാടത്തും മൃതദേഹങ്ങൾ വിതറിക്കിടപ്പുണ്ടായിരുന്നു. അനേകം ശരീരങ്ങൾ. സ്റ്റേഡിയത്തി

ലുണ്ടായിരുന്ന നേഴ്സുമാരെപ്പററി ഡോക്ടർ ഓത്തു. അവിടെപ്പോയി നോക്കി. അവരുടെ ചലനമററ ദേഹങ്ങാം പൊട്ടിത്തെറിയുടെ ശക്തിയാൽ നാലുപാടും ചിതറിവീണിരിക്കുകയാണു്. പുറത്തായിരുന്നവരെല്ലാം തൽക്ഷണം കൊല്ലപ്പെട്ടു. ഡോക്ടൎക്കു ഗൗരവമായ പരുക്കൊന്നും ഏററിട്ടില്ലായിരുന്നു. എങ്കിലും അവൎക്കു വല്ലാത്തൊരു ഘനഭാവം അനുഭവപ്പെട്ടു. അവർ അല്പം നടക്കുവാൻ തുടങ്ങിയപ്പോാം കാൽമുട്ടുകാം കുഴഞ്ഞി, നിലംപതിച്ചു. തൊട്ടടുത്തു ബാക്ടീരിയോളജിയെപ്പററിയുള്ള ഒരു ജൎമ്മൻ ഗ്രന്ഥം കിടപ്പുണ്ടായിരുന്നു. അവർ അതെടുത്തു തലയണയായി ഉപയോഗിച്ചു. ദുഃഖകരമായ ഒരു പേക്കിനാവിലേക്കു് അവരുടെ ചിന്ത മറഞ്ഞു, സഹായം പ്രതീക്ഷിച്ചു് അവിടെത്തന്നെ കിടന്നു.

## അദ്ധ്യായം മൂന്ന്

# പരുക്കേററവരുടെ പരിരക്ഷണം

### സവ്വകലാശാല അങ്ങനെ നശിച്ചു

1945 ഓഗസ്റ്റ് ഒമ്പതാംതീയതി ഉച്ചയ്ക്കു പന്ത്രണ്ടുമണിക്കുശേഷം രണ്ടു മിനിറ്റു തികഞ്ഞപ്പോൾ മത്സിയാമ-ചോവിൻെറ നേരെ മുകളിൽ 550 മീററർ ഉയരത്തിൽവച്ച് ഒരണുബോംബു പൊട്ടി. നാഗസാക്കിയിലെ ഉറക്കാമിനഗരത്തിൻെറ നടുവിൽ ഏററവും ജനസാന്ദ്രമായ സ്ഥലമായിരുന്നു അതു്. അന്നനിമിഷം 2,000 മീററർ വേഗമുള്ള ഒരു കൊടുങ്കാററു് അതിൻെറ മാർഗ്ഗത്തിലുണ്ടായിരുന്ന സകല വസ്തുക്കളെയും മറിച്ചിട്ടു; തകർത്തു; നാലുപാടും ചിതറി. പൊട്ടിത്തെറിയുടെ കേന്ദ്രത്തിൽ രൂപംകൊണ്ട ശൂന്യാന്തരീക്ഷം (Vacuum) എല്ലാററിനേയും ആകാശത്തിലേക്കു വലിച്ചുപൊക്കി. അല്പം കഴിഞ്ഞപ്പോൾ അവയെല്ലാം ഒരുതരം ഘനവിഭവമാരിപോലെ താഴോട്ടുവന്നു.

പൊട്ടിത്തെറിയുടെ ഫലമായി ചൂടു് 9,000 ഡിഗ്രി സെൻറിഗ്രേഡ്‌വരെ വദ്ധിച്ചു. ആ ഉഷ്ണത്തിൻെറ ഉഗ്രതയിൽ എല്ലാററിനും തീപിടിച്ചു. ബോംബിൻെറ അംശങ്ങൾ തീപ്പൊരിപോലെ പെയ്തുവീണു് എല്ലായിടത്തും തീകൊളുത്തി.

ഈ ഭീകരപ്രളയത്തിൽനിന്നു് ആകാശത്തിലേക്കുയന്നുപടന്ന ഘനവസ്തുക്കൾ സൂര്യപ്രകാശത്തെ തടഞ്ഞു. ഗ്രഹണവേളയിൽ സംഭവിക്കുന്നതുപോലെ കുറേനേരത്തേക്കു കൂരിരുട്ടു സവ്വത്ര വ്യാപിച്ചു. ഏതാനും നിമിഷങ്ങൾ

KOTTAYAM

ക്കുള്ളിൽ ഈ ചുഴലി നിലച്ചു. അന്തരീക്ഷത്തിൽ പതഞ്ഞുപൊങ്ങിയ സാധനങ്ങൾ എല്ലായിടത്തും നിലംപതിച്ചു. ലോലമായ ഒരു പ്രകാശം ആ പോക്കളത്തിൽ വ്യാപിച്ചു. അതിനുള്ളിൽ കൊല്ലപ്പെട്ടവർ മുപ്പതിനായിരവും പരുക്കേററവർ ഒരു ലക്ഷവും ആയിരുന്നു. ഇവക്കുപുറമേ അനേകായിരംപേക്ക് റേഡിയോപ്രസരത്തിന്റെ ഫലമായി 'അണുരോഗം' പിടിപെട്ടു.

ജീവനോടെ രക്ഷപ്പെട്ടവരെല്ലാം പരസ്പരം സഹായിക്കാൻ ആരംഭംമുതലെ ഉത്സാഹം പ്രകടിപ്പിച്ചു.

ആദ്യം വിവരിച്ചതുപോലെ ഒട്ടറെ ചപ്പുവസ്തുക്കളുടെ കീഴിൽ മൂടപ്പെട്ട ഞാൻ സഹായത്തിനുവേണ്ടി വിളിച്ചെങ്കിലും അവസാനം ഒരുവിധത്തിൽ തനിയെ പുറത്തുവരുകയാണു ചെയ്തതു്. ഞാൻ ചിത്രഗ്രഹണമുറിയിൽ പ്രവേശിച്ചപ്പോൾ ഡോക്ടർ ബി.യെക്കണ്ടു. ഉടനെതന്നെ മിസ് ഹഷിമോത്തോയുടെയും മുഖ്യശുശ്രൂഷികയുടെയും (Chief infirmarian) നേതൃത്വത്തിൽ പ്രവത്തിച്ച സഹായകസംഘം അടുത്തുവന്നു് എനിക്കു് അനുമോദനങ്ങൾ അർപ്പിച്ചു· ഞാൻ അവരെ ഓരോരുത്തരേയും സൂക്ഷിച്ചുനോക്കി. എന്നിട്ടിങ്ങനെ ആത്മഗതം ചെയ്തു: "അപ്പോൾ നിങ്ങൾ രക്ഷപ്പെട്ടു അല്ലേ? നിങ്ങളുടെ ജീവൻ വിലപ്പെട്ടതാണു്." അവരെ അവിടെ കണ്ടപ്പോൾ എനിക്കാനന്ദമുണ്ടായി. പക്ഷേ, അതിലധികമാളുകൾ അവിടെ ഉണ്ടായിരുന്നെങ്കിൽ! മറ്റവരെല്ലാം എവിടെയാണിപ്പോൾ? യമഷീത്ത? ഇനുവേ? ഉമേഷു?

മററുള്ളവരെ തിരക്കിക്കണ്ടുപിടിച്ചു് കുറെക്കഴിയുമ്പോൾ തിരിച്ചുവരാൻ അവരോടു ഞാൻ പറഞ്ഞു. അവർ നാലുദിക്കിലേക്കും പോയി. ഡോക്ടർ സിയും

ഷീറോവും 'ഇരുൾമുറി'യിലേക്കാണു പോയതു്. അവിടെ കുന്നുകൂടിക്കിടന്ന പലകകളിലും ഉത്തരങ്ങളിലും തട്ടിക്കൊണ്ടു് അവർ കാണാതെപോയ സുഹൃത്തുക്കളെ വിളിച്ചുനോക്കി. മറുപടി ഉണ്ടായില്ല. ഷീറോ അലറി, "മൊറിയൂച്ചീ, നീ അവിടെയുണ്ടോ?" വീണ്ടും നിശ്ശബ്ദത. വല്ലാതെ പരുക്കേററ ഉമേഷുവെ നയിച്ചുകൊണ്ടു് കോറോ തിരിച്ചുവന്നു. അവളുടെ ശരീരം മുഴുവൻ രക്തം പുരണ്ടിരുന്നു. ശക്തി ക്ഷയിച്ചു് വരാന്തയിലൂടെ ഇഴഞ്ഞുവന്ന അവൾ വിതുമ്പി: "എൻെറ കണ്ണുകൾ! എൻെറ കണ്ണുകൾ നഷ്ടപ്പെട്ടു!"

ആ വ്രണങ്ങൾ പരിശോധിച്ചിട്ടു് ഷീറോ അവളെ സാന്ത്വനിപ്പിച്ചു. "അസംബന്ധം പറയാതിരിക്കൂ. നിൻെറ കണ്ണുകൾ പോയിട്ടില്ല." അവളുടെ പുരികങ്ങൾക്കു കീഴെ ആഴമുള്ള ഒരു മുറിവുണ്ടായിരുന്നു. അതിനുപുറമേ മുഖത്തു പലയിടത്തും ശരീരത്തിലാകമാനവും ചതവുകളും മുറിവുകളും കാണായി. "സാരമില്ല. എല്ലാം ശരിയായിക്കൊള്ളും." കലാബോധത്തോടെ മുറിവു കഴുകിക്കെട്ടിക്കൊണ്ടു് മുഖ്യശുശ്രൂഷിക അവളെ പ്രോത്സാഹിപ്പിച്ചു. ഉമേഷുവിന്റെ നാഡിമിടിപ്പുകൾ ഞാൻ പരിശോധിച്ചു. എന്നിട്ടു് ചികിത്സാമുറകൾ നിർദ്ദേശിച്ചുകൊടുത്തു

അപ്പോഴേക്കും അർദ്ധനഗ്നരായ ജീവികളുടെ അസാധാരണവും അചിന്ത്യവുമായ ഒരു വലിയ സമൂഹം പെട്ടെന്നു് എനിക്കു ചുറ്റും തടിച്ചുകൂടി.

"ഡോക്ടർ, എന്നെ രക്ഷിക്കണേ."

"ഈ വ്രണത്തിനു് ദയവായി അല്പം മരുന്നു പുരട്ടണേ."

"എനിക്കു വിറയ്ക്കുന്നു, കുറേ വസ്ത്രം തരൂ."

എല്ലാവരും ഒരേസമയത്തു സഹായമഭ്യർത്ഥിച്ചു. ആശുപത്രിയിലുണ്ടായിരുന്നവരിൽ വെച്ചു് രക്ഷപ്പെട്ട വരായിരുന്ന അവർ അപ്പോഴും അവരിൽ ജീവനുണ്ടാ യിരുന്നുവെന്നുമാത്രം. ആശുപത്രിയിൽ ഏററവുമധികം ജനത്തിരക്കുള്ള സമയത്താണു ബോംബു പൊട്ടിയതു്— പുറത്തുനിന്നു വരുന്ന രോഗികളെ പരിശോധിച്ചു മരു ന്നു കുറിക്കുന്ന സമയം. വരാന്തകളും വിശ്രമമുറികളും പ രീക്ഷണശാലകളുമെല്ലാം മൃതദേഹങ്ങൾകൊണ്ടു നിറ ഞ്ഞിരുന്നു. വ്രണങ്ങൾ പൊതിഞ്ഞ നഗ്നദേഹങ്ങൾ; ചർമ്മം പൊളിഞ്ഞുപോയ ശരീരങ്ങൾ; പൊടിയും ച ളിയും പുരണ്ട ദേഹങ്ങൾ: മനുഷ്യശരീരങ്ങളാണു് അവ എന്നൂഹിക്കാൻ, അതുപോലെ എന്തെങ്കിലും ഭ്രമഖത്തു ണ്ടെന്നു് വിഭാവനം ചെയ്യാൻപോലും പ്രയാസമായ രീതിയിൽ അത്യധികം ബീഭത്സമായിരുന്നു ആ കാഴ്ച

അല്പമെങ്കിലും ജീവൻ അവശേഷിച്ചവർ ജുഗുപ്സാ വഹമായ ആ മനുഷ്യമാംസക്കൂമ്പാരത്തിൽനിന്നു് ഇഴ ഞ്ഞിഴഞ്ഞു പുറത്തുവന്നു. അവരെന്നെ സമീപിച്ചു് എ ന്റെ കാലുപിടിച്ചു കരഞ്ഞുകൊണ്ടു യാചിച്ചു: "എന്നെ രക്ഷിക്കണേ, ഡോക്ടർ." ചിലർക്കു് ഒന്നും പറ യാൻ കഴിഞ്ഞില്ല. അവർ വെറുതേ വ്രണങ്ങൾ കാണി ച്ചു് എന്റെ മുമ്പിൽ നിന്നു. കൈക്കുഴയിൽനിന്നു് രക്തം കുത്തിപ്പായുന്ന ഒരാൾ എന്നെ സമീപിച്ചു അടു ത്തുതന്നെ ഒരു കൊച്ചു പെൺകുട്ടി "അമ്മേ, അമ്മേ" എന്നു വിളിച്ചു. വേദനകൊണ്ടു വികൃതരൂപംപൂണ്ട അ മ്മമാർ സ്വന്തം കുഞ്ഞുങ്ങളുടെ പേർപറഞ്ഞു കരഞ്ഞു. മനസ്സാന്നിദ്ധ്യം നഷ്ടപ്പെട്ട ഒരു തടിയൻ രക്തമൊലി ക്കുന്ന മുഖവുമായി അവിടെ പ്രത്യക്ഷപ്പെട്ടു് "വാതി ലെവിടെ, വാതിലെവിടെ?" എന്നു വിളിച്ചുചോദിച്ചു.

മഞ്ചലുകൾ അന്വേഷിച്ചുകൊണ്ടു് വൈദ്യശാസ്ത്രവിദ്യാർത്ഥികൾ ഓടിനടന്നു. എമ്പാടും അവർണ്ണ്യമായ ബഹളം.

ഏററവും അത്യാവശ്യമായിത്തോന്നിയ സഹായങ്ങൾ ഞങ്ങൾ ആദ്യം ചെയ്തു. പക്ഷേ, വ്രണങ്ങൾ കെട്ടാനുള്ള തുണിക്കഷണങ്ങൾ പോരാതെ വന്നു. ഷർട്ടുകൾ കീറി ആ കുറവു പരിഹരിക്കാൻ ശ്രമിച്ചു. പത്തു്, ഇരുപതു്, മുപ്പതു്—രോഗികളുടെ സംഖ്യ അനുനിമിഷം വർദ്ധിച്ചുവന്നു. ഒരാളെ ശുശ്രൂഷിച്ചു കഴിയുന്നതിനുള്ളിൽ വേറൊരാൾ ഇഴഞ്ഞുവന്നു പറയും: "പൊന്നു ഡോക്ടറേ, എന്നെ രക്ഷിക്കണേ'' എന്നു്. ഈ പ്രാർത്ഥന തുടർച്ചയായി ആവർത്തിക്കപ്പെട്ടു. പോരെങ്കിൽ എൻെറ ശരീരത്തിലുണ്ടായിരുന്ന വ്രണങ്ങൾ ജോലിക്കു തടസ്സം വരുത്തി. എൻെറ നെററിയിലെ മുറിവിൽനിന്നു രക്തം കുത്തിയൊലിക്കുന്നുണ്ടായിരുന്നു. കൂടെക്കൂടെ കൈ അമർത്തി എനിക്കതു് അടയ്ക്കേണ്ടിവന്നു. കൈ മാററിയപ്പോഴെല്ലാം വീണ്ടും ചോരയൊഴുകാൻ തുടങ്ങി. രണ്ടു കൈയുമുപയോഗിച്ചു ഞാൻ ഏതാനും നിമിഷങ്ങൾ ജോലിചെയ്തപ്പോൾ കുത്തിയൊഴുകിയ രക്തധാര ഭിത്തിയിലും അടുത്തുനിന്ന പരിചാരികയുടെ വസ്ത്രങ്ങളിലും വീണു. മുറിഞ്ഞ രക്തധമനി ചെറുതായിരുന്നതിനാൽ ഇങ്ങനെ മൂന്നു മണിക്കൂർ നേരത്തേക്കെങ്കിലും ജോലി തുടരുവാൻ കഴിയുമെന്നു് ഞാൻ പ്രത്യാശിച്ചു. ഇടയ്ക്കിടയ്ക്കു് എൻെറ നാഡി പിടിച്ചുനോക്കിയിട്ടു് ഞാൻ പരുക്കേററവരെ ശുശ്രൂഷിക്കുന്ന വേലയിൽ മുഴുകി.

കൂട്ടുകാരെ കണ്ടുപിടിക്കാൻപോയ ഹഷിമോത്തോവും സുബാക്കിയാമോയും ആരെയും കാണാതെ തിരിച്ചു

വന്നു. അവർ പറഞ്ഞു: "ഉരുളക്കിഴങ്ങുതോട്ടത്തിലായിരിക്കും എന്നു വിചാരിച്ചു് ഞങ്ങൾ അങ്ങോട്ടു പോകാൻ ശ്രമിച്ചു. പക്ഷേ, മറിഞ്ഞുവീണ മരങ്ങളും അഗ്നിയും ശവശരീരങ്ങളും നിമിത്തം വഴി അടഞ്ഞുകിടക്കുകയാണു്." മൗലിക ചികിത്സാകേന്ദ്രത്തിൻെറ ഒരു കെട്ടിടംപോലും അവശേഷിച്ചിരുന്നില്ല. ആ ഭാഗം മുഴുവനും ഒരഗ്നിസമുദ്രമായിരുന്നു. ആശുപത്രിയുടെ മദ്ധ്യസ്ഥാനം തീജ്ജ്വാലകൾകൊണ്ടു നിറഞ്ഞിരുന്നു. അതിലെ കടന്നു പോവുക അസാദ്ധ്യമായിരുന്നു അസംഖ്യം പേൎക്കു പരുക്കേററിട്ടുണ്ടു്.

യമഷീത്താ, ഇനുവേ, ഒണിയനാജി, യോഷിത—ഇവരുടെ ഓരോരുത്തരുടേയും വദനങ്ങൾ എൻെറ മനസ്സിലൂടെ കടന്നുപോയി. അവരും മരിച്ചുവോ? അവർ അന്തിമശ്വാസം വലിക്കുകയാണോ ഇപ്പോൾ? എന്റെ കൺമുമ്പിലുള്ള ഈ രോഗികളെപ്പോലെ തറയിൽക്കിടന്നുരുളുകയായിരിക്കുമോ അവർ? അവർ സുരക്ഷിതരായിരിക്കാമെന്നു് ഞാൻ വിചാരിച്ചുനോക്കി. ഒരുപക്ഷേ, അവർ വല്ലിടത്തും അഭയം കണ്ടിരിക്കാം. പക്ഷേ, ജീവനുണ്ടെങ്കിൽ അവർ ഇതിനകം ഇവിടെ വരുമായിരുന്നുവെന്നു് എനിക്കുറപ്പുണ്ടായിരുന്നു.

ചിന്തിക്കാൻവേണ്ടി ഞാൻ തറയിലിരുന്നു. ഡോക്ടർ സി (Si) മുറിവേററവരെ ശുശ്രൂഷിച്ചു. "വളരെ അസാധാരണമായ ഒരു ബോംബുപൊട്ടൽ." ഞാൻ ആത്മഗതം ചെയ്തു. "മനസ്ഥിരതയോടും ശാന്തതയോടുംകൂടി ഈ സംഭവത്തെ അഭിമുഖീകരിക്കേണ്ടതു് അത്യാവശ്യമാണു്."

എൻെറ മുറിവു് അവർ കെട്ടി. പക്ഷേ, ചോര പ്പാച്ചിൽ നിലച്ചില്ല. കെട്ടാനുപയോഗിച്ച നേരിയ

തുണി ഉടനെ രക്തത്തിൽ കുതിൎന്നു. എൻെറ കവിളിലേക്കു ധാര ഒഴുകി.

ചികിത്സോപകരണങ്ങൾ തിരഞ്ഞുകൊണ്ടുവരാൻ ഞാൻ നിർദ്ദേശിച്ചു. അവർ പോയിക്കഴിഞ്ഞപ്പോൾ ഞാൻ വീണ്ടും ചിന്തയിലാണ്ടു. "ഈ സ്ഥലം ഒരു യുദ്ധരംഗമായിത്തീൎന്നിരിക്കുകയാണു്. ഇവിടത്തെ ആമ്പുലൻസ് പ്രവർത്തകരാണു ഞങ്ങൾ. എന്തൊക്കെ വന്നാലും കർത്തവ്യനിൎവ്വഹണത്തിൽ ഏർപ്പെട്ടു് ഇവിടെത്തന്നെ നില്ക്കണം. ഒരുപക്ഷേ, ഇതേ ഇനം ബോംബുപയോഗിച്ചു് ശത്രുക്കൾ വേറൊരാക്രമണംകൂടി ഞങ്ങളുടെ മേൽ നടത്തിയേക്കാം. ഈ അവസരത്തിൽ സമചിത്തത പാലിക്കേണ്ടതു് അത്യാവശ്യമത്രേ. വരുന്നതൊക്കെ നേരിടണം. ഇവിടെയുള്ളവരെയെല്ലാം ഒരുമിച്ചുകൂട്ടി ചെറുസംഘങ്ങളായി തിരിച്ചു് വേലയ്യൊരുങ്ങണം. മരുന്നുകളും ഭക്ഷണവും ശേഖരിക്കാൻ ശ്രമിച്ചേ തീരു. പിന്നീടു് തുറന്നസ്ഥലത്തു് ഒരാസ്പത്രി നിർമ്മിക്കുന്നതിനുവേണ്ടിയുള്ള പ്രാരംഭനടപടികളെടുക്കാൻ ഒരു പ്രവൎത്തകസമിതിയെ നിയമിക്കേണ്ടിവന്നേക്കും. അടുത്ത പ്രാവശ്യം നാഗസാക്കിയെ ആക്രമിക്കുന്നതു് തീർച്ചയായും കടലിൽനിന്നായിരിക്കും. അകലെയുള്ള സമതലപ്രദേശത്തേക്കു കഴിയുന്നതുംവേഗം രോഗികളെ നീക്കം ചെയ്യണം.

ഞാൻ ജനലിലൂടെ വെളിയിലേക്കു നോക്കി. തീനാളങ്ങളുടേതായ ഒരു കൊടുംകാടുമാത്രമേ അവിടെ കാണാൻ കഴിഞ്ഞുള്ളു. തകർച്ചയുടെ ശബ്ദംകേട്ടപ്പോൾ ഞങ്ങളുടെ കെട്ടിടത്തിന്നും തീപ്പിടിച്ചിരിക്കയാണെന്നു തോന്നി. ഉപകരണങ്ങൾ എങ്ങനെയിരിക്കുന്നു എന്നു നോക്കാൻ പോയവർ ഓരോരുത്തരായി തിരിച്ചുവന്നു.

അവർ എല്ലാവരും നൽകിയ വിവരണം ഒന്നുതന്നെയായിരുന്നു. എല്ലാം തവിട്ടുപൊടിയായിക്കിടക്കുന്നു. പൊട്ടിയ 'വാൽവു'കൾ, കെട്ടുപിണഞ്ഞ കമ്പികൾ, ചതഞ്ഞുപോയ 'ട്രാൻസ്‌ഫോമർ', (അതുനക്കാൻപോലും അവർക്കു കഴിഞ്ഞില്ല)—ഇങ്ങനെ നീണ്ടുപോയി അവരുടെ വർണ്ണന. ഏതാനും മാതൃകകൾ പരീക്ഷണശാലയുടെ തറയിൽ നിരത്തിവെച്ചു.

ഞാൻ എന്താണ് പറയാൻപോകുന്നതെന്നറിയാൻ അവരെല്ലാവരും എന്റെ നേരെ നോക്കി. പ്രൊഫസർമാരും, രോഗിശുശ്രൂഷാവിദഗ്ദ്ധരും മററു വിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികളുമെല്ലാം രക്തരൂഷിതരായി ഒന്നും മിണ്ടാതെ എന്റെ മുമ്പിലൂടെ കടന്നുപോയി. അഗ്നിബാധ അനുനിമിഷം വർദ്ധിച്ചുവന്നു. പാളിപ്പറക്കുന്ന തീക്കനലുകൾ ജനലുകളിലൂടെ ഉള്ളിലേക്കു കടന്നു. ഞങ്ങൾ എന്തു ചെയ്യാനാണ്? ഞാൻ ചുററും നിന്നവരോടു പറഞ്ഞു: "ശാന്തരായിരിക്കുക. ഉടനേ എന്തെങ്കിലും ചെയ്തേ ഒക്കൂ. ഇവിടെ ഇങ്ങനെ നിന്നാൽ ഏതാനും മിനിററുകൾക്കുള്ളിൽ നാം കത്തിച്ചാമ്പലാകും." ആ അവസരത്തിൽ നിസ്സഹായതയുടേതായ ഒരു ചിരി ഞാൻ ചിരിച്ചുപോയി. തികച്ചും അപ്രതീക്ഷിതമായ എന്റെ പൊള്ളച്ചിരി മററുള്ളവരെയും ചിരിപ്പിച്ചു. കുറെനേരത്തേക്ക് ഞങ്ങൾ കിറുക്കന്മാരെപ്പോലെ ഒരു കൂട്ടച്ചിരി നടത്തി. ചിരിയടങ്ങിയപ്പോൾ ഞാൻ അവരോടു പറഞ്ഞു: "നിങ്ങളെത്തന്നെ ഒന്നു നോക്കുക. ഈ നിലയിൽ സമരം തുടരുവാൻ നിങ്ങൾക്കു കഴിയുകയില്ല. നമുക്കല്ലം ഒരുങ്ങാനുണ്ട്. മുഖ്യകവാടത്തിനു മുമ്പിൽ നമുക്കു സമ്മേളിക്കാം. ഊണുകഴി

ക്കാൻ മറക്കരുതു്. ഒട്ടിയ വയറുമായി വേലചെയ്യുന്ന തെങ്ങനെയാണു്?"

അവർ വളരെ ഉത്സാഹത്തോടെ എന്റെ നിർദ്ദേശങ്ങൾ സ്വീകരിച്ചു. അവർ പോകുന്നതു നോക്കിനിന്നപ്പോൾ എനിക്കു തോന്നി അവരുടെ സ്ഥിതി കുറെയൊക്കെ മെച്ചപ്പെട്ടിട്ടുണ്ടെന്നു്. ഡോക്ടർ സി എന്റെ ഷൂസ് എടുത്തുതന്നു. പ്രധാന ശുശ്രൂഷിക ഒരു കോട്ടും ഇരുമ്പുതൊപ്പിയും എനിക്കു നൽകി. അവ ധരിച്ചു ഞാൻ വലിയ വാതിൽക്കലേക്കു പോയി. പ്രസവശുശ്രൂഷാമുറിയിലെ ഒരു പരിചാരിക എന്തു ചെയ്യണമെന്നറിയാതെ നട്ടംതിരിയുന്നതു കണ്ടു. അവളുടെ തോളത്തു് ആഞ്ഞടിച്ചുകൊണ്ടു് ഞാൻ അലറി, "ഇവിടന്നു പുറത്തുപോകൂ." ഞാൻ പറഞ്ഞതു് അവൾ കേട്ടമട്ടുപോലും കാണിച്ചില്ല. അവൾ വീണ്ടും വട്ടംകറങ്ങിക്കൊണ്ടിരുന്നു. പൊട്ടലിന്റെ ഉഗ്രതയാൽ അവൾക്കു താല്ക്കാലികമായ ചിത്തഭ്രമം പിടിപെട്ടതായിരിക്കാം.

വാതിലിന്റെ മുൻവശം നിറയെ പരുക്കേററവരും മരിച്ചവരും കിടന്നിരുന്നു. പോരെങ്കിൽ നഗരത്തിലെ ആളുകളിൽ പലരും വൈദ്യസഹായം തേടി കുന്നുകയറി മെഡിക്കൽകോളേജാശുപത്രിയിലേക്കു വന്നുകൊണ്ടിരുന്നു. പൂർണ്ണമായി നശിക്കാത്ത കെട്ടിടങ്ങളിൽനിന്നു മുറിവേററവരേയും മരണോന്മുഖരേയും വഹിച്ചുകൊണ്ടു പലരും ഞങ്ങളുടെ സമീപത്തേക്കു് ഇഴഞ്ഞുനീങ്ങി.

വല്ലാത്തൊരു വിഷമസന്ധിയായിരുന്നു അതു്. അവർക്കുവേണ്ടി ഞങ്ങൾ എന്തുചെയ്യും? എങ്ങനെ അവരെ സഹായിക്കും? എല്ലാ ജീവനും വിലപ്പെട്ടതാണു്.

ഭാഗ്യഹീനരായ ഈ മനുഷ്യരിലൊരുത്തർക്കും അവനവന്റെ ശരീരം ഏററവും പ്രധാനപ്പെട്ട വസ്തുവായിരുന്നു. വലുതോ ചെറുതോ ആയ മുറിവുകളിൽ അവരുടെ ശ്രദ്ധ മുഴുവനും കേന്ദ്രീഭവിച്ചിരുന്നു. ഒരു ഡോക്ടരുടെ ചികിത്സ അവർക്കാവശ്യമായിരുന്നു. അവരെ തൃപ്തിപ്പെടുത്തേണ്ടതു് എന്റെ കടമ ആയിരുന്നുതാനും. പക്ഷേ, അസംഖ്യം പേർക്കു് പരുക്കേററിട്ടുണ്ടു്. മരുന്നാണെങ്കിൽ പൂജ്യവും. അഗ്നിബാധ അതിശീഘ്രം ഞങ്ങളെ സമീപിക്കുകയാണു്. ഞങ്ങൾ വളരെ കുറച്ചുപേരേ അവിടെ ഉണ്ടായിരുന്നുള്ളു. ഏററം അടുത്തുനിന്ന മൂന്നു പേരുടെ മുറിവുകൾ ഞാൻ ശുശ്രൂഷിച്ചു. സ്ഥിതിഗതികളെ ആകമാനം പരിഗണിക്കേണ്ടതു് അവശ്യാവശ്യമാണെന്നു് എനിക്കു തോന്നി. അല്ലാത്തപക്ഷം ഞാനും എന്റെ ശുശ്രൂഷയേല്ക്കുന്നവരും എല്ലാം ഉടനെ അഗ്നിക്കിരയാകും.

പൊട്ടിത്തെറി നടന്നിട്ടു് ഇരുപതു മിനിട്ടു കഴിഞ്ഞിരുന്നു. ഉറക്കാമിയിലെ നഗരപ്രദേശം മുഴുവനും കത്തിജ്ജ്വലിക്കുകയാണു്. ആസ്പത്രിയുടെ കേന്ദ്രഭാഗത്തിന്നുപോലും തീപ്പിടിച്ചിട്ടുണ്ടു്. കുന്നിന്നരികെയുള്ള പൗരസ്ത്യപാർശ്വംമാത്രം കേടുപററാതെ നിലകൊണ്ടു. പക്ഷേ, ഞങ്ങൾക്കു് ഉപകരണങ്ങളില്ല, ആൾസഹായവുമില്ല. ആളിപ്പടരുന്ന അഗ്നിബാധയെ നിസ്സഹായരായി നോക്കിനില്ക്കാനല്ലാതെ മററൊന്നും ചെയ്യാൻ കഴിവുണ്ടായിരുന്നില്ല. നരകതുല്യമായ അഗ്നികുണ്ഡത്തിൽനിന്നു രക്ഷപ്പെടാൻ വേച്ചും വീണും മലകയറിവരുന്ന നഗ്നശരീരങ്ങളുടെ ദയനീയജാഥ തുടർന്നുകൊണ്ടേയിരുന്നു. സ്വന്തം പിതാവിന്റെ മൃതദേഹം വലിച്ചുകൊണ്ടു രണ്ടു കുട്ടികൾ കടന്നുപോയി. തലയററ ഒരു ശിശുവിനെ

മാറോടു ചേർത്തുപിടിച്ച് യുവതിയായ ഒരമ്മ ഓടു കയാണ്. പരസ്പരം കൈപിടിച്ചുകൊണ്ടു് രണ്ടു വൃദ്ധദ മ്പതിമാർ കുന്നുകയറി വരുന്നു. കുന്നിൻമുകളിലെത്തിയ ഉടനെ ഒരു സ്ത്രീയുടെ വസ്ത്രങ്ങൾക്കു് തീപ്പിടിക്കുകയും ആളിക്കത്തുന്ന വൈക്കോൽപ്പന്തുപോലെ അവൾ താഴോട്ടുരുണ്ടുപോകയും ചെയ്യുന്നു. സുബോധം നഷ്ടപ്പെട്ട ഒരു മനുഷ്യൻ കത്തുന്ന ഒരു വീടിന്റെ മുകളിൽക്കയറി നിന്നു് നൃത്തം ചെയ്യുന്നു. ഓടിയവരിൽ പലരും ഇടയ്ക്കു നിന്നു് തിരിഞ്ഞുനോക്കി. മററുള്ളവർ പിമ്പോട്ടു തിരി യാൻ ധൈര്യപ്പെടാതെ മുമ്പോട്ടുതന്നെ വെച്ചുപിടിച്ചു. കുറേ മുമ്പോട്ടോടിയ ഒരു വലിയ ബാലൻ തിരിഞ്ഞുനി ന്നു വേഗം വരാൻ സഹോദരിയെ വിളിച്ചു. അല്പനേരം നില്ക്കാൻ അവൾ അവനോടു യാചിച്ചു. ഇവരുടെയെല്ലാം പിമ്പിൽ ഒരു അഗ്നിക്കടൽ ഇരമ്പി. അതു കൂടുതൽ കൂ ടുതൽ അടുത്തുവരുകയാണ്.

പത്തു ശതമാനം ആളുകൾക്കു മാത്രമേ ആ ഘോര നരകത്തിൽനിന്നു രക്ഷപ്പെടാൻ ഭാഗ്യം ലഭിച്ചുള്ളൂ. ത കർന്നുവീണ മേൽക്കൂരകളുടെയും തടിക്കഷണങ്ങളുടെയും കീഴിൽ കുടുങ്ങി ജീവനോടെ കത്തിച്ചാവുകയായിരുന്നു മറ്റുള്ളവരെല്ലാം. കാററിന്റെ ആഘാതമേററു് തീ കൂടു തൽ ഉഗ്രമായി ആളി. സഹായത്തിന്നുവേണ്ടിയുള്ള നി ലവിളികളും മരണവേദനയുടേതായ കരച്ചിലുകളും ഇട യ്ക്കിടയ്ക്കു കേൾക്കാൻ കഴിഞ്ഞു. ഭയത്തിന്റെയും യാത നയുടെയും മരണത്തിന്റെയുമായ ഈ ദുരൂഹദൃശ്യത്തെ ഞാൻ കൈകെട്ടിനിന്നു നോക്കി. അപ്പോഴത്തെപ്പോലു ള്ള നിസ്സഹായതയും അല്പതയും ഞാൻ ജീവിതത്തിൽ ഒരിക്കലും അനുഭവിച്ചിട്ടില്ല. എനിക്കു് ഒന്നും ചെയ്യാൻ കഴിഞ്ഞില്ല. യാതൊന്നും.

കുറെക്കഴിഞ്ഞപ്പോഴേക്കും എൻെറ കീഴിൽ പഠിച്ചുവന്ന റേഡിയോളജിവിഭാഗത്തിലെ വിദ്യാൎത്ഥികൾ അടുത്തുവന്നു. അഭയകേന്ദ്രത്തിലേക്കോടിരക്ഷപ്പെട്ട മൊറിയൂച്ചി അക്കൂട്ടത്തിലുണ്ടായിരുന്നു. പെട്ടെന്ന്, എവിടെനിന്നാണെന്നറിഞ്ഞുകൂടാ, ഒരാൾ ഓടിവന്ന് മുഖ്യ ശുശ്രൂഷികയുടെ കഴുത്തിൽ കൈചുററി. സ്ത്രീരോഗ ചികിത്സാകേന്ദ്രത്തിലെ എക്സ്റേ വിദഗ്ദ്ധ മിസ് കൊസാസ ആയിരുന്നു അതു്. അവളുടെ തലമുടി കത്തിപ്പോയിരുന്നു. ചുട്ട മാംസത്തിൻെറ മണം അവളിൽനിന്നു പുറപ്പെട്ടു. അവളുടെ വസ്ത്രങ്ങൾ കത്തിയും കീറിയും കാണായി. അവൾ രണ്ടു പരിചാരികമാരെ അഗ്നിയിൽനിന്നു രക്ഷിച്ചിട്ടാണു വന്നതു്. ആളിക്കത്തുന്ന തീയിലൂടെ ഞങ്ങളുടെ സമീപം വന്നെത്തുവാൻ തനിക്കെങ്ങനെ കഴിഞ്ഞുവെന്ന് അവൾ അറിഞ്ഞതേയില്ല. മിസ് സകിതയെയും മിസ് കനേകയെയുംമാത്രം അതുവരെ കണ്ടുകിട്ടിയില്ല. അവർ രണ്ടുപേരും ത്വക്‌രോഗചികിത്സയുടെയും ശസ്ത്രക്രിയാവിഭാഗത്തിൻെറയും എക്സ്റേ വിദഗ്ദ്ധകളായിരുന്നു.

ഉപകരണങ്ങൾ അവിടെ ഉപേക്ഷിച്ചിട്ട് ജനങ്ങളുടെ സഹായത്തിന്നെത്തുവാൻ ഞങ്ങൾ തീരുമാനിച്ചു. കഴിയുന്നിടത്തോളം ആളുകളെ രക്ഷിക്കാൻവേണ്ടി രണ്ടുപേർവീതം കത്തുന്ന ആസ്പത്രിയിലേക്കു കയറി. സകിതയെയും കനേകയെയും കണ്ടെടുക്കാമെന്ന പ്രതീക്ഷയോടെ കൊസാസയും മൊറിയൂച്ചിയും വീണ്ടും തീജ്ജ്വാലകൾക്കുള്ളിലേക്കു ചാടിമറഞ്ഞു. ഉമേഷുവിനെ പുറത്തു വഹിച്ചുകൊണ്ടു് കോറോ ആസ്പത്രിക്കു് പിൻഭാഗത്തുള്ള കുന്നുകയറി. റഷ്യയും ജപ്പാനും തമ്മിലുണ്ടായ യുദ്ധത്തിൻെറ ഒരാവൎത്തനംപോലിരുന്നു ആ കാഴ്ച.

ഞങ്ങളുടെ സഹായത്താൽ സ്വാതന്ത്ര്യം പ്രാപിച്ചവർ എഴുന്നേററു് കണ്ണുമിഴിച്ചോടി. ഞാൻ അവരെ വിളിച്ചുനോക്കി. മറുപടി ഉണ്ടായില്ല. എങ്ങോട്ടു തിരിയണമെന്നോ എന്തു ചെയ്യണമെന്നോ അവക്കറിയാമായിരുന്നില്ല. ആശുപത്രിയിൽനിന്നു് ഓടിപ്പോയാൽ അവരെ സ്വീകരിച്ചു ശുശ്രൂഷിക്കുവാൻ ആരാണുള്ളതു്? തിരിച്ചുവരാൻ ഞാൻ അവരോടു വിളിച്ചുപറഞ്ഞു. പക്ഷേ, അതവർ കേട്ടതേയില്ല.

ഞാൻ ശസ്ത്രക്രിയാവേദിയുടെ സമീപത്തെത്തി. അവിടമെല്ലാം വെള്ളം മെത്തിക്കിടന്നിരുന്നു. പ്രധാന ജലശേഖരം പൊട്ടിപ്പോയതാണതിനു കാരണം. വെള്ളത്തിലൂടെ നടന്നു് ഞാൻ ഔഷധമുറിയിൽ പ്രവേശിച്ചു. അവിടത്തെ ദയനീയസ്ഥിതി കണ്ടപ്പോൾ എൻെറ തൊണ്ടയിടറി. മഞ്ചലുകൾപോലും നശിപ്പിക്കപ്പെട്ടിരുന്നു. ഉപകരണങ്ങളെല്ലാം തറയിൽ വിതറിക്കിടക്കുന്നു. കുപ്പികൾ, കുഴലുകൾ, പളുങ്കുപാത്രങ്ങൾ—ഇവയെല്ലാം തകൎന്നു തരിപ്പണമായി. അവയ്ക്കുള്ളിലുണ്ടായിരുന്ന മരുന്നുകൾ തറയിലെ വെള്ളത്തിൽ കലൎന്നു് ഒരുതരം അവിയലായി കാണപ്പെട്ടു.

ഇതുപോലുള്ള ഒരടിയന്തിരാവസ്ഥയിൽ ഉപയോഗിക്കാനല്ലേ ഞങ്ങൾ ഈ മരുന്നുകളെല്ലാം ശേഖരിച്ചുവെച്ചതു്? എല്ലാം നശിച്ചു തവിടുപൊടിയായിക്കിടക്കുന്നു. മുറിവേററവരും അംഗഹീനരുമായ ആയിരമായിരം മനുഷ്യരെ ശുശ്രൂഷിക്കേണ്ട ചുമതല ഞങ്ങളുടെ തോളുകളിൽ വന്നു വീണിരിക്കയാണു്. കൈകൊണ്ടുവേണം എല്ലാം ചെയ്യുവാൻ. മനുഷ്യരുടെ ജീവൻ രക്ഷിക്കാൻ, ബുദ്ധിയും സേവനസന്നദ്ധതയും കൈകളുമൊഴിച്ചു് വേറൊന്നും ഞങ്ങൾക്കുണ്ടായിരുന്നില്ല. കനമാൎന്ന

ഹൃദയത്തോടെ ഞാൻ കോണിപ്പടികഠം കയറി. അല്പം മുകളിൽ ചെന്നപ്പോഠം തിരിഞ്ഞുനിന്നു വീണ്ടും നാല്പ പാടും നോക്കി.

ഉന്മേഷരഹിതനായ എൻെറ സഹായത്തിനു് ഇരുപതു സ്വയംസേവകരുണ്ടായിരുന്നു. പരിചാരികമാരും വൈദ്യശാസ്ത്രവിദ്യാത്ഥികളുമായ അവർ എൻെറ ഉദ്യമങ്ങളിൽ സഹകരിക്കാൻ സന്നദ്ധരായിരുന്നു. പരുക്കേററവരെ കൂട്ടിക്കൊണ്ടുവരുവാൻ അവർ രണ്ടുപേർ വീതം മുറികഠംക്കുള്ളിലേക്കു പോയി.

മുറിവേററവരെ കൽക്കരിശാലയിൽ ശേഖരിച്ചു കിടത്തി. തീക്കനെലുകഠം പറന്നുകയറാത്ത ഏകസ്ഥലം അതായിരുന്നു. ഒന്നും ചെയ്യാനാവാതെ ഞാൻ നോക്കിനിന്നു. തീനാളങ്ങഠം ഞങ്ങളുടെ അടുക്കലേക്കു പാഞ്ഞുവന്നു. കരിമ്പുകക്കൂട്ടങ്ങഠം ആകാശത്തിലേക്കുയൻനു. അഗ്നിയുടെ നിഴലേററ അന്തരീക്ഷം ഭീഷകമായ ചുവപ്പു നിറമാൻനു.

"എങ്ങനെയെങ്കിലും നാം പ്രസിഡണ്ടിനെ രക്ഷിക്കണം!" ആരോ വിളിച്ചുപറഞ്ഞു. ഞാൻ തിരിഞ്ഞു നോക്കിയപ്പോഠം വാതിൽക്കൽ നില്ക്കുന്ന തോമോക്കിയോവിനെക്കണ്ടു. അയാളുടെ പുറത്തു ചുവന്ന ഒരു മാംസപിണ്ഡമിരുപ്പുണ്ടു്. അതാണു് ഡോക്ടർ സൂണോ. അദ്ദേഹത്തിൻെറ തലമുടിയും മുഖവും ഷർട്ടും മററു വസ്ത്രങ്ങളുമെല്ലാം രക്തത്തിൽ കുതിന്നിരുന്നു. അദ്ദേഹത്തിൻെറ കണ്ണട എവിടെയോ തെറിച്ചുപോയി.

"ഓ നാഗായി," അദ്ദേഹം പറഞ്ഞു, "ഇതു ഭയങ്കരംതന്നെ, അല്ലേ? താങ്കഠം വളരെ വിഷമിച്ചുകാണുമല്ലോ." ഞാൻ അദ്ദേഹത്തിൻ്റെ നാഡിപിടിച്ചു നോക്കി. അതു ദുർബ്ബലമോ ക്രമരഹിതമോ ആയിരുന്നില്ല. അട

ത്തുള്ള കുന്നിൻചെരുവു് ഏറെക്കുറെ സുരക്ഷിതമായിരുന്നതിനാൽ പ്രസിഡണ്ടിനെ അങ്ങോട്ടു് എടുത്തുകൊണ്ടുപോകാൻ തോമോക്കിയോവിനു് ഞാൻ നിർദ്ദേശം നൽകി. അദ്ദേഹം അവിടെ അല്പനേരം വിശ്രമിക്കട്ടെ. അവരോടൊപ്പം പോയ ഡോക്ടർ സി പ്രസിഡണ്ടിനു് ഒരു ഇഞ്ചെക്ൿഷൻ കൊടുത്തു.

ഡോക്ടർ ത്സുണോ വിസ്ഫോടനം നടന്നപ്പോൾ രോഗികളെ പരിശോധിച്ചുകൊണ്ടിരിക്കുകയായിരുന്നു. അടുത്തുനിന്ന ഡോക്ടർ കോവിനു് വല്ലാതെ പരുക്കുപററി. എങ്കിലും അദ്ദേഹം പ്രസിഡണ്ടിനെ അവിടെനിന്നെടുത്തു് വരാന്തയിലേക്കു കൊണ്ടുവന്നു. രക്തനഷ്ടവും തജ്ജന്യമായ ബലഹീനതയുംനിമിത്തം ഡോക്ടർ കോ വീണുപോയി. അങ്ങനെ കിടന്നപ്പോഴാണു് തോമോക്കിയോ അവരെക്കണ്ടതു്.

പ്രധാന ശുശ്രൂഷിക മിസ് മേഡ പ്രസിഡണ്ടിന്റെ സ്ഥിതി തിരക്കിക്കൊണ്ടു് അവിടെ വന്നു. വിളറി ചാരനിറംപൂണ്ട അവരുടെ പുരികങ്ങൾക്കു മുകളിൽ നിന്നു രക്തം ഒലിക്കുന്നുണ്ടായിരുന്നു. അദ്ദേഹം എവിടെയാണെന്നു കേട്ടയുടനെ അവർ കുന്നിൻചെരുവിലേക്കോടി.

മിസ് ഹഷിമോത്തോവിനു പതിനേഴു വയസ്സും മിസ് ത്സുബാക്കിയാമോയ്ക്കു പതിനാറു വയസ്സും പ്രായമുണ്ടായിരുന്നു. അവരുടെ ശരീരാകൃതിയിലുള്ള വ്യത്യാസം നിമിത്തം ഹഷിമോത്തോവിനെ 'കൊച്ചുവീപ്പ' (Little Barrel) എന്നും ത്സുബാക്കിയാമോയെ 'ചെറുപയറു്'(Little Bean) എന്നും വിളിച്ചുവന്നു. അവർ ഹോളിൽ പ്രവേശിച്ചപ്പോൾ അവിടെ ഏഴെട്ടുപേർ കൂടിക്കിടക്കു

ന്നതു കണ്ടു. തറയിൽ കിടന്നു കരഞ്ഞ ആ രോഗികളെയും വിദ്യാത്ഥികളെയും അവർ കല്ലൂരിശാലയിലേക്കു ചുമന്നുകൊണ്ടുപോയി. പിന്നീടു രോഗനിണ്ണയമുറിയിലേക്കു തിരിച്ചുവന്നു. 'കൊച്ചുവീപ്പ' അവിടെ ഒരു നേഴ്സിനെക്കണ്ടു. അവൾക്കു് ആ നേഴ്സിൻെറ പേരു മാത്രമേ അറിയാമായിരുന്നുള്ളു. അവളെ അഭയസ്ഥാനത്തേക്കു് എടുത്തുകൊണ്ടുപോയപ്പോൾ സുബാക്കിയാമോസ്സുക്കു് അത്ഭുതപൂവ്വമായ ഒരാനന്ദം ഉണ്ടായി. പരുക്കേററു ബോധരഹിതയായ ഹമസാക്കി, തന്നെ ആരോ രക്ഷിക്കുകയാണെന്നറിയാതെ കരഞ്ഞുകൊണ്ടിരുന്നു. അക്കാര്യം ഓത്തപ്പോൾ 'കൊച്ചുവീപ്പ' ചിരിച്ചുപോയി.

സ്വന്തം ബാല്യകാലത്തെപ്പററി അവൾ ചിന്തിച്ചു. അന്നൊക്കെ പറിച്ചുതിന്നാറുണ്ടായിരുന്ന മാമ്പഴ*ങ്ങളെപ്പററി അവൾ ഓത്തു. എത്ര മധുരമുള്ള പഴങ്ങൾ! അവിടെയുമിവിടെയും അവർ മാമ്പഴങ്ങൾ ഒളിച്ചുവെയ്ക്കാറുണ്ടായിരുന്നു. രാവിലെയും വൈകുന്നേരവും അതു് എടുത്തുതിന്നും. ജ്യേഷ്ഠത്തിയോ കൊച്ചനുജനോ ഇക്കാര്യം അറിയുകയേയില്ല. മാമ്പഴം മുഴുവനും അവളുടേതായിരിക്കും. എത്രയോ നിമ്മലമായ ആനന്ദാനുഭൂതി!

'ചെറുപയറി'ൻെറ ചിന്ത വേറൊരു വഴിക്കാണു പോയതു്. അവൾ ചുമന്നുകൊണ്ടുപോയ മനുഷ്യരുടെ ഭാരം ആശ്ചയ്യജനകമാംവിധം നിസ്സാരമായി അവൾക്കു തോന്നി. പരിശീലനകാലത്തു് അഭ്യാസത്തിനുവേണ്ടി നല്ല തടിയന്മാരെ ആംബുലൻസുകളിലേക്കോ പ്രഥമ ശുശ്രൂഷാസ്ഥലത്തേക്കോ വഹിക്കേണ്ടിവന്ന അവസര

---

* 'Strawberries' ആണു് മൂലകൃതിയിൽ. പകരം മലയാളികൾക്കു കൂടുതൽ പരിചയമുള്ള 'മാമ്പഴം' എന്നു മാററി വിവത്തനം ചെയ്യുന്നു.

ങ്ങളെപ്പററി അവൾ ഓത്തു. ഈ മനുഷ്യരുടെ ഭാരം കുറയാൻ കാരണം മുറിവുകളിലൂടെ രക്തം ചോൎന്നുപോയതാവാം, അവൾ ആത്മഗതം ചെയ്തു.

അവളുടെ ചിന്തകൾ വീണ്ടും പല വഴിക്കും പടൎന്നുപോയി. പരിശീലനവേളകളിൽ പ്രൊഫസർ നാഗായി അത്രയേറെ കാൎക്കശ്യം കാണിച്ചതെന്തിനായിരിക്കും. യാഥാൎത്ഥ്യം ഇത്ര ഭയങ്കരമായിരുന്നില്ലെങ്കിൽ അന്നത്തെ ബുദ്ധിമുട്ടുകളൊക്കെ പാഴായിപ്പോയേനെ. ഇപ്പോൾ തനിക്കു ശവങ്ങളേയും വാസ്തവത്തിൽ പരുക്കേറ്റവരേയും കൈകാൎയ്യം ചെയ്യേണ്ടിവന്നപ്പോൾ അവൾക്കു നല്ല ആത്മവിശ്വാസം തോന്നി. എത്ര എളുപ്പമുള്ള ജോലി. എങ്കിലും താൻ തനിച്ചാണല്ലോ എന്ന ചിന്ത അവളെ അലട്ടി.

കഴിഞ്ഞകൊല്ലം അവളോടൊപ്പം രോഗിപരിചരണമുറകൾ പഠിച്ച കൊയ്യാഞ്ചിയും യോഷിദയും ഇപ്പോൾ അടുത്തില്ല. അഗ്നി അവരെ വേൎതിരിച്ചിരിക്കയാണു്. ആ പൂൎവ്വകാലസഖികൾ ഇപ്പോൾ ജീവിച്ചിരിപ്പുണ്ടോ എന്നുപോലും അവൾക്കറിഞ്ഞുകൂടാ. അവർ അടുത്തെവിടെയോ ഉണ്ടെന്നും ഉടനെ തിരിച്ചുവരുമെന്നും അവൾക്കു തോന്നി. ജനലിലൂടെ തല പുറത്തേക്കു നീട്ടി അവൾ അവരെ ഉറക്കെ വിളിച്ചുനോക്കി. അവളുടെ മുമ്പിൽ കത്തിയെരിഞ്ഞുകൊണ്ടുനിന്ന കെട്ടിടം ആ നിമിഷം വലിയ ഒച്ചയോടെ അവളുടെ നേരെ വീഴാൻപോകുന്നപോലെ ഞെരിഞ്ഞു.

രണ്ടു പരിചാരികമാരും കൂടി മുറിവേററവരെ നീക്കംചെയ്തപ്പോഴെല്ലാം തീ പടൎന്നുകൊണ്ടിരുന്നു. എന്നിട്ടും വായും മൂക്കും തുണികൊണ്ടു കെട്ടി, പുകയും തീയും നിറഞ്ഞ മുറികളിൽ കയറി, സഹായാൎത്ഥികളെ എടുത്തു

നീക്കുകയെന്ന ഈ ജോലി അവക്ക് സവ്വോപരി സുഖദവും പ്രോത്സാഹകവുമായനുഭവപ്പെട്ടു. പുറത്തേക്കു വന്നപ്പോൾ അവരുടെ കൈകൾ വല്ലാതെ പൊള്ളുന്നുണ്ടായിരുന്നു. തന്റെ വസ്ത്രത്തിൽ അവിടെയുമിവിടെയും തീപ്പിടിച്ചതു് 'കൊച്ചുവീപ്പ' കാണാതിരുന്നില്ല. വിലപ്പെട്ട ആ നിമിഷങ്ങളിൽ അവക്ക് വ്യക്തമായി, രോഗിശുശ്രൂഷകരാകാൻ കഴിഞ്ഞതു് എത്ര സന്തോഷകരമായ മഹാഭാഗ്യമാണെന്നു്.

ബോധംകെട്ട സഹായാത്ഥികളെ നീക്കംചെയ്യാനെളുപ്പമായിരുന്നു. ബോധമുള്ളവരാണു് വിഷമതകൾ സൃഷ്ടിച്ചതു്. അവർ നോവുന്നെന്നു പരാതിപറഞ്ഞു കൊണ്ടു പയ്യെപ്പോകാൻ ആവശ്യപ്പെട്ടു.

തങ്ങളുടെ സ്നേഹപാത്രമായ ഒരു വ്യക്തിയോ വസ്തുവോ കാണാതായപ്പോൾ വീണ്ടും പോയിത്തിരക്കാൻ അവർ പരിചാരികമാരോടഭ്യത്ഥിച്ചു. ആ ദുരന്തത്തിന്റെ ആഴവും പരപ്പും അവക്ക് മനസ്സിലായില്ല.

•

തസൂബാക്കിയാമോയുടെ കൈയിൽ കെട്ടിയിരുന്ന വാച്ചിൽ നോക്കിയപ്പോൾ മണി മൂന്നായെന്നു കണ്ടു. പ്രവത്തിച്ചുകൊണ്ടിരുന്ന ഏക വാച്ചു് അതായിരുന്നു. ദുരന്തം അതിന്റെ അത്യുച്ചാവസ്ഥയിലെത്തിയ സമയം ഞങ്ങളറിയാതെതന്നെ മൂന്നു മണിക്കൂർ കടന്നുപോയി. കുറെ നേരത്തേക്കു് ഒരു പടിഞ്ഞാറൻ കാററു് അടിക്കുന്നുണ്ടായിരുന്നു. അമ്പതു മീററർ പൊക്കമുള്ള തീജ്വാലകൾ ആകാശത്തിലേക്കുയന്നു. കാറ്റേററു് അവ കിഴക്കോട്ടു പടന്നു. കല്ലൂരിശാലയിലേക്കും തീനാളങ്ങൾ എത്തിക്കഴിഞ്ഞിരുന്നു. തന്നിമിത്തം പരുക്കേററവരെ

മലമുകളിലുള്ള ഉരുളക്കിഴങ്ങിൻ തോട്ടത്തിലേക്ക നീക്കംചെയ്യാൻ ഞാൻ തീരുമാനിച്ചു.

അതു് അത്ര എളുപ്പമുള്ള ജോലി ആയിരുന്നില്ല. ഇടുങ്ങിയതും ചപ്പുവസ്തുക്കൾ നിറഞ്ഞതുമായ വഴിയിലൂടെ മരണോന്മുഖരെ വഹിച്ചുകൊണ്ടു പോകേണ്ടിയിരുന്നു. പോരെങ്കിൽ മതിലുകൾ കയറുന്നതിനു മുമ്പു് കീഴ്ക്കാംതൂക്കായ കയററങ്ങൾ തരണംചെയ്യാനുമുണ്ടായിരുന്നു. ഞാൻ രണ്ടുപേരെ എൻെറ പുറത്തു കയററി ചുമന്നുകൊണ്ടുപോയി. മൂന്നാമതൊരാളെ മാററാൻ ശ്രമിച്ചപ്പോൾ എനിക്കതിനു് ശക്തിയില്ലെന്നുതോന്നി. മൂന്നുപ്രാവശ്യം 'ബാന്റേജ്' പുതുക്കിയെങ്കിലും എന്റെ നെററിയിലെ മുറിവിൽനിന്നുള്ള രക്തപ്രവാഹം തുടൎന്നുകൊണ്ടിരുന്നു. ഞാൻ വിളറി ക്ഷീണിച്ചിരിക്കുകയാണെന്നു് മുഖ്യശുശ്രൂഷിക മുന്നറിയിപ്പു നല്കി. എൻെറ നാടിയിടിപ്പു് വല്ലാതെ ക്ഷയിച്ചിരുന്നു.

'കൊച്ചു വീപ്പ'യും 'ചെറുപയറും' തങ്ങളേക്കാൾ ഭാരംകൂടിയ ആളുകളെ ഒരു ക്ലേശംകൂടാതെ ചുമന്നുകൊണ്ടുപോകുന്നതു് ഞാൻ കണ്ടു. രണ്ടുമാസം പ്രായമായ ഒരു പൈതൽ അമ്മയുടെ നിൎജ്ജീവജഡത്തിന്നരികെ കിടന്നു കരഞ്ഞു. തീ അടുത്തുവരുന്നതു കണ്ടു് ആ കുഞ്ഞിനെയെങ്കിലും രക്ഷിക്കണമെന്നു ഞാൻ ആഗ്രഹിച്ചു. അതിനെ എടുത്തു് കുന്നിൻമുകളിൽക്കയററിച്ചെന്നു് ഹമസ്റ്റായിയുടെ അടുക്കൽ കിടത്തി. അപ്പോൾ ആ ശിശുവിൻെറ മാതാവു് ഉറക്കെ നിലവിളിച്ചു—അവളുടെ അവസാനത്തെ നിലവിളി ആയിരുന്നു അതു്. എന്നിട്ടും യമദായും മുഖ്യശുശ്രൂഷികയും അവരെ വേർതിരിക്കാൻ ഇഷ്ടപ്പെട്ടില്ല. അവർ ആ മൃതദേഹം മുകളിലേക്കു കൊണ്ടുപോയി പൈതലിൻെറ

അടുക്കൽ കിടത്തി. കൊച്ചുകുഞ്ഞു് അപ്പോഴും ഉറക്കെ കരഞ്ഞുകൊണ്ടിരുന്നു. ബോംബുപൊട്ടലിൻെറ അവസരത്തിൽ വളരെ പ്രാണവായു ഉപയോഗിക്കപ്പെട്ടതിനാൽ ഞങ്ങൾക്കവിടെ ശ്വസിക്കാൻ പ്രയാസമുണ്ടായിരുന്നു. അന്തരീക്ഷം മുഴുവൻ $CO_2$ നിറഞ്ഞിരുന്നു. എല്ലാവക്കും വല്ലാത്ത കിതപ്പു് അനുഭവപ്പെട്ടു.

മഴയാരംഭിച്ചു. മഴത്തുള്ളികൾ കട്ടിയുള്ളവയും കറുത്തവയുമായിരുന്നു. അന്തരീക്ഷത്തിലെ കരിനിറംപൂണ്ട അണുമേഘങ്ങളിൽ നിന്നാണവ വീണതു്. ഓരോ തുള്ളിയും ഞങ്ങളുടെ വസ്ത്രങ്ങളിൽ മണ്ണെണ്ണയുടേതുപോലുള്ള കറയുണ്ടാക്കി.

ഞങ്ങൾ വീണ്ടും ത്സുമ്പാക്കിയാമോയുടെ വാച്ചിൽ നോക്കി. നാലുമണി സമയം. മലമുകളിലെ കൃഷിസ്ഥലത്തു രോഗികളെ നിരനിരയായി കിടത്തിയിരിക്കുകയാണു്. അഭയസ്ഥാനംതേടി വിദ്യാത്ഥികൾ ഓടിനടക്കുന്നു. താഴെയുള്ള നഗരം തീയും പുകയും മാത്രമായി കാണപ്പെട്ടു. മഴയത്തു് അവിടെയിരുന്നു, പടരുന്ന അഗ്നിയെ നോക്കാൻ മാത്രമേ ഞങ്ങൾക്കു കഴിഞ്ഞുള്ളു.

അല്പം വിശ്രമിക്കാനും വല്ലതും ഭക്ഷിക്കാനും എല്ലാവക്കും ഞാൻ ആജ്ഞനല്കി. വിശ്രമമാവശ്യമില്ലെന്നമട്ടിൽ അവർ ജോലി തുടന്നപ്പോൾ ഞാൻ നിർബന്ധിച്ചു. ഈ രീതിയിൽ പല ദിവസങ്ങളോ ആഴ്ചകൾതന്നെയോ ചെയ്യേണ്ടിവരുമെന്നു് ഞാൻ അവരെ ഓമ്മിപ്പിച്ചു. അല്പം ഭക്ഷണം കഴിച്ചതോടെ ഞങ്ങൾക്കൊരു നവോത്സാഹം വന്നു. രോഗികളുടെ മുറിവുകൾ ഞങ്ങൾ പരിചരിച്ചു. മുറിവു് വെച്ചുകെട്ടുക, തുന്നുക, മരുന്നുപുരട്ടുക, കുടിക്കാൻ വെള്ളം കൊടുക്കുക—ഇതെല്ലാം ഞങ്ങൾക്കു ചെയ്യാനുണ്ടായിരുന്നു. കൈയിൽ കിട്ടിയ

പുതപ്പുകളും കിടക്കവിരികളും എല്ലാം ഞങ്ങൾ രോഗികൾക്കു കൊടുത്തു. അതിനിടയ്ക്കു് ആരോ വിളിച്ചുപറഞ്ഞു, ശരീരശാസ്ത്രമാതൃകകൾ (specimens) വെച്ചിരുന്ന കെട്ടിടം കത്തിക്കൊണ്ടിരിക്കുന്നെന്നു്. പത്തുകൊല്ലത്തെ കഠിനാദ്ധ്വാനം ചാമ്പലാകുന്നതു ഞാൻ മനസ്സിൽ കണ്ടു. അതിലുണ്ടായിരുന്ന ചിത്രങ്ങൾ വേറൊരിടത്തും കിട്ടുമായിരുന്നില്ല.

ഒരു നിമിഷത്തിനുശേഷം ആരോ വന്നു പറഞ്ഞു, റേഡിയോളജിവിഭാഗത്തിനും തീപിടിച്ചിരിക്കുന്നെന്നു്. രോഗികളെ നീക്കംചെയ്യുന്ന വേലയിൽ മുഴുകിയിരുന്ന ഞങ്ങൾക്കു വൈദ്യശാസ്ത്രമാതൃകകളെയോ ഉപകരണങ്ങളെയോ പററി ശ്രദ്ധിക്കുവാൻ കഴിഞ്ഞില്ല. എല്ലാം കത്തിയെരിയുന്നതു് ഞങ്ങൾ നിശ്ശബ്ദരായി നിന്നു കണ്ടു.

അഗ്നി പടന്നുകൊണ്ടിരുന്നു. സിനിമാശാലയ്ക്കു തീപിടിച്ചു. പെട്ടെന്നു് ഒരു പൊട്ടലുണ്ടായി. തീജ്വാലകൾ വളരെ ഉയരത്തിലേക്കു പാളിക്കയറി. കറുത്ത പുകക്കൂട്ടം ചലച്ചിത്രശാലയിൽനിന്നു നിർഗ്ഗളിച്ചു. എന്റെ കാലുകൾ വിറയ്ക്കാൻ തുടങ്ങി. അന്തിമനിമിഷം അടുത്തുവരുകയാണെന്നു് ഞാൻ ദീനസ്വരത്തിൽ പറഞ്ഞു. അതോടുകൂടി ഞാൻ മറിഞ്ഞുവീണു. അടുത്തുനിന്ന രോഗിശുശ്രൂഷികമാർ—മുഖ്യശുശ്രൂഷികപോലും—കരയാൻ തുടങ്ങി. കോളേജു മുഴുവൻ കത്തിയെരിയുകയായിരുന്നു. വൈദ്യശാസ്ത്രം പഠിപ്പിച്ച പ്രൊഫസർമാരിൽ ആറുപേർമാത്രമെ ജീവനോടെ രക്ഷപ്പെട്ടുള്ളു. വിദ്യാത്ഥികളിലും പരിചാരികമാരിലും എൺപതു ശതമാനം പേർ കെട്ടിടത്തിനുള്ളിലുണ്ടായിരുന്നു. പ്രഥമശുശ്രൂഷാവിദഗ്ദ്ധരിൽ രണ്ടു സംഘമേ മരണത്തിൽ

നിന്നു രക്ഷപ്പെട്ടുള്ള എൻെറ കീഴിൽ പ്രവൎത്തിച്ചവരും കോളേജിൻെറ പിൻഭാഗത്തു് ജോലിചെയ്തവരുമടങ്ങിയ ആ രണ്ടു സംഘങ്ങളിൽ ആകെക്കൂടി അമ്പതുപേർ ഉണ്ടായിരുന്നു. മലയുടെ മുകൾപ്പരപ്പിലിരുന്നു് ഇതെല്ലാം നിരീക്ഷിച്ചപ്പോൾ ഞങ്ങൾക്കു തോന്നി നശിപ്പിക്കപ്പെട്ട ഒരു സൈന്യത്തിൻെറ ചെറിയ അവശിഷ്ടമാണു് ഞങ്ങളെന്നു്.

ഡോക്ടർ ഒക്കാറ ഹോളുകളിലൊന്നിൽനിന്നു് ഒരു വലിയ വെള്ളമുണ്ടെടുത്തുകൊണ്ടുവന്നു. നെററിയിൽനിന്നൊലിച്ചു് എൻെറ മുഖത്തു പുരണ്ട ചോര എടുത്തു് ആ മുണ്ടിൻെറ നടുവിൽ ഞാൻ ഒരു വലിയ അൎദ്ധവൃത്തം വരച്ചു. ഉദയസൂൎയ്യൻെറ പ്രതീകമായ ആ ചിത്രം ഞങ്ങൾ ഒരു ഇല്ലിക്കോലിൽ കെട്ടി ഉയൎത്തിപ്പിടിച്ചു. ചുടുകാറ്റേറ്റു് ആ കൊടിക്കൂറ ആകാശത്തിൽ പാറിക്കളിച്ചു. ഷർട്ടിൻെറ കൈകൾ തിരുകിക്കയററിയ ഒരു വിദ്യാൎത്ഥി—അയാളുടെ നെററിക്കുചുററും മരുന്നുവെച്ചു് കെട്ടിയിരുന്നു—കരിമ്പുകക്കാറിലൂടെ ആ കൊടിക്കൂറ മലമുകളിലേക്കു കൊണ്ടുപോയി. ഞങ്ങളെല്ലാവരും നിശ്ശബ്ദരായി അയാളെ അനുഗമിച്ചു. വൈകുന്നേരം അഞ്ചുമണിസമയം. സൎവ്വകലാശാലയുടെ അന്തിമനിമിഷമായിരുന്നു അതു്.

## ചുവന്ന രാത്രി

പ്രസിഡണ്ടു കിടന്ന സ്ഥലത്തേക്കു് പ്രഫസർമാരെല്ലാവരും വന്നു. ഉരുളക്കിഴങ്ങുതോട്ടത്തിൻെറ നടുക്കു് ഒരു ഓവർക്കോട്ടിൽ പൊതിഞ്ഞു് മഴനനഞ്ഞുകിടക്കുന്ന അദ്ദേഹത്തെ കണ്ടപ്പോൾ ഞാൻ കരഞ്ഞുപോയി. ഡോക്ടർ ഷിറാബയുടെനേതൃത്വത്തിൽ വൈദ്യസഹായ

വ്യൂഹത്തിലെ അംഗങ്ങളും വിദ്യാത്ഥികളും പരുക്കേററവക്ക് ശുശ്രൂഷ നൽകാൻ ഓടിനടന്നു. ഏററവും ഒടുവിലുണ്ടായ സംഭവവികാസങ്ങൾ ഡോക്ടർ ഷിറാബയെ അറിയിച്ചശേഷം ഞാൻ അവിടെനിന്നു പോയി. അല്പം നടന്നപ്പോൾ എനിക്കു തലകറക്കമുണ്ടായി. തുടന്നു നടക്കാൻ ഞാൻ ശക്തനാവില്ലെന്നു തോന്നി. ഉമേഷു കിടന്ന സ്ഥലത്തുവെച്ചാണിതു സംഭവിച്ചതു്. മഴനനഞ്ഞുകൊണ്ടു് കോറോ അവളെ ശുശ്രൂഷിക്കുന്നുണ്ടായിരുന്നു. ഞാൻ മുട്ടുകുത്തിനിന്നു് ഉമേഷുവിൻെറ നാഡിപിടിച്ചു നോക്കി. അവളുടെ നാഡിമിടിപ്പിനു് പ്രതീക്ഷിച്ചതിലേറെ ശക്തിയുണ്ടായിരുന്നു. എൻെറ കോട്ടെടുത്തു ഞാൻ അവളെ പുതപ്പിച്ചു. പിന്നീടു് അവിടെനിന്നൊഴുന്നേററു് കുറെ അടി മുമ്പോട്ടുവെച്ചു. അപ്പോഴേക്കും എനിക്കു മോഹാലസ്യം വന്നു. എൻെറ കഴുത്തിൽ പിടിച്ചു് അവർ വല്ലാതെ അമത്തിക്കാണണം. എനിക്കു വീണ്ടും ബോധം വീണപ്പോൾ, ഡോക്ടർ സി, മുഖ്യശുശ്രൂഷിക, മിസ് കനേറ്റ, 'ചെറുപയറു്' എന്നിവർ ഉൽക്കണ്ഠാകുലമായ മുഖഭാവത്തോടെ എൻെറമീതെ കുനിഞ്ഞുനില്ക്കുകയായിരുന്നു.

നൂലും തുണിക്കഷണവും കൊണ്ടുവരാൻ ആജ്ഞാപിച്ചിട്ടു് ഡോക്ടർ സി എന്തോ ഒരു സാധനം എന്റെ മുറിവിന്നുള്ളിലേക്കു കുത്തിക്കയററി. എനിക്കു വല്ലാത്ത വേദന തോന്നി. കിണുങ്ങുന്ന ശബ്ദം ഞാൻ കേട്ടു. ചുടുചോര എൻെറ കവിളിലേക്കു് ഒഴുകിവന്നു. കൈകൊണ്ടമത്തുകയും തുടയ്ക്കുകയും ചെയ്യുന്നതിനിടയ്ക്കു് അദ്ദേഹം കൂടുതൽ തുണിക്കഷണങ്ങൾ ആവശ്യപ്പെട്ടു. സൂചിയുടെ മുന എൻെറ സിരാതന്ത്രികളെപ്പോലും സ്പർശിക്കുന്നതായിത്തോന്നി. വേദനയുടെ തീവ്രതനിമിത്തം

എൻെറ ശരീരമാസകലം വിറച്ചു; കാലിലെ വിരലുകൾ പോലും വലിഞ്ഞു.

എൻെറ അടുക്കലേക്ക് ഓടിവന്ന ഡോക്ടർ ഷിറാബയുടെ ചെവിയിൽ ഡോക്ടർ സി എന്തോ പറഞ്ഞു. പ്രൊഫസർ എൻെറ നാഡിമിടിപ്പു പരിശോധിച്ചു. അതോടെ ഞാൻ അവശനിലയിൽ കണ്ണടച്ചു. രക്തധമനിയുടെ അഗ്രം അസ്ഥിയുടെ പിമ്പിലേക്കു തെററിമാറിപ്പോയിരുന്നു. ഈ ഭീകരയാതന പലപ്രാവശ്യം ആവത്തിക്കപ്പെട്ടു. അപ്പോഴെല്ലാം വേദനയുടെ ഉഗ്രതയാൽ ഞാൻ അടുത്തുണ്ടായിരുന്ന പച്ചപ്പുല്ല് പിടിച്ചു ഞെരിച്ചു. അവസാനം ആ ശസ്ത്രക്രിയ വിജയിച്ചു.

പ്രൊഫസറുടെ മുഖത്തുണ്ടായിരുന്ന ആകുലഭാവം നീങ്ങി. അദ്ദേഹം നിവന്നുനിന്ന് എല്ലാം ശരിയായിക്കൊള്ളുമെന്നു് അറിയിച്ചു. വല്ലാത്ത ദൗർബല്യമുണ്ടായിരുന്നെങ്കിലും ഞാൻ അദ്ദേഹത്തിനു നന്ദിപറഞ്ഞു. അതോടുകൂടി വീണ്ടും എൻെറ ബോധം കെട്ടു.

ഞാൻ ഉണൎന്നപ്പോൾ സൂര്യൻ അസ്തമിച്ചുകഴിഞ്ഞിരുന്നു. കുന്നിൻചുവട്ടിലെ തീ നിർദ്ദാക്ഷിണ്യം ആളിപ്പടൎന്നുകൊണ്ടിരുന്നു. ചുവപ്പുനിറം കലൎന്ന ഭീകരമായ കരിങ്കാറു് ആകാശത്തിൽ തങ്ങിനിന്നു. ഈനാസാമലയുടെ പശ്ചിമഭാഗത്തുമാത്രം അല്പം നിൎമ്മലാകാശം കാണാൻ കഴിഞ്ഞു. അതിലൂടെ ശാന്തിഭാസുരമായ ചന്ദ്രക്കല എത്തിനോക്കി.

ക്ഷയരോഗവിഭാഗത്തിനു മുകളിലുള്ള സമതലപ്രദേശത്തു് ഒരാൾക്കൂട്ടം കണ്ടു. പലകകൾ, അഴികൾ, വൈക്കോൽ തുടങ്ങിയവ ശേഖരിച്ചു് ഒരു ഷെഡ്ഡുണ്ടാക്കാൻ ശ്രമിക്കുകയായിരുന്നു അവർ. അടുത്തുതന്നെ സ്ത്രീകൾ, പട്ടാളക്കാർ ധരിക്കുന്ന ഇരുമ്പുതൊപ്പികൾ

മച്ചത്തിവെച്ച് അവയുടെള്ളിൽ മത്തങ്ങക്കറി വേവിക്കുകയായിരുന്നു. അത്യാവശ്യമായ വിഭവങ്ങൾ കൊണ്ടുവരാൻവേണ്ടി വിദ്യാൎത്ഥികൾ നാഗസാക്കിനഗരത്തിലുള്ള ഓഫീസുകളിലേക്കു പോയി. മത്തങ്ങ തിളയ്ക്കുന്ന അടുപ്പിനുചുററുമിരുന്നു തീകായുകയായിരുന്നു ഞങ്ങൾ. അവ്യക്തമായ ഏതോ നിയതി ഞങ്ങളെ പരസ്പരം ബന്ധിക്കുകയാണെന്ന വസ്തുത അറിഞ്ഞുകൊണ്ട് ഞങ്ങൾ കണ്ണിൽക്കണ്ണിൽ നോക്കി. ആരും ഒന്നും പറഞ്ഞില്ല. ഞങ്ങളെ മൂടിയ ഇരുട്ടിന്റെ അപ്പുറത്തായി ആളുകൾ മഞ്ചലുകൾക്കും കുത്തിവെപ്പുകൾക്കുംവേണ്ടി നിലവിളിക്കയായിരുന്നു. പരുക്കേററ മററുചിലർ ഞങ്ങളുടെ സുഹൃത്തുക്കളുടേയും അമ്മയച്ഛന്മാരുടേയും പേരുകൾ ഉറക്കെ വിളിച്ചു കരഞ്ഞു. ചില ശബ്ദങ്ങൾ ഞങ്ങൾക്കു സുപരിചിതങ്ങളായിരുന്നു. ചിലപ്പോൾ ഒരു ജനവിഭാഗം മുഴവനും ഒരേസമയം ഉറക്കെ നിലവിളിക്കാൻ തുടങ്ങി.

ഞങ്ങളുടെ ഏഴു സഹപ്രവൎത്തകരെപ്പററിയുള്ള ഓൎമ്മ വീണ്ടും പൊങ്ങിവന്നു. അവർ രക്ഷപ്പെട്ടുമെന്ന് ഞങ്ങൾക്കൊട്ടും ആശയുണ്ടായിരുന്നില്ല. സ്ത്രീചികിത്സാവിഭാഗത്തിൽപ്പെട്ട മിസ് ശകിത കാലൊടിഞ്ഞു് അനങ്ങാൻ കഴിയാതെ ഒരു തൊണ്ടിൽ കിടക്കുകയാണെന്നു കേട്ടു. ഫുജിമോത്തോ, സമ്മേളനശാലയുടെ അടിയിൽനിന്നു രക്ഷപ്പെട്ട് ഒരു വടിയുമൂന്നി ഞങ്ങളുടെ അടുത്തുകൂടി കടന്നുപോയി. വീട്ടിൽ പോകാൻമാത്രം ശക്തി അയാൾക്കുണ്ടായിരുന്നു. ശേഷിച്ച അഞ്ചുപേരിൽ യമഷീത്ത, കത്തക്കോവ, തുജീത്ത എന്നിവരെ കാണാൻ കഴിഞ്ഞില്ല. അവൎക്ക് അല്പമെങ്കിലും ജീവൻ അവശേഷിച്ചിരുന്നെങ്കിൽ അവർ എങ്ങനെയെങ്കിലും

താന്താങ്ങളുടെ പ്രവൎത്തനരംഗത്തേക്കു തിരിച്ചുവരുമായിരുന്നു. മരണത്തെ തുറിച്ചുനോക്കിക്കൊണ്ടുപോലും— സ്വന്തം ജീവൻ അതിലോലമായ ഒരു നൂലിൽ തൂങ്ങിക്കിടക്കുകയായിരുന്നെങ്കിൽത്തന്നെ— അവർ തീർച്ചയായും ഞങ്ങളുടെകൂടെ വന്നുചേരുമായിരുന്നു. എട്ടുമണിക്കൂർ കഴിഞ്ഞിട്ടും അവരെ കാണാനില്ല. അവർ മരിച്ചിരിക്കുമെന്നതിൽ സംശയമില്ല.

ആ നിശ്ശബ്ദതയിൽ ഞങ്ങൾ അവൎക്കുവേണ്ടി പ്രാൎത്ഥിച്ചു.

പൊട്ടുന്നനവേ, തീനാളങ്ങൾക്കിടയിൽനിന്നെന്നപോലെ, നല്ല പൊക്കമുള്ള ഒരാൾ ഞങ്ങളുടെ മുമ്പിൽ കയറിവന്നു. "ഡോക്ടർ നാഗായി, അങ്ങനെ ഒടുക്കം താങ്കളെ ഞാൻ കണ്ടുപിടിച്ചു." ആ രൂപം പറഞ്ഞു. പ്രൊഫസർ ഷേയിക്കി ആയിരുന്നു അതു്. ജീവനോടെ രക്ഷപ്പെട്ട ഏക വ്യക്തിയാണു് താൻ എന്നദ്ദേഹം അറിയിച്ചു. ഇതു പറഞ്ഞതോടൊപ്പം അദ്ദേഹം വെട്ടിയിട്ട വാഴത്തടിപോലെ അവിടെ ഇരുന്നു. അദ്ദേഹം വടിയായുപയോഗിച്ച കത്തിക്കരിഞ്ഞ തടിക്കഷണം ഒച്ചയോടെ താഴെവീണു. വിവശനായിട്ടും നിവൎന്നിരിക്കാൻ ശ്രമിക്കുന്ന പ്രൊഫസർ ഷേയ്ക്കിയെ നോക്കിയപ്പോൾ വെട്ടുകളേററ ഒരു കാട്ടുപോത്തിനെയാണു ഞാൻ ഓൎത്തതു്.

കുറേനേരം കഴിഞ്ഞപ്പോൾ അദ്ദേഹം പറഞ്ഞു: "നാം വേഗം വല്ലതും ചെയ്യണം. വിദ്യാൎത്ഥികൾ മരിക്കുകയാണു്. ജീവനുള്ളവൎക്കു് ഇഞ്ചെക്ൿഷൻ കൊടുക്കണം. ഇങ്ങനെകിടന്നു മരിക്കാൻ നാമവരെ അനുവദിക്കരുതു്. കോളേജുവക മരുന്നുശാലയിലാണു് അവരിപ്പോൾ."

"ശരി, പ്രൊഫസർ, ഞങ്ങളുമുണ്ടു് താങ്കളുടെ

കൂടെ. പക്ഷേ, ആദ്യം അല്പം മത്തങ്ങ ഭക്ഷിക്കുക." ഞങ്ങൾ പറഞ്ഞു.

"മത്തങ്ങയെപ്പററി ചിന്തിക്കാനൊന്നും ഇപ്പോൾ എനിക്കു നേരമില്ല. മത്തങ്ങ നമ്മുടെ വിദ്യാൎത്ഥികളെ രക്ഷിക്കുകയില്ല. ഉടനെ നമുക്കു പുറപ്പെടാം." അദ്ദേഹം നിർബ്ബന്ധിച്ചു

കുറെപ്രയാസപ്പെട്ടു് അദ്ദേഹം എഴുന്നേററു. ഷീറോ സഹായിച്ചുകൊടുത്തു. അപ്പോൾ പ്രൊഫസർ ഷേയിക്കി പറഞ്ഞു: "കോളേജുമുഴുവൻ നശിച്ചു. വിശ്വസിക്കാൻ കഴിയുന്നില്ല. എത്രയേറെപ്പേർ മരിച്ചു!"

ഡോക്ടർ സി, മുഖ്യശുശ്രൂഷിക, ഹഷിമോത്തോ, കൊസാസ എന്നിവരും കൂടെപ്പോയി. പ്രഥമശുശ്രൂഷോപകരണങ്ങളും അവർ എടുത്തിരുന്നു.

"ഈ റോഡു ഭയങ്കരംതന്നെ," പ്രൊഫസർ പറഞ്ഞു: "ഇവിടന്നു മുന്നൂറു മീറ്ററകലമേയുള്ളു. എന്നിട്ടും ഒരു മണിക്കൂറെടുത്തു ഞാൻ ഇങ്ങോട്ടു പോരാൻ. നാഗായി, ഞാൻ ഇവിടെ തിരിച്ചുവരും. താങ്കളെ ജീവനോടെ കണ്ടെത്താൻ കഴിഞ്ഞതിൽ എനിക്കു വളരെ സന്തോഷമുണ്ടു്. ഞങ്ങൾ ആ വിദ്യാൎത്ഥികളെ രക്ഷിക്കും, തീർച്ച." മുഖ്യശുശ്രൂഷികയുടെ തോളിൽ ചാരിക്കൊണ്ടു് പ്രൊഫസർ ജ്വാലകൾക്കിടയിലൂടെ കോളേജുകെട്ടിടത്തിലേക്കു പോയി. മലമുകളിലുണ്ടായിരുന്ന രോഗികളെ ശുശ്രൂഷിച്ചു് ഞങ്ങൾ രാത്രിമുഴുവൻ കഴിച്ചുകൂട്ടി.

ഡോക്ടർ ഒക്കുറയും നേഴ്സ് യമഡയും ഏതാനും സഹപ്രവൎത്തകരോടുകൂടി പുതിയ ഷഡ്ഡിനു ചുററുമുണ്ടായിരുന്ന രോഗികളെ ശുശ്രൂഷിക്കാൻ തുടങ്ങി. കനത്തു് നിശ്ശബ്ദമായ അന്തരീക്ഷം. ഞാനും ഉമേഷുവും ഷഡ്ഡിലായിരുന്നു കിടന്നതു്. സാധാരണ അവിടെ

ചുററിപ്പറക്കാറുള്ള ക്ഷുദ്രജീവികളെല്ലാം ചത്തൊടുങ്ങിയിരിക്കുകയാണു്.

തീജ്വാലകളുടെ വെളിച്ചത്തിൽ, ആർപ്പുവിളികളാകുന്ന നിർദ്ദേശങ്ങളനുസരിച്ചു് പ്രഥമശുശ്രൂഷകരുടെ ധീരസംഘം പരുക്കേററവരെ ഓരോരുത്തരേയും സമീപിച്ചു. വ്രണങ്ങൾ കഴുകി വെടുപ്പാക്കി! മരുന്നുവെച്ചുകെട്ടി; കുത്തിവെപ്പുകൾ നടത്തി; രോഗികളെ മലമുകളിലേക്കു് ചുമന്നുകൊണ്ടുവന്നു. ചിലപ്പോഴെല്ലാം അഗ്നിനിരകൾകൊണ്ടു വഴി തടയപ്പെട്ടിരുന്നു. വേറൊരു വഴിയിലൂടെ പോകാൻ ശ്രമിച്ചപ്പോൾ അവിടെ വീണുകിടന്ന മരങ്ങൾ പ്രതിബന്ധങ്ങളുണ്ടാക്കി. ഇരുട്ടത്തു് ഇടിഞ്ഞുവീണ പാലങ്ങൾ കടക്കാൻ പുറപ്പെട്ടവർ വഹിച്ചിരുന്ന രോഗികളേയുംകൊണ്ടു് കുഴികളിൽ മറിഞ്ഞുവീണു. ചോരയൊലിക്കുന്ന കാലുകൾവെച്ചു നടക്കുകതന്നെ അസഹ്യമായിരുന്നു. പാദരക്ഷകളുടെ അടിയിൽ ഉന്തിനിന്ന ആണികൾ തുടച്ചുയായി മാംസത്തിലേക്കു തറച്ചുകയറി. കാൽമുട്ടുകൾ കുപ്പിച്ചില്ലുകളേററു മുറിഞ്ഞു. രക്തത്തിൽ നനഞ്ഞുണങ്ങിയ വസ്ത്രങ്ങളുടെ മാർദ്ദവം നഷ്ടപ്പെട്ടു.

അന്വേഷണവ്യൂഹത്തിലെ അംഗങ്ങൾ വൈദ്യശാസ്ത്രവകുപ്പിന്റെ മേൽനോട്ടം വഹിച്ചിരുന്ന ഡോക്ടർ തഗാക്കിയെ കണ്ടെടുത്തു് ഷെഡ്ഡിൽ കൊണ്ടുവന്നു. പ്രൊഫസർ ഇഷസാക്കിയും പ്രൊഫസർ മത്തുസോവും അങ്ങനെ അവിടെ ആനീതരായി. ആ അഭയകേന്ദ്രത്തിൽ രോഗികൾ നിറഞ്ഞുവന്നതോടെ അവിടത്തെ നിലവിളികളും കൂടിക്കൂടിവന്നു. ഔഷധശാലയുടെ തലവനായ ഡോക്ടർ താണിയുടെ മകൾ ആശങ്കാജനകമായ നിലയിൽ എത്തിക്കഴിഞ്ഞിരുന്നു. അപ്പോഴേക്കും

ഒരിൻഷ്പറൻസ്സേജൻറും അവിടെവന്നു് അഭയം അഭ്യ ത്ഥിച്ചു. പിന്നീടു വന്നതു് രണ്ടു തടവുകാരായിരുന്നു. രാത്രിയിൽ ഞങ്ങളുടെ മീതെ പറന്ന ശത്രുവിമാനങ്ങൾ പ്രചാരണലഘുലേഖകൾ വിതരണംചെയ്തു. പാതിരാത്രിയായപ്പോഴേക്കും അഗ്നി എരിഞ്ഞൊതുങ്ങിത്തുടങ്ങി. ചുറ്റുംകേട്ട നിലവിളികളും അലച്ചകളും നിലച്ചു. ആ ദുർഭഗരെല്ലാം ഒരുപക്ഷേ, മരിച്ചിരിക്കണം. അല്ലെങ്കിൽ ജീവിതനിരാശത അവരെ മൂകരാക്കിയിരിക്കും. അതുമല്ലെങ്കിൽ അവർ ഉറക്കത്തിലാണ്ടുകാണും. എല്ലാം നിശ്ശബ്ദം. നാഗസാക്കിയുടെ അത്യുദാത്തമായ നിമിഷം!

ജപ്പാനെ മുഴുവനും സംബന്ധിച്ചിടത്തോളം തികച്ചും ഗാംഭീര്യനിർഭരമായ ഒരപൂർവ്വനിമിഷമായിരുന്നു അതു്. എന്തെന്നാൽ അപ്പോഴാണു് ശത്രുവിനു് കീഴടങ്ങുവാനുള്ള ഉത്തരവു് ടോക്കിയോവിലുള്ള രാജകൊട്ടാരത്തിൽനിന്നു ചക്രവത്തി പുറപ്പെടുവിച്ചതു്.

രണ്ടാംലോകയുദ്ധം ഭൂമുഖമാകെ പടന്നുകഴിഞ്ഞിരുന്നു. ആക്കും മുൻകൂട്ടിക്കാണാൻ കഴിയാത്തവിധത്തിൽ അക്രമങ്ങൾ പൊട്ടിപ്പുറപ്പെട്ടു. അണുബോംബിൻെറ വിസ്ഫോടനം അവയുടെ അത്യുച്ചാവസ്ഥയെ കുറിച്ചു. നാളതുവരെ മനുഷ്യരാശി ദശിച്ചിട്ടുള്ളവയിലേററമധികം രക്തതൃഷിതമായ സമരമുഖം വെളിവാക്കിക്കൊണ്ടു പെട്ടെന്നു് യവനിക പൊങ്ങി. തീർച്ചയായും ഗാംഭീര്യസാന്ദ്രമായ നിമിഷം! ആ നിമിഷത്തിൽ ആകാശത്തിലേക്കു തിങ്ങിക്കയറിയ റേഡിയോപ്രസരിതമേഘം (Radio active cloud) ഭവിഷ്യത്സൂചകമായ പ്രഭാപൂരം പരത്തി.

അസാധാരണങ്ങളായ ചിന്തകൾ എൻെറ മനസ്സിൽ ചൂളികയറി. ഈ മേഘം എങ്ങോട്ടായിരിക്കും

നീങ്ങുന്നതു്? അതിനുള്ളിൽ ഒളിഞ്ഞിരിക്കുന്ന സന്ദേശമെന്തു്? അണുശക്തി ഭാവിയിൽ ഉപയോഗപ്പെടുത്തുന്നതു് നാശത്തിനുവേണ്ടി ആയിരിക്കുമോ? അതോ നന്മയ്ക്കുവേണ്ടി ആയിരിക്കുമോ? നീതിയുടെ പേരിലായിരിക്കുമോ, അതോ അനീതിയുടെ പേരിലായിരിക്കുമോ? ഏതായാലും ഒരു നവയുഗത്തിൻെറ അരുണോദയമായിരുന്നു അതു്.

## പിറേറന്നു രാവിലെ

1945 ആഗസ്റ്റ് പത്താംതീയതി സൂര്യൻ പഴയ പടി കൊമ്പീറാമലയുടെ മുകളിൽ ഉദിച്ചുയർന്നു. എന്നാൽ ഇത്തവണ സൂര്യകിരണങ്ങൾ പതിഞ്ഞതു് പ്രകൃതിപ്പുളപ്പിൻെറ പ്രതീകമായ പച്ചിലച്ചാർത്തുകളിലല്ല, പ്രത്യുത ഒരു പട്ടണം നശിച്ചു ചാമ്പലായ ദാരുണദൃശ്യത്തിന്മേലത്രേ. ജീവിതം തഴച്ചാർത്തുവളരുന്ന ഒരു ജില്ലയ്ക്കു പകരം പുരാതത്വഖനനകേന്ദ്രമായ ഏതാനും നിർജ്ജീവമലകൾപോലിരുന്നു ആ പ്രദേശം മുഴുവനും. വമ്പിച്ച നിർമ്മാണശാലകളെല്ലാം തകർന്നുവീണ പുകക്കുഴലുകളുടെ താഴെ കുന്നുകൂടിക്കിടന്ന ഓട്ടിൻകഷണങ്ങളും ചപ്പുവസ്തുക്കളുമായി മാറിക്കഴിഞ്ഞിരുന്നു. മുമ്പു് ജനങ്ങൾ ഇടതൂർന്നു വസിച്ചിരുന്ന സ്ഥലങ്ങളിൽ ഭവനങ്ങളുടെ ഭിത്തികൾ മാത്രമേ അവശേഷിച്ചിരുന്നുള്ളു. കൃഷിനിലങ്ങൾ നശിച്ചുപോയി. തോട്ടങ്ങളിലെ വൻമരങ്ങൾ തീപ്പെട്ടിക്കോലുകൾപോലെ വലിച്ചുചീന്തപ്പെട്ടു.

കണ്ണുലിയിക്കുന്ന കാഴ്ച. എല്ലാം നിശ്ചലം. ഒരു പട്ടിയോ മറേറതെങ്കിലും ജന്തുവോ അവിടെ ഉണ്ടായിരുന്നില്ല. അടുത്തു നിലകൊണ്ട പടുക്കൂററൻ ഭദ്രാസന

പ്പള്ളിക്കു് പാതിരാത്രിനേരത്തു തീപ്പിടിച്ചതാണു്. അതിൽനിന്നു പൊങ്ങിവന്ന ധൂമവലയങ്ങൾ ആ ദുരന്തനാടകത്തിനു് ആത്യന്തികമായ ഒരു തീവ്രഭാവം കലർത്തി.

വെളുപ്പിനു് ഞങ്ങൾ വൈദ്യശാസ്ത്രവിഭാഗത്തിലെ അഭയകേന്ദ്രത്തിൽനിന്നിറങ്ങി മൗലികചികിത്സാലയത്തിന്റെ അവശിഷ്ടങ്ങൾക്കിടയിൽ വേലയാരംഭിച്ചു. കളിസ്ഥലത്തെ ഉരുക്കുപലകമേൽ ആരോ കിടപ്പുണ്ടു്. ഡോക്ടർ യമാഡ ആണതെന്നു് അടുത്തുചെന്നപ്പോൾ മനസ്സിലായി. സുജീത്തയുടെ മരണവിവരം അദ്ദേഹം ഞങ്ങളെ അറിയിച്ചു. പിന്നീടു് ഞങ്ങൾ ജീവാണുവിജ്ഞാനീയവകുപ്പിലേക്കു പോയി. അവിടത്തെ ഗവേഷണശാല മുഴുവനും നശിച്ചു ചാരംമൂടികിടന്നു. അതിനിടയ്ക്കു് കത്തിക്കരിഞ്ഞ ഒരു എല്ലിൻകൂമ്പാരം കണ്ടു. അവിടെ ജോലിചെയ്തുകൊണ്ടിരുന്ന പ്രൊഫസർമാരുടെ അസ്ഥികളായിരിക്കണമവ. ഒരു സ്ത്രീയുടെ അസ്ഥിപഞ്ജരവും ഞങ്ങൾ കണ്ടുപിടിച്ചു. ഡോക്ടർ യമാഡയുടെ മൊഴിയനുസരിച്ചു് മിസ് സുജീത്ത വെന്തുമരിച്ചതു് ഒരു മുറിക്കുള്ളിൽവെച്ചായിരിക്കണമെന്നു് ഞാൻ അനുമാനിച്ചു. ഈ അസ്ഥികൾ അവളുടേതായിരിക്കുമോ? മനോഹരമായ ആ പുഞ്ചിരി തൂകിക്കൊണ്ടു് അവളിനി ഒരിക്കലും ഞങ്ങളോടു ചോദിക്കയില്ല: "നിങ്ങൾക്കറിയാമോ?" എന്നു്! അവളുടെ അസ്ഥികൾ പെറുക്കിയെടുത്തു കടലാസ്സിൽ പൊതിഞ്ഞുകൊണ്ടു് ഞാൻ ആത്മഗതംചെയ്തു: "ഇതെല്ലാം ഒരു പേക്കിനാവായിരിക്കുമോ?"

ഞങ്ങൾ സമ്മേളനശാലയിലെത്തി. അതിനുള്ളിൽ പഠിപ്പിച്ചുകൊണ്ടിരുന്ന പ്രൊഫസർമാരെ സഹായി

ക്കുകയായിരുന്ന മിസ് കത്തവോക്ക. അവിടെക്കിടന്ന ചാരത്തിലേക്കു് സൂര്യരശ്മികൾ വന്നു വീണപ്പോൾ അമ്പതോളം അസ്ഥിപഞ്ജരങ്ങൾ കാണാൻ കഴിഞ്ഞു. അവയിലൊന്നു തീർച്ചയായും കത്തവോക്കയുടേതായിരിക്കണം! അവിടെയുണ്ടായിരുന്ന വിദ്യാത്ഥികളെല്ലാവരും ഇപ്പോൾ എല്ലിൻകൂട്ടം മാത്രമായി പരിണമിച്ചിരിക്കയാണു്. കൈയിൽ പേനയുമേന്തി നോട്ടെഴുതിക്കൊണ്ടിരുന്ന അവരുടെ ജീവൻ എത്ര പെട്ടെന്നു്, എത്ര ശക്തിയോടെ വെട്ടിനീക്കപ്പെട്ടു. അന്നു രാവിലെ എത്ര വലിയ ആനന്ദവായ്പോടും ഉന്മേഷഭാവത്തോടുംകൂടിയാണു് അവർ കോളേജിൽ പ്രവേശിച്ചതു്. ആദ്യം പറഞ്ഞ അഞ്ചു പരിചാരികമാരെപ്പററി ഞങ്ങൾക്കുണ്ടായിരുന്ന പേടി തികച്ചും ന്യായീകൃതമായിരുന്നു. അവരുടെ മൃതദേഹങ്ങൾ ഉരുളക്കിഴങ്ങിൻതോട്ടത്തിൽ ഞങ്ങൾ കണ്ടെത്തി. ഞങ്ങൾ പലവുരു വിളിച്ചിട്ടും അവർ മറുപടി പറഞ്ഞില്ലെങ്കിൽ, അതിലെന്താണാശ്ചര്യം? യമഷീത്ത, യോഷിത, ഇനുവേ എന്നിവർ തോട്ടത്തിൽ വേലചെയ്തുകൊണ്ടിരുന്നപ്പോഴായിരിക്കണം ഹാമയും കൊയനാഗിയും ആവഴി കടന്നുപോയതു്. ഒരുപക്ഷേ, ആ മൂന്നു പെൺകുട്ടികളും കടന്നുപോയ സ്നേഹിതകളുടെ അഭിവാദ്യങ്ങൾ സ്വീകരിക്കാൻ കൈ വീശിയപ്പോഴായിരിക്കാം ബോംബ് പൊട്ടിയതു്. കൈകൾ ഉയത്തിപ്പിടിച്ചുകൊണ്ടു് അവരഞ്ചുപേരും അവിടെ കിടന്നു.

അവരുടെ മരണം അത്യന്തം ആകസ്മികമായിരുന്നു. അവക്കപ്പോഴും ജീവനുണ്ടെന്നു് മുഖ്യശുശ്രൂഷിക വ്യാമോഹിച്ചുപോയി. അവൾ ഓടിച്ചെന്നു് അവരുടെ നാഡിമിടിപ്പു് പരിശോധിച്ചു. ഉറക്കെ പേരു വിളിച്ചുകൊണ്ടു് അവരുടെ തോളുകൾ പിടിച്ചു കുലുക്കി

നോക്കി. പക്ഷെ, മൃതദേഹങ്ങൾ ഉത്തരം പറയുമോ? ഞാൻ ആത്മഗതംചെയ്തു: "ഇവർ മരിക്കാൻപോവുകയാണെന്നറിഞ്ഞിരുന്നെങ്കിൽ ഞാൻ ഇവരെ ശകാരിക്കയില്ലായിരുന്നു." അവരുടെ തണുത്തു മരവിച്ച നെററിത്തടങ്ങളിൽ ഞാൻ കൈവെച്ചുനോക്കി. യമഷിതയെപ്പററിയുള്ള ഓർമ്മകൾ എൻെറ ഉള്ളിൽ പൊന്തിവന്നു. വിഷമംപിടിച്ച സ്വഭാവമായിരുന്നു അവളുടേതു്. എന്നിട്ടും ശാന്തപ്രകൃതിയായ ഇനുവേയെക്കാളധികം അവളെ എനിക്കിഷ്ടപ്പെട്ടു. നിറം മങ്ങിയ ആ അധരങ്ങൾ പൊടിപുരണ്ടിരുന്നു. ഇത്രയേറെ മനുഷ്യരെ കൊല്ലുകയും നാശനഷ്ടങ്ങൾ വരുത്തിവെയ്ക്കുകയും ചെയ്ത ആ ബോംബ് എന്തൊരു വിചിത്രവസ്തുവായിരിക്കണം! മുഖ്യശുശ്രൂഷിക എൻെറ അടുക്കൽ വന്നു വിമാനങ്ങൾ വീഴ്ത്തിയ ലഘുലേഖകളിലൊന്ന് അവളുടെ കൈയിലുണ്ടായിരുന്നു. ഞാൻ അതെടുത്തു വായിക്കാൻ തുടങ്ങി. ഉടനെ എനിക്കു കാര്യം മനസ്സിലായി. "അണുബോംബ്"—ഞാൻ ഉച്ചസ്വരത്തിൽ വിളിച്ചുപറഞ്ഞു.

തലേദിവസം വൈകുന്നേരമുണ്ടായ ഭയം എനിക്കപ്പോഴുമനുഭവപ്പെട്ടു. അവക്ക് അണുബോംബുണ്ടെങ്കിൽ ജപ്പാൻ യുദ്ധത്തിൽ തോൽവിയടയുമെന്നതു തീർച്ചയാണു്.

ആ ബോംബിൻെറ ഉല്പാദനത്തോടുകൂടി ശാസ്ത്രത്തിന്നു് ഒരു വമ്പിച്ച വിജയം കൈവന്നുകഴിഞ്ഞിരുന്നു. അതേസമയം എൻെറ മാതൃരാജ്യത്തിൻെറ വീഴ്ച അത്യാസന്നമെന്ന വസ്തുതയും സംശയരഹിതംതന്നെ. അങ്ങനെ ഒരു ഭൗതികവിജ്ഞാനീയവിദഗ്ദ്ധൻെറ (Physics Specialist) ആഹ്ലാദവായ്പും സ്വരാജ്യസ്നേഹി

യുടെ ഹൃദയവേദനയും ഒരേസമയം എനിക്കനുഭവവേദ്യമായി.

എൻെറ അടുത്തു് ഒരു ഇല്ലിക്കമ്പു കിടന്നു. കാലുറ കൊണ്ടു ഞാൻ അതു തൊഴിച്ചുനീക്കി. പൊള്ളയായ ശബ്ദം പുറപ്പെടുവിച്ചുകൊണ്ടു് അതു് ഉരുണ്ടുപോയി. ഞാൻ അതെടുത്തു് ആകാശത്തിലേക്കുയർത്തിപ്പിടിച്ചു. എൻെറ കവിളുകളിലൂടെ കണ്ണുനീർക്കണങ്ങൾ ഒഴുകിവന്നു. എന്തൊരു വിരോധാഭാസം! അണുബോംബിന്നെതിരായി ഒരു ഇല്ലിക്കുന്തം! ആവിഷ്കരിക്കാൻ അസാദ്ധ്യമാംവണ്ണം ദുഃഖപര്യവസായിയായ ഒരു ഹാസ്യനാടകം! യുദ്ധം ഇനി തുടരുകയില്ല. ഞങ്ങൾക്കു വേണമെങ്കിൽ വരിവരിയായിനിന്നു വെടിയേററു മരിക്കാം. ചെറുത്തുനിന്നിട്ടു ഫലമില്ല.

ലഘുലേഖയുടെ ഉള്ളടക്കം താഴെക്കാണുംവിധമായിരുന്നു:

"ജാപ്പനീസ്ജനത അറിയുവാൻ, സാവധാനം വായിക്കുക. ഇതുവരെ അറിയപ്പെട്ടിട്ടുള്ള ബോംബുകളേക്കാൾ വളരെയധികം ശക്തിയുള്ള ഒരു പുതിയ ബോംബ് അമേരിക്കക്കാർ കണ്ടുപിടിച്ചിരിക്കുന്നു. രണ്ടായിരം 'ബി. 29 വിമാനങ്ങൾ'ക്കു വഹിക്കാൻ കഴിയുന്ന ബോംബുകളുടെ മുഴുവൻ ശക്തി ഈ ഒററ അണുബോംബിന്നുണ്ടു്. അമ്പരപ്പുണ്ടാക്കുന്ന ഈ പരമാർത്ഥത്തെപ്പററി നിങ്ങൾ ചിന്തിക്കുക. അതു പൂർണ്ണമായും സത്യമാണെന്നു ഞങ്ങൾ ഉറപ്പിച്ചു പറയുന്നു.

"ഈ ബോംബു ഞങ്ങൾ ജപ്പാനിൽ പ്രയോഗിച്ചു തുടങ്ങിയിരിക്കുകയാണു്. ഇക്കാര്യത്തിൽ നിങ്ങൾക്കു് എന്തെങ്കിലും സംശയമുണ്ടെങ്കിൽ ഈ ബോംബുകളിലൊന്നു് ഹിറോഷിമയിൽ വരുത്തിയ നാശങ്ങളെപ്പററി

അന്വേഷിച്ചുനോക്കുക. തികച്ചും അനാവശ്യമായ ഈ യുദ്ധം തുടങ്ങുവാൻ നിങ്ങൾക്കുപകരിക്കുന്ന എല്ലാ പട്ടാളസങ്കേതങ്ങളും അണുബോംബു പ്രയോഗിച്ചു നശിപ്പിക്കുന്നതിനു മുമ്പു സമരം നിറുത്താൻ നിങ്ങൾ ചക്രവർത്തിയോടഭ്യർത്ഥിക്കണമെന്നു ഞങ്ങൾ ആവശ്യപ്പെടുന്നു.

"അഭിമാനകരമായ രീതിയിൽ കീഴടങ്ങുന്നതിന്നുതകുന്ന വ്യവസ്ഥകളടങ്ങിയ ഒരു 'പതിമ്മൂന്നിനനിർദ്ദേശം' അമേരിക്കൻ പ്രസിഡണ്ട് ഇതിനകം നിങ്ങൾക്കു നല്കിയിട്ടുണ്ട്. അതു സ്വീകരിച്ചു നവീനവും പൂർവ്വോപരി സമ്പന്നവുമായ ഒരു ജപ്പാൻ കെട്ടിപ്പടുക്കുവാൻ നിങ്ങളെ ഞങ്ങൾ ആഹ്വാനം ചെയ്യുന്നു. സായുധപ്രതിരോധങ്ങൾ ഉടനടി അവസാനിപ്പിക്കുവാൻ വേണ്ട നടപടികൾ എടുക്കുക. അല്ലാത്തപക്ഷം ഈ ബോംബുതന്നെയോ അതിനേക്കാൾ ശക്തിയുള്ള മറ്റുവല്ല ആയുധങ്ങളോ ഉപയോഗിച്ചു യുദ്ധം അതിവേഗം അവസാനിപ്പിക്കാൻ ഞങ്ങൾ മടിക്കുകയില്ല."

ആദ്യത്തെ വായന എന്നെ നിരുത്സാഹപ്പെടുത്തി. രണ്ടാമതു വായിച്ചപ്പോൾ എനിക്ക് അവരോടു വെറുപ്പുതോന്നി. മൂന്നാവൃത്തി വായിച്ചപ്പോഴേക്കും ഞാൻ അരിശംകൊണ്ടു തിളച്ചു. ഞാനതു വീണ്ടും പലവുരു വായിച്ചു. അതോടെ എൻെറ വികാരങ്ങളിൽ മാറ്റംവന്നു. ആ ലഘുലേഖ യുക്ത്യനുസൃതവും കാര്യമാത്രപ്രസക്തവുമാണെന്ന് എനിക്കു തോന്നി. ഒരു കൈയിൽ ഇല്ലിക്കോലും മറേറക്കൈയിൽ ലഘുലേഖയുമായി ഞാൻ അഭയസ്ഥലത്തേക്കു മടങ്ങി. ഡോക്ടർ ഷെയിക്കി അവിടെയുണ്ടായിരുന്നു. ഞാനതു് അദ്ദേഹത്തെ കാണിച്ചു. അദ്ദേഹം വായിച്ചിട്ടു വല്ലാതെ എന്തോ മുറുമുറുത്തുകൊണ്ട് അതു താഴെവെച്ചു. അനങ്ങുകയോ മിണ്ടുകയോ

ചെയ്യാതെ ഏകസ്ഥാനത്തു കണ്ണുംനട്ട് അദ്ദേഹം ഒരു മണിക്കൂറോളം അവിടെയിരുന്നു.

അതിനുള്ളിൽ ഏതാനുംപേർ ഞങ്ങളുടെ ചുററും വന്നുനിന്നു. ഗൗരവപൂർണ്ണമായ ഒരു ചർച്ചയിൽ ഞങ്ങൾ ഏർപ്പെട്ടു:

"ആരായിരിക്കണം അതു നിർമ്മിച്ചതു്? കോംടണോ? ലോറൻസോ?"

"അല്ല," വേറൊരാൾ പറഞ്ഞു, "ഐൻസ്റ്റൈന്നു് ഇതിലൊരു കൈയുണ്ടായിരിക്കണം ബോറും (Bohr) യൂറോപ്പിൽനിന്നു് അമേരിക്കയിൽ വന്നു പാക്കുന്ന അഭയാത്ഥികളായ ശാസ്ത്രജ്ഞന്മാരും സഹായിച്ചിട്ടുണ്ടാവും."

"'ന്യൂട്രൻ' കണ്ടുപിടിച്ച ആംഗ്ലേയശാസ്ത്രജ്ഞൻ കോഡ്‌വിക്കിനു പുറമേ ജൂലിയോ കുറിയും പത്നിയും ഈ വേലയിൽ തീർച്ചയായും പങ്കെടുത്തിരിക്കണം."

"കുറേ വർഷങ്ങളായി നാം ഒററപ്പെട്ടു കഴിഞ്ഞതു കൊണ്ടു പല കണ്ടുപിടുത്തങ്ങളെപ്പററിയും ശാസ്ത്രമണ്ഡലത്തിലെ പ്രശസ്ത വ്യക്തികളെപ്പററിയും അറിയുവാൻ നമുക്കവസരമുണ്ടായില്ല."

"അനേകായിരം ശാസ്ത്രജ്ഞന്മാരെ ഒരുമിച്ചുകൂട്ടി ഗവേഷണമേഖല വിഭജിച്ചു് ആത്യന്തികമായ കാര്യക്ഷമതയോടെ അമേരിക്കക്കാർ പ്രവത്തിച്ചിട്ടുണ്ടാവണം."

"പരീക്ഷണശാലയിലെ ഗവേഷണങ്ങൾ മാത്രം പോരല്ലോ? നിഷ്കൃഷ്ണം (extraction), ശുദ്ധീകരണം, അപഗ്രഥനം—ഇവയ്ക്കെല്ലാം വമ്പിച്ച യന്ത്രസജ്ജീകരണങ്ങൾ വേണ്ടിവന്നിരിക്കണം."

"ഏതുതരം അണു (Atom) ആയിരിക്കും അവർ ഉപയോഗിച്ചതു്? യൂറേനിയമോ?"

"ഒരുപക്ഷേ, അലുമിനീയംപോലെ കുറേക്കൂടി കനംകുറഞ്ഞ വസ്തുവായിരിക്കണം."

"അലുമിനീയംപോലെ അതിസൂക്ഷ്മങ്ങളായ അണുക്കൾ അത്ര അധികം ശക്തി പുറപ്പെടുവിക്കയില്ല."

"അതു ശരിതന്നെ. യൂറേനിയം തികച്ചും വിരളമല്ലേ. കുറേയധികം വേണ്ടിവരുംതാനും."

"അതു ക്യാനഡയിൽ ധാരാളമുണ്ടു്."

ഞങ്ങളുടെ സംഭാഷണം അനന്തമായങ്ങനെ നീണ്ടുപോയി. അണുശാസ്ത്രത്തിൽ താന്താങ്ങൾക്കുള്ള പാണ്ഡിത്യം പ്രദർശിപ്പിക്കുവാൻ ഓരോരുത്തരും ആഗ്രഹിച്ചു.

"ആവശ്യമുള്ള സാധനങ്ങളെല്ലാം നമുക്കുണ്ടായിരുന്നെങ്കിൽ നാം എന്തുകൊണ്ടു് അതു നിർമ്മിക്കാൻ ശ്രമിച്ചില്ല?"

"നമ്മുടെ ശാസ്ത്രജ്ഞന്മാർ ആ വഴിക്കു പ്രവൎത്തിക്കുന്നുണ്ടായിരുന്നു. യൂറേനിയം 235-നെ വേർപെടുത്താൻ അവർ ശ്രമിച്ചുനോക്കി. പക്ഷേ, അതു വളരെ പണച്ചെലവുള്ള പദ്ധതിയാണെന്നു പട്ടാളമേധാവികൾ അഭിപ്രായപ്പെട്ടു."

"എന്തൊരു വിഡ്ഢിത്തം!"

"കഴിഞ്ഞുപോയ കാൎയ്യങ്ങളോൎത്തു് കരഞ്ഞിട്ടെന്തു ഫലം? വിഡ്ഢികളുടെ നേതൃത്വം സ്വീകരിക്കുന്ന വിവേകികൾക്കുള്ള വിധിയാണിതു്."

"എന്തൊക്കെയായാലും അതു വലിയ ഒരു കണ്ടുപിടിത്തംതന്നെ."

ഈ അഭിപ്രായത്തോടു ഞങ്ങൾ എല്ലാവരും യോജിച്ചു. വിദഗ്ദ്ധന്മാരും (Specialists) ശാസ്ത്രഗവേഷകരുമായിരുന്ന ഞങ്ങൾ ഒരേസമയം അണുബോംബിൻെറ ബലിയാടുകളും ആരാധകരുമായി മാറി. അതിൻെറ പരീക്ഷണപ്പന്നികളായിത്തീർന്നു ഞങ്ങൾ. സ്വന്തം ശാസ്ത്രവിജ്ഞാനമുപയോഗിച്ച് അണുബോംബിൻെറ ഭാവിഫലങ്ങളെപ്പററി പഠിക്കുവാൻ ഞങ്ങൾക്കു കൂടുതൽ സൗകര്യമുണ്ടായിരുന്നു.

അങ്ങനെ പരാജയത്തിൻേറതായ വേദനയുടെയും കോപത്തിൻെറയുമിടയ്ക്ക് സത്യാന്വേഷണത്തിന്നായുള്ള ആഴമേറിയ ഒരാഗ്രഹം ഞങ്ങളുടെ ഹൃദയങ്ങളിൽ വേരൂന്നി.

നശിക്കപ്പെട്ട നഗരത്തിൻെറ ഭഗ്നാവശിഷ്ടങ്ങളുടെയിടയിൽനിന്നു ശാസ്ത്രപുരോഗതിക്കുവേണ്ടിയുള്ള തീവ്രാഭിലാഷം മുളയെടുത്തു.

## കൂട്ടക്കൊലയെപ്പററിയുള്ള ചിന്തകൾ

"ഡോക്ടർ, ഞാൻ എന്തോ വിഷവാതകം വിഴുങ്ങിയിട്ടുണ്ടാവും, അല്ലേ? വല്ലാത്ത ഒരു വേദനയും തലകറക്കവും."

"ഡോക്ടർ, ഈ പൊട്ടിത്തെറിയുടെ അനന്തരഫലങ്ങൾ എന്തായിരിക്കും? എനിക്കു തീരെ സുഖമില്ല. എണീക്കാനും കഴിയുന്നില്ല."

"ഞാൻ ജീവനോടെ കുഴിച്ചുമൂടപ്പെട്ടു, ഡോക്ടർ. പക്ഷേ, പരുക്കൊന്നുമേററില്ല. എന്നിട്ടുമെൻ്റെ മരണമടുത്തുവെന്നൊരു തോന്നൽ."

ഇങ്ങനെയാണു് അവർ സംസാരിച്ചതു്. കരിങ്കൽ ഭിത്തികളുടെ നിഴലിലും തകർന്നുപോയ കെട്ടിടങ്ങളുടെ

മൂലകളിലും അവർ അഭയംതേടി. നടക്കുവാൻ ശക്തിയില്ല. ഇത്തരം രോഗലക്ഷണങ്ങൾ എനിക്കും കുറെയൊക്കെ അനുഭവപ്പെട്ടു. ഒരുതരം കുടൽരോഗം, ശരീരമാസകലം ബലക്ഷയം, തലവേദന, മനംമട്ടപ്പ്, ഛർദ്ദി, ബാധിര്യം, ക്ഷീണം.

വളരെക്കാലം മുമ്പു ഞാൻ റേഡിയംകൊണ്ടു പരീക്ഷണങ്ങൾ നടത്തിയിട്ടുണ്ട്. അന്ന് കൂടുതൽനേരം 'ഗാമാ'രശ്മികൾ ഏററപ്പോഴെല്ലാം എനിക്കിതുപോലുള്ള അനുഭവങ്ങൾ ഉണ്ടായി. വിസ്ഫോടനമോ വിഷവാതകമോ മൂലം ഉണ്ടായതല്ല ഈ രോഗം. മരത്തടികളിലൂടെയും സിമൻറുഭിത്തികളിലൂടെയും പാളിക്കയറാൻ ശക്തിയുള്ള 'എക്സ്'രശ്മികളുടെ ഫലമാണിതു്.

'ഗാമാ'രശ്മികളും ന്യൂട്രോണും വരുത്തുന്ന വിപത്തുകൾ എനിക്കറിയാമായിരുന്നു. അവ പ്രത്യക്ഷപ്പെടുവാൻ കുറേസമയം എടുക്കുമെന്നും ഞാൻ അറിഞ്ഞിരുന്നു. പുതുതായി കാണപ്പെട്ട രോഗലക്ഷണങ്ങൾ എന്നെ വല്ലാതെ അലട്ടി. മനുഷ്യനിർമ്മിതമായ ഒരു നവീന രോഗമാണല്ലോ ഇതു്—ഞാൻ ആത്മഗതം ചെയ്തു.

ആ ദിവസം മുഴുവൻ ഞങ്ങൾ രോഗികളെ ശുശ്രൂഷിച്ചു. അവക്കായി അഭയകേന്ദ്രങ്ങൾ തേടി. അന്നു മേഘങ്ങൾ കിഴക്കോട്ടു നീങ്ങി. ചൂടററ സൂര്യകിരണങ്ങൾ ഉറക്കാമിയിലേക്കു വീണ്ടും വന്നുവീണു. ഒരഗ്നികുണ്ഡത്തിൽ പാക്കുന്നപോലുള്ള അനുഭവമായിരുന്നു അതു്. മരണത്തിൽനിന്നു കഷ്ടിച്ചു രക്ഷപ്പെട്ടു മലമുകളിലേക്കോടിപ്പോയവക്കു് വിശ്രമിക്കാൻ സ്ഥലം കിട്ടി. പാറകളുടേയും കുററിക്കാടുകളുടേയും ഇടയിൽക്കിടക്കുന്നവക്കു് അനങ്ങാൻപോലും കഴിഞ്ഞില്ല. അവരിൽ ചിലർ ഇതിനകം മരിച്ചുകഴിഞ്ഞിരുന്നു. ശേഷിച്ചവർ

"വെള്ളം, വെള്ളം" എന്നു വിളിച്ചുപറഞ്ഞു. ഏതാനും പേർ ഇടവിടാതെ കരഞ്ഞു. പരുക്കേററവർ നാലുപാട്ടും ക്രമരഹിതമായി ചിതറിക്കിടന്നതിനാൽ ഏതെങ്കിലും ഒരു നിശ്ചിതവ്യക്തിയെ തേടിപ്പിടിക്കുക അസാദ്ധ്യമായിരുന്നു. വെറുതെ ഒന്നു വിളിച്ചുനോക്കാം. ആരെങ്കിലും വിളികേട്ടാൽ അവിടെപ്പോയി അന്വേഷിക്കുകയും ചെയ്യാം—അത്രതന്നെ.

കൊമ്പീറാമലയുടെ മുകൾപ്പരപ്പിൽ ശതക്കണക്കിനാളുകൾ, ഒരുപക്ഷേ അനേകായിരംപേർ, കിടപ്പുണ്ടു്. വളരെപ്പേർക്കു് പരുക്കേററിരുന്നു. നഗരത്തിലെ ആരോഗ്യവകുപ്പും, ഡോക്ടർമാരുടെ സംഘടനയും പോലീസുവകുപ്പുമെല്ലാം ക്രമികവും കാര്യക്ഷമവുമായ രീതിയിൽ രോഗികളെ സഹായിക്കുവാൻ ഞങ്ങളോടു സഹകരിച്ചു.

സമീപപ്രദേശങ്ങളിലെ യുവജനസംഘടനകളും സഹായത്തിനെത്തി. ഒമൂറയിലെ നാവികസേനാ ആസ്പത്രിയിൽനിന്നു് ഒരു സംഘം സ്വയംസേവകർ ഡോക്ടർ യസുയാമയുടെ നേതൃത്വത്തിൽ അതിവേഗം വന്നുചേർന്നു. കുറുമേയിലുള്ള പട്ടാളാസ്പത്രിയിൽനിന്നു വേറൊരു സംഘവും സ്ഥലത്തെത്തി. അതുവരെ തദ്ദേശവാസികൾക്കു് പ്രഥമശുശ്രൂഷ നൽകുവാൻ എപ്പോഴും തയ്യാറായിരുന്ന ഞങ്ങളുടെ കോളേജിനു് ഇങ്ങനെ അന്യരുടെ സഹായം അഭ്യർത്ഥിക്കേണ്ടിവരുമെന്നു് ആരും പ്രതീക്ഷിച്ചില്ല. ഈ ചിന്ത ഞങ്ങളുടെ ഹൃദയങ്ങളെ തകിടംമറിച്ചു.

സ്വന്തം വീടു് നശിക്കുകയും കുടുംബാംഗങ്ങൾക്കു പരുക്കേല്ക്കുകയും ചെയ്തിട്ടും പ്രൊഫസർ കൊയാന പ്രസിഡണ്ടിന്റെ സ്ഥാനം ഏറ്റെടുത്തു് കോളേജിന്റെ

മേൽനോട്ടം നിർവ്വഹിച്ചു. പ്രൊഫസർ ഷറാബേയുടെ രണ്ടു പുത്രന്മാർ കൊല്ലപ്പെട്ടുവെങ്കിലും അദ്ദേഹം രോഗികളെ ശുശ്രൂഷിക്കുന്ന വേലയിൽ സമയം മുഴുവനും ചെലവഴിച്ചു. മറ്റു പ്രൊഫസർമാരും വിദ്യാർത്ഥികളും താന്താങ്ങളുടെ വിഷമതകൾ മറന്നു് കാണാതെപോയവരെ തിരയുകയും അവിടത്തെ ബഹളത്തിന്നിടയിൽ ക്രമം പാലിക്കാൻ ഉററു ശ്രമിക്കുകയും ചെയ്തു. നനഞ്ഞ ഷെഡ്ഡിൽക്കിടന്ന പ്രസിഡണ്ടു് സൃണോവും പ്രൊഫസർ തഗാക്കിയും സ്വന്തം ശരീരശക്തി അനുനിമിഷം ക്ഷയിച്ചുവന്നതു് വകവയ്ക്കാതെ, സ്വയംസേവകർക്കു നിർദ്ദേശങ്ങൾ നല്കിക്കൊണ്ടിരുന്നു. അഭയകേന്ദ്രത്തിൽ അല്പം സ്ഥലം ഒഴിഞ്ഞുകിട്ടിയപ്പോൾ പരുക്കേററവർ ഉടനെ അങ്ങോട്ടു് തള്ളിക്കയറി.

ശത്രുവിമാനങ്ങൾ മുകളിലൂടെ പറന്നുനീങ്ങി. ഇത്തവണ ബോംബിട്ടില്ല. വേറൊരു ബോംബുകൂടെ വീണു പൊട്ടിയിരുന്നെങ്കിൽ അതോടെ എല്ലാം അവസാനിക്കുമായിരുന്നു. വീണ്ടും ചെറുത്തുനില്ക്കുവാൻ ഞങ്ങൾക്കു ശക്തിയുണ്ടായിരുന്നില്ല. ഒരു വിമാനയന്ത്രത്തിൻെറ അതിലോലമായ ഇരമ്പൽ കേട്ടപ്പോഴെല്ലാം ഞങ്ങൾ അഭയസ്ഥലത്തു് ഓടി ഒളിച്ചു.

ഇതിനകം ഞങ്ങൾ അനേകം ശവശരീരങ്ങൾ സംസ്കരിച്ചു. അതിലധികംപേർക്കു് പരുക്കേററിട്ടുള്ളതായിക്കണ്ടു. ഇങ്ങനെ അണുബോംബു വരുത്തിവെച്ച നാശത്തെപ്പററി ഒരേകദേശജ്ഞാനം ഞങ്ങൾക്കുണ്ടായി.

വിസ്ഫോടനത്തിൻെറ പ്രധാനാംശങ്ങളിൽ—അതായതു് ഉഷ്ണം, സമ്മർദ്ദം, 'ഗാമാ'രശ്മികൾ, ന്യൂട്രോൺസ്, കത്തിയ ബോംബിൻെറ ചെറുകഷണങ്ങൾ എന്നിവയിൽ—നിന്നാണു് ഏററവും ഗൗരവാവഹ

മായ രോഗങ്ങൾ ഉത്ഭവിച്ചതു്. തകൎന്നുവീണ കെട്ടിടങ്ങൾ, ആകാശത്തിലൂടെ വലിച്ചെറിയപ്പെട്ട വസ്തുക്കൾ, അഗ്നിജ്ജ്വാലകൾ, മനുഷ്യരേയും നിൎജ്ജീവപദാൎത്ഥങ്ങളേയും ബാധിച്ച റേഡിയോപ്രസരം—ഇവയെല്ലാം നാശനഷ്ടങ്ങൾക്കു പരോക്ഷഹേതുക്കളായിത്തീൎന്നു. ചിലൎക്കു വന്ന താല്ക്കാലികമായ ബുദ്ധിഭ്രമം ഈ‌യിനത്തിൽപ്പെട്ടതാണു്. ബോംബിൻെറതന്നെ അംശങ്ങൾ തെറിച്ചുണ്ടായ നഷ്ടം അഗണ്യമായിരുന്നു. പൊട്ടലിനുശേഷമാരംഭിച്ച റേഡിയോപ്രസരത്തിൻെറ ദുരന്തഫലങ്ങൾ ഏററവും ഭീതിജനകവും.

ഒന്നാമതുതന്നെ അന്തരീക്ഷത്തിലുണ്ടായ സംമൎദ്ദം (Concussion)· അതിൻെറ ഉഗ്രത അചിന്ത്യമായിരുന്നു. ബോംബുപൊട്ടിയ സ്ഥലത്തുനിന്നു് ഒരു കിലോമീററർ അകലത്തിനുള്ളിൽ എവിടെയെങ്കിലും നിന്ന ആളുകൾ ഒന്നടങ്കം രണ്ടു മിനിട്ടിനുള്ളിൽ ഞെരിഞ്ഞു മരിച്ചുപോയി. പൊട്ടലുണ്ടായ സ്ഥലത്തുനിന്നു് അഞ്ഞൂറു മീററർ അകലെയായി പൂൎണ്ണഗർഭിണിയായ ഒരു സ്ത്രീ മരിച്ചുകിടന്നു. അവരുടെ ഗൎഭം പിളൎന്നു് ജീവൻപോയ ശിശു വെളിയിൽ വന്നു. പല മൃതദേഹങ്ങളുടെയും ഉദരങ്ങൾ പിളൎന്നുകാണായി· എഴുനൂറു മീററർ ദൂരെനിന്ന ചിലരുടെ തലകൾ പറിഞ്ഞുപോയി. ഏതാനുംപേരുടെ കണ്ണുകൾ ഉറയിൽനിന്നു വെളിയിലേക്കു തെറിച്ചുവീണു. ചോര ഒലിച്ചുപോയതുനിമിത്തം പല മൃതദേഹങ്ങളും വെള്ളത്തിരശ്ശീലപോലെ വിളറിപ്പോയി. ചിലരുടെ തകൎന്ന തലയോട്ടിയുടെ രക്താം കുത്തിപ്പാഞ്ഞു.

ചൂടു് അതിഭയങ്കരമായിരുന്നു. അഞ്ഞൂറു മീററർ ദൂരത്തിനുള്ളിൽനിന്നു് ആളുകളുടെ മുഖങ്ങൾ തിരിച്ച

റിയാൻ പാടില്ലാത്തവിധം വികൃതങ്ങളാക്കപ്പെട്ടു. ഒരു കിലോമീറ്ററകലത്തിലുണ്ടായിരുന്നവരുടെ ചമ്മം വലിച്ചുകീറപ്പെട്ടു. കീറിയ തൊലി ചുവന്ന പീത്തകൾ പോലെ ശരീരത്തിൽ തൂങ്ങിക്കിടന്നു. തൊലി പോയയിടങ്ങളിൽനിന്നു രക്തം കുത്തിയൊലിച്ചു. അവക്കെല്ലാം ആദ്യം അനുഭവപ്പെട്ടതു് ചൂടായിരുന്നില്ല, അസഹ്യമായ വേദനയത്രേ. തുടന്നു വല്ലാത്ത കുളിരുതോന്നി. അതോട്ടുകൂടി ചമ്മം വീക്കകയും വേഗം പൊളിഞ്ഞുപോവുകയും ചെയ്തു. ഇത്തരം യാതനകൾക്കിരയായവരിലധികംപേരും ഉടനെതന്നെ മരിച്ചു.

ബോംബുവീണിടത്തുനിന്നു് ഒന്നുമുതൽ മൂന്നുവരെ കിലോമീററർ അകലത്തിലുണ്ടായിരുന്നവക്കു വന്ന പൊള്ളലുകൾ ബാഹ്യദൃഷ്ടിയിൽ സാധാരണങ്ങളായിരുന്നു. അവക്കു് ആരംഭത്തിൽ വലിയ ചൂടു് തോന്നിയില്ല. ഒരു മണിക്കൂറിനുശേഷം അസഹ്യമായ ഉഷ്ണവും വേദനയും അനുഭവപ്പെട്ടുതുടങ്ങി. തൊലിക്കു ചുമപ്പുനിറം പിടിക്കുകയും നീരുവന്നു വീക്കകയും ചെയ്തു. അത്തരം പൊള്ളലുകളുടെ ഭാവിഫലങ്ങൾ എന്തെല്ലാമായിരിക്കുമെന്നു് അപ്പോൾ ആക്കും അറിയാൻകഴിഞ്ഞില്ല.

ഇടിഞ്ഞുവീണ വസ്തുക്കൾക്കിടയിൽപ്പെട്ടവരും അതുമിതും മുട്ടി മുറിവേറ്റവരും ഒരു സാധാരണ വിമാനാക്രമണത്തിന്നിരയാവുന്ന നിർഭാഗ്യരിൽനിന്നു വ്യത്യസ്തരായിരുന്നില്ല. റേഡിയേഷൻെറ ഫലമായി അവക്കു ശക്തിക്ഷയമുണ്ടായി. വായു്, മൂത്രാശയം, ലൈംഗികാവയവങ്ങൾ തുടങ്ങിയവയുടെ പ്രവത്തനത്തിനു് മാന്ദ്യം ഭവിച്ചു.

ഇട്ടങ്ങിയ ഒരഭയകേന്ദ്രത്തിൻെറ തറയിൽ മരിച്ചവരും പരുക്കേറ്റവരും അട്ടത്തട്ടത്തു കിടന്നു. ജീവനോടെ

രക്ഷപ്പെട്ടവക്ക് അനങ്ങാൻ കഴിഞ്ഞില്ല. ഒരു രോഗിയുടെ ദീനരോദനം നിലച്ചപ്പോഠം അയാഠം മരിച്ചുകഴിഞ്ഞതായി എല്ലാവരും കരുതി.

അണുവിനെപ്പററിയും അപകടം പിണഞ്ഞവരെ തരംതിരിക്കേണ്ടതിനെപ്പറ്റിയുമുള്ള ചച്ച വൈകുന്നേരം വരെ നീണ്ടുപോയി. എല്ലാവരും തളൻ. നിശയുടെ നിശ്ശബ്ദതയിൽ മേൽത്തട്ടിൽനിന്നിറ്റിറ്റുവീണ ജലബിന്ദുക്കഠം സമയത്തിന്റെ പുരോഗതിക്കു് താളം പിടിക്കുന്നതായി തോന്നി. നേരത്തെ കണ്ട ഭീകരദൃശ്യങ്ങഠം ഞങ്ങളുടെ മനസ്സിലങ്ങനെ തങ്ങിനിന്നു. ഉറക്കം വരുകയും പോവുകയും ചെയ്തുകൊണ്ടിരുന്നു. അതിനിടയ്ക്കു് പലവിധ ചിന്തകളും ഞങ്ങളുടെ മനസ്സിലൂടെ കടന്നുപോയി. ഏകദേശം പാതിരാവായപ്പോഠം എൻെറ അടുത്തു കിടന്ന മുഖ്യശുശ്രൂഷിക എൻെറ തോളത്തു് മുറുകെപ്പിടിച്ചുകൊണ്ടു വിളിച്ചു: "ഓയനാജീ, ഓയനാജീ." വൈകുന്നേരം മരണമടഞ്ഞ ഒരു പരിചാരികയുടെ പേരായിരുന്നു അതു്.

ഓഗസ്റ്റ് പതിനൊന്നാം തീയതി രാവിലെ തണുപ്പു മാറുന്നതിനുമുമ്പു് രോഗികളെല്ലാം പട്ടാളാസ്പത്രിയിലേക്കു നീക്കപ്പെട്ടു. അങ്ങനെ ജീവനുള്ളവരെല്ലാം സുരക്ഷിതമായ ഒരു സ്ഥലത്തായി. അന്നു ശേഷിച്ച സമയം മുഴുവനും മൃതദേഹങ്ങഠം ദഹിപ്പിക്കുകയും കാണാതെപോയവരെ തിരയുകയുമായിരുന്നു ഞങ്ങളുടെ ജോലി. ചിതകളിൽനിന്നുയന്ന ചെമപ്പാന്ന തീനാളങ്ങഠം രണ്ടോ മൂന്നോപേർ കൂട്ടംചേൻ മൂകരായി നോക്കിനിന്നു.

യമഷീത്തയേയും അവളോടൊപ്പം കൊല്ലപ്പെട്ട മററു നാലു പരിചാരികമാരെയും ഞങ്ങഠം കുഴിച്ചുമൂടി. എന്തെങ്കിലും ഒരാചാരം കാണിക്കാതെ അവിടെനിന്നു

പോകുന്നതു് ഉചിതമല്ലെന്നു ഞങ്ങൾക്കു തോന്നി. അവരുടെ പേരുകൾ എഴുതിയ പലകകൾ ആ കല്ലറകളിൽ ഞങ്ങൾ സ്ഥാപിച്ചു. അവിടെ അർപ്പിക്കാൻ പൂക്കൾ കിട്ടിയില്ല.

അത്യാഹിതത്തെപ്പററിയുള്ള വാത്ത പരന്നതോടെ, മെഡിക്കൽകോളേജ് വിദ്യാത്ഥികളുടേയും പരിചാരികമാരുടേയും മാതാപിതാക്കളും ബന്ധുജനങ്ങളും സംഭവസ്ഥലത്തു് ഓടിയെത്തി—സ്വന്തപ്പെട്ടവക്കു് എന്തുപററിയെന്നറിയാൻ. അപ്രത്യക്ഷരായവരുടെ പേരുകൾ അവർ വിളിച്ചുപറഞ്ഞു. അവരോടു സാദൃശ്യമുള്ള അപരിചിതരെ പ്രതീക്ഷാപൂർവ്വം സമീപിച്ചു. സ്വന്തം മക്കളുടെ സഹപാഠികളിൽ ആരെയെങ്കിലും കണ്ടുമുട്ടിയപ്പോൾ പൊട്ടിക്കരഞ്ഞു. തികച്ചും വിഫലമായ ആ അന്വേഷണത്തിൽ ഞാനവക്കു കൂട്ടുനിന്നു. അവരുടെ കൂടെ ഞാനും കരഞ്ഞു. വാക്കുകൾക്കു വർണ്ണിക്കാനാവാത്ത വിധം അത്രയേറെ ശോകനിർഭരമായിരുന്നു ആ രംഗം.

തിരയാനെത്തിയവരിൽ പലരും നഷ്ടപ്പെട്ടവരുടെ മൃതദേഹങ്ങൾപോലും കണ്ടെത്തിയില്ല. ബോംബുപൊട്ടിയപ്പോൾ സ്വന്തം മക്കൾ ഏതെങ്കിലുമൊരു കെട്ടിടത്തിലോ ക്ലാസ്സുമുറിയിലോ ആയിരുന്നുവെന്നു കേട്ടു്, അങ്ങോട്ടു് ഓടിച്ചെന്നു് അവിടെ കുന്നുകൂടിക്കിടന്ന ശവങ്ങളുടേയും അസ്ഥികളുടേയും ഇടയിൽ തിരയാൻ തുടങ്ങി. അവ തിരിച്ചറിയാൻ കഴിഞ്ഞപ്പോൾ, അതിനുണ്ടായ തെളിവു് വസ്ത്രത്തിൽ കുത്തിപ്പിടിപ്പിച്ചിരുന്ന പേരുകൾ മാത്രമായിരുന്നു. ശരീരം മുഴുവനും തിരിച്ചറിയാൻ കഴിയാത്തവിധം വിരൂപമാക്കപ്പെട്ടിരുന്നു. ആ ശവദേഹങ്ങളുടെ അടുക്കൽ മൂകരായിനിന്നു് ചുടുകണ്ണീർ പൊഴിക്കാനേ അവക്കു കഴിഞ്ഞുള്ളൂ.

## എനിക്കു് ഏററം പ്രിയപ്പെട്ടവളുടെ മരണം

മിഡോറിയെ വിവാഹം ചെയ്തിട്ടു മൂന്നു കൊല്ല ത്തേക്കു ഞാൻ സർവ്വകലാശാലയ്ക്കു പുറത്തായിരുന്നു. അക്കാലത്തു് എനിക്കു നാല്പതു 'യെൻ' മാത്രമേ ശമ്പളം കിട്ടിയിരുന്നുള്ളു. മഞ്ചൂറിയായുദ്ധം നടന്നുകൊണ്ടിരുന്ന കാലം സാമാനങ്ങൾക്കു വിലക്കുറവായിരുന്നു. എങ്കിലും വെറും നാല്പതു 'യെൻ'കൊണ്ടു വീട്ടുചെലവെല്ലാം നട ത്തുക എൻെറ ഭാര്യയ്ക്കു വളരെ വിഷമമായിരുന്നിരിക്ക ണം. പക്ഷേ, ഒരിക്കലും അവൾ ആവലാതിപ്പെടുകയോ പിറുപിറുക്കുകയോ ചെയ്യുന്നതു ഞാൻ കണ്ടിട്ടില്ല. അ വൾക്കു സമ്മാനമായി ഒരു കിമോണോ വാങ്ങിക്കൊടു ക്കാൻപോലും എനിക്കു പണമുണ്ടായില്ല. ഞങ്ങൾ ഒരി ക്കലും സിനിമാ കാണാൻ പോയിട്ടില്ല. ഏതാനും മണി ക്കൂർ കടൽത്തീരത്തു ചെലവഴിക്കുക മാത്രമായിരുന്നു ഞങ്ങളുടെ ഉല്ലാസം. നേരം വളരെ വൈകുന്നതുവരെ എന്നും ഞാൻ പരീക്ഷണശാലയിൽ വേലചെയ്തു. ആ സമയമെല്ലാം അവൾ വീട്ടുജോലികളിൽ വ്യാപൃതയാ യി. ഏഴുകൊല്ലം അങ്ങനെ കടന്നുപോയി.

ഞങ്ങൾ ധരിച്ച വസ്ത്രങ്ങളെല്ലാം അവൾ നിർമ്മിച്ച വയായിരുന്നു. എൻെറ സ്റ്റോക്കിംഗ്സും ഷർട്ടും മുതൽ ഓവർക്കോട്ടുവരെയുള്ളതെല്ലാം അവൾ വിശ്രമരഹിത യായിരുന്നു സ്വന്തം കൈകൊണ്ടു തുന്നിയുണ്ടാക്കിയതാ ണു്. "ഈ ഡോക്ടറെ എപ്പോഴും ഭാര്യ ആലിംഗനം ചെയ്തുകൊണ്ടിരിക്കയാണു്"—എൻ്റെ വസ്ത്രങ്ങളെപ്പററി പരീക്ഷണശാലയിലെ പെൺകുട്ടികൾ പലപ്പോഴും ഫലിതം പൊട്ടിക്കും. പാരീസിൽനിന്നു വരുന്ന 'ലിപ് സ്റ്റിക്കും' ഇററലിയിലെ പരിമളതൈലങ്ങളും താണവി ലയ്ക്കു കിട്ടുമായിരുന്ന അക്കാലത്തു് അവയൊന്നുമുപയോ

ഗിക്കാതെ മിഡോറി തൃപ്തിയടഞ്ഞു. പണം ചെലവാക്കുന്നതിൽ അവൾക്കു വലിയ ശ്രദ്ധയായിരുന്നു. സ്വന്തമായി ഒരു പച്ചക്കറിത്തോട്ടം അവൾ നട്ടുവളർത്തി. അതിൽ കിളയ്ക്കുകയും വളമിടുകയും ചെയ്യാൻ വളരെ സമയം ചെലവഴിച്ചു. മഴപെയ്യുമ്പോൾ വീട്ടിനുള്ളിലിരുന്നു വസ്ത്രങ്ങൾ തുന്നുക അവളുടെ പതിവായിരുന്നു.

ഉറക്കാമിനഗരത്തിൽ ഞങ്ങളുടെ വാസസ്ഥലത്തുണ്ടായിരുന്ന വനിതാസമാജത്തിന്റെ നേതൃത്വം വഹിച്ചതു് മിഡോറിയാണു്. പോരെങ്കിൽ അശ്രദ്ധനും ഗവേഷണമാത്രതല്പരനുമായ ഒരു മനുഷ്യന്റെ ഭാര്യയായിരിക്കുക എന്ന നന്ദിയില്ലാത്ത ഭാരവും അവൾക്കു വഹിക്കേണ്ടിവന്നു.

പുതിയ ശാസ്ത്രഗവേഷണങ്ങളിൽ ഏർപ്പെട്ടപ്പോഴെല്ലാം ഞാൻ ഒരു മാറിയ മനുഷ്യനായിഭവിച്ചു. എന്റെ ശ്രദ്ധ മുഴുവനും ഗവേഷണവിഷയത്തിൽ പതിഞ്ഞു. മുൻഗാമികളുടെ കൃതികൾ പഠിക്കാൻവേണ്ടി ദീർഘനാൾ ഞാൻ ഗ്രന്ഥശാലകളിൽ ചടഞ്ഞിരുന്നു വായനയിൽ മുഴുകി. അസംഖ്യം ഗവേഷണരേഖകൾ പരിശോധിച്ചു. പുതിയ പരീക്ഷണസങ്കേതങ്ങൾ വിഭാവനംചെയ്തു. പിന്നീടവ നടത്തിനോക്കി. എന്നിട്ടു് ആ പരീക്ഷണങ്ങളെപ്പററി ലേഖനങ്ങൾ എഴുതി. ഇതിനെല്ലാം അനേകമാസത്തെ വേല വേണ്ടിവന്നു. അക്കാലമെല്ലാം വേറൊന്നിലും എനിക്കു് അഭിരുചി തോന്നിയില്ല. വല്ലവരും വല്ലതും ചോദിച്ചാൽ അതിനു മറുപടി പറയും. അതല്ലാതെ ഞാൻ ആരോടും ഒന്നും മിണ്ടിയില്ല. ആരെങ്കിലും വന്നു വിളിച്ചെങ്കിലേ ഞാൻ ഉണ്ണാൻപോയുള്ളു. കുട്ടികൾ കരഞ്ഞപ്പോൾ ആശ്ചര്യപൂർവ്വം ഞാൻ അവരെ

തുറിച്ചുനോക്കി. അന്നൊക്കെ, ഭക്ഷിച്ചതും ചെയ്തതും എന്തെല്ലാമെന്നു പറയാൻ എനിക്കു കഴിവില്ല.

ഞാൻ സർവ്വകലാശാലയിൽനിന്നു വീട്ടിലേക്കു മടങ്ങുമ്പോൾ വഴിക്കുവെച്ചു രണ്ടു പ്രാവശ്യം മിഡോറിയെ കണ്ടിട്ടുണ്ടെന്നു് അവൾതന്നെ എന്നോടു പറഞ്ഞു. എന്നാൽ അവളെ ഞാൻ തിരിച്ചറിയുകപോലും ചെയ്തില്ലെന്നതാണു് പരമാത്ഥം.

"അങ്ങു് ഒരു സ്വപ്നാടനക്കാരൻ (Somnambulist) ആണെന്നു് എനിക്കു ചിലപ്പോൾ തോന്നാറുണ്ടു്." അവൾ ഫലിതരൂപത്തിൽ പറയും.

കുടുംബത്തെ സംബന്ധിക്കുന്ന ഏററവും പ്രധാനപ്പെട്ട തീരുമാനങ്ങൾ എടുക്കുമ്പോഴും അവൾക്കു് എന്റെ സഹകരണം കിട്ടിയിരുന്നില്ല. എൻെറ ബുദ്ധിപ്രവത്തനങ്ങൾ വേണ്ടവിധം തുടൻകൊണ്ടുപോകാൻ ശക്തിനല്കുന്ന സവിശേഷഭക്ഷ്യപദാത്ഥങ്ങൾ പാകം ചെയ്യുന്നതിലും അവൾക്കു് എൻെറ സഹായമോ ഉപദേശമോ ലഭിച്ചില്ല.

എൻെറ വസ്ത്രധാരണകാര്യത്തിൽ എപ്പോഴും അവൾ ശ്രദ്ധിക്കേണ്ടിവന്നു. അല്ലാത്തപക്ഷം അപൂണ്ണമായോ അഭംഗിയായോ വസ്ത്രം ധരിച്ചു ഞാൻ പൊതുസമ്മേളനങ്ങളിൽ പ്രത്യക്ഷപ്പെട്ടെന്നുവരും. എൻെറ മുറിക്കുള്ളിൽ കണ്ടമാനം ചിതറിക്കിടക്കാറുള്ള, കാർഡുകൾ, നോട്ട്ബുക്കുകൾ, ചിത്രങ്ങൾ, കടലാസുകൾ ഇവയെല്ലാം ക്രമപ്രകാരം അടുക്കിവെയ്ക്കുവാൻ എന്നും അവൾ വളരെ കഷ്ടപ്പെട്ടിട്ടുണ്ടു്. ചിട്ടയോ ക്രമമോ ഇല്ലാത്ത ജീവിതമായിരുന്നു എന്റേതു്. ബലഹീനമായ അവളുടെ ശരീരപ്രകൃതിക്കു് ഈ ഭാരമെല്ലാം വഹിക്കാൻ കഴിഞ്ഞതു വലിയ ആശ്ചയ്യംതന്നെ.

മേല്പറഞ്ഞ ബുദ്ധിമുട്ടുകൾക്കും വൈഷമ്യങ്ങൾക്കും പ്രതിഫലമായി അവൾക്കു ലഭിച്ച ഏക സാന്ത്വനം ശാസ്ത്രമാസികകളിൽ പ്രസിദ്ധീകരിച്ചുകണ്ട എൻെറ ലേഖനങ്ങളത്രെ. മററു വായനക്കാർ മെത്തയിൽ കിടന്നുകൊണ്ടോ പുകവലിച്ചുകൊണ്ടോ അശ്രദ്ധമായി മറിച്ചുനോക്കിയ ആ പ്രസിദ്ധീകരണങ്ങൾ വളരെ ആദരവോടും ഭക്തിയോടുംകൂടിയാണു് മിഡോറി കൈയിലെടുത്തതു്. അങ്ങേഅററത്തെ ഏകാഗ്രത പാലിച്ചുകൊണ്ടു് അവൾ അവ വായിച്ചിരുന്നു. ഉടനീളം സാങ്കേതികപദങ്ങളും വിദഗ്ദ്ധവിശദീകരണങ്ങളും മാത്രം നിറഞ്ഞ ഏതാനും പുറങ്ങളാണു് അച്ചടിമഷിയുടെ മണം മാറുന്നതിനുമുമ്പു് എൻെറ പേരിൽ പുറത്തുവന്നതു്. അതൊന്നും അവളെ മടുപ്പിച്ചില്ല. സ്വന്തം ഭർത്താവിൻെറ ജീവനും ബുദ്ധിശക്തിയും അവയിൽ ഉൾച്ചേർന്നിട്ടുണ്ടെന്നു മിഡോറി വിശ്വസിച്ചു. ആനന്ദബാഷ്പം പൊഴിച്ചുകൊണ്ടു് അവയെല്ലാം അവൾ വായിച്ചുതീർത്തു. കുട്ടിയെ മടിയിൽ വെച്ചുകൊണ്ടു ഞാൻ ആ വായന നോക്കിയിരുന്നിട്ടുണ്ടു്. അപ്പോഴെല്ലാം മധുമാസമാധുരി എൻെറ ഹൃദയത്തിലേക്കു വീണ്ടും ഊറിയിറങ്ങുന്നതായി എനിക്കനുഭവപ്പെട്ടു.

ഞായറാഴ്ച രാവിലെ ഞങ്ങളെല്ലാവരും ഒരുമിച്ചു് ദിവ്യബലിയിൽ പങ്കുകൊള്ളുവാൻ പള്ളിയിൽപ്പോവുക പതിവായിരുന്നു. ഞങ്ങളെ സംബന്ധിച്ചിടത്തോളം അതിയായ ആനന്ദവായ്പിൻെറ അവസരമായിരുന്നു അതു്. നെല്പാടങ്ങൾ കടന്നു മല കയറിയാണു് ഞങ്ങൾ പോയതു്. മൂത്തമകനെ ഞാൻ കൈക്കു പിടിച്ചു നടത്തി; ഇളയകുട്ടിയെ മിഡോറി എളിയിൽ വെച്ചു. പള്ളിമണികളുടെ സ്വച്ഛസുന്ദരമായ സ്വരമാധുരി

വിശ്വാസികളെ വിളിച്ചുകൂട്ടി. മോടിയായി വസ്ത്രധാരണം ചെയ്തു് വീടുകളിൽനിന്നിറങ്ങിവന്ന ജനങ്ങൾ സന്തോഷഭരിതരായി ഒരുമിച്ചു പള്ളിയിലേക്കു നടന്നു. ഞങ്ങൾ പള്ളിയകത്തു പ്രവേശിച്ചു. ജനാലകളിലൂടെ ഇറങ്ങിവന്ന സൂര്യരശ്മികൾ ഞങ്ങളോടൊപ്പം ഭക്തഗാനങ്ങൾ പാടി. എൻെറ സ്വരം, എൻെറ ഭാര്യയുടെ സ്വരം, ഞങ്ങളുടെ മകൻെറ ഉറപ്പില്ലാത്ത ശബ്ദം, എൻെറ പിമ്പിലിരുന്ന കർഷകൻെറ പരുപരുത്ത ശബ്ദം—എല്ലാം ഇപ്പോഴും ഞാൻ വ്യക്തമായി ഓക്കുന്നുണ്ടു്. ഹാ, കഷ്ടം! ആനന്ദനിർഭരങ്ങളായ ആ ദിവസങ്ങൾ ഇനിയൊരിക്കലും തിരിച്ചുവരാത്തവണ്ണം കടന്നുപോയിരിക്കുകയാണു്.

എനിക്കു് ആത്മമിത്രങ്ങൾ ചുരുക്കമായിരുന്നു. ഉണ്ടായിരുന്നവർതന്നെ പാവപ്പെട്ട ശാസ്ത്രജ്ഞന്മാരും. ഒരുദിവസം എൻ്റെ സഹപ്രവത്തകൻ നക്കമൂറയും ഞാനും കൂടി തോട്ടത്തിൽ നിന്നു സംസാരിക്കുകയായിരുന്നു. തവളകളുടെയിടയിൽ നിസ്സംഗജനനം (Parthenogenesis) സാദ്ധ്യമാണെന്നു് താൻ തെളിയിച്ചുകഴിഞ്ഞതായി അദ്ദേഹം അവകാശപ്പെട്ടു. എൻെറ ഷർട്ടു് തേയ്ക്കുകയായിരുന്ന മിഡോറി ഞങ്ങളുടെ സംഭാഷണം കേട്ടുകൊണ്ടുനിന്നു.

“മി. നാഗായി, ഒരുപക്ഷേ, കുട്ടികളുണ്ടാകുവാൻ ഭത്താവിൻെറ ആവശ്യമില്ലാത്ത ഒരു കാലം വന്നേക്കാം.” നക്കമൂറ ഒരു ശാസ്ത്രീയഫലിതം പൊട്ടിച്ചു. മിഡോറി കയറിപ്പറഞ്ഞു: “ഓഹോ, ശരിശരി. ഈ ലോകത്തിന്നു കുറെ കുട്ടികളെ സംഭാവനചെയ്യുക മാത്രമാണോ ദാമ്പത്യജീവിതത്തിൻെറ ലക്ഷ്യം?”

മെഡിക്കൽകോളേജിലെ ഉപപ്രൊഫസറായി ഞാൻ നിയമിക്കപ്പെട്ടപ്പോൾ എൻെറ ശമ്പളം നൂറ് 'യെൻ' ആയി ഉയൎന്നു. എൻെറ ഭാൎയ്യയ്ക്ക് അതോടെ കുറെ ആശ്വാസം ലഭിച്ചു. അപ്പോഴേക്കും ഞങ്ങളുടെ മകനു സ്ക്കൂളിൽ പോകാൻ പ്രായമായി. അതിനാൽ ശമ്പളം വർദ്ധിച്ചില്ലെങ്കിൽ മുമ്പോട്ടുപോവുക ഞങ്ങൾക്കു പ്രയാസമാകുമായിരുന്നു. എന്നിട്ടും ഉല്ലാസത്തിനു വേണ്ടി വല്ലപ്പോഴുമെങ്കിലും സിനിമയ്ക്കു പോകാൻ ഞങ്ങൾക്കു കഴിഞ്ഞില്ല.

അപകടം നിറഞ്ഞ 'എക്സ്റേ'ഗവേഷണംമൂലം അഞ്ചു കൊല്ലത്തിന്നുള്ളിൽ എനിക്ക് ല്യൂക്കേമിയ (Leukemia) എന്ന മഹാരോഗം പിടിപെട്ടു. സങ്കടകരമായ ഈ വിവരം ഗ്രഹിച്ചയുടനെ കാൎയ്യമെല്ലാം ഞാൻ മിഡോറിയോടു പറഞ്ഞു. അവൾ എന്തുചെയ്യുമെന്നറിയുവാൻ എനിക്കു വലിയ ജിജ്ഞാസയുണ്ടായിരുന്നു. എന്നാൽ ഒരു കുലുക്കവുംകൂടാതെയാണ് അവൾ ഭയങ്കരമായ ഈ രഹസ്യവാൎത്ത സ്വീകരിച്ചതു്. അതു കണ്ടപ്പോൾ എനിക്ക് ആകപ്പാടെ ഒരാശ്വാസം തോന്നി. അത്തരം ഒരു പ്രതികരണമായിരുന്നു അവളിൽനിന്ന് ഞാൻ പ്രതീക്ഷിച്ചതും.

"വളരെക്കാലമായി ഞാൻ വിചാരിക്കാൻ തുടങ്ങിയിട്ട്, ഇങ്ങനെ സംഭവിക്കാനിടയുണ്ടെന്ന്," അവൾ പറഞ്ഞു.

അവളുടെ ധീരത എന്നെ ധൈൎയ്യപ്പെടുത്തി. ഇത്രയേറെ ചങ്കുറപ്പുള്ള ഒരു സ്ത്രീ എൻെറ മരണശേഷം കുട്ടികളെ വേണ്ടവിധം വളൎത്തിക്കൊള്ളും. അങ്ങനെ എൻെറ ശാസ്ത്രഗവേഷണം തുടൎന്നുകൊണ്ടുപോകുവാൻ

മക്കൾക്കു കഴിയും—ഞാൻ ആശിച്ചു. എങ്കിലും ഭാവിയെക്കുറിച്ചുള്ള ആശങ്കകൾ ജോലികൾക്കിടയിൽ എന്നെ അലട്ടിക്കൊണ്ടിരുന്നു.

അതിപ്രധാനമായ ഈ സംഭാഷണത്തിനുശേഷം എന്റെ കാര്യത്തിൽ മിഡോറി പൂർവ്വാധികം ശ്രദ്ധപതിപ്പിച്ചുപോന്നു. എന്റെ ആരോഗ്യം അനുദിനം മോശമായിക്കൊണ്ടേയിരുന്നു. വിമാനാക്രമണത്തെപ്പററി മുന്നറിയിപ്പു നൽകുന്ന കുഴൽവിളി മുഴങ്ങിയപ്പോൾ, തീരെ അവശനായിക്കഴിഞ്ഞിരുന്ന എന്റെ തല, ഉരുക്കുതൊപ്പിക്കു കീഴിൽ കറങ്ങുന്നതായി എനിക്കു തോന്നി. ഒരുദിവസം മിഡോറിതന്നെ ജോലിസ്ഥലത്തേക്കു് എന്നെ ചുമന്നുകൊണ്ടു പോകേണ്ടിവന്നു.

ഓഗസ്റ്റ് എട്ടാംതീയതി രാവിലെ ജോലിക്കു് ഞാൻ വീട്ടിൽനിന്നും പുറപ്പെട്ടപ്പോൾ മിഡോറി പതിവുപോലെ മന്ദസ്മിതം തൂകി എനിക്കു യാത്രപറഞ്ഞു. ഏതാനും അടി പോയിക്കഴിഞ്ഞപ്പോൾ ഉച്ചഭക്ഷണം എടുക്കാൻ മറന്നുപോയ കാര്യം ഞാൻ ഓർത്തു. അപ്രതീക്ഷിതമായി ഞാൻ തിരിച്ചുചെന്നപ്പോൾ എന്റെ ഭാര്യ തളത്തിലിരുന്നു കരയുന്നതു കണ്ടു. ആ കൂടിക്കാഴ്ച എന്നെന്നേക്കുമുള്ള ഞങ്ങളുടെ വിടവാങ്ങലായിരുന്നു. അന്നുരാത്രി—കഷ്ടമെന്നു പറയട്ടെ—വീട്ടിലേക്കു തിരിച്ചുപോകാതെ കോളേജിൽത്തന്നെ എനിക്കു കഴിച്ചുകൂട്ടേണ്ടിവന്നു.

ഒമ്പതാംതീയതി രാവിലെ അണുബോംബുപൊട്ടി ഞാൻ അവശനായപ്പോൾ മിഡോറിയെപ്പററിയുള്ള ഓർമ്മ എനിക്കുണ്ടായി. എന്നാൽ മുറിവേററവരെ ശുശ്രൂഷിക്കുന്ന ജോലിയിൽ എന്റെ ശ്രദ്ധ മുഴുവനും പതി

യേണ്ടിവന്നു. രക്തസ്രാവംനിമിത്തം അഞ്ചു മണിക്കൂറിനുള്ളിൽ ഞാൻ കിടപ്പിലായി.

എന്റെ ഭാര്യ മരിച്ചുവെന്ന പൂർവ്വബോധം (Premonition) എനിക്കുണ്ടായതു് അപ്പോഴാണു്. വീട്ടിൽനിന്നു കോളേജിലേക്കുള്ള ദൂരം ഒരു കിലോമീററർ മാത്രമായിരുന്നിട്ടും അവൾ എന്നെ അന്വേഷിച്ചുവന്നില്ല. ആ ദൂരം മുഴുവനും ഇഴഞ്ഞുനീങ്ങുകയാണെങ്കിൽപ്പോലും എന്റെ അടുക്കൽ വന്നെത്താൻ അഞ്ചുമണിക്കൂർ വേണ്ടിവരില്ല. മിഡോറിയെപ്പോലുള്ള ഒരു സ്ത്രീരത്നം മുറിവേററാൽത്തന്നെയും ജീവന്റെ ഒരു കണികയെങ്കിലും തന്നിൽ അവശേഷിച്ചിരുന്നെങ്കിൽ എന്റെ അടുക്കൽ വന്നെത്താൻ ശ്രമിക്കുമായിരുന്നു, തീർച്ച.

മൂന്നാംദിവസം വൈകുന്നേരം വിഷമംപിടിച്ച ജോലികളെല്ലാം തീർന്നപ്പോൾഞാൻ വീട്ടിലേക്കു നടന്നു. വീടിനുപകരം ഒരു ചാരക്കൂമ്പാരമാണു് അവിടെ കണ്ടതു്. അടുക്കളയുടെ സ്ഥാനത്തേക്കു ഞാൻ ഓടി. അവിടെ കരിഞ്ഞു ഭസ്മമായ ഒരു മനുഷ്യശരീരത്തിന്റെ ചൂടാറാത്ത അവശിഷ്ടങ്ങൾ എന്റെ കണ്ണിൽ പെട്ടു. മിഡോറിയുടേതായി ഇതിലധികം ഒന്നും അവിടെ ഉണ്ടായിരുന്നില്ല. തൊട്ടടുത്തുതന്നെ അവളുടെ ജപമാലയുടെ ചെയിനും കുരിശും സായാഹ്നസൂര്യന്റെ രശ്മികളേററു് തിളങ്ങിക്കിടന്നു.

എന്റെ അയൽവാസികളെല്ലാവരും മരിച്ചുകഴിഞ്ഞിരുന്നു. അവരുടെ കത്തിയെരിഞ്ഞ അസ്ഥികൾ ഭവനാവശിഷ്ടങ്ങളുടെയിടയിൽ അവിടെയെല്ലാം ചിതറിക്കിടപ്പുണ്ടായിരുന്നു. തീയിൽപ്പെട്ടു് മൊരിഞ്ഞുപോയ ഒരു തൊട്ടി അവിടെ ഞാൻ കണ്ടെത്തി. അതിൽ എന്റെ ഭാര്യയുടെ ഭൗതികാവശിഷ്ടങ്ങൾ ഞാൻ ശേഖരിച്ചു.

അതു് ഹൃദയത്തോടു ചേൎത്തുപിടിച്ചുകൊണ്ടു് ഞാൻ ശ്മശാനത്തിലേക്കു നടന്നു.

വിധിവൈപരീത്യം! മിഡോറി എന്നെ ശവക്കുഴിയിലേക്കു വഹിക്കുമെന്നാണു് അന്നുവരെ ഞാൻ കരുതിയിരുന്നതു്. ഇപ്പോൾ അവളുടെ ഭസ്മം എൻെറ കരങ്ങളിൽ വിശ്രമംകൊള്ളുകയാണു്. അവൾ മന്ദസ്വരത്തിൽ എന്നോടു മന്ത്രിക്കുന്നതായി തോന്നി: "മാപ്പു്, മാപ്പു്" എന്നു്.

അദ്ധ്യായം നാലു്

# മിത്സുയാമയിലെ പ്രഥമശുശ്രൂഷാകേന്ദ്രം

## "സ്വർഗ്ഗാരോപണത്തിരുനാൾ"വരെ

നാഗസാക്കിനഗരത്തിന്നു വടക്കു് പച്ചിലക്കാടുകൾ നിറഞ്ഞ ഒരു പർവ്വതക്കൂട്ടമുണ്ടു്. നീലാകാശത്തിനെതിരെ നിലകൊള്ളുന്ന ആ പർവ്വതസമൂഹം മനോഹരമായ കാഴ്ചയാണു്. 'മൂന്നു മാമലകൾ' എന്നർത്ഥമുള്ള 'മിത്സുയാമ' എന്ന പേരാണു ഭൂപടത്തിൽ അവയ്ക്കു നൽകിയിരിക്കുന്നതു്. അവയ്ക്കപ്പുറത്തുള്ള താഴ്വരയിൽ പൊള്ളലുകൾ സുഖപ്പെടുത്താൻ ഉത്തമമെന്നു പ്രസിദ്ധമായ ഒരൗഷധജലധാരയുണ്ടു്. അനേകതലമുറയായി വളരെ രോഗികളെ ആകർഷിച്ചിട്ടുള്ള ഒരു കാട്ടരുവിയാണതു്. അധികാരികൾ അവിടെ സന്ദർശകരുടെ സൗകര്യത്തിന്നായി ഒരു സത്രം പണിയിച്ചിരുന്നു. അണുബോംബുപൊട്ടി പൊള്ളലേററ അനേകായിരം രോഗികളെ സുഖപ്പെടുത്താൻ ഏററവും നല്ല സ്ഥലം അതെന്നു കണ്ടു് ഞങ്ങൾ അവിടെ ഒരു പ്രഥമശുശ്രൂഷാകേന്ദ്രം സ്ഥാപിച്ചു.

ഓഗസ്റ്റ് പന്ത്രണ്ടു്. മരണമടഞ്ഞ ഇഷ്ടജനങ്ങളുടെ ഭൗതികാവശിഷ്ടങ്ങൾ ചെറിയ 'അരുളിക്കാ'കളിലാക്കി (Reliquaries) ഞങ്ങൾ കഴുത്തിൽ ധരിച്ചു. ഉടനെ തന്നെ ഉറക്കാമിയിൽനിന്നു കോമ്പയിലേക്കു പുറപ്പെട്ടു. കത്തിയെരിഞ്ഞ പ്രദേശത്തുനിന്നു പോന്ന ഞങ്ങൾ വൻമരങ്ങളും പച്ചിലച്ചാർത്തുകളും നിറഞ്ഞ സ്ഥലത്താണു് ഇപ്പോൾ എത്തിയിരിക്കുന്നതു്. മലമുകളിലെ ശീതളമന്ദമാരുതൻ ഞങ്ങളുടെ തളർച്ച മാററി. അതോടെ

ഞങ്ങൾക്കു നവചൈതന്യവും പുതുജീവനും കൈവന്നു. അഗ്നിബാധയുടെ പൊടിയും കൂട്ടക്കൊലയുടെ അഴുക്കും നിറഞ്ഞ ശ്വാസകോശങ്ങളെ ശുദ്ധമാക്കാൻവേണ്ടി ഞങ്ങൾ വീണ്ടും വീണ്ടും ആ മലമ്പ്രദേശത്തെ നിർമ്മലവായു വലിച്ചുള്ളിലാക്കി. അങ്ങനെ ശ്വസിച്ചപ്പോഴെല്ലാം ഒരു ശുദ്ധീകരണച്ചടങ്ങിനു സ്വയം വിധേയരാകുന്ന അനുഭവമാണു ഞങ്ങൾക്കുണ്ടായത്.

കോബയുടെ ഭാഗമായ ഫുജിനോവിൽ പ്രഥമശുശ്രൂഷയ്ക്കുവേണ്ടി ഒരു കെട്ടിടം ഞങ്ങൾ വാടകയ്ക്കെടുത്തു. അവിടെ എത്തിയശേഷം കുളിക്കാനായി അല്പം ദൂരെയുള്ള ഒരു കാട്ടരുവിയിലേക്ക് ഓടുകയാണ് ഞാൻ ആദ്യം ചെയ്തത്. വസ്ത്രങ്ങൾ പാറത്തട്ടിൽ വെച്ചിട്ട് ഞാൻ വെള്ളത്തിലിറങ്ങി ഒരു കല്ലിന്മേൽ തലയും ചാരിക്കിടന്നു. എന്തൊരു പരമസുഖം! മുകളിലേക്കു നോക്കിയപ്പോൾ തൊട്ടടുത്ത് ഒരു പച്ചിലച്ചമരു് പണിതുയർത്തിയിരിക്കുന്നതുപോലെ തോന്നിപ്പോയി. ഇടതൂർന്നു വളർന്ന മരക്കൊമ്പുകൾ എന്റെമീതെ പച്ചക്കുടവിടർത്തിപ്പിടിച്ചു. കാട്ടിലെ ക്ഷുദ്രജീവികൾ അവയുടേതായ ഗ്രീഷ്മകാലസംഗീതം ആലപിച്ചു. മരങ്ങൾക്കിടയിൽക്കൂടി കാണാൻ കഴിഞ്ഞ നീലാകാശത്തിലൂടെ വെള്ളമേഘശകലങ്ങൾ മന്ദം മന്ദം ഒഴുകിപ്പോയി. "ഇവിടെക്കിടക്കുന്നതു സുഖംതന്നെ," ഞാൻ ആത്മഗതം ചെയ്തു.

കരയ്ക്കു കയറി തോർത്താൻ തുടങ്ങിയപ്പോൾ എന്റെ ശരീരം മുഴുവൻ കുപ്പിച്ചില്ലുകളേററു മുറിഞ്ഞിരിക്കുന്നതായി കണ്ടു. ബോംബു പൊട്ടിയപ്പോൾ ഉണ്ടായ മുറിവുകളാണെങ്കിലും ഇപ്പോഴാണ് അവ വേദനിക്കാൻ

തുടങ്ങിയതു്. ചോര പുരണ്ടുണങ്ങിയ എൻെറ വസ്ത്ര ങ്ങൾ ഞാൻ അലക്കി. അവ പാറപ്പുറത്തുണങ്ങാനിട്ടിട്ടു് ഒരു മരത്തിനു കീഴെ പോയിക്കിടന്നുറങ്ങി. പൊട്ടി ത്തെറിക്കുശേഷം എൻെറ ആദ്യത്തെ ഉറക്കമായിരുന്നു അതു്. വൈകുന്നേരമായപ്പോൾ ഞങ്ങൾ രോഗികളെ ശുശ്രൂഷിക്കാൻ വീടുകൾ സന്ദർശിച്ചു. ആദ്യം കയറി യതു് ഓക്കമുറസാൻെറ വീട്ടിലാണു്. ഗുരുതരമായ പരു ക്കുകളേററു് അദ്ദേഹം കട്ടിലിൽ കിടക്കുകയായിരുന്നു. ഓരോ വീട്ടിലും മുറിവുപററിയവർ എത്രപേരുണ്ടെന്നു പറയുക പ്രയാസമാണു്—അദ്ദേഹം അഭിപ്രായപ്പെട്ടു. ആ ഗ്രാമത്തിലെ ഒന്നാമത്തെ കർഷകനായ തക്കാമി സാൻെറ വീട്ടിൽ ചെന്നപ്പോൾ അയാളുടെ ഭാര്യ ഞ ങ്ങളോടു പറഞ്ഞു, ഒരു നൂറുപേർ അവിടെ അഭയം തേ ടിയിട്ടുണ്ടെന്നു്. നെററിത്തടത്തിൽനിന്നു വിയർപ്പുതു ള്ളികൾ തുടച്ചുനീക്കിക്കൊണ്ടു് അവർ കുറെ മത്തങ്ങാ നുറുക്കി ഞങ്ങളുടെ മുമ്പിൽവെച്ചു. ജുൺഷിനിലുള്ള ആശ്രമത്തിലെ ഒട്ടേറെ ബുദ്ധസന്യാസികൾ മുറിവേററു് കൊതുകുവലകൾക്കു് കീഴിൽ കിടപ്പുണ്ടായിരുന്നു. അവ രിൽ ആരെങ്കിലും മരിച്ചപ്പോൾ കർഷകൻ ആ ശവം കൊണ്ടുപോയി സംസ്കരിച്ചു. മുറിവേററിട്ടും യാതൊരു വൈദ്യസഹായവും ലഭിക്കാത്ത അനവധി ആളുകളെ ഉറക്കാമിയിൽനിന്നു് അവിടെ കൊണ്ടുവന്നിട്ടിരുന്നു. അ വരവർതന്നെ കെട്ടിയ കീറത്തുണികളല്ലാതെ; ആരും ആ വ്രണങ്ങൾ സ്പർശിച്ചിട്ടുണ്ടായിരുന്നില്ല. പല മുറിവു കളും ഇതിനകം പഴുത്തു ചലം മെത്തിയിരുന്നു. കീറത്തു ണിക്കെട്ടുകൾ എടുത്തു നീക്കിയപ്പോൾ വല്ലാത്ത ദുർഗ്ഗ ന്ധം വമിക്കുന്ന ചലം ഒഴുകിവന്നു. കഴുകി മരുന്നുവെച്ച പ്പോൾ മുറിവുകളിൽ കുപ്പിച്ചില്ലുകളും മരക്കഷണങ്ങളും

സിമൻറും ഒളിഞ്ഞിരിക്കുന്നതായിക്കണ്ടു. ഔഷധദ്രാവകംകൊണ്ടു് അവ ഞങ്ങൾ കഴുകി. അല്പം ക്രൂരമായിരുന്നു ആ കഴുകൽ—അതേ സമയം ഗുണപ്രദവും. ഇതിനകം ഞങ്ങൾ ഏറെക്കുറെ നിർവ്വികാരരായിത്തീർന്നെങ്കിലും മനുഷ്യയാതനയുടേതായ ആ കാഴ്ചകൾ ഞങ്ങളിൽ വിറയലുണ്ടാക്കി.

ഓരോ രോഗിക്കും പത്തിനും ഇരുപതിനുമിടയ്ക്കു മുറിവുകൾ ഏററിരുന്നു. അവരെയെല്ലാവരേയും ശുശ്രൂഷിക്കുക നിസ്സാരകാര്യമായിരുന്നില്ല. ഓരോരുത്തർക്കും വേണ്ടി ഞങ്ങൾ വളരെ സമയം ചെലവഴിച്ചു—കഴുകുക, വെടിപ്പാക്കുക, തുന്നുക, മരുന്നുവെച്ചു കെട്ടുക—ഇതിനെല്ലാം ഏറെനേരമെടുത്തു 100 മുറിവുകളേററ ഒരു മനുഷ്യനും ഉണ്ടായിരുന്നു അക്കൂട്ടത്തിൽ.

രോഗികൾക്കു വന്ന പൊള്ളലുകളും നിസ്സാരങ്ങളായിരുന്നില്ല. കൈകളിലും നെഞ്ചത്തും മുഖത്തുമായിരുന്നു അധികമാളുകൾക്കും പൊള്ളലേററതു്. ശരീരത്തിൽ തൊലി പൊളിഞ്ഞുപോയ ഭാഗങ്ങളിലെ പച്ചമാംസം ഭയങ്കരമായ ഒരു കാഴ്ചയായിരുന്നു. മുഖം മുഴുവനും ബീഭത്സമായ രീതിയിൽ നീരുവന്നു വീർത്തതിനാൽ രോഗികളിൽ പലർക്കും സംസാരിക്കുക എളുപ്പമായിരുന്നില്ല. വിദഗ്ധനിർദ്ദേശങ്ങളനുസരിച്ചു് എണ്ണ പുരട്ടി ചികിത്സിച്ച പൊള്ളലുകൾ സുഖമായിവന്നു. എന്നാലും പലർക്കും അരച്ച ഉരുളക്കിഴങ്ങോ, ചതച്ച മത്തങ്ങാത്തുണ്ടോ, വെറും മണ്ണോ ആണു് വെച്ചുകെട്ടിയിരുന്നതു്. അവർക്കെല്ലാമുണ്ടായ പഴുപ്പു് ഭയങ്കരമായിരുന്നു. അവയെല്ലാം ഞങ്ങൾ വീണ്ടും കഴുകി മരുന്നുവച്ചു കെട്ടി. അതിനു പുറമേ അരുവിയിലെ ഔഷധജലം

നനച്ച തുണിക്കഷണങ്ങൾകൊണ്ടു് വ്രണങ്ങൾ കെട്ടേണ്ട രീതിയും രോഗികളെ ഞങ്ങൾ അഭ്യസിപ്പിച്ചു.

വീടുകളിലും പുരയിടങ്ങളിലും കണ്ട കൊതുകുവലകൾ, അവിടെയെല്ലാം രോഗികൾ നിറഞ്ഞുകിടപ്പുണ്ടെന്നു വ്യക്തമാക്കി. അവരെല്ലാം ഒരുപക്ഷേ, ഞങ്ങളെ പ്രതീക്ഷിച്ചു കിടക്കുകയാണെന്ന ചിന്ത ഞങ്ങൾക്കു പുതിയ ധീരത നല്കി.

രാത്രി പത്തുമണി ആയപ്പോഴേക്കും ഞങ്ങൾ ഇനത്സുകിയിലുള്ള എല്ലാ വീടുകളും സന്ദർശിച്ചു മലമുകളിലൂടെ നടന്നു് ഫുജിനോവിൽ തിരിച്ചെത്തി.

വഴിയിൽ പാമ്പുകളുണ്ടായിരുന്നതിനാൽ വളരെ ശ്രദ്ധിച്ചാണു് ഞങ്ങൾ നടന്നതു്. ചുററുമുള്ള പച്ചപ്പുൽപ്പരപ്പുകളിൽ മഞ്ഞു വീണുകൊണ്ടിരുന്നു. ചെറുജീവികൾ ശബ്ദമുയർത്തി. ആകാശത്തിലെ പെരുങ്കരടി (Great Bear) അപ്രത്യക്ഷമായി. 'മൂന്നു മാമലകൾക്കു' മുകളിൽ ഏതാനും നക്ഷത്രങ്ങൾ വെട്ടിത്തിളങ്ങി. ആരും മിണ്ടിയില്ല. ഇടുങ്ങിയ ആ വഴിയിലൂടെ നടന്നപ്പോൾ എന്റെ മനസ്സു് മരിച്ചവരെപ്പററിയും ജീവിച്ചിരുന്നവരെപ്പററിയുമുള്ള ചിന്തകളിൽ മുഴുകി. ദിവ്യകന്യകയുടെ നക്ഷത്രവ്യൂഹം കാണാൻ വീണ്ടും ഞാൻ ചക്രവാളച്ചെരുവിലേക്കു നോക്കി. നീലനിറം കലന്ന അവയുടെ ഉജ്ജ്വലപ്രകാശത്തെപ്പററി ധ്യാനിക്കുക ഒരാവശ്യമാണെന്നു് എനിക്കു തോന്നി. മരണമടഞ്ഞ പരിചാരികമാക്കുവേണ്ടി ഞാൻ പ്രാത്ഥിച്ചു.

ഓഗസ്റ്റ് പതിമൂന്നാംതീയതി. വെളിച്ചവും ചൂടും പരത്തിക്കൊണ്ടു് സൂര്യൻ ഉദിച്ചുയരുകയാണു്. പുഴയിൽ കുളിച്ചിട്ടു് ഞങ്ങൾ റോക്കുമയിത്ത എന്ന ഗ്രാമത്തിലേക്കു നടന്നു. എട്ടു കിലോമീററർ ദൂരത്തിനുള്ളിൽ

വേറെ രണ്ടുമൂന്നു ഗ്രാമങ്ങൾകൂടി സന്ദർശിക്കാനുണ്ടായിരുന്നു. പ്രാതലിനുമുമ്പ് റോക്കുമയിത്തയിലെ ജോലി തീരുമെന്നായിരുന്നു പ്രതീക്ഷ. എന്നാൽ ഞങ്ങൾ വിചാരിച്ചതിലധികം ആളുകൾ മുറിവേററവിടെ കിടന്നിരുന്നു. പോരെങ്കിൽ ഞങ്ങളുടെ ആഗമനവാർത്ത മുൻകൂട്ടി അറിഞ്ഞു് വേറെ പലരും അവിടെ വന്നെത്തിയിരുന്നു. അവരെയെല്ലാം ശുശ്രൂഷിച്ചുകഴിഞ്ഞപ്പോഴേക്കും മണി പത്തായി.

മത്സുഷിത്ത എന്നു പേരുള്ള ഒരു കർഷകസുഹൃത്തിൻെറ വസതിയിൽ ഞങ്ങൾക്കുവേണ്ടി പ്രഭാതഭക്ഷണം ഒരുക്കിയിട്ടുണ്ടായിരുന്നു. കൈ കഴുകി, വീട്ടിൽ കയറി, ഞങ്ങൾ പായയിൽ ഇരുന്നു. ഞങ്ങളുടെ മുമ്പിൽ വിളമ്പിവെച്ച, ആവിപൊങ്ങുന്ന ചോറു കണ്ടപ്പോൾ, വീണ്ടും ഇങ്ങനെ ജീവിച്ചിരിക്കുന്നതു രസകരംതന്നെ എന്നെനിക്കു തോന്നിപ്പോയി. എൻെറ കണ്ണുകളിൽ ബാഷ്പകണങ്ങൾ വന്നുനിറഞ്ഞു.

ആവശ്യംപോലെ ഉണ്ണുക—അതിഥി ഞങ്ങൾക്കു നിർദ്ദേശം നല്കി. ഗ്രാമവാസികളെല്ലാം ഞങ്ങളുടെ സേവനം പ്രതീക്ഷിച്ചു കഴിയുകയാണെന്നും അതുകൊണ്ടു് ഞങ്ങളെ 'വെറുംവയറു'മായി വിടാൻ നിവൃത്തിയില്ലെന്നും അദ്ദേഹം തുടന്നു പറഞ്ഞു. "വൈകുന്നേരംവരേക്കാവശ്യമുള്ളതു മുഴുവനും ഇപ്പോൾ തിന്നണം—" അദ്ദേഹം നിർബന്ധംപിടിച്ചു. ഞങ്ങൾക്കാണെങ്കിൽ അത്തരം നിർബന്ധം ഒന്നും വേണ്ടിയിരുന്നില്ല. വയറു നിറയെ ചോറുണ്ടിട്ടു് ഞങ്ങൾ യാത്ര തുടന്നു.

അക്കമിത്സുവിലെ ജോലി തീരാറായപ്പോഴേക്കും വിമാനങ്ങളുടെ ഇരമ്പൽ കേൾക്കാൻ തുടങ്ങി. ഉടനെ

ഞങ്ങൾ ഒരു പാറയ്ക്കടുത്തുള്ള തണലിലേക്കോടി. വേറൊരു അണുബോംബുകൂടി വീണുപൊട്ടിയാൽ എല്ലാം അതോടെ അവസാനിക്കും. അങ്ങനെ സംഭവിക്കാതിരിക്കാൻവേണ്ടി ഞാൻ പ്രാർത്ഥിച്ചു. സാധാരണ ബോംബുകളും യന്ത്രത്തോക്കിൻെറ വെടിയും എന്തെന്നു് ഞങ്ങൾക്കറിയാമായിരുന്നു. കുറെ ശ്രദ്ധിച്ചാൽ അവയിൽനിന്നു രക്ഷപ്പെടാൻ കഴിഞ്ഞെന്നുവരാം. എന്നാൽ ആററം ബോംബു വീണുപൊട്ടുന്ന സ്ഥലമോ സമയമോ ആർക്കും അറിയാൻ സാധിക്കയില്ല. പൊട്ടിയാൽ രക്ഷപ്പെടുക അസാദ്ധ്യമാണുതാനും. അതുകൊണ്ടെല്ലാം വിമാനത്തിൻെറ ഇരമ്പൽ ഞങ്ങളിൽ പരിഭ്രമവും വിറയലുമുണ്ടാക്കി.

ശബ്ദം നിലച്ചു. ഞങ്ങൾ ഓരോരുത്തരായി നടക്കാൻതുടങ്ങി. വിശാലമായ ആ റോഡിൽ സ്വന്തം നിഴലുകൾ പതിഞ്ഞുകാണാൻ ഞങ്ങൾ ആഗ്രഹിച്ചിരുന്നു. വീടോ ധനമോ ഇല്ലാതെ കീറിപ്പറിഞ്ഞ വസ്ത്രങ്ങൾ മാത്രമണിഞ്ഞു് ഞങ്ങൾ ഗ്രാമങ്ങൾതോറും കയറിയിറങ്ങി. പ്രശസ്തമായ ഒരു വൈദ്യശാസ്ത്രകേന്ദ്രത്തിലെ ഡോക്ടർമാരും പ്രൊഫസർമാരും വിദ്യാർത്ഥികളുമടങ്ങിയ ഒരു സംഘമാണു് ഞങ്ങളെന്നു് ആർക്കും ഊഹിക്കാൻപോലും കഴിയുമായിരുന്നില്ല.

ഞങ്ങളിൽ ചിലരുടെ തലയിൽ കെട്ടിവെച്ചിരുന്ന മുറിവുകളിലൂടെ അപ്പോഴും ചോര ഒലിക്കുന്നുണ്ടായിരുന്നു; മുറിവേറ്റ കാലുകൊണ്ടു മററു ചിലർ എന്തിനടന്നു നെഞ്ചത്തു പരുക്കുപററിയവർക്കു ശ്വാസിക്കുക പ്രയാസമായിരുന്നു. റേഡിയോപ്രസരത്തിൻെറ ഫലമായി ചിലരുടെ ശരീരം മുഴുവനും ചാരനിറം പൂണ്ടുപോയി.

കണ്ണട നഷ്ടപ്പെട്ട വേറേ ചിലർ വഴി കാണാൻകഴിയാതെ വിഷമിച്ചാണു നടന്നതു്.

എന്നിട്ടും ഞങ്ങൾ മുമ്പോട്ടുപോയി. ചിലർ വടികുത്തിയും വേറേ ചിലർ സഹയാത്രികരുടെ തോളത്തുപിടിച്ചുമാണു നടന്നതു്. കീറിപ്പറിഞ്ഞ പാദരക്ഷകളാണു് ചിലർ ധരിച്ചിരുന്നതു്. കഷണം കഷണമായി തൂങ്ങിക്കിടന്ന ഷർട്ടുകളിലും കാലുറകളിലും (Pants) ചോര ഉണങ്ങിപ്പിടിച്ചിരുന്നു. ചിലരുടെ തലയിൽ തോർത്തോ തുവാലയോ കെട്ടിയിരുന്നു. മററുചിലർ തല മൂടിയാണു നടന്നതു്. ശത്രുവിമാനങ്ങളുടെ ശ്രദ്ധയിൽ പെടാതിരിക്കാൻവേണ്ടി ഞങ്ങൾ തലയും തോളുകളും പുല്ലുകൊണ്ടു മൂടി.

“എന്തൊരു വിചിത്രമായ കാഴ്ചയാണു നാം!” കോറോ പറഞ്ഞു. ക്രമരഹിതമായ ഒരു പട്ടാളവ്യൂഹം പോലെയാണു ഞങ്ങൾ നടന്നതു്. എന്നിട്ടും സത്യത്തിന്റെയും സേവനത്തിന്റെയും ചൈതന്യം ഞങ്ങളിൽ അപ്പോഴും കുടികൊണ്ടിരുന്നു. വൈദ്യശാസ്ത്രവിദഗ്ദ്ധന്മാരെന്നനിലയിൽ ഞങ്ങളേററിരുന്ന ജീവതദൗത്യം പരുക്കേററവരെത്തേടിനടക്കുവാൻ ഞങ്ങൾക്കു പ്രചോദനമരുളി. മദ്ധ്യാഹ്നസൂര്യൻെറ ഉഗ്രരശ്മികൾ ആഞ്ഞടിച്ചതോ, ശത്രുവിമാനങ്ങൾ തലയ്ക്കുമീതെ ഇരമ്പിപ്പറന്നതോ ഞങ്ങൾ വകവെച്ചില്ല. മനുഷ്യനെ സഹായിക്കുക—അതായിരുന്നു ഞങ്ങൾ ആഗ്രഹിച്ചതു്. കാരണം, ഞങ്ങൾ അപ്പോഴും ഒരു മെഡിക്കൽ കോളേജിന്റെ അംഗങ്ങളായിരുന്നു. ശാസ്ത്രസത്യം തേടിപ്പിടിക്കുക എന്ന മഹാസംരംഭത്തിൽ ഏർപ്പെട്ടവരായിരുന്നു ഞങ്ങൾ. തികച്ചും നവീനമായ ഒരു നിരീക്ഷണമണ്ഡലമാണു ഇപ്പോൾ ഞങ്ങളുടെ മുൻപിൽ തുറക്കപ്പെട്ടതു്. പുതിയ കണ്ടുപിടു

ത്തങ്ങൾക്കുള്ള ഈ സുവർണ്ണാവസരം അവഗണിക്കുകയോ ഉപേക്ഷിക്കുകയോ ചെയ്യുന്നതു സ്വന്തം സഹോദരങ്ങളോടുള്ള വിസ്സേവനവും (disservice) ശാസ്ത്രജ്ഞരെന്ന നിലയിൽ ഞങ്ങളിൽ നിക്ഷിപ്തമായിരുന്ന ജീവിതകത്തവ്യത്തിൻെറ ലംഘനവുമായിരിക്കും.

അണുരോഗത്തിൻെറ ലക്ഷണങ്ങൾ എന്നിൽ പ്രത്യക്ഷപ്പെടാൻ തുടങ്ങി. ഞാൻ അപ്പോൾ ചെയ്തുവന്ന ക്ലേശകരമായ ജോലി തുടന്നാൽ ഉടനെ മരിക്കുകയോ രോഗം വർദ്ധിക്കുകയോ, ചെയ്യുമെന്നു് എനിക്കു വ്യക്തമായി. പരീക്ഷണങ്ങൾക്കുള്ള ശാസ്ത്രോപകരണങ്ങളൊന്നും ഞങ്ങൾക്കുണ്ടായിരുന്നില്ല. പെൻസിലോ കടലാസോപോലും ഇല്ലായിരുന്നു. ഏതാനും കത്തികൾ, കത്രികകൾ, സൂചികൾ, രോഗാണുനാശകൗഷധം, കുറെ തുണിക്കഷണങ്ങൾ—ഇവ മാത്രമായിരുന്നു ഞങ്ങളുടെ സജ്ജീകരണങ്ങൾ. ഇവയ്ക്കു പുറമേ ബുദ്ധിശക്തിയും കണ്ണുകളും, കൈകളും സേവനമനുഷ്ഠിക്കണമെന്നുള്ള ഉറച്ച തീരുമാനവും ഞങ്ങൾക്കുണ്ടായിരുന്നു.

"വിമാനങ്ങൾ!" പൊടിപുരണ്ട പുൽത്തകിടിയിൽ എല്ലാവരും കമിഴ്ന്നു കിടന്നു. ഞങ്ങളുടെ മുഖത്തിനു താഴെയുള്ള പച്ചപ്പുല്ലുകളിലൂടെ് എറുമ്പുകൾ ഓടിനടന്നു. വിമാനങ്ങളുടെ മുഴക്കം നിലച്ചപ്പോൾ ഞങ്ങൾ പിടഞ്ഞെഴുന്നേററു് ആ ഉഗ്രവെയിലത്തു വീണ്ടും യാത്രതുടന്നു. ഇത്തരം യാത്ര വളരെ ക്ഷീണകരമായ പരിപാടിയായിരുന്നു. ആ ദിവസം മുഴുവനും അതായിരുന്നു ഞങ്ങളുടെ ജോലി. എല്ലാ ഗ്രാമങ്ങളും സന്ദർശിക്കാൻ പ്രതീക്ഷിച്ചതിലധികം സമയം വേണ്ടിവന്നു. ഓരോ അടി വെച്ചപ്പോഴും കാലു വേദനിച്ചു. രാത്രി

ആയപ്പോഴേക്കും ഞങ്ങളുടെ ശരീരശക്തിയും വികാരശക്തിയും മുഴുവനും വററിക്കഴിഞ്ഞിരുന്നു.

പ്രതീക്ഷിച്ചതിൽ അഞ്ചുമടങ്ങു രോഗികളാണു് അവിടെ ഉണ്ടായിരുന്നതു്. ഓരോ വീട്ടിലും അവരെ കാണാൻ കഴിഞ്ഞു. ആതിഥ്യം നല്കിയ വീട്ടുകാർക്കു തികച്ചും അപരിചിതരായിരുന്നു പലരും. അടുത്തുള്ള വീടുകളിൽ എത്തിയ ഉടനെ നിസ്സഹായരായി കിടന്നുപോയവരാണു് അധികംപേരും. വീട്ടുകാർ കഴിവനുസരിച്ചു് ഈ രോഗികളെ ശുശ്രൂഷിച്ചു. മുറിവുകെട്ടാനുള്ള തുണിക്കഷണങ്ങൾ പെട്ടെന്നു തീർന്നുപോയി. മുഖ്യശുശ്രൂഷികയും സുബാക്കിയാമോയും നട്ടുച്ചവെയിലത്തു് ഒരു മണിക്കൂർനേരം ഓടിയാണു് കോളേജിൽനിന്നു പുതിയ 'ബാൻഡേജു്' കൊണ്ടുവന്നതു്. അവർ പുറപ്പെട്ടപ്പോൾ ഞങ്ങൾ പറഞ്ഞു: "വേറൊരു പൊട്ടിത്തെറികൂടി ഉണ്ടായാൽ എന്നെന്നേക്കുമുള്ള വിടവാങ്ങലായിരിക്കും ഇതു്."

എന്നാൽ രാത്രിയായപ്പോൾ അവർ തിരിച്ചുവന്നു, സഞ്ചികളിൽ തുണിയും മുഖത്തു പുഞ്ചിരിയുമായി. പരിചാരിക ഒയീഷിയുമുണ്ടായിരുന്നു കൂടെ. പൊട്ടിത്തെറി നടന്നദിവസം രാവിലെ അവർക്കു് ഒരു സന്ദേശം ലഭിച്ചു. യുദ്ധക്കളത്തിൽവെച്ചു് സ്വന്തം സഹോദരൻ വധിക്കപ്പെട്ടതായി അറിഞ്ഞു് രാവിലെ ഒമ്പതുമണിക്കു് അവൾ വീട്ടിലേക്കു മടങ്ങി. കോളേജു നശിച്ചവിവരം പിറേറദിവസമാണു് അവൾ കേട്ടതു്. ഉടനെതന്നെ പുറപ്പെട്ടു് ജീവിച്ചിരുന്നവരെ സഹായിക്കാൻവേണ്ടി പത്തുമണിക്കൂർ ദീർഘിച്ച തീവണ്ടിയാത്രയ്ക്കുശേഷം അവൾ ലക്ഷ്യസ്ഥാനത്തു് എത്തിയിരിക്കുകയാണിപ്പോൾ.

"നിങ്ങളോട്ട് എനിക്കുള്ള സ്നേഹാദരങ്ങൾ കാണിക്കാൻ നിങ്ങളുടെ ഭസ്മമെങ്കിലും വണങ്ങാമല്ലോ എന്നു കരുതിയാണു് ഓടിപ്പോന്നതു്," ഏങ്ങിക്കരഞ്ഞുകൊണ്ടു് അവൾ പറഞ്ഞു. യൗവനത്തിളപ്പും ഉത്സാഹവുമുള്ള ആ പെൺകുട്ടിയുടെ വരവോടെ ഞങ്ങളുടെ സേവനശക്തി വൎദ്ധിച്ചു. രാത്രി പത്തുമണി ആയപ്പോൾ ജോലികഴിഞ്ഞു ഞങ്ങൾ ഫ്യൂജിനോവിലേക്കു മടങ്ങി. ഉരുളക്കിഴങ്ങും മത്തങ്ങയും പാകംചെയ്യാൻ കത്തിച്ച തീയുടെചുറ്റും ഞങ്ങൾ ഇരുന്നു. അണുരോഗത്തിൻെറ ലക്ഷണമായിരുന്നു ഞങ്ങളുടെ ചർച്ചാവിഷയം. വായിലെ പഴുപ്പുററ നീരുകൾ, ദഹനക്കേട്ടു് തുടങ്ങിയ ലക്ഷണങ്ങളേപ്പററി സംസാരിക്കുകയും ഇടയ്ക്കിടയ്ക്കു തീയിലേക്കു വിറകു് എറിയുകയും ചെയ്തു് ഞങ്ങൾ സമയം ചെലവഴിച്ചു. അപ്പോഴേക്കും അത്താഴവും പാകമായി.

ഓഗസ്റ്റ് പതിന്നാലു്. പിറേറദിവസം എട്ടു കിലോമീററർ ദൂരത്തിനുള്ളിൽ നാലു ഗ്രാമങ്ങൾ സന്ദർശിക്കാനുണ്ടായിരുന്നു: അസ്സേബേട്ടോ, കവഡോക്കോ, തോബിത്ത, കൊട്ടാണി. മലകളും താഴ്വരകളും കടന്നുള്ള വഴി. ചിലപ്പോൾ വലിയ ഒരു പൎവ്വതത്തിൻെറ ഉച്ചിയിൽ ഒരൊററ പുര കണ്ടു് അത്രയും ഉയരത്തിൽ കയറിച്ചെന്നു് അവിടെ അന്വേഷിക്കണമോയെന്നു ഞങ്ങൾ സംശയിച്ചുനിന്നു. എന്നാൽ ഞങ്ങൾ ചെയ്യേണ്ട സേവനങ്ങളും നടത്തേണ്ട അന്വേഷണങ്ങളും എത്ര പ്രധാനപ്പെട്ടവയെന്നറിഞ്ഞു വടിയൂന്നി പയ്യെപ്പയ്യെ പൎവ്വതശിഖരത്തിലേക്കു കയറി. സന്തോഷവും നന്ദിയും പ്രകടിപ്പിച്ചുകൊണ്ടു ജനങ്ങൾ സ്വാഗതമരുളി. ഡോക്ടർമാരെ കണ്ടതോടെ രോഗികൾക്കു് ആശ്വാസമായി. മുറിവുകളുടെ കെട്ടുകൾ അവർ ഉടനെ അഴിച്ചുതുടങ്ങി.

രാത്രി ആയപ്പോഴേക്കും ഞങ്ങൾക്കു വിശപ്പും ക്ഷീണവും വേദനയും തോന്നി. ഞങ്ങൾ ഈരണ്ടുപേർ വീതം പരസ്പരം കൈപിടിച്ചു് ഒരുതരത്തിൽ മടങ്ങി. തലയ്ക്കു മീതെ നീലാകാശത്തിൽ വെള്ളിനക്ഷത്രങ്ങൾ വെട്ടിത്തിളങ്ങി.

"നേരം ഇരുണ്ടു. വഴി ഇനിയും വളരെയുണ്ടു്." പ്രൊഫസർ ഷെയിക്കി പറഞ്ഞു. അതേനിമിഷം എൻെറ വലത്തേ പാദത്തിൽ ഒരു മരവിപ്പുപോലെ തോന്നി. ഉടനെ ഞാൻ നിലം പതിച്ചു. കൂട്ടുകാർ എൻെറ ചുററുംകൂടി. കാലു തിരുമ്മാൻ തുടങ്ങി.

ചന്ദ്രബിംബം മേഘങ്ങൾക്കുള്ളിൽ മറഞ്ഞു. എല്ലായിടത്തും ഇരുട്ടു്. വഴിയിൽ ആരെയും കണ്ടുമുട്ടിയില്ല. ഫുജിനോവിലെത്താൻ മൂന്നു കിലോമീററർകൂടി ദൂരമുണ്ടായിരുന്നു. ഒരു മണിക്കൂർ കഴിഞ്ഞപ്പോൾ എൻെറ കാലിനു വീണ്ടും കുറെ ശക്തി ലഭിച്ചു. 'ചെറുപയറി'ൻെറ തോളിൽ താങ്ങികൊണ്ടു് എനിക്കു നടക്കുവാൻ കഴിഞ്ഞു. ഒരു കിലോമീറ്റർ ദൂരം ചെന്നപ്പോൾ അവൾ ബോധംകെട്ടു വീണു. 'കൊച്ചുവീപ്പ'യും ഓയിഷിയും ഇരുവശത്തുനിന്നും അവളുടെ കൈകൾ തോളിലേററു് അവളെ നടത്തി. കോറോ എന്നെ എടുത്തു് പുറത്തുവെച്ചു ചുമന്നു.

തക്കാമിസാൻെറ വീട്ടിലെത്തി ഞങ്ങൾ വിശ്രമിച്ചു. ഞങ്ങൾ അത്ര വൈകിച്ചെന്നതു കണ്ടപ്പോൾ വീട്ടുകാരിക്കു സങ്കടമായി. അവർ ഉടനെ ഭക്ഷണം പാകം ചെയ്തു അവരുടെ ഔദാര്യപ്രകടനത്തിനു് എതിരായി പ്രതിഷേധസ്വരം ഉയർത്താൻപോലും ഞങ്ങൾ അശക്തരായിരുന്നു. ചോറും മത്തങ്ങയും ഉരുളക്കിഴങ്ങും പഴ

ങ്ങളും എല്ലാം ഞങ്ങൾ ഒററയിരിപ്പിനു് അകത്താക്കി. പട്ടിണിപ്പട്ടികളെപ്പോലെ ഞങ്ങൾ വലിച്ചുവാരി തിന്നു.

## 1945 ഓഗസ്റ്റ് 15

പരിശുദ്ധ കന്യകമറിയത്തിൻെറ സ്വർഗ്ഗാരോപണത്തിരുന്നാൾ ആഘോഷിക്കാൻ കോബാപ്പള്ളിയിലെ ദിവ്യബലിയിൽ ഞങ്ങൾ പങ്കുകൊണ്ടു. ശത്രുവിമാനങ്ങളുടെ ശബ്ദം കേട്ടു് ഭക്തകൃത്യങ്ങൾ കുറേനേരത്തേക്കു നിറുത്തേണ്ടിവന്നു. ഫാദർ ഷീമീഷു പള്ളിക്കടുത്തുള്ള അഭയകേന്ദ്രത്തിലേക്കു 'ദിവ്യകാരുണ്യം' എടുത്തുനീക്കി.

ആരാധന കഴിഞ്ഞപ്പോൾ ഞങ്ങൾ വീണ്ടും ഇന്നത്സുകിയിലെ രോഗികളെ ശുശ്രൂഷിക്കാൻ പുറപ്പെട്ടു. പുതുതായി വന്നുകൊണ്ടിരുന്ന രോഗികളുടെ എണ്ണം കുറഞ്ഞുതുടങ്ങി. വന്നെത്തിയവരിൽ പലരും മരിക്കുകയാണുണ്ടായതു്. ഞങ്ങളുടെ ശക്തിമുഴുവനും ക്ഷയിച്ചുകഴിഞ്ഞതായി അനുഭവപ്പെട്ടു. വാസ്തവത്തിൽ ഏററവും ഗുരുതരമായ നിലയിൽ എത്തിക്കഴിഞ്ഞിരുന്നു ഞങ്ങളുടെ സ്ഥിതി. മററു രോഗികൾക്കു പ്രയാസംകൂടാതെ സംസാരിക്കാനെങ്കിലും കഴിഞ്ഞു. ഞങ്ങളെ സംബന്ധിച്ചിടത്തോളം ചോദ്യങ്ങൾക്കു് ഉത്തരം പറയുകതന്നെ വളരെ വിഷമമായിരുന്നു. യുദ്ധസമയമാകയാൽ എല്ലാം ഉപേക്ഷിച്ചുപോകുവാൻ ഞങ്ങൾക്കു നിവൃത്തിയുണ്ടായിരുന്നില്ല. കോളേജിൻെറ മുഖ്യകാര്യാലയത്തിൽനിന്നു സാമാനങ്ങൾ കൊണ്ടുവരാൻ രാവിലെ പോയ കോറോ വൈകുന്നേരമായപ്പോഴേക്കും തിരിച്ചുവന്നു. അദ്ദേഹം വല്ലാതെ ക്ഷോഭിച്ചിരുന്നു അദ്ദേഹം കൊണ്ടുവന്ന അരിയും ഗോതമ്പുപൊടിയും മററും വളരെ സഹായകമാ

യിരുന്നെങ്കിലും അവയോടൊപ്പം ഏതോ അസുഖകരമായ വാർത്തയും അദ്ദേഹത്തിന്ന ഞങ്ങളെ അറിയിക്കാനുണ്ടായിരുന്നു: "യുദ്ധം അവസാനിച്ചുവെന്നു കേട്ടു." "അവസാനിച്ചോ? എങ്ങനെ?" ഞങ്ങൾ ചോദിച്ചു. "നിരുപാധികമായ കീഴടങ്ങൽ. പോട്ട്സ്ഡാം പ്രഖ്യാപനം ചക്രവർത്തി സ്വീകരിച്ചിരിക്കുന്നു." "ഡോക്ടർ!" ആരോ വിളിച്ചു. പട്ടണത്തിൽനിന്നു തിരിച്ചുവന്ന ത്സുബാക്കിയാമോ ആയിരുന്നു അതു്. ദുഃഖംനിറഞ്ഞ മുഖഭാവത്തോടെ അവൾ അന്നത്തെ ദിനപ്പത്രം എൻെറ കൈയിൽ തന്നു. ഒററനോട്ടത്തിന്ന കാര്യം വ്യക്തമായി. കുറെ കൊല്ലങ്ങളായി ഞങ്ങൾ പേടിയോടെ പ്രതീക്ഷിച്ച ആ തലക്കെട്ടു പത്രത്തിൽ കണ്ടു:

***ചക്രവർത്തിയുടെ ആജ്ഞപ്രകാരം രാജകീയസേനകൾ കീഴടങ്ങുന്നു.***

***യുദ്ധത്തിൽ ജപ്പാൻ തോൽവിയടഞ്ഞു.***

ഒരു കൊച്ചുകുട്ടിയെപ്പോലെ ഞാൻ പൊട്ടിക്കരഞ്ഞു. അരമണിക്കൂർ കഴിഞ്ഞേ എനിക്കു വികാരങ്ങൾ നിയന്ത്രിക്കാൻ സാധിച്ചുള്ളു. കണ്ണുനീരിൻെറ ഒഴുക്കു തീൎന്നപ്പോഴും ഞാൻ ദുഃഖപാരവശ്യത്താൽ വിതുമ്പിക്കൊണ്ടിരുന്നു.

വൈകുന്നേരം മററുള്ളവർ ജോലികഴിഞ്ഞു തിരിച്ചുവരുന്നതു കണ്ടപ്പോൾ ഞാൻ വീണ്ടും പൊട്ടിക്കരഞ്ഞു. വാർത്തകേട്ടു് അവരും കരയാൻതുടങ്ങി. അന്നു ഞങ്ങൾ ചായ കുടിക്കുകയോ അത്താഴം കഴിക്കുകയോ ചെയ്തില്ല. ഒരക്ഷരംപോലും ആരും മിണ്ടിയില്ല. ഒടുക്കം ക്ഷീണാധിക്യംനിമിത്തം എല്ലാവരും ഉറക്കത്തിലാണ്ടു.

ഓഗസ്റ്റ് 17. സാമ്രാജ്യങ്ങൾ നശിച്ചെന്നുവരാം. പർവ്വതങ്ങളും നദികളും എന്നുമുണ്ടായിരിക്കും. രാവിലെ

ഉണ്ടന്നു. വാതിൽ തുറന്നപ്പോൾ മുകളിൽ പടന്ന കാർമേഘപടലങ്ങളെ വകവയ്ക്കാത്ത നിത്യശാന്തതയോടെ പുലരിത്തുടുപ്പണിഞ്ഞു നില്ക്കുന്ന 'മൂന്നു മാമലകൾ' ഞങ്ങളുടെ ദൃഷ്ടിയിൽപ്പെട്ടു. ഈ ലോകം മുഴുവൻ കിട്ടിയാൽ പോലും ആ പർവ്വതസമൂഹത്തിന്റെ മഞ്ഞണിഞ്ഞ ഒരു ശിഖരം ഞങ്ങൾ കൈവെടിയുമായിരുന്നില്ല. സാമ്രാജ്യത്തിന്റെ അജയ്യതയിൽ ഞങ്ങൾക്കുണ്ടായിരുന്ന വിശ്വാസം ഒരു നിമിഷത്തിനുള്ളിൽ തകർന്നുപോയി. ഗ്രീഷ്മാകാശത്തിലൂടെ ജയഭേരി മുഴക്കിക്കൊണ്ടു് അമേരിക്കൻ വിമാനങ്ങൾ ചുററിപ്പറന്നു. വളരെ താണുവന്നു് അവ ഒരു ഭയവുംകൂടാതെ ഭൂഭാഗദൃശ്യങ്ങൾ നിരീക്ഷിച്ചു. ഒരു 'ബി. 29' വിമാനം പെട്ടെന്നുവന്നു് 'മൂന്നു മാമലകളെ' ഉരുമ്മിപ്പറന്നശേഷം വീണ്ടും അപ്രത്യക്ഷമായി.

യുദ്ധം അവസാനിച്ചു; ഞങ്ങൾ തോൽവിയടഞ്ഞു. അന്നു് ഒന്നും ചെയ്യരുതെന്നു ഞങ്ങൾ തീരുമാനിച്ചു. പ്രാതലിനുശേഷം പായ്‌വിരിച്ചു കിടന്നുകൊണ്ടു് ഞങ്ങൾ മേഘങ്ങളേയും, മലകളേയും, വിമാനങ്ങളേയും നോക്കി. അടുപ്പിനടുത്തു ഭക്ഷണത്തിനുപയോഗിച്ച പാത്രങ്ങൾ കഴുകാതെ കിടന്നു. എങ്കിലും ഒന്നും ചെയ്യാൻ ഞങ്ങൾക്കു തോന്നിയില്ല.

ഒരു രോഗിയെ സന്ദർശിക്കാൻ ആവശ്യപ്പെട്ടുകൊണ്ടു് ഒരാൾ അവിടെ വന്നു. ഞങ്ങൾ തോററിരിക്കുകയാണു്! പത്തുകോടി ജനങ്ങൾ കരയുമ്പോൾ ഒരു രോഗിയെ സന്ദർശിച്ചാൽ എന്തു ഫലം? ഒന്നോ രണ്ടോ പേരെ രക്ഷിക്കുന്നതുകൊണ്ടു് മാതൃരാജ്യത്തിന്റെ ക്രൂരനിയതിയിൽ മാററം വരുമോ? ആ മനുഷ്യനെ ഞങ്ങൾ പറഞ്ഞയച്ചു. മ്ലാനവദനനായി അയാൾ സ്ഥലംവിട്ടു. കൃഷിനിലങ്ങളിലൂടെ നടന്നുമറയുന്ന ആ നിസ്സഹായനെ

ഞാൻ നോക്കിനിന്നു. മിന്നൽവേഗത്തിൽ എൻെറ വികാരങ്ങൾക്കു മാററം ഭവിച്ചു. "അയാളെ തിരിച്ചുവിളിക്കുക. മനുഷ്യജീവൻ രക്ഷിക്കുകയെന്നതാണു് സർവ്വപ്രധാനം," 'ചെറുപയറി'നോടു ഞാൻ പറഞ്ഞു. മാതൃരാജ്യം തോൽവിയടഞ്ഞു; എന്നാൽ മുറിവേററവർ ഇപ്പോഴും ജീവിച്ചിരിക്കുകയാണു്. യുദ്ധം തീർന്നുവെങ്കിലും ഞങ്ങൾ അപ്പോഴും ഒരു പ്രഥമശുശ്രൂഷാസംഘമാണു്. ജപ്പാൻ നശിച്ചു. എങ്കിലും വൈദ്യശാസ്ത്രസേവനം തുടർന്നേ തീരൂ. അതായിരുന്നു ഞങ്ങളുടെ ജോലിയും കർത്തവ്യവും—രാജ്യത്തിന്റെ വിധി എന്തായിരുന്നാലും ശരി, ജനങ്ങളുടെ ആരോഗ്യവും ജീവനും സംരക്ഷിക്കുക. വ്യക്തിയുടെ ജീവനെ വേണ്ടിടത്തോളം ആദരിക്കായ്കയാൽ ജപ്പാൻ ഇപ്പോൾ നിലംപതിച്ചുകിടക്കുകയാണു്. വ്യക്തിജീവിതത്തോടുള്ള ബഹുമാനം മഹത്തരമായ വിശ്വവീക്ഷണത്തിൻെറ ആരംഭമായിരിക്കുമെന്നു് എനിക്കു് അപ്പോൾ വ്യക്തമായി.

മാതൃരാജ്യം യുദ്ധത്തിൽ വിജയിക്കുമെന്നു ഭരണകർത്താക്കൾ സാധാരണജനങ്ങളെ വിശ്വസിപ്പിച്ചു. എന്നാൽ യാഥാർത്ഥ്യങ്ങൾ അവരുടെ വിശ്വാസത്തിനു തുരങ്കംവെയ്ക്കുകയും യുദ്ധത്തിൽ അവർ പരാജയമടയുകയും ചെയ്തു.

നിരാശതയിൽ ആണ്ടുപോയ അവർ എല്ലാവിധ സഹായവും അർഹിക്കുന്നവരാണു്. ഒരുപക്ഷേ, അവരെ ആശ്വസിപ്പിക്കുകയും സന്തോഷിപ്പിക്കയും ചെയ്യാൻ എനിക്കു സാധിക്കും. അവരുടെ അടുക്കലേക്കു പോകുകയാണു് എന്റെ കർത്തവ്യം. വേച്ചുവേച്ചു് ഞാൻ എഴുന്നേററുനിന്നു. മററുള്ളവർ എൻെറ മാതൃക അനു

കരിച്ചു. പുതിയ ധീരത ഞങ്ങൾക്കനുഭവപ്പെട്ടു. സേവനം തുടരാനുള്ള ആ തീരുമാനം ഞങ്ങൾക്കു ശക്തിയും ആനന്ദവും നല്കി.

പ്രവൃത്തിപഥത്തിലേക്കു് ഞങ്ങളെ ഇപ്പോൾ മാടിവിളിച്ച അദൃശ്യശക്തി യുദ്ധത്തിൻെറ മാദകലഹരി ആയിരുന്നില്ല. സ്വന്തം നാട്ടുകാരുടെ ജീവൻ രക്ഷിക്കേണ്ടതു് ഞങ്ങളുടെ കടമയാണെന്ന ബോധത്തോടെ സ്വമേധയാ ഞങ്ങൾ മുമ്പോട്ടുപോയി. ശരീരബലം ക്ഷയിച്ചിരുന്നിട്ടും അദ്ധ്യാത്മികമായ ഒരു നൂതനശക്തി ഞങ്ങളിൽ പതച്ചുപൊങ്ങി.

വെള്ളിനക്ഷത്രങ്ങൾ അണിഞ്ഞ പോർവിമാനങ്ങൾ തലയ്ക്കുമീതെ പറന്നുപോയി. എന്നാൽ ഇന്നു് ഞങ്ങൾക്കൊന്നും പേടിക്കാനില്ല. സംഘങ്ങളായി ഞങ്ങൾ പൊതുനിരത്തിലൂടെ നടന്നു. വിമാനങ്ങൾ ഇരമ്പിപ്പറന്നപ്പോൾ പഴയപടി അഭയകേന്ദ്രത്തിലേക്കു് ഓടേണ്ടിവന്നില്ല.

ഓഗസ്റ്റ് 18. ഐക്യസേനാവിഭാഗങ്ങൾ കരയ്ക്കിറങ്ങുമെന്നും സ്ത്രീകളും കുട്ടികളും ഉടൻതന്നെ മലമുകളിലേക്കു പോകണമെന്നും ഒരു കിംവദന്തി പരന്നു. സ്വന്തം നഗരവും വസതികളും വിട്ടു് അനിശ്ചിതമായ ഒരു ലക്ഷ്യത്തിലേക്കു് ജപ്പാൻജനത വഴതിപ്പോകുന്നതു് എത്ര സങ്കടകരവും അപഹാസ്യവുമായ ഒരു കാഴ്ചയാണു്? കീഴടങ്ങലിനെ തുടൎന്നുണ്ടായ ക്രമരാഹിത്യം ഏതാനും ആഴ്ചകൾവരെ നീണ്ടുനിന്നു. കെട്ടിടങ്ങളും ഉപകരണങ്ങളും നശിച്ചതിനാൽ രോഗികളും പരുക്കേററവരും മാത്രമേ ഇപ്പോൾ അവശേഷിച്ചിരുന്നുള്ളു. അവൎക്കുവേണ്ടി ഞങ്ങൾ വേലചെയ്തു. ഞങ്ങളുടെ ദുഃഖം

അപാരമായിരുന്നു. ഉദയസൂര്യന്റെ പ്രകാശത്തിൽ കാർമേഘങ്ങളെ തുളച്ചുകൊണ്ടു് ഉയർന്നുനിന്ന പടുക്കുറ്റൻ ഫൂജിയാമാപർവ്വതം ഏതൊരു രാജ്യത്തിന്റെ പ്രതീകമായിരുന്നുവോ, ആ ജപ്പാൻ ഇപ്പോൾ നശിച്ചിരിക്കുകയാണു്. ഞങ്ങളുടെ ജനങ്ങൾ ചവിട്ടിമെതിക്കപ്പെട്ടു. ഇപ്പോൾമുതൽ അവർ അവമാനിതരായി ജീവിക്കണം. അണുബോംബിന്റെ മാരകശക്തിയിൽ വധിക്കപ്പെട്ട സുഹൃത്തുക്കൾ എത്ര ഭാഗ്യവാന്മാരാണു്! പകൽസമയം മുഴുവനും ഞങ്ങൾ രോഗികളെപ്പററി മാത്രം ചിന്തിച്ചു. അവർക്കുവേണ്ടി ജോലിചെയ്തു.

എല്ലാ രാത്രിയും അത്താഴംകഴിഞ്ഞു് തണുപ്പുററ നിലാവെളിച്ചത്തിലോ, മഴ പെയ്തപ്പോൾ മുറിക്കുള്ളിലെ അടുപ്പിനു ചുററിലുമോ ഇരുന്നു് ഞങ്ങൾ ഹൃദയരഹസ്യങ്ങൾ കൈമാറി. ഭാവിയിലെന്തുചെയ്യും?—ഇതായിരുന്നു ഞങ്ങളുടെ പ്രധാന സംഭാഷണവിഷയം.

ക്രമേണ രോഗികളിലും ഞങ്ങളിലും അണുവ്യാധിയുടെ ലക്ഷണങ്ങൾ കാണപ്പെടാൻതുടങ്ങി. അതുവരെ അസാധാരണമായി ഒന്നും കാണാൻകഴിഞ്ഞില്ല. പ്രഥമശുശ്രൂഷയുടെ അവസാനത്തിലുണ്ടായ അനുഭവത്തിൽനിന്നു് ഏതാനും രോഗലക്ഷണങ്ങൾ ഞങ്ങൾക്കു നേരത്തേതന്നെ പരിചിതങ്ങളായിരുന്നു. കാണപ്പെട്ടപ്പോൾ അവ ഞങ്ങൾ തിരിച്ചറിഞ്ഞു. അണുരോഗത്തെപ്പററി ഞങ്ങൾ രൂപവല്ക്കരിച്ച സിദ്ധാന്തങ്ങളെ അവ സ്ഥിരീകരിച്ചു. ഞങ്ങൾക്കു് അതിൽ അഭിമാനം തോന്നി. പക്ഷേ, അപ്രതീക്ഷിതങ്ങളായ വേറെ ലക്ഷണങ്ങളും പ്രത്യക്ഷമായി. അവ എങ്ങനെ ചികിത്സിക്കണമെന്നു്

ഞങ്ങൾക്കു പിടികിട്ടിയില്ല. എങ്കിലും മിത്സുയാമയിലെ ഞങ്ങളുടെ ചികിത്സാകേന്ദ്രം ഒക്ടോബർ എട്ടാംതീയതി വരെ കഴിവുള്ള സകലവിധ സേവനങ്ങളും തുടൎന്നു നടത്തി.

ഞങ്ങളുടെ സഹപ്രവൎത്തകർ ഓരോരുത്തരായി രോഗം പിടിപെട്ടു കിടപ്പിലായി. അത്യദ്ധ്വാനവും അൎദ്ധപ്പട്ടിണിയും അണുപ്രസരവും നിമിത്തം അവരുടെ ശക്തി ചോൎന്നുപോയി. ഡോക്ടർ സിയുടെ ശ്വേതാണുക്കൾ (white corpuscles) പകുതിയായി കുറഞ്ഞു. മിറ്റൂച്ചിക്കു് രക്തസ്രാവത്തിന്റെ ലക്ഷണങ്ങൾ ഉണ്ടായി. പ്രധാന ശുശ്രൂഷികയുടെ തലമുടി മുഴുവൻ കൊഴിഞ്ഞുപോയി. കിടപ്പിലായവർ പകൽസമയമെല്ലാം തനിയെ കഴിച്ചുകൂട്ടി. മററുള്ളവർ വൈകുന്നേരം തിരിച്ചുവന്നു് രാത്രിയിൽ അവരെ ശുശ്രൂഷിച്ചിട്ടു് രാവിലെ വീണ്ടും വെളിയിലുള്ളവരെ സന്ദൎശിക്കുവാൻ പോയി. ഗ്രാമപ്രദേശത്തെ എല്ലാ വീടുകളിലും എത്തിച്ചേരാൻ അവൎക്കു് എട്ടു കിലോമീററർ ദൂരം നടക്കേണ്ടിവന്നു.

രോഗികളിൽ ചിലൎക്കു് അല്പം സുഖം വന്നപ്പോഴേക്കും അവരെ ശുശ്രൂഷിച്ചവർ കിടപ്പിലായി. പരിചരിക്കുക, പരിചരിക്കപ്പെടുക, ഇഞ്ചക്ഷൻ കൊടുക്കുക, ഇഞ്ചക്ഷൻ എടുക്കുക, രോഗികളുടെ ദാഹം ശമിപ്പിക്കാൻ അരുവിയിൽനിന്നു വെള്ളം കൊണ്ടുവരിക, വിശപ്പുള്ളവൎക്കു ഭക്ഷണം തേടിക്കൊടുക്കുക, പതിനഞ്ചു കിലോമീററർ യാത്രചെയ്തു് നഗരത്തിൽനിന്നു മരുന്നുകൾ കൊണ്ടുവരുക—ഞങ്ങളുടെ പ്രതിദിനപരിപാടിയുടെ ഒരേകദേശ വിവരണമാണിതു്.

ആത്മാൎത്ഥവും അഗാധവുമായ സൗഹൃദങ്ങൾ ഞങ്ങളുടെയിടയിൽ വളരാൻ ആ അവസരം സഹായിച്ചു.

രാത്രിയിൽ മണ്ണെണ്ണവിളക്കിനു ചുററുംകൂടി ഞങ്ങഠം മരണമടഞ്ഞ സുഹൃത്തുക്കഠംക്കുവേണ്ടി പ്രാർത്ഥിച്ചു. തക്കാമി ഞങ്ങഠംക്കു പനിനീർപുഷ്പങ്ങഠം അയച്ചുതന്നപ്പോഠം മരിച്ചുപോയ ഇനേവെയുടെ തിളങ്ങുന്ന നയനങ്ങളെപ്പററി ഞാൻ ഓർത്തുപോയി. ഹരാദസാൻ ഞങ്ങഠംക്കു മധുരപലഹാരങ്ങഠം സമ്മാനിച്ചപ്പോഠം ഹാമയെക്കുറിച്ചുള്ള ഓർമ്മകഠം ഞങ്ങളിൽ ഊറിവന്നു. ഫുജിമോത്തോവും കത്തവോകയും കൊസാസയും ഈ സമ്മാനങ്ങഠം പങ്കിട്ടനുഭവിക്കുവാൻ ഞങ്ങളോടൊപ്പമുണ്ടായിരുന്നെങ്കിൽ എത്ര വലിയ ആനന്ദമാകുമായിരുന്നു. ഈ ചിന്ത എന്റെ നയനങ്ങളെ കണ്ണുനീരുകൊണ്ടു് നിറച്ചു.

സെപ്തംബർ 20-ാംതീയതി, എൻെറ ആരോഗ്യസ്ഥിതി പൂർവ്വോപരി വഷളായി. സുഖപ്രാപ്തിയിലുള്ള ആശതന്നെ നഷ്ടപ്പെട്ടു. ഒരാഴ്ചയോളം നീണ്ടുനിന്ന അണുരോഗത്തിൻെറ(Atomic Disease)യും പനിയുടേയും ശക്തിയാൽ ഞാൻ തീരെ അവശനായി. അങ്ങനെയിരിക്കുമ്പോഠം ഒരു ദിവസം ആരോ വന്നു് ദൂരെ മലമുകളിൽ കിടക്കുന്ന ഒരു രോഗിയെ സന്ദർശിക്കുവാൻ എന്നെ വിളിച്ചു. ആ യാത്ര എൻെറ മരണത്തിനു ഹേതുവായേക്കുമെന്നു് എനിക്കറിയാമായിരുന്നു. എങ്കിലും അപരിചിതനായ ഒരു പൗരനുവേണ്ടി സ്വന്തം ജീവൻ ബലിയർപ്പിക്കുന്നതു മഹത്തരമായ ഒരു ത്യാഗമായിരിക്കുമല്ലോ എന്നു കരുതി ഞാൻ യാത്ര ആരംഭിച്ചു. എൻെറ കാൽമുട്ടുകഠം വിറയ്ക്കുന്നുണ്ടായിരുന്നു. വഴിമദ്ധ്യേ കവതോക്കയിലുള്ള ബൗദ്ധാശ്രമത്തിൽ കുറെ നേരം വിശ്രമിച്ചു. അവിടത്തെ ബുദ്ധസന്യാസി ആ യാത്രയുടെ സാഹസികത ചൂണ്ടിക്കാണിച്ചുകൊണ്ടു എന്നെ ശകാരിച്ചു. അവസാനം ഞാൻ മലമുകളിലെ

വീട്ടിലെത്തി രോഗിയെ കണ്ടു. ക്യാമ്പിൽ തിരിച്ചെത്തിയപ്പോൾ രാത്രി വളരെ വൈകിയിരുന്നു. ഉടനെ പോയികിടന്നു. ആ കിടപ്പിൽനിന്നും ഞാൻ ഒരിക്കലും എഴുന്നേററിട്ടില്ല. പിന്നീട് എനിക്കു ബോധംവീണപ്പോൾ എൻെറ ശ്വാസഗതിയിൽ അസാധാരണമായ മാററം വന്നിരിക്കുന്നതായി കണ്ടു. പരിഭ്രമത്തോടെ ഞാൻ എൻെറ ശ്വാസോച്ഛ്വാസം ശ്രദ്ധിച്ചു. മരണമടുക്കുമ്പോഴുണ്ടാകുന്ന 'വായുവലി'യുടെ ലക്ഷണങ്ങൾ വ്യക്തമായി ഞാൻ കണ്ടു.

"മരണയാതനയുടെ എല്ലാ ലക്ഷണങ്ങളുമായല്ലോ," ഞാൻ ഉറക്കെപ്പറഞ്ഞു. അപ്പോൾ തൊമിത്ത എൻെറ അടുക്കൽ നില്പുണ്ടായിരുന്നു. വളരെക്കാലം അദ്ദേഹം എൻെറ കീഴിൽ വൈദ്യശാസ്ത്രം പഠിച്ചതാണ്. പിന്നീട് പട്ടാളത്തിൽ ചേൎന്നു. ഇപ്പോൾ തിരിച്ചുവന്നതേയുള്ളു. "ശരിയാണല്ലോ," പരിഭ്രമത്തോടെ അദ്ദേഹം എൻെറ അഭിപ്രായത്തോടു യോജിച്ചു.

അദ്ദേഹത്തിൻെറ കരങ്ങൾ പിടിച്ചുകൊണ്ടു് ഞാൻ പറഞ്ഞു: "ഇത്രദൂരം യാത്രചെയ്തു താങ്കൾ വന്നതു് ഞങ്ങൾക്കു വലിയ സന്തോഷമായി." നാവികാസ്പത്രിയിലെ മുഖ്യശുശ്രൂഷിക മിസ് മൊറീത്ത അദ്ദേഹത്തിൻെറ അടുക്കൽ നിൽക്കുന്നതു ഞാൻ കണ്ടു.

"സാരമില്ല ഡോക്ടർ," അവർ എന്നെ സാന്ത്വനിപ്പിക്കാൻ ശ്രമിച്ചു. "താങ്കൾക്കു സുഖമായിക്കൊള്ളും. ശാന്തനായി കിടക്കുക."

എൻെറ കൈയിൽ അവർ ഒരു കുത്തിവെയ്പു നടത്തി. അതുമൂലമുണ്ടായ വേദനയുടെ കാഠിന്യത്തിൽനിന്നു് ഞാൻ ഊഹിച്ചു, മരുന്നു് 'കൊറമീൻ' ആയിരിക്കണം എന്നു്. എൻെറ നാഡിമിടിപ്പു വല്ലാതെ കുറ

ഞ്ഞിട്ടുണ്ടെന്ന് എനിക്കു തോന്നി. ഹൃദയത്തിനുചുററും ശക്തിയായ വേദനയുണ്ടായി. ഒന്നും ഭയപ്പെടാനില്ലെന്നു മുഖ്യശുശ്രൂഷിക ഉറപ്പുപറഞ്ഞു. അവർ അങ്ങനെ പറഞ്ഞതനിലയ്ക്കു് ഞാൻ ജീവിച്ചിരിക്കാൻപോവുകയാണെന്നോ?

എൻെറ മനസ്സിൽ പലതരം ചിന്തകൾ മുളയെടുത്തു മറഞ്ഞു. പുതിയ ഓർമ്മകൾ പൊങ്ങിവരികയും വീണ്ടും അവ്യക്തതയിലേക്ക് ആലിഞ്ഞുചേരുകയും ചെയ്തു. തലയനക്കാൻ കഴിഞ്ഞില്ല. കണ്ണുതുറക്കുകപോലും പ്രയാസമായിരുന്നു. എൻെറ ചുററും വളരെയാളുകൾ തടിച്ചുകൂടിയിരിക്കുന്നതായി തോന്നി. അവരെല്ലാം കൂടെക്കൂടെ എന്തൊക്കെയോ പിറുപിറുക്കുന്നുണ്ടായിരുന്നു. അവരുടെ ശ്രദ്ധ മുഴുവൻ എന്നിൽ കേന്ദ്രീഭവിച്ചു. ആ ആൾക്കൂട്ടത്തിനിടയ്ക്കും എനിക്ക് ഏകാന്തത അനുഭവപ്പെട്ടു. ഡോക്ടർ സി എവിടെ എന്നു ഞാൻ തിരക്കി.

"അദ്ദേഹം ഇപ്പോൾ പുറത്തേക്കിറങ്ങിയതേയുള്ളു. വേഗം തിരിച്ചുവരും," മുഖ്യശുശ്രൂഷിക മറുപടി പറഞ്ഞു. അവ്യക്തമായി എന്തോ ഞാൻ ശബ്ദിച്ചു. വീണ്ടും ബോധക്ഷയം. വാസ്തവത്തിൽ ആ ദിവസം മുഴുവനും ഡോക്ടർ സി എൻെറ ജീവൻ രക്ഷിക്കാൻ കിണഞ്ഞു പരിശ്രമിക്കയായിരുന്നു. പ്രൊഫസർമാരായ കയാനോ, ഷിറബേ, കൊഗ്ര എന്നിവരെ വിളിച്ച് വിദഗ്ദ്ധോപദേശം തേടാനാണ് അദ്ദേഹം വെളിയിലേക്കിറങ്ങിയതു്. എൻെറ സ്ഥിതി അറിഞ്ഞപ്പോൾ അവർ മൂന്നുപേരും സുഖപ്രാപ്തിയിൽ നിരാശത പ്രകടിപ്പിച്ചു. ഞാനറിയാതെതന്നെ പല സുഹൃത്തുക്കളും എൻെറ ജീവൻ രക്ഷിക്കാൻ കഴിവുള്ളതെല്ലാം ചെയ്യുകയായിരുന്നു.

ഫാദർ തൊഗാവ വന്നു് എനിക്കു് അന്തിമമത സേവനങ്ങൾ (last sacraments) നൽകി. ഏതൊരു സംഭവവികാസത്തെയും നേരിടാൻ ഞാൻ സ്വയം ഒരുങ്ങി. എനിക്കു വീണ്ടും ബോധം വന്നതു് ഉച്ചയ്ക്കു ശേഷമായിരുന്നെന്നാണു് എന്റെ ഓർമ്മ. എന്റെ സുഹൃത്തുക്കളെല്ലാവരും ചുററുമുണ്ടായിരുന്നു. അവരുടെ സാന്നിദ്ധ്യം എനിക്കു ധൈര്യം നൽകി. എന്റെ ഹൃദയം മരണത്തിനെതിരായുള്ള സമരം ആരംഭിച്ചുകഴിഞ്ഞിരുന്നു. അടുത്തുണ്ടാകുന്ന ഉൽക്കടാവസ്ഥ (crisis) മരണത്തിൽ കലാശിച്ചേക്കുമെന്നു് എനിക്കു തോന്നി. പരിശുദ്ധദൈവികത്രിത്വത്തിന്റെ പ്രതീകമായ 'മൂന്നു മാമലകൾ' നീലാകാശത്തിനെതിരെ മനോഹരമായി നിലകൊള്ളുന്നതു് തുറന്നുകിടക്കുന്ന ജനാലകളിലൂടെ ഞാൻ കണ്ടു.

"നിർമ്മലാകാശ പ്രകാശ വായ്പിൽ
ശരൽക്കാലമേഘങ്ങളോടിമാഞ്ഞു"

എന്ന ഈരടി ഞാൻ ആവർത്തിച്ചു. വീണ്ടും ബോധക്ഷയം. ഒരാഴ്ചയ്ക്കുശേഷം ഞാൻ ആ പ്രതിസന്ധിഘട്ടം തരണംചെയ്തപ്പോൾ, ഒരത്ഭുതരോഗശാന്തിയായിരുന്നു എല്ലാവരുടെയും സംസാരവിഷയം.

## രോഗലക്ഷണങ്ങളും ചികിത്സയും

റേഡിയോപ്രസരത്തിന്റെ ഫലങ്ങൾ ഇതിനകം ഞങ്ങൾക്കു് ഏറെക്കുറെ അറിയാമായിരുന്നു. ശക്തിയായ പ്രസരത്തിനു് അല്പനേരം വിധേയരായ രോഗികൾക്കും ദുർബ്ബലമായ പ്രസരത്തിനു ദീർഘനേരം വിധേയരായ രോഗികൾക്കും തമ്മിൽ വളരെ അന്തരമുണ്ടായിരുന്നു. പൊതുവെ പറഞ്ഞാൽ റേഡിയോപ്രസരത്തിന്റെ

ഫലമായി ജീവികളുടെ 'സെല്ലു'കൾ നശിക്കുകയും മാംസപേശികൾ ദ്രവിക്കുകയും ചെയ്യുന്നു. ഈ ലക്ഷണങ്ങൾ ഉടനെ പ്രത്യക്ഷമാകാറില്ല. അതിനുള്ള കാലവിളംബം പ്രസരമേററ അവയവത്തിൻെറ സ്വഭാവത്തെ ആശ്രയിച്ചിരിക്കും. റേഡിയോപ്രസരമേല്ക്കുമ്പോൾ ഒരുവക വേദനയും തോന്നുകയില്ല. രശ്മികളുടെ തുളച്ചുകയററം സിരാഘടനയെ ബാധിക്കാറില്ല. കുറേനാൾകഴിഞ്ഞു് രോഗലക്ഷണങ്ങൾ കാണപ്പെട്ടുമ്പോൾ മാത്രമേ രോഗി അപകടമറിയുന്നുള്ളു.

മനുഷ്യശരീരത്തിൻെറ ചില ഭാഗങ്ങൾക്കു് ഈ രോഗത്തെ ചെറുത്തുനില്ക്കാൻ കഴിയും. അസ്ഥിയിലെ മജ്ജ, ലൈംഗികാവയവങ്ങൾ എന്നിവ എളുപ്പം രോഗവിധേയമാകുന്നു.

രക്തം ഉൽപാദിപ്പിക്കുന്ന യന്ത്രശാലയാണു് മജ്ജ. അതിനു് എന്തെങ്കിലും തകരാറുവന്നാൽ ശ്വേതാണുക്കളും അരുണാണുക്കളും (Blood corpuscles) കുറഞ്ഞുപോകുന്നു. അണുരോഗം വർദ്ധിക്കുന്നതോടെ മജ്ജ ചീഞ്ഞുതുടങ്ങുകയും തൽഫലമായി ശ്വേതാണുക്കൾ ആവശ്യത്തിലധികം ഉൽപാദിപ്പിക്കപ്പെടുകയും ചെയ്യുന്നു. ഈ രോഗത്തിനാണു് 'ല്യൂക്കേമിയ' എന്നു പറയുന്നതു്. ശക്തികുറഞ്ഞ റേഡിയോ പ്രസരത്തിനു ദീർഘനേരം വിധേയമാകുന്നതിൻെറ ഫലമാണീ രോഗം. അമിഗ്ഡല (amygdala) തുടങ്ങിയ ലസികഗ്രന്ഥികൾ (Gmphatic glands) എളുപ്പത്തിൽ നശിച്ചുപോകുന്നു. ലൈംഗികാവയവങ്ങളുടെ പ്രവർത്തനത്തിനു് മാന്ദ്യം ഭവിക്കുന്നു. തൽഫലമായി രോഗികൾക്കു വന്ധ്യത ബാധിക്കുകയോ, അവരിൽനിന്നു ജനിക്കുന്ന കുട്ടികൾക്കു് വൈരൂപ്യം വരുകയോ ചെയ്യുന്നു. മൂക്കിനുള്ളിലുള്ള

അവയവങ്ങൾക്കും തകരാറു വരാറുണ്ടു്. തൽഫലമായി മൂക്കടപ്പും, നീരുവീക്കലും, വ്രണങ്ങളുമുണ്ടായെന്നുവരാം. ദഹനേന്ദ്രിയങ്ങൾക്കു കേടുപിണയുന്നതുകൊണ്ടു് ഒരു തരം രക്താതിസാരം (Dysentery) ആരംഭിക്കുന്നു. തല മുടി കൊഴിഞ്ഞുപോകുന്നു. ഈവക ലക്ഷണങ്ങളൊന്നും അധികനാൾ നിലനിൽക്കുകയില്ല.

റേഡിയോപ്രസരം ശ്വാസകോശങ്ങളെ ബാധി ച്ചാൽ 'ന്യൂമോണിയാ' പിടിപെട്ടെന്നുവരാം. മൂത്രാശ യങ്ങൾക്കാണു കേടുവരുന്നതെങ്കിൽ അവ നിർജ്ജീവങ്ങ ളായി പോകാനിടയുണ്ടു്. ബലക്ഷയം, ക്ഷീണം, മനം മടുപ്പു് തുടങ്ങിയ പ്രാരംഭലക്ഷണങ്ങൾ ദീർഘനാൾ നീ ണ്ടുനിന്നേക്കാം. രോഗികൾക്കു് പ്രായം കുറവാണെങ്കിൽ രോഗത്തിന്റെ ശക്തി കൂടുതലായിരിക്കും. ചെറുപ്പകാൎക്കു് മരണഹേതുകമായേക്കാവുന്ന റേഡിയേഷൻ വൃദ്ധജന ങ്ങൾക്കു ചെറുത്തുനിൽക്കാൻ കഴിയും.

ഒരളവിലധികം ശക്തമാണെങ്കിൽ എല്ലാ റേഡി യോ പ്രസരവും മരണകരംതന്നെ. രോഗം വികസി ക്കാൻ കുറെ സമയമെടുക്കുന്നതുകൊണ്ടു് ആരംഭത്തിൽ ആരും മരിക്കാറില്ല. ബോംബിൽനിന്നും പുറപ്പെടുന്ന ന്യൂട്രൺസും ഗാമാരശ്മികളുമാണു് ഏററവുമധികം നാശം വരുത്തുന്നതു്. തുടൎന്നുണ്ടാകുന്ന റേഡിയോപ്രസ രത്തിൻെറ ശക്തി അതിവേഗം കുറഞ്ഞുകൊണ്ടിരിക്കും. എങ്കിലും അവയെ ചെറുത്തുനിൽക്കുക അത്ര എളുപ്പ മല്ല. ഇക്കാരണത്താലാണു് ആ പ്രദേശം അറുപത്തഞ്ചു കൊല്ലത്തേക്കു് അധിവാസയോഗ്യമായിരിക്കുകയില്ല എന്ന ധാരണ പരന്നതു്. വിഷവായുവിനെപ്പററിയുള്ള കിംവദന്തിയും, പൊട്ടിത്തെറിനിമിത്തമുണ്ടാകുന്ന കാററു് അപകടകാരിയെന്ന വിശ്വാസവും എല്ലാം റേഡിയോ

പ്രസരത്തിൻെറ യാഥാർത്ഥ്യത്തിൽ നിന്നനുഭവിച്ചതാണ്. അണുരോഗലക്ഷണങ്ങൾ പ്രത്യക്ഷമാകുന്ന ക്രമം താഴെ ചേൎക്കുന്നു:

വിസ്ഫോടനത്തിനുശേഷം മൂന്നു മണിക്കൂറിനുള്ളിൽ മനംമടുപ്പും ബോധക്ഷയവും തോന്നിത്തുടങ്ങുന്നു. ഒരു ദിവസം മുഴുവനും ആ തോന്നൽ മുറുകിക്കൊണ്ടിരിക്കും. പിന്നീട് ക്രമേണ അതു മാറും.

മൂന്നാം ദിവസം രോഗിക്കു ദഹനക്കേട് തുടങ്ങുന്നു. രോഗസ്വഭാവം ഗൗരവാവഹമാണെങ്കിൽ എട്ടുദിവസത്തിനുള്ളിൽ ആൾ മരണമടയുന്നു. അല്ലാത്തപക്ഷം രോഗം അടുത്ത പടിയിലേക്കു പുരോഗമിക്കുകയായി.

രണ്ടാമാഴ്ചയിൽ രക്തസ്രാവം ആരംഭിക്കുന്നു. ചോരയിൽ വന്ന മാററമാണിതിനു കാരണം. പലരും ഇക്കാരണത്താൽത്തന്നെ മരിച്ചുപോയിട്ടുണ്ടു്. വെള്ളയും ചുമന്നതുമായ നിണാംശങ്ങൾ കുറഞ്ഞുപോയതിൻെറ ഫലമായുണ്ടായ ലക്ഷണങ്ങൾ കാണപ്പെട്ടതു് നാലാഴ്ചയ്ക്കു ശേഷം മാത്രമാണു്. ഇതിൽനിന്നു് ജീവനോടെ രക്ഷപ്പെട്ടവർ ആരുംതന്നെയില്ല. മൂന്നാമാഴ്ചയിൽ തലമുടി കൊഴിയാൻ തുടങ്ങി. പത്താഴ്ചത്തേയ്ക്കു കൊഴിയൽ തുടൎന്നുപോയി.

കുട്ടികൾക്കു മുതിൎന്നവരേക്കാൾ അധികം വേഗത്തിൽ രോഗം പിടിപെടുകയും വൎദ്ധിക്കുകയും ചെയ്തു.

സെപ്തംബർമാസത്തിലെ പുലരിത്തണുപ്പിൽ പുഷ്പങ്ങളുടെ മധുരപരിമളം അന്തരീക്ഷത്തിൽ വ്യാപിച്ചപ്പോഴേക്കും, കീടങ്ങളിനോടൊപ്പം പരന്ന ബഹളം ഏറെക്കുറെ അടങ്ങിക്കഴിഞ്ഞിരുന്നു. മരണത്തിൻെറ ക്രൂരമുഷ്ടിയിൽനിന്നു് തങ്ങൾ രക്ഷപ്പെട്ടിരിക്കുകയാണു്

എന്ന ബോധം ജനങ്ങൾക്കുണ്ടായി. വലിയ ആശ്വാസമായിരുന്നു അതു്.

പക്ഷേ, സെപ്തംബർ അഞ്ചാംതീയതിയോടെ (പൊട്ടിത്തെറികഴിഞ്ഞിട്ടു നാലാഴ്ച ആയപ്പോൾ) ആളുകൾ പെട്ടെന്നു് ഈയലുകളെപ്പോലെ മരിക്കാൻ തുടങ്ങി. രക്താംശങ്ങളുടെ കുറവുകൊണ്ടു വന്ന കരാളമായ ഈ ജീവനാശം നിമിത്തം ജനതാമദ്ധ്യത്തിൽ ഭീതിയും നിരാശതയും പരന്നു. വിസ്ഫോടനം നടന്ന സ്ഥലത്തുനിന്നു ഒരു കിലോമീററർ അകലെ വീടുകൾക്കുള്ളിലായിരുന്ന ആളുകൾക്കു് ആരംഭത്തിൽ ഒരു കുഴപ്പവുമുണ്ടായില്ല. നല്ല ആരോഗ്യമുള്ളവരേപ്പോലെ അവർ രോഗികളെ ശുശ്രൂഷിക്കുക, പൊളിഞ്ഞുവീണ വീടുകൾ വീണ്ടും പണിയുക തുടങ്ങിയ വേലകളിൽ വ്യാപൃതരായി. ഇപ്പോൾ പെട്ടെന്നു് അവർക്കു രോഗം പിടിപെട്ടു. അവരുടെ ശക്തി ക്ഷയിച്ചു; ശരീരം മുഴുവനും ശവംപോലെ വിളറി; അവരുടെ ചൂടു് 40 ഡിഗ്രി സെൻറിഗ്രേഡ് വരെ ഉയന്നു; വായിലും മോണകളിലും പഴുപ്പുവന്നു; കണ്ഠനാളത്തിനുള്ളിൽ നീരുമെത്തുകയാൽ അവർക്കു യാതൊന്നും ഭക്ഷിക്കാൻ സാധിക്കാതെയായി. ശരീരമാകെ, ചെറിയതും ചെമന്നതുമായ പാണ്ഡുകൾ കാണപ്പെടാൻ തുടങ്ങി. ആദ്യം ഉരങ്ങളിൽ പ്രത്യക്ഷപ്പെട്ടിട്ടു പിന്നീടവ തുടകളിലും പടരുകയാണുണ്ടായതു്. അവയിൽ ചിലതു സൂചിമുനയോളം ചെറുതും, വേറെ ചിലതു് പയറിനോളം വലിപ്പമുള്ളതുമായിരുന്നു. ആ പാണ്ഡുകളിൽ കൈവിരലിൻെറ അഗ്രത്തോളമുള്ള നീരുവന്നു വീർത്തു. ശ്വേതാണുക്കളുടെ എണ്ണം ക്രമേണ കുറഞ്ഞു രണ്ടായിരംവരെയെത്തിയപ്പോൾ രോഗി മരിക്കുകയേ ഉള്ളു എന്ന നിലയായി. ഈ രോഗം അതി

വേഗം പടൻപിടിച്ചു. സാധാരണഗതിയിൽ ഒമ്പതു ദിവസത്തിനുശേഷം രോഗി മരിച്ചു.

എല്ലാത്തരം ജീവികളേയും ഈ രോഗം പിടികൂടിയെന്നതാണ് ഏററവും വിചിത്രമായ വസ്തുത. രണ്ടു മീറ്ററിനും ഏഴു മീറ്ററിനുമിടയ്ക്കു് ഉയരമുള്ള ചെടികൾക്കും വൃക്ഷങ്ങൾക്കും മങ്ങിയ ചുമപ്പുനിറം വന്നു. റേഡിയോപ്രസരമേററ പൊടിവീണു് പുല്ലുകൾ ഉണങ്ങിപ്പോയി. ബോംബു പൊട്ടിയ സമയം കവാമ്പിയിൽ പുല്ലുവെട്ടിക്കൊണ്ടിരുന്ന രണ്ടു കർഷകർക്കും രോഗം വന്നു. അവരുടെ തോളുകൾ, കൈകൾ, കാലുകൾ തുടങ്ങി പുല്ലുതൊട്ട എല്ലാ ഭാഗങ്ങളിലും ചുമന്ന പാടുകളും നീരുമുണ്ടായി. പക്ഷേ, ഏതാനും ദിവസങ്ങൾക്കുള്ളിൽ അവർ സുഖം പ്രാപിച്ചു.

അണുരോഗത്തിന്റെ പ്രാരംഭലക്ഷണങ്ങൾ കാണപ്പെട്ടപ്പോൾ വിററമിൻ 'ബി'യും ഗ്ലൂക്കോസും കുത്തിവെയ്ക്കുകയായിരുന്നു ഏററവും നല്ല പ്രതിവിധി. പൊള്ളലുകളെ സംബന്ധിച്ചിടത്തോളം കുത്തിവെയ്പിനെക്കാളും മററു മരുന്നുകളേക്കാളുമെല്ലാം മെച്ചം ഔഷധജലമാണെന്നു് അനുഭവം തെളിയിച്ചു. ഔഷധജലംമൂലം 24 മണിക്കൂറിനുള്ളിൽ വ്രണങ്ങൾ സുഖപ്പെട്ടു. കുത്തിവെയ്പിൻെറ ഫലം കിട്ടാൻ 38 ദിവസം വേണ്ടിവന്നു. ഔഷധജലമൊഴുകുന്ന അരുവികളിലെ സ്നാനം ക്ഷോഭോത്ഭൂതമായ അസുഖങ്ങൾ നീക്കി. എനിക്കും അവമൂലം വളരെ നന്മ ലഭിച്ചു. ഔഷധജലധാരകൾ പ്രകൃതിയുടെ ചികിത്സാലയങ്ങൾതന്നെ. ഓട്ടോസീറം (Autoserum) കൊണ്ടുള്ള ചികിത്സ ആദ്യം തുടങ്ങിയതു ഞങ്ങളാണു്. പിന്നീടു പല ഡോക്ടർമാരും അതു ചെയ്തുനോക്കി. ചിലർക്കെല്ലാം സുഖം കിട്ടി. രോഗിയുടെ ശരീരത്തിൽ

നിന്നു രണ്ടു ഘന സെന്റിമീററർ അളവു രക്തം വലിച്ചെടുത്തിട്ടു് അതു വീണ്ടും രോഗിയുടെ തുടയ്ക്കുള്ളിലേക്കു കുത്തിവെയ്ക്കുകയാണു് ഞങ്ങൾ ചെയ്തതു്. മരണാസന്നരുടെയിടയിലാണു് ഏററം തൃപ്തികരമായ ഫലം കിട്ടിയതു്. അവരെല്ലാവരും മരണത്തിൽനിന്നു രക്ഷപ്പെട്ടു. ഈ കുത്തിവെയ്പു് പ്രയോഗിച്ചുതുടങ്ങിയതിൽപിന്നെ ആരും മരിച്ചില്ല.

ഏതെങ്കിലും മൃഗത്തിന്റെ കരളു് ആണു് ഞങ്ങൾ രോഗികൾക്കു ഭക്ഷണമായി കൊടുത്തതു്. അതു വെറും പച്ചയായിട്ടോ അല്പം വരട്ടിയോ ഭക്ഷിച്ചാൽ മതി. തിന്നാവുന്നിടത്തോളം പച്ചക്കറികളും രോഗികൾക്കു കൊടുത്തു. ഈ ഭക്ഷണരീതി വളരെ ഗുണപ്രദമെന്നു തെളിഞ്ഞു. അരിയിൽനിന്നു വാററിയെടുത്ത ഒരുതരം മദ്യം (Rice-wine) വളരെ നല്ലതായിരുന്നു. ഡോക്ടർമാർ ഉപേക്ഷിച്ച പല രോഗികളും അവരുടെ നിരാശത മറക്കുവാൻവേണ്ടി കണ്ടമാനം മദ്യം സേവിച്ചു. അവർ സുഖംപ്രാപിച്ചു.

ബോംബുപൊട്ടിയ സ്ഥലത്തും സമീപപ്രദേശങ്ങളിലും റേഡിയോപ്രസരത്തിന്റെ അനന്തരഫലങ്ങളെപ്പററി ഗവേഷണം നടത്തുക എന്ന ജോലിയിൽ ഞാൻ പ്രവേശിച്ചു. മിത്സുയാമയിലെ ചികിത്സാകേന്ദ്രം ഒക്ടോബർമാസത്തിൽ അടച്ചിട്ടശേഷം വിസ്ഫോടനകേന്ദ്രത്തിൽനിന്നു് ഏകദേശം 600 മീറ്ററകലെ ഞാൻ ഒരു ചെറിയ കുടിൽ കെട്ടിച്ചു. അതിനുള്ളിലാണു് ഇപ്പോഴന്റെ വാസം. ഇവിടെവെച്ചു് ഞാൻ ഈ കുറിപ്പുകൾ എഴുതുകയും ചുററും നടക്കുന്നതെല്ലാം നിരീക്ഷിക്കുകയും ചെയ്യുന്നു.

ഈ പ്രദേശത്തു് അധികനാളത്തേക്കു ശക്തിയായ

റേഡിയോപ്രസരം തുടൻ്ന എന്നു പറയേണ്ടതില്ല. അനുദിനം അതിൻെറ ബലം കുറഞ്ഞുവന്നു. എങ്കിലും ഒരു വർഷത്തിനുശേഷം ഇപ്പോഴും റേഡിയോപ്രസരമുള്ള ബേറിയവും സ്ട്രോണിയവും (Barium & Stronium) കുറേശ്ശെ അന്തരീക്ഷത്തിൽ കലൻ്നുകിടപ്പുണ്ടു്. യുറേനിയാണുക്കൾ (Uranium atoms) പൊട്ടിയപ്പോൾ വന്ന പ്രസ്തുത വസ്തുക്കൾ ആണു് റേഡിയേഷൻ തുടരുവാൻ കാരണം. ആളുകൾ അവിടെ തിരിച്ചുവന്നു് ജീവിക്കാൻ തുടങ്ങിയപ്പോൾ റേഡിയോപ്രസരത്തിൻെറ ഫലങ്ങൾ അവരിൽ കണ്ടുതുടങ്ങി. വെറും മൂന്നാഴ്ചമാത്രം കഴിഞ്ഞു് സ്വന്തം വീടുകളിലേക്കു മടങ്ങിവന്നവക്കു് ഒരു മാസത്തേക്കു് അണുരോഗസാധാരണമായ മനംമട്ടപ്പും ഒഴിച്ചിലുമുണ്ടായി. ഒരുമാസം എങ്കിലും കഴിഞ്ഞിട്ടു് തിരിച്ചുവന്നവക്കു് അത്രയേറെ വിഷമം അനുഭവപ്പെട്ടില്ല. വീടുകൾ പുതുക്കിപ്പണിയാൻവേണ്ടി നശിച്ച കെട്ടിടങ്ങളുടെ ചാരവും ഓടുകളും മററും എടുത്തുനീക്കിയവക്കാണു് ഏററവുമധികം കഷ്ടപ്പെടേണ്ടിവന്നതു്. ശവശരീരം ചുമന്നവക്കും അണുരോഗം പിടിപെട്ടു.

വല്ല കൊതുകുകടിയോ പോറലോ ഏററാൽ ഉടനെ അവിടെ പഴുപ്പുവന്നു. ശ്വേതാണുക്കൾ കുറഞ്ഞുപോയതിൻെറ ഫലമായിരുന്നു അതു്. മൂന്നുമാസത്തിനുശേഷം വലിയ തകരാറുകളൊന്നും ആക്കും വന്നില്ല. അനേകമാളുകൾ തള്ളിക്കയറി കുടിലുകൾ കെട്ടി പാക്കാൻ തുടങ്ങി. പിരിച്ചുവിടപ്പെട്ട പട്ടാളക്കാർ, ബോംബുവീണു നശിച്ച മററു നഗരങ്ങളിൽനിന്നു വന്ന അഭയാത്ഥികൾ, സ്വന്തം വീടുകളിലേക്കു തിരിച്ചുവന്ന നാട്ടുകാർ—ഇവരെല്ലാം അക്കൂട്ടത്തിൽപ്പെട്ടു. അവസാനം വന്നവരുടെ ശ്വേതാണുക്കൾ കുറയുന്നതിനുപകരം

ഇരട്ടിച്ചു. ദുർബ്ബലമെങ്കിലും അനുസ്യൂതമായ റേഡിയോ പ്രസരം നടന്നുകൊണ്ടിരുന്നുവെന്നതിന്നു തെളിവാണി ത്തു്. ഇത്തരം അപകടമുണ്ടാകാനിടയുണ്ടെന്നു് ഒരു മുന്ന റിയിപ്പു് അമേരിക്കക്കാർ നല്കിയിരുന്നു. ഏതായാലും റേഡിയോപ്രസരം കുറഞ്ഞുവന്നതിന്റെ സാപേക്ഷിക മായ വേഗം കണക്കിലെടുക്കുമ്പോൾ ബോംബുപൊട്ടിയ സ്ഥലം എഴുപത്തഞ്ചുകൊല്ലത്തേക്കു വാസയോഗ്യമല്ലെ ന്ന സിദ്ധാന്തം തെററാണെന്നു കാണാം. ഇങ്ങനെ തുട രുകയാണെങ്കിൽ മിക്കവാറും അധികനാൾ കഴിയുന്ന തിന്നുമുമ്പു് റേഡിയോപ്രസരം പൂർണ്ണമായും നിലച്ചു കൊള്ളും.

പോരെങ്കിൽ ശ്വേതാണുക്കൾ അത്രയേറെ പെരു കിയിട്ടും അവരുടെ ആരോഗ്യം മെച്ചമായിക്കണ്ടു. അ ത്തരം ആളുകളെ പരിശോധിക്കാൻ എനിക്കു ധാരാളം അവസരമുണ്ടായി. വർഷകാലത്തു് നാലുപാടും തുറന്നു കിടന്ന കുടിലുകളിലാണു് അവർ പാർത്തതു്. ഉള്ളിലേ ക്കു കാററും മഞ്ഞും ധാരാളം പ്രവേശിച്ചു. സൗജന്യമാ യി വിതരണംചെയ്യപ്പെട്ട പുതപ്പുകളല്ലാതെ മറെറാന്നും അവക്കുണ്ടായിരുന്നില്ല. ഇതെല്ലാമാണെങ്കിലും അവരി ലാക്കും ന്യൂമോണിയയോ നീരുവീഴ്ചപോലുമോ വന്നി ല്ല. വ്രണങ്ങൾ നന്നായി സുഖപ്പെടാൻ തുടങ്ങി.

ജനനേന്ദ്രിയസംബന്ധിയായ കുഴപ്പങ്ങളും നീങ്ങി വരുകയാണു്. ഭാവിയെപ്പററി ശുഭപ്രതീക്ഷയാണു് എ നിക്കുള്ളതു്. സാധാരണ പൊള്ളലുകളിൽനിന്നു് തിക ച്ചും വിഭിന്നമായ അണുരോഗപ്പൊള്ളലുകൾ മാത്രമേ അല്പം ഉൽക്കണ്ഠയ്ക്കു വഴിനൽകുന്നുള്ളു. ഇത്തരം പൊ ള്ളലുകളിൽ പഴുപ്പും ചൊറിയും വരുന്നതിനാൽ ആളു കൾ അവ ചൊറിഞ്ഞുപൊളിക്കുന്നു. ഒന്നുരണ്ടുകൊല്ല

ത്തിനുശേഷം അവ വലിയ വ്രണങ്ങളാവുകയും ക്രമേണ അർബ്ബുദങ്ങളായി വളരുകയും ചെയ്യുന്നു. അണുരോഗപ്പൊള്ളലുകളുടെ ഫലമായിരിക്കുമോ അർബ്ബുദരോഗം? ഇപ്പോൾ ഉത്തരം പറയാൻ പ്രയാസമുള്ള വിഷമംപിടിച്ച പ്രശ്നമാണിതു്. ഭാവിയിൽ ഈ പ്രശ്നത്തിനു സമാധാനം കണ്ടുകിട്ടിയെന്നുവരാം.

അദ്ധ്യായം അഞ്ചു്

# വിജയമാണീ ജീവിതം

## എൻെറ കുടിലിലെത്തിയ സന്ദർശകർ

ഞങ്ങൾ മിത്സുയാമയിൽനിന്നു തിരിച്ചുവന്നപ്പോൾ, മെഡിക്കൽകോളേജ് വീണ്ടും തുറക്കണമെന്നു് വിദ്യാഭ്യാസവകുപ്പു തീരുമാനിച്ചു. കോളേജിനോടു ബന്ധപ്പെട്ടവരിൽ മരിക്കാത്തവരെല്ലാം ഒരുമിച്ചുകൂടി. ഷിലോസെന്നിലുള്ള ഒരു പ്രൈമറിസ്കൂൾകെട്ടിടത്തിൽ അദ്ധ്യയനവും വൈദ്യശാസ്ത്രഗവേഷണവും വീണ്ടും തുടങ്ങി. നവംബർ രണ്ടാംതീയതി നടത്തിയ സ്മാരകച്ചടങ്ങിൽവെച്ചു മരിച്ചുപോയ 807 സഹപ്രവത്തകരുടെ ആത്മശാന്തിക്കുവേണ്ടി ഞങ്ങൾ പ്രാത്ഥിച്ചു.

തകരപ്പലകകൾകൊണ്ടുണ്ടാക്കിയ ഒരു ഷെഡ്ഡിലാണു് ഞാൻ പാത്തതു്. ആറടി നീളമുള്ള ആ വസതി എൻെറ സുഹൃത്തുക്കൾ എനിക്കുവേണ്ടി കെട്ടിയുണ്ടാക്കിയതാണു്. പിന്നീടു് ഇതുവരെയും ഇവിടെത്തന്നെയാണു് എൻെറ വാസം. ഒരു മതിൽക്കെട്ടിനോടു് അടുപ്പിച്ചാണു് ഈ ഷെഡ്ഡു് നിമ്മിച്ചിരിക്കുന്നതു്. ആ ഭിത്തിയിലുള്ള അനേകം ദ്വാരങ്ങളും വിള്ളലുകളും ഗവേഷണക്കുറിപ്പുകൾ തിരുകിവെയ്ക്കാൻ വളരെ ഉപകരിച്ചു. പക്ഷേ, മഴപെയ്യുമ്പോൾ അതിലെയെല്ലാം വെള്ളം ചോന്നുവന്നു. കോളേജിലെ പ്രൊഫസർമാർ എന്നെ സന്ദശിക്കാൻ വന്ന അവസരങ്ങളിൽ എൻെറ വാസസ്ഥലത്തെപ്പററി 'വീടു്' എന്നതിനു പകരം 'പെട്ടി' എന്നു പറയാറുണ്ടായിരുന്നു. ഒരു അമേരിക്കൻ

വൈദികസുഹൃത്തു് ഞാൻ താമസിക്കുന്ന 'കൊട്ടാരം' എന്റെ സ്വന്തമാണോ എന്നു് ഒരിക്കൽ ചോദിച്ചു. എന്നെ സന്ദർശിക്കാൻ ആളുകൾ ഇടവിടാതെ വന്നു പൊയ്ക്കൊണ്ടിരുന്നു. ചിലപ്പോൾ വരുന്നതു് ഫുക്കുവോക്കയിലെ ബിഷപ്പായിരിക്കും. മററുചിലപ്പോൾ ഒരു യാചകൻ ആയിരിക്കും. ഒരുദിവസം കോളേജിലെ ഒരു പ്രൊഫസറുമായി ഏതോ പ്രധാനവിഷയത്തെപ്പററി ഞാൻ ചർച്ചചെയ്തുകൊണ്ടിരുന്നപ്പോൾ വേറൊരാൾ വന്നു് പഴയ രണ്ടു പട്ടാളബൂട്ട്സ് എനിക്കു സമ്മാനിച്ചു.

വേറൊരുദിവസം എന്റെ പൂർവ്വവിദ്യാർത്ഥികൾ യമനോത്തോവും ഹസ്സമോത്തോവും യുദ്ധരംഗത്തുനിന്നു മടങ്ങി എന്റെ അടുക്കൽവന്നു. അവർ എന്റെ മുമ്പിൽ നിശ്ശബ്ദരായിരുന്നു് കുറേനേരത്തേക്കു് എന്നെ സൂക്ഷിച്ചുനോക്കി. എന്തെങ്കിലും പറഞ്ഞുപോയാൽ എല്ലാവരും പൊട്ടിക്കരയുമെന്നു ഞങ്ങൾക്കു തോന്നി. കുറെക്കഴിഞ്ഞപ്പോൾ അവർ പറഞ്ഞു: "അയ്യോ! നമ്മുടെ തോൽവി ഭയങ്കരമായിപ്പോയി, അല്ലേ?"

"ശരിയാണു്. പക്ഷേ, നിങ്ങൾ നല്ലപോലെ സമരം ചെയ്തു. നിങ്ങൾക്കു് അതിനു നന്ദി ഞാൻ പറയുന്നു."

"ആകട്ടെ. നാം ഈ തോൽവി മറന്നുകളയരുതു്. അമേരിക്കരോടൊപ്പം നമ്മളും പുരോഗമിക്കണം. അപ്പോൾ അവർക്കും അതിന്റെ രുചി അറിയാറാവും. കുറേക്കാലമെടുക്കുമായിരിക്കും. എന്നാലും സാരമില്ല." പ്രതികാരബോധത്തോടെ അവർ പ്രഖ്യാപിച്ചു.

"ഇതാണോ വാസ്തവത്തിൽ നിങ്ങളുടെ പ്രതികരണം?" ഞാൻ ചോദിച്ചു.

"തീർച്ചയായിട്ടും ഇതുതന്നെ."

"ജയിക്കാൻ കഴിവുണ്ടായിട്ടും യുദ്ധത്തിൽ തോൽവിയടയുന്നവക്ക് അങ്ങനെയൊക്കെ തോന്നിയേക്കാം. യുദ്ധം തുടരാനുള്ള ശക്തി ജനങ്ങൾക്കുണ്ടായിരിക്കണം. എന്നാൽ..."

"വാസ്തവത്തിൽ ജപ്പാൻെറ നില അതാണ്." അവർ കയറിപ്പറഞ്ഞു? "യുദ്ധത്തിൽ കീഴടങ്ങത്തക്ക നിലയിൽ നമ്മുടെ ശക്തി ക്ഷയിച്ചിട്ടില്ല. ഇപ്പോഴും നമ്മിൽ വേണ്ട ശക്തി അവശേഷിച്ചിട്ടുണ്ട്."

"അവർ രണ്ടുപേരുടേയും ആത്മവിശ്വാസം പതറിയിട്ടുള്ളതായി ഞാൻ കണ്ടു. സ്ഥിതിഗതികളുടെ വാസ്തവികത അവക്കു കുറേക്കൂടി വ്യക്തമാക്കിക്കൊടുക്കാൻവേണ്ടി ഞാൻ ചോദിച്ചു: "നിങ്ങൾ അങ്ങനെ കരുതുന്നുണ്ടോ? യുദ്ധം തുടരുന്നതു വ്യത്ഥമെന്നു കണ്ടിട്ടല്ലേ ജപ്പാൻ നിരുപാധികമായി കീഴടങ്ങിയതു്?"

"ആരു പറഞ്ഞു?'' അവർ പ്രതിഷേധസ്വരമുയത്തി. "ഞങ്ങളെ ഒന്നു നോക്കൂ. സമരംചെയ്യാനുള്ള ശക്തി ഞങ്ങൾക്കില്ലെന്നോ?"

"നമ്മൾ തോൽവിയടയുന്നതിനുമുമ്പു് എന്തുകൊണ്ടു് ആ ശക്തി നിങ്ങൾ ഉപയോഗിച്ചില്ല?" അല്പം പരിഹാസാത്ഥത്തിൽ ഞാൻ ചോദിച്ചു. "രാജ്യം മുഴുവൻ ക്ഷീണിച്ചിരിക്കുമ്പോൾ വ്യക്തികളിൽ ശക്തി അവശേഷിക്കുന്നതെങ്ങനെയാണ്? സമ്പത്തെല്ലാം മുടിഞ്ഞു പാപ്പരായ ഒരു കുടുംബംപോലെയാണു നാം." ഫലിതരൂപത്തിൽ ഞാൻ തുടന്നു: "എന്നിട്ടിപ്പോൾ ഏറ്റവും ഇളയമകൻ വന്നു വീമ്പടിക്കുകയാണ്, ബാങ്കു കണക്കുകളെല്ലാം എവിടെയോ അവൻ ഒളിച്ചുവെച്ചിരുന്നുവെന്നു്."

അവർ മറുപടി പറഞ്ഞില്ല. അതുകൊണ്ടു് ഞാൻ തുടൎന്നു: "യുദ്ധത്തിൽ എൻെറ കഴിവുകളുടെ പരമാവധിവരെ ഞാൻ മാതൃരാജ്യത്തിനു സേവനമനുഷ്ഠിച്ചു. അവസാനനിമിഷംവരെ ഞങ്ങളുടെ കോളേജ് പ്രവൎത്തിച്ചുകൊണ്ടിരുന്നു വിമാനാക്രമണങ്ങളിൽ പരുക്കേററവരെ റെഡ്ക്രോസ്കാരുടെ സേവനചൈതന്യത്തോടുകൂടി സധൈൎയ്യം ഞങ്ങൾ സഹായിച്ചു. അണുബോംബു പൊട്ടിയതുവരെ ഞങ്ങൾ എപ്പോഴും സഹായസന്നദ്ധത പ്രകടിപ്പിച്ചുകൊണ്ടു് വൈദ്യശാസ്ത്രവിഷയകമായ ഗവേഷണവും അദ്ധ്യാപനവും അക്ഷീണം തുടൎന്നു. യുദ്ധത്തിനുശേഷം കോളേജ് നശിച്ചതു വകവെയ്ക്കാതെ, അവസാനനിമിഷംവരെ മനുഷ്യശക്തിയുടെ പരിധിക്കുള്ളിൽ ചെയ്യാവുന്നതെല്ലാം ഞങ്ങൾ ചെയ്തിട്ടുണ്ടു്. നമ്മുടെ യുവജനങ്ങൾ പഠനം തുടരുകയും താന്താങ്ങളുടെ കൎത്തവ്യം അനുഷ്ഠിക്കുകയും ചെയ്യുന്നുവെന്നവസ്തുത യുദ്ധത്തിൽ തോൽവിയടഞ്ഞിട്ടും അവർ ഭഗ്നാശരായിട്ടില്ലെന്നതിനു തെളിവാണു്."

"അതു ശരിതന്നെ," അവർ പറഞ്ഞു. "ഞങ്ങൾക്കിപ്പോൾ താങ്കളുടെ ചിന്താഗതി മനസ്സിലാകുന്നുണ്ടു്. നാം യുദ്ധത്തിൽ തോറെറങ്കിലും ഇവിടത്തെ പ്രവൎത്തനങ്ങളും ത്യാഗചൈതന്യവും മനോഹരംതന്നെ."

വികാരവായ്പോടെ ഞാൻ പറഞ്ഞു: "കോളേജു നശിച്ചു. കെട്ടിടങ്ങൾ ചാമ്പലായി. അദ്ധ്യാപകാദ്ധ്യേതാക്കളിൽ ഭൂരിഭാഗവും മരണമടഞ്ഞു. ജീവിച്ചിരിക്കുന്നവരിൽതന്നെ പലരും എന്നെപ്പോലെ നിസ്സഹായരായ രോഗികളാണു്. എനിക്കുണ്ടായിരുന്നതെല്ലാം നഷ്ടപ്പെട്ടു. എൻെറ വീടും, എൻെറ ഭാൎയ്യപോലും എനിക്കു പൊയ്പ്പോയി. പൂൎണ്ണമായ യുദ്ധോദ്യമത്തിനുശേഷം

പരാജയം! പക്ഷേ, അതെല്ലാം ഭയങ്കരമായി നാം കരുതുന്നതെന്തിനു്? ഞാൻ എന്തിനാണു സങ്കടപ്പെടുന്നതു്? അവസാനനിമിഷംവരെ നാം നന്നായിട്ടു സമരം ചെയ്തു. കൊടുങ്കാററിനുശേഷം ശാന്തസുന്ദരമായ ചന്ദ്രബിംബത്തെ നോക്കിനില്ക്കുന്ന ഒരു മനുഷ്യനെപ്പോലെയാണു് ഇന്നു ഞാൻ."

"പ്രൊഫസർ, താങ്കളുടെ വാക്കുകൾ ഞങ്ങളെ ലജ്ജിതരാക്കുന്നു," അവർ കയറിപ്പറഞ്ഞു.

"എൻെറ വീടും വസ്തുക്കളും നശിക്കാതിരുന്നെങ്കിൽ, എൻെറ ഭാര്യ ഇപ്പോഴും ജീവിച്ചിരുന്നെങ്കിൽ, ഒരുപക്ഷേ, ഞാനും നിങ്ങളേപ്പോലെ സങ്കടപ്പെട്ടേനേ. നശിച്ചുപോയ രാജ്യത്തിനും ഭവനരഹിതരാക്കപ്പെട്ട നാട്ടുകാർക്കുംവേണ്ടി ഞാനും വിലപിക്കുമായിരുന്നു. പക്ഷേ, എനിക്കുണ്ടായിരുന്നതെല്ലാം എൻെറ മാതൃരാജ്യത്തോടൊപ്പം നശിച്ചിരിക്കുകയാണു്. ഈ ത്യാഗവും ഇപ്പോഴത്തെ എൻെറ വിഷമതകളും ആഴമേറിയ ഒരു മനശ്ശാന്തി എനിക്കു നൽകുന്നു."

"പ്രൊഫസർ, ഇതെല്ലാം വളരെ മനോഹരങ്ങളായ ആശയങ്ങൾതന്നെ. പക്ഷേ, യുദ്ധത്തിൽനിന്നു ലാഭമെടുക്കുന്ന ധനമോഹികളെപ്പററി താങ്കൾ എന്തു പറയുന്നു?"

"അങ്ങനെ ഒരു കൂട്ടരുണ്ടെന്നു് എനിക്കറിയാം. അത്തരം ആളുകൾ ഇല്ലായിരുന്നെങ്കിൽ എത്ര നന്നു്! പത്തുകൊല്ലം കൂടുമ്പോൾ ഓരോ യുദ്ധമുണ്ടായാൽ തങ്ങൾക്കു കോടീശ്വരന്മാരാകാമല്ലോ എന്നാണു് അവരുടെ ചിന്ത! എന്തൊരു നികൃഷ്ടമനുഷ്യർ! യുദ്ധപ്രസ്ഥാനത്തിൻെറ സാക്ഷാൽ കാരണക്കാർ അവർതന്നെ. നിരപരാധികളായ യുവജനങ്ങളെ അബദ്ധമാർഗ്ഗത്തിലൂടെ

നയിച്ചതും വിദ്വേഷത്തിന്റേയും പ്രതികാരത്തിന്റേതുമായ ആശയങ്ങൾ യുവതലമുറയിൽ കുത്തിവെച്ചതും അവർതന്നെയാണു്. മാതൃരാജ്യത്തിന്റെ ജീവരക്തം കുടിച്ചു തടിക്കുന്ന മനുഷ്യപ്പന്നികൾ!"

"യുദ്ധം നിമിത്തം രാജ്യത്തിനു ഗുണം കിട്ടുമോ?"

"ജയിച്ചാൽ വല്ല ഗുണവും കിട്ടിയെന്നുവരാം."

"ദ്രവ്യലാഭത്തെമാത്രം ലാക്കാക്കി ആരംഭിച്ച ഒരു യുദ്ധം ധാർമ്മികമാണോ?'' യുക്തിവിടാതെ അവർ ചോദിച്ചു.

"എങ്ങനെയാണതു് ധാർമ്മികമാവുക? തുടക്കം മുതലേ നീതിരഹിതമായ ഒരു യുദ്ധത്തിനു് ഈശ്വരദൃഷ്ടിയിൽ വിജയം അസാദ്ധ്യമാണു്."

"പക്ഷേ, നമ്മൾ ഇക്കാലമത്രയും യുദ്ധദേവതയോടു പ്രാർത്ഥിക്കുകയായിരുന്നുവല്ലോ!"

"യുദ്ധദേവതയെന്നൊന്നുണ്ടോ?" സന്ദേഹവാദിയുടെ മട്ടിൽ ഞാൻ ചോദിച്ചു. "എക്കിളിന്റെ ദേവതയെപ്പോലെ അതു മനുഷ്യസൃഷ്ടിയത്രേ."

അവരിൽ ഒരാൾക്കു് എന്റെ പ്രസ്താവം തീരെ ഇഷ്ടമായില്ല. അയാൾ പറഞ്ഞു: "ക്ഷമിക്കണം പ്രൊഫസർ, യുദ്ധദേവത ജപ്പാനിൽ എല്ലാക്കാലത്തും ഉണ്ടായിരുന്നുവല്ലോ."

"അതിപ്രാചീനമായ ഒരു തത്വശാസ്ത്രവും ദൈവശാസ്ത്രവും സ്വീകരിച്ച നമ്മുടെ പൂർവ്വികന്മാരുടെ ഭാവനാസൃഷ്ടിയാണു് വാസ്തവത്തിൽ ആ യുദ്ധദേവത. ഇത്തരം ദേവതകളെ നാംതന്നെ നിർമ്മിച്ചിട്ടു്, നമ്മുടെ ആഗ്രഹങ്ങൾ സാധിച്ചുതരാൻ അവരോടു് പ്രാർത്ഥിക്കുകയാണു്. നമ്മുടെ മാതൃരാജ്യത്തിന്റെ അജയ്യതയിലും

'ദൈവികമാരുത'നെപ്പറ്റിയുള്ള കെട്ടുകഥകളിലും നമുക്ക് വിശ്വാസം ജനിച്ചതു് ഇങ്ങനെയാണു്. നിർജ്ജീവങ്ങളായ ഭാവനാസൃഷ്ടികളെ നാം ബഹുമാനിക്കുന്നു."

"നമ്മിൽ ആത്മാർത്ഥതയില്ലായിരുന്നുവെന്നാണോ താങ്കൾ സൂചിപ്പിക്കുന്നതു്?"

"ആത്മാർത്ഥതയുടെ പ്രശ്നമൊന്നും ഇവിടെയില്ല. എന്നാൽ അസ്തിത്വമില്ലാത്ത എന്തിലെങ്കിലും വിശ്വസിക്കുന്നതു് മൗഢ്യമത്രേ ഈശ്വരാനുഗ്രഹം സ്വപക്ഷത്തുള്ള ഒരു ശത്രുവിനെ തോല്പിക്കാമെന്നു നമുക്ക് എങ്ങനെ ആശിക്കാൻ കഴിയും?''

അവർ അത്ര എളുപ്പം എൻെറ വാദം അംഗീകരിച്ചില്ല: "ജപ്പാൻേറതായ ഒരു ചൈതന്യമുള്ളപോലെതന്നെ, ദേവതകളും ഉണ്ടായിരിക്കണം."

''ആ ദേവതകളെപ്പററി വിശ്വസിക്കാൻ വാളോങ്ങിക്കൊണ്ടു് ജനങ്ങളെ നിർബന്ധിച്ചില്ലെങ്കിൽ, അവർതന്നെ സ്വമേധയാ ആ വിശ്വാസം സ്വീകരിച്ചതാണെങ്കിൽ, പോകട്ടെ എന്നു വെയ്ക്കാം. ഏതായാലും രണ്ടായിരം കൊല്ലങ്ങൾക്കു മുൻപു് പൊള്ളയെന്നു തെളിയിക്കപ്പെട്ടതും അരുവഴഞ്ചനമായ ഒരുതരം ദേശീയവാദത്തിൽനിന്നു് മുളച്ചുവരുന്നതാണു് നിങ്ങളുടെ ഈ ചിന്താഗതി."

"പ്രൊഫസർ, ദേവതകളെപ്പററിയുള്ള ഈ വാഗ്വാദം നമുക്ക് മാററിവെയ്ക്കാം. ശാസ്ത്രീയപുരോഗതിയുടെ മാതാവാണു യുദ്ധമെന്ന അഭിപ്രായം താങ്കൾ സ്വീകരിക്കുന്നില്ലേ? അണുബോംബിന്റെ ഉദാഹരണം തന്നെ എടുക്കുക."

അല്പം ആലോചിച്ചിട്ടു് ഞാൻ പറഞ്ഞു: "എല്ലാ

മനുഷ്യജീവിതങ്ങളും എല്ലാ ഭൗതികവിഭവങ്ങളും സമാധാനപരമായ ഗവേഷണങ്ങൾക്കായോ കണ്ടുപിടുത്തങ്ങൾക്കായോ നീക്കിവെച്ചാൽ നമുക്കു വളരെ ഗുണം കിട്ടും—തീർച്ച. യുദ്ധത്തിന്റെ പോക്കു് അങ്ങനെയല്ല. പട്ടാളം വിട്ടുപോന്നപ്പോൾ നിങ്ങളുടെ മേലുദ്യോഗസ്ഥന്മാർ എന്താണു പറഞ്ഞതു്?"

അവർ പറഞ്ഞു: "അമേരിക്കക്കാർ കുറേനാളത്തേക്കു് വിജയലഹരി ആസ്വദിക്കട്ടെ. ഒന്നാംലോകമഹായുദ്ധത്തിനുശേഷം ജർമ്മൻകാർ ചെയ്തതുപോലെ കുറെ കഴിയുമ്പോൾ നാമും വിപ്ലവമാരംഭിക്കും. ആ വിമോചനസമരത്തിനായി സ്വയം ഒരുങ്ങിക്കൊള്ളാൻ ഞങ്ങൾക്കു നിർദ്ദേശം കിട്ടിയിട്ടുണ്ടു്."

അതു കേട്ടപ്പോൾ വിസമ്മതം കാണിച്ചുകൊണ്ടു് ഞാൻ തല കുലുക്കി. "നിങ്ങളുടെ മനസ്സിൽനിന്നു് ഇത്തരം ആശയങ്ങൾ എന്നെന്നേക്കുമായി ബഹിഷ്കരിക്കുക. വിവേകിതാവിഹീനരുടേതായ ഇത്തരം അടവുകൾ ഭീമനാശത്തിനു വഴിതെളിക്കുകയേ ഉള്ളൂ. ഒരു യഥാർത്ഥയുദ്ധമെന്തെന്നു് വല്ല അനുഭവജ്ഞാനവുമുണ്ടോ ആ പട്ടാളമേധാവികൾക്കു്?"

"ഇല്ല," അവർ സമ്മതിച്ചു. "പ്രാദേശികസേനയിൽ മാത്രമേ അവർ പ്രവർത്തിച്ചിട്ടുള്ളൂ."

"അതുതന്നെയാണു് ഞാനും ഊഹിച്ചതു്. മൃദുലമനോഹരങ്ങളായ പട്ടുമെത്തകളിൽ കിടന്നു് യുദ്ധവിഷയകങ്ങളായ പുസ്തകങ്ങൾ വായിക്കാൻ അത്ര പ്രയാസമൊന്നുമില്ല. അത്തരം കാഴ്ചപ്പാടിൽനിന്നു നോക്കുമ്പോൾ എല്ലാം ആകർഷകവും വീരോചിതവും ആവേശജനകവുമായിരിക്കും. അതൊക്കെ ഒന്നു പരീക്ഷിച്ചുനോക്കാനുള്ള ആഗ്രഹവും ഉണ്ടായേക്കാം. പക്ഷേ, യാഥാർത്ഥ്യ

ങ്ങൾ വ്യത്യസ്തമത്രേ. വാസ്തവത്തിലുള്ള സമരം നിഷ്ഠുരതാനിർഭരമാണു്. യുദ്ധമുഖത്തെ അതിൻെറ തനിനിറത്തിൽ വർണ്ണിക്കുന്ന ഗ്രന്ഥങ്ങൾ വിതരണം ചെയ്യാൻ പ്രസിദ്ധീകരണവകുപ്പു് അനുവദിച്ചില്ല. യേഷിത്സുണോവിലെ യുദ്ധത്തിൽ അവർണ്ണനീയമായ ഒരു മനോഹാരിത ഉണ്ടു്. ജനറൽ നോഗിയുടെ ചിത്രം കാഴ്ചക്കാരിൽ കോരിത്തരിപ്പുളവാക്കുന്നതാണു്. ശരിതന്നെ. പക്ഷെ, അണുബോംബിൻെറ കാര്യമോ?"

അവരുടെ കണ്ണുകളിലേക്കു ഞാൻ തുറിച്ചുനോക്കി. "ഭൂമുഖത്തെ ആ നരകമെന്തെന്നു് അനുഭവിച്ചറിഞ്ഞിരുന്നുവെങ്കിൽ ഇത്തരം മൂഢാശയങ്ങൾ ഉടനെ നിങ്ങൾ വലിച്ചെറിയും. വേറൊരുയുദ്ധം പൊട്ടിപ്പുറപ്പെട്ടാൽ എല്ലായിടങ്ങളിലും അണുബോംബുകൾ വീണു പൊട്ടും. ഒററനിമിഷത്തിനുള്ളിൽ കോടിക്കണക്കിനാളുകൾ ക്രൂരക്കൊല ചെയ്യപ്പെടും. വീരസുന്ദരന്മാരെപ്പററിയുള്ള കഥകളോ, കവിതകളോ, ചിത്രങ്ങളോ, മധുരസംഗീതമോ ഒന്നുമല്ല, പിന്നെയോ കരാളവും നഗ്നവുമായ മരണംമാത്രം. ചിതൽപ്പുററിനുമീതെ ഉരുണ്ടുപോകുന്ന വഴിനിരത്തുയന്ത്രംപോലെ. ചിന്തിക്കാൻപോലും കൊള്ളാത്തവിധം തികഞ്ഞ ഒരു ഭ്രാന്തയാഥാർത്ഥ്യമായിത്തീന്നിരിക്കുകയാണു് യുദ്ധമിപ്പോൾ."

"അപ്പോൾ ജപ്പാൻ എന്നും കീഴടക്കപ്പെട്ട രാജ്യമായി തുടരണം, അല്ലേ?" ക്ഷതമേററ അഭിമാനത്തോടെ അവർ പറഞ്ഞു.

"ബൈബിളിൽ ദൈവം പറയുന്നു: 'ഞാനായിരിക്കും പ്രതികാരമെടുക്കുന്നതു്. ഓരോരുത്തരും അർഹിക്കുന്ന വിഹിതം നല്കുന്നതു ഞാനാണു്.' തൻെറ മുമ്പിൽ അനീതി പ്രവർത്തിക്കുന്നവരെ നമ്മുടെ യുദ്ധങ്ങൾ

കൂടാതെതന്നെ, ശിക്ഷിക്കുവാൻ ദൈവത്തിനു കഴിയും. നമ്മുടെ പ്രവർത്തനസീമകൾക്കപ്പുറത്താണു പ്രതികാരം.”

“പിന്നെ നാമെന്തു ചെയ്യണം?”

“കുഴഞ്ഞുമറിഞ്ഞ ഒരു പ്രശ്നമാണിതു്. ഇവിടെ കിടന്നുകൊണ്ടു് ഞാൻ എന്നും പലപ്രാവശ്യം ഈ ചോദ്യത്തെക്കുറിച്ചു ചിന്തിക്കുകയും അതിനൊരു ഉത്തരം കണ്ടുപിടിക്കാൻ ശ്രമിക്കുകയും ചെയ്യുന്നുണ്ടു് ഇതുവരെ വ്യക്തമായ ഒരു സമാധാനവും ഞാൻ കണ്ടിട്ടില്ല.”

“ഒരുവക്ഷേ, ഞങ്ങളും ശാന്തൈകാന്തമായ ഒരിടത്തുപോയി ഈ പ്രശ്നത്തെക്കുറിച്ചു് സഗൗരവം ചിന്തിക്കണം”—ആത്മാർത്ഥതയോടുകൂടി അവരിൽ ഒരാൾ പറഞ്ഞു.

“അതൊരു നല്ല കാര്യമാണു്. പർവ്വതശൃംഗത്തിലെ ഏകാന്തതയിലേക്കു നിങ്ങൾ പോവുക. നഗരജീവിതത്തിൻെറ ഒച്ചപ്പാടിനിടയ്ക്കു് നിങ്ങളുടെ ചിന്താക്കുഴപ്പം വർദ്ധിക്കുകയേയുള്ളൂ. പർവ്വതങ്ങളെ നാം അനുകരിക്കണം. തലയ്ക്കുമീതെ മേഘപടലങ്ങൾ പറന്നുനീങ്ങുമ്പോഴും ആ പർവ്വതശിഖരങ്ങൾ നിശ്ചലങ്ങളായി നിലകൊള്ളുന്നു. എന്തിനെക്കുറിച്ചെങ്കിലും ഗാഢമായി ചിന്തിക്കേണ്ടിവരുമ്പോൾ പർവ്വതങ്ങളെ നോക്കുക എന്റെ ഒരു പതിവാണു്.”

സന്ദർശകർ പിരിഞ്ഞുപോയപ്പോൾ തികച്ചും നവീനമായ ഒരു വികാരവിശേഷം എനിക്കുണ്ടായി. അഗാധവും ശാന്തിസാന്ദ്രവുമായ ഒരു നിശ്ശബ്ദത എന്റെ കുടിലിനെ വലയം ചെയ്തു. സ്വയം കൊഞ്ചിക്കളിച്ചു

കൊണ്ടിരുന്ന അഞ്ചുവയസ്സുള്ള എൻെറ കൊച്ചുമകൾ കയാനോവിൻെറ മണിയൊച്ചമാത്രമേ ഇവിടെ കേൾക്കാനുണ്ടായിരുന്നുള്ളു. അവൾക്കെപ്പൊഴും ജോലിത്തിരക്കാണു്. പൊട്ടിയ ഒരു കളിപ്പാവയുടെ തല, ഏതാനും കുപ്പികൾ, പാത്രങ്ങൾ, അഴുക്കു കുമ്പാരത്തിൽനിന്നും ചികഞ്ഞെടുത്ത കണ്ണാടിക്കഷണങ്ങൾ—ഇവയിലെല്ലാമായിരുന്നു അവളുടെ ശ്രദ്ധ. പാവപ്പെട്ട ചെറുപൈതൽ. പഴയകൂട്ടുകാരികളെല്ലാം മരിച്ചുപോയതിനാൽ ഇപ്പോൾ തനിച്ചു കളിക്കാൻ അവൾ നിർബന്ധിതയായിരിക്കുന്നു. "ഞങ്ങൾക്കു് ഒരു വലിയ വീടുണ്ടായിരുന്നു," സന്ദർശകരോടു് അവൾ പലപ്പോഴും പറയും, "രണ്ടുനിലയുള്ള വീടു്. അമ്മച്ചി നല്ല നല്ല പലഹാരങ്ങൾ ഉണ്ടാക്കിത്തന്നു. അന്നൊക്കെ ഞാൻ കിടന്നുറങ്ങിയതു് മെത്തയിലാണു്. ഞങ്ങളുടെ വീട്ടിൽ വിദ്യുച്ഛക്തിയുണ്ടായിരുന്നു."

കഴിഞ്ഞുപോയ നല്ല കാലത്തെപ്പററി അവൾ സംസാരിച്ചപ്പോഴെല്ലാം എനിക്കു മുഖം മറയ്ക്കേണ്ടിവന്നു. പണ്ടത്തെ സ്ഥിതിഗതികൾ ഞാൻ ഇപ്പോഴും വ്യക്തമായി കാണുന്നു. അതൊക്കെ എൻെറ മകൾ വർണ്ണിക്കുന്നതു കേൾക്കുമ്പോൾ, കടലിൻെറ അടിത്തട്ടിലുള്ള അനവദ്യസുന്ദരമായ ഏതോ ഒരു സ്ഥലത്തെക്കുറിച്ചുള്ള യക്ഷികഥയാണെന്നു തോന്നിപ്പോകും. ആ മനോഹരമന്ദിരത്തിൽ ആറുകൊല്ലം സുഖിച്ചു താമസിച്ചിട്ടു് പെട്ടെന്നു് പുറം തള്ളപ്പെട്ട മീൻപിടുത്തക്കാരനെപ്പോലെ ഞാനും എന്റെ ചുററുമുള്ള ശൂന്യതയിലേക്കു വീണ്ടും തുറിച്ചുനോക്കി. മനസ്സിൽനിന്നു മാഞ്ഞുപോയ ഓരോ മനക്കിനാവുപോലെ ആ സുന്ദരദൃശ്യം അപ്രത്യക്ഷമായി. ഉണ്ണാങ്ങിവരണ്ട ഈ വാസസ്ഥലവും കാററടിക്കു

മ്പോൾ 'കറകറാ' എന്നു ശബ്ദിക്കുന്ന പൊട്ടത്തകരങ്ങളു മാണു് ഇപ്പോൾ ഞാൻ കാണുന്നതു്.

പതിവുപോലെ വിവശഭാവം പൂണ്ടു് ഇച്ചിത്താരോസാൻ പെട്ടെന്നു് എൻെറ അടുക്കൽവന്നു. പഴയ ഒരു പട്ടാളവേഷമാണു് അയാൾ ധരിച്ചിരുന്നതു്. യോദ്ധാക്കളെ പിരിച്ചുവിട്ടപ്പോൾ അയാൾ അത്യാത്തിയോടെ തൻെറ വീട്ടിലേക്കു് ഓടിവന്നു. കത്തിച്ചാമ്പലായ ആ വീടിനുള്ളിൽ സ്വന്തം ഭാര്യയുടേയും അഞ്ചു കുട്ടികളുടേയും ദഹിച്ച അസ്ഥികൾ അയാൾ കണ്ടു.

"ജീവിതം തുടരാൻ എനിക്കു് ഒരു കാരണവുമില്ല," അയാൾ പറഞ്ഞു.

"ആക്കാണുള്ളതു് ഈ തോൽവിക്കുശേഷം?" ഞാൻ മറുപടികൊടുത്തു.

"അതു ശരിയാണു്," അയാൾ അഭിപ്രായപ്പെട്ടു.

"സ്വർഗ്ഗത്തിൽനിന്നയക്കപ്പെട്ട ഒരു പ്രതികാരമാണു് അണുബോംബു് എന്നു ചിലർ പറയുന്നതു കേട്ടു. കൊല്ലപ്പെട്ടവരെല്ലാം പാപികളാണത്രേ. ദൈവത്തിന്റെ സവിശേഷാനുഗ്രഹംവഴി മാത്രമാണു് കുറേപേരെങ്കിലും രക്ഷപ്പെട്ടതു്. പക്ഷേ, എൻെറ ഭാര്യയും കുട്ടികളും പാപികളായിരുന്നുവോ?" വികാരാവേശത്താൽ സംസാരം തുടരാൻ അയാൾക്കു കഴിഞ്ഞില്ല.

വിസമ്മതഭാവത്തിൽ ഞാൻ തലകുലുക്കി. "എനിക്കറിഞ്ഞുകൂടാ. ഈ പ്രശ്നത്തെപ്പററി എനിക്കുള്ള ആശയങ്ങൾ വേറെയാണു്. ദൈവത്തിൻെറ പരിപാലനം നമുക്കയച്ചുതന്ന ഒരു സവിശേഷാനുഗ്രഹമായി അണുബോംബിനെ ഞാൻ പരിഗണിക്കാൻ തുടങ്ങിയിരിക്കു

കയാണു്. നമ്മുടെ ഈ ഉറക്കാമിനഗരം ദൈവത്തോടു് നന്ദി പ്രകടിപ്പിക്കണം."

"നന്ദിയോ?" ആശ്ചര്യസ്തബ്ധനായി അയാൾ ചോദിച്ചു.

"അതെ, നന്ദിതന്നെ," ഞാൻ പറഞ്ഞു. "ഇതു കേൾക്കൂ. നാളെ കഴിഞ്ഞു് ഭദ്രാസനപ്പള്ളിയിൽവെച്ചു നടക്കാൻപോകുന്ന, മരിച്ചവരുടെ സ്മാരകച്ചടങ്ങിൽ അവൈദികരുടെ പ്രതിനിധിയായി ഞാൻ പ്രസംഗിക്കാൻപോവുകയാണു്. ആ അവസരത്തിനുവേണ്ടി ഞാൻ എഴുതിയ ഈ പ്രസംഗം താങ്കൾക്കു വായിക്കണമോ? അണുബോംബ് പൊട്ടലിനെപ്പററി എനിക്കുള്ള ആശയങ്ങൾ ഞാൻ ഇതിൽ വെളിപ്പെടുത്തിയിട്ടുണ്ടു്."

ഇച്ചിത്താരോസാൻ എൻെറ പ്രസംഗത്തിൻെറ കൈയെഴുത്തുപ്രതി എടുത്തു വായിക്കാൻതുടങ്ങി. അത്ഥത്തിൽ അത്ര ശ്രദ്ധിക്കാതെ ആദ്യം അയാൾ അതു് ഉറക്കെ വായിച്ചു. പിന്നീടു് നിശ്ശബ്ദനായി വായിക്കാൻ തുടങ്ങി. ഇടയ്ക്കിടയ്ക്കു വായന നിറുത്തി ചിന്തയിൽ മുഴുകി. കണ്ണുനീർക്കണങ്ങൾ അയാളുടെ കവിളിലൂടെ ഒഴുകി. പ്രസംഗം താഴെ ചേക്കുന്നു:

"1945 ഓഗസ്റ്റ് ഒമ്പതാംതീയതി രാവിലെ പത്തരമണിക്കു് യുദ്ധകാര്യങ്ങളുടെ സർവ്വോന്നതസമിതി, പ്രതിരോധവകുപ്പുമേധാവിയുടെ രാജകീയകാര്യാലയത്തിൽ സമ്മേളിച്ചു. യുദ്ധം തുടൎന്നുകൊണ്ടുപോകണമോ, ശത്രുവിനു കീഴടങ്ങണമോ—ഇതായിരുന്നു അവരുടെ ചർച്ചാവിഷയം. മനുഷ്യരാശിക്കുവേണ്ടി സമാധാനം പുനഃസ്ഥാപിക്കുകയോ ഇപ്പോഴത്തെ ഈ കൂട്ടക്കൊല

തുടരുകയോ, എന്താണു വേണ്ടതു് എന്ന അതിപ്രധാനമായ തീരുമാനത്തിലെത്തിച്ചേരാൻ നമ്മുടെ പട്ടാളനേതാക്കന്മാർ ഉററുശ്രമിക്കവേ, നാഗസാക്കിനഗരത്തിലുള്ള ഉറക്കാമിഭാഗത്തു് ഒരണുബോംബുവീണു പൊട്ടി. രാവിലെ പന്ത്രണ്ടുമണിക്കുശേഷം കൃത്യം രണ്ടു മിനിററു കഴിഞ്ഞപ്പോൾ.

"എണ്ണായിരം കത്തോലിക്കർ അതേനിമിഷം തങ്ങളുടെ സൃഷ്ടികർത്താവിൻെറ ന്യായാസനത്തിൻമുമ്പിലേക്കു് അയയ്ക്കപ്പെട്ടു. ഏതാനും മണിക്കൂറുകൾക്കുള്ളിൽ അതിഭയങ്കരമായ ഒരഗ്നിബാധ ഈ ക്രൈസ്തവനഗരം മുഴുവനും നശിപ്പിച്ചു. പാതിരായ്ക്കു മുമ്പുതന്നെ ഭദ്രാസനപ്പള്ളി വെന്തുവെണ്ണീറായി. അപ്പോഴേക്കും ചക്രവർത്തിതിരുമേനി, യുദ്ധം അവസാനിപ്പിക്കുന്ന തീരുമാനം പ്രഖ്യാപിച്ചു.

"യുദ്ധവിരാമം കുറിക്കുന്ന രാജകീയതിരുവെഴുത്തു് ഓഗസ്റ്റ് പതിനഞ്ചാംതീയതി ഔപചാരികമായി വിളംബരം ചെയ്യപ്പെട്ടു. അങ്ങനെ ലോകത്തിനു മുഴുവനും സമാധാനം കൈവന്നു. ഉറക്കാമിയിലെ ഭദ്രാസനപ്പള്ളിയുടെ സവിശേഷമദ്ധ്യസ്ഥയായ ദിവ്യകന്യകയുടെ സ്വർഗ്ഗാരോപണത്തിരുനാളായിരുന്നു അന്നു്.

"ഇവയെല്ലാം വെറും യാദൃച്ഛികസംഭവങ്ങളാണെന്നു കരുതാമോ? സ്ഥിതിഗതികളെ അതിലോലമായി നിയന്ത്രിക്കുന്ന ഈശ്വരകരങ്ങൾ ഇവിടെ നാം ദർശിക്കുന്നില്ലേ? ജപ്പാൻെറ പട്ടാളശക്തിയെ പൂർണ്ണമായും തകർക്കാൻവേണ്ടി ഇടപ്പെട്ട രണ്ടാമത്തെ അണുബോംബു വേറൊരു പട്ടണത്തെ ലക്ഷ്യമാക്കിയത്രേ കൊണ്ടുവന്നതു്. എന്നാൽ ആ പ്രദേശത്തെ അന്തരീക്ഷം മഴക്കാറുകൾ മൂലം ഇരുണ്ടിരുന്നു. ആദ്യത്തെ ലക്ഷ്യം അതി

വേഗത്തിൽ മാറേറണ്ടിവന്നു. അവസാനനിമിഷംവരെ ഉന്നംവെയ്ക്കപ്പെടാതിരുന്ന, നാഗസാക്കിയിലേക്ക് അണുബോംബുവിമാനം പറക്കാനിടയായ സാഹചര്യമിതാണ്. പോരെങ്കിൽ നാഗസാക്കിയിലെ സമരായുധനിർമ്മാണശാലകൾ നശിപ്പിക്കാൻവേണ്ടി ഇട്ട ആ ബോംബ് അപ്രതീക്ഷിതമായി വന്ന ഒരു ക്കൻകാററിൻെറ ശക്തിയാൽ വടക്കോട്ടുനീങ്ങി വീഴുകയാണു ചെയ്തതത്രേ! അങ്ങനെ കത്തീഡ്രൽപ്പള്ളിയുടെ നേരെമുകളിൽ വെച്ച് അതു പൊട്ടാനിടയായി. അമേരിക്കൻ വൈമാനികരുടെ ലക്ഷ്യം ഒരിക്കലും ഉറക്കാമി ആയിരുന്നില്ല. ദൈവപരിപാലനമാണ് (Providence) നമ്മുടെ നഗരത്തിലേക്ക് അണുബോംബിനെ നിയന്ത്രിച്ചത്.

"ഉറക്കാമിയുടെ നാശവും യുദ്ധത്തിൻെറ സമാപനവും തമ്മിൽ സുവ്യക്തമായ ഒരു ബന്ധം നമുക്കു കാണാൻ കഴിയുന്നില്ലേ? ജപ്പാനിലുള്ള പവിത്രീകൃതമായ ഏക കത്തോലിക്കകേന്ദ്രമായിരുന്നു ഉറക്കാമി. ഇക്കഴിഞ്ഞ ആഗോളസമരത്തിൽ മനുഷ്യരാശി ചെയ്തുകൂട്ടിയ ഭയങ്കര പാതകങ്ങൾക്കു പരിഹാരമായി ദൈവതിരുമുമ്പിൽ ഹോമിക്കപ്പെട്ട ബലിവസ്തുവായി നമ്മുടെ നഗരത്തെ നമുക്കു കരുതിക്കൂടയോ? ആദിപാപത്തിൻേറയും സ്വന്തം സഹോദരനെ കൊല്ലാൻ കായേൻ ചിന്തിയ ചോരയുടേയും അനന്തരാവകാശിയായ മനുഷ്യരാശിക്കുവേണ്ടി, ദൈവികതനയത്വം മറന്നുകളയുകയും വിഗ്രഹങ്ങളെ ആരാധിക്കുകയും ചെയ്ത മനുഷ്യരാശിക്കുവേണ്ടി, സഹോദരസ്നേഹം വിസ്മരിച്ചുകൊണ്ടു് പരസ്പരവിദ്വേഷം വളർത്തുകയും അന്യോന്യം വെട്ടിമുറിക്കുകയും ചെയ്ത മനുഷ്യവംശം, ഇത്തരം ഭീകരതകൾ അവസാനിപ്പിച്ചു ശാന്തിയുടേതായ വഴിത്താരയിലേക്കു തിരിച്ചുവരാൻ

വേണ്ടി ഒരു ബലിവസ്തുവായി നമ്മുടെ നഗരം ദൈവം തിരഞ്ഞെടുത്തതല്ലേ? അത്യഗാധങ്ങളായ അവിശ്വസ്തതകൾക്ക് ആന്തരപശ്ചാത്താപം മാത്രം മതിയാകുമായിരുന്നുവോ? അനുയോജ്യമായ ഒരു ബലിവഴി ദൈവത്തിൻെറ മാപ്പ് പ്രാപിക്കുക ആവശ്യമായിരുന്നില്ലേ? അണുബോംബുമൂലമുണ്ടായ പൂർണ്ണാഹുതിക്കു (Holocaust) മുമ്പുതന്നെ യുദ്ധമവസാനിപ്പിക്കാനുള്ള പല അവസരങ്ങളും കൈവന്നതാണ്. പല നഗരങ്ങളും നശിപ്പിക്കപ്പെട്ടു കഴിഞ്ഞിരുന്നു. ആ ബലികളിൽ എന്തോ അയോഗ്യതയുണ്ടായിരുന്നതിനാൽ ദൈവം അവ സ്വീകരിച്ചില്ല. എന്നാൽ അവസാനം ഉറക്കാമി നശിപ്പിക്കപ്പെട്ടപ്പോൾ ദൈവം ആ ഹോമം കൈക്കൊണ്ടു; മനുഷ്യരാശിക്കു മാപ്പരുളി; യുദ്ധമവസാനിപ്പിക്കാൻ ചക്രവത്തിക്കു പ്രേരണനല്കി.

"ഉറക്കാമിയിലെ കത്തോലിക്കർ, ജപ്പാനിൽ നിയമവിരുദ്ധമായിരുന്ന ക്രിസ്തീയവിശ്വാസം 400 കൊല്ലത്തേക്കു് അവിച്ഛിന്നമായി പുലത്തിപ്പോന്നു. എല്ലാത്തരത്തിലുമുള്ള പീഡനങ്ങളും അവക്ക് സഹിക്കേണ്ടിവന്നിട്ടുണ്ടു്. ഇക്കഴിഞ്ഞ യുദ്ധം നടന്നുകൊണ്ടിരുന്നപ്പോൾ ശാശ്വതശാന്തിക്കുവേണ്ടി അവർ അനുസ്യൂതം പ്രാത്ഥിച്ചുപോന്നു. ദൈവത്തിൻെറ ബലിപീഠത്തിൽ സമർപ്പിക്കാൻ കൊള്ളാവുന്ന ഏക ഹോമവസ്തു ഈ സഭാശാഖ ആയിരുന്നില്ലേ? ഈ സമപ്പണംവഴി ആയിരക്കണക്കിനു മനുഷ്യജീവിതങ്ങൾ നാശഗത്തത്തിൽനിന്നു രക്ഷിക്കപ്പെട്ടിരിക്കുകയാണിപ്പോൾ.

"ആഗോളയുദ്ധത്തിൻെറ കരിമേഘപടലങ്ങൾ അന്തരീക്ഷത്തിൽനിന്നു മറഞ്ഞു ലോകമാകെ സമാധാനത്തിൻെറ പ്രകാശനാളങ്ങൾ പരന്നുകൊണ്ടിരിക്കുന്ന

ഈ അവസരത്തിൽ ഓഗസ്റ്റ് ഒമ്പതാംതീയതി നടന്ന ത്യാഗത്തിൻെറ മഹത്വവും മനോഹാരിതയും നാം ഓക്കണം. അന്നത്തെ ദുഃഖവായ്പിനിടയിൽപ്പോലും മുകളിലോട്ടു നോക്കിക്കൊണ്ടു് നാം ആത്മഗതംചെയ്തു: 'എത്ര മനോഹരവും പരിശുദ്ധവും ഉദാത്തവുമാണീ ത്യാഗം.'

"എണ്ണായിരം കത്തോലിക്കർ അന്നു ബലിയർപ്പിക്കപ്പെട്ടു. അവരിൽ കത്തീഡ്രൽപ്പള്ളിയിലെ വൈദികരുമുൾപ്പെടും. അവരെല്ലാവരും നല്ലവരായിരുന്നു. അവരുടെ നഷ്ടം നമ്മെ വേദനിപ്പിക്കുന്നുണ്ടു്. തോൽവിയെന്തെന്നറിയുന്നതിനു മുമ്പു് ഇഹത്തിൽനിന്നു് അവർ പിരിഞ്ഞുപോയി. എത്ര ഭാഗ്യവാന്മാർ!

"എത്ര ആനന്ദത്തിലപ്പോഴായിരിക്കണം അവരുടെ നിർമ്മലാത്മാക്കൾ സ്വർഗ്ഗനാഥൻെറ പക്കലേക്കു തിരിച്ചുചെന്നതു്. നമ്മുടെ വിധി അവരുടേതുമായി തട്ടിച്ചുനോക്കുമ്പോൾ വാസ്തവത്തിൽ പാവങ്ങൾ നമ്മളാണു്; അവരല്ലതന്നെ. മാതൃരാജ്യം യുദ്ധത്തിൽ തോറ്റു; നഗരം നശിച്ചു. കണ്ണെത്തുന്നേടത്തെല്ലാം ചാരവും തകർച്ചയും നിറഞ്ഞ ഒരു മരുപ്രദേശം അങ്ങനെ പടന്നുകിടക്കുന്നു. നമുക്കു വീടില്ല, തുണിയില്ല, അരിയില്ല. നമ്മുടെ കൃഷിസ്ഥലങ്ങൾ എല്ലാം നശിപ്പിക്കപ്പെട്ടു. മരണത്തിൽനിന്നു രക്ഷപ്പെട്ടവർതന്നെ താരതമ്യേന വളരെ കുറവാണു്. നാശങ്ങളുടെ നടുവിൽ അവിടെയുമിവിടെയും രണ്ടോ മൂന്നോ പേർവീതം ചേന്നു് നാം അങ്ങനെ ജീവിക്കുകയാണിപ്പോൾ.

"അന്നത്തെ ആ മണിക്കൂറിൽ ഈ ഭദ്രാസനപ്പള്ളിയിൽവെച്ചു എന്തുകൊണ്ടു നമ്മളും മരിച്ചില്ല? യാതനാനിർഭരമായ ഈ ജീവിതം എന്തിനാണു് നാം തുടരുന്നതു്? ഒരുപക്ഷേ, നാം പാപംചെയ്തിട്ടുള്ളതാണു്

ഇതിന്റെ കാരണം. നമ്മുടെ തെറ്റുകളുടെ വലിപ്പം നാമിപ്പോൾ കാണുന്നു. ആ തെറ്റുകൾക്കു വേണ്ടുവോളം പരിഹാരം ഇതുവരെ ചെയ്യാത്തതുകൊണ്ടാണ് നാം ഇങ്ങനെ പിമ്പിൽ ഉപേക്ഷിക്കപ്പെട്ടിരിക്കുന്നത്. സ്വന്തം അപരാധങ്ങളിൽ കണക്കിലേറെ മുഴുകിക്കഴിഞ്ഞിരുന്നതിനാൽ ബലിവസ്തുവാകാൻ അയോഗ്യരായി ഭവിച്ചവർ മാത്രമാണ് ഇപ്പോൾ ജീവനോടെ അവശേഷിച്ചിരിക്കുന്നത്

"തോൽവിയടഞ്ഞ ഒരു രാജ്യത്തിലെ പൗരന്മാരായ നമ്മുടെ ഭാവി വേദനയും സഹനങ്ങളും നിറഞ്ഞതത്രേ. പോർട്ട്സ്ഡാം പ്രഖ്യാപനം നമ്മുടെ മേൽ അടിച്ചേല്പിച്ചിരിക്കുന്ന നഷ്ടപരിഹാരം ദുർവഹമായ ഒരു ഭാരമാണ്. ഇതെല്ലാമാണെങ്കിലും ആ ഭാരവും ചുമന്നുകൊണ്ടു പോകാനുള്ള ദുർഘടമായ വഴിമാത്രമാണ് നമ്മുടെ ആശാനാളം. നമ്മുടെ തെറ്റുകൾക്കു പരിഹാരം ചെയ്യാൻ അങ്ങനെ നമുക്കവസരം ലഭിക്കും. കരയുന്നവർ ഭാഗ്യവാന്മാരാകുന്നു, എന്തുകൊണ്ടെന്നാൽ അവർ സാന്ത്വനം കണ്ടെത്തും. സങ്കടസങ്കുലമായ ഈ വഴിയിലൂടെ നാം യാത്രതുടരണം. അങ്ങനെ ചെയ്താൽ, നാം വിശക്കുകയും, ദാഹിക്കുകയും, വിയർത്തൊലിക്കുകയും, ചോര ചിന്തുകയും ചെയ്യുമ്പോൾ, കാൽവരിമലമുകളിലേക്കു കുരിശു ചുമന്നുപോയ ആ ദിവ്യവ്യക്തി, യേശുക്രിസ്തു, നമുക്കു സഹായമരുളും.

"ദൈവമാണ് എല്ലാം നൽകുന്നത്; അവിടുന്നുതന്നെയാണ് യഥേഷ്ടം എടുത്തുകൊണ്ടുപോകുന്നതും. അവിടുത്തെ തിരുനാമം പ്രകീർത്തിതമാകട്ടെ. നാം അവിടുത്തേക്കു നന്ദിപറയുക. നമ്മുടെ ത്യാഗത്തിന്റെ ഫലമായി ലോകത്തിനു മുഴുവനുമിതാ ശാന്തി കൈവന്നി

രിക്കുന്നു. വിശ്വസിക്കുന്നതിനുള്ള സ്വാതന്ത്ര്യം ജാപ്പാനീസ്ജനതയ്ക്കു വീണ്ടും ലഭിച്ചിരിക്കുന്നു. മരണമടഞ്ഞവരുടെ ആത്മാക്കൾ ദൈവകാരുണ്യത്താൽ സമാധാനത്തിൽ വിശ്രമിക്കട്ടെ."

ഇച്ചിത്താരോസാൻ പ്രസംഗം മുഴുവനും വായിച്ചു. എന്നിട്ടയാൾ കുറേനേരം കണ്ണടച്ചിരുന്നു. "അപ്പോൾ എന്റെ ഭാര്യയും കുട്ടികളും നരകത്തിലല്ല. പക്ഷേ, ഡോക്ടർ, ഇവിടെ ഉപേക്ഷിക്കപ്പെട്ടിരിക്കുന്ന നമ്മുടെ കാര്യമോ?'' അയാൾ ചോദിച്ചു.

"സ്വർഗ്ഗത്തിലേക്കുള്ള പ്രവേശപ്പരീക്ഷയിൽ നാം തോററുപോയിരിക്കുകയാണു്," ഒരു പുഞ്ചിരിയിലൂടെ ഞാൻ പറഞ്ഞു.

"പരീക്ഷയിൽ തോറെറന്നോ? ഓഹോ. ഇപ്പോൾ മനസ്സിലായി." ഞങ്ങൾ രണ്ടുപേരും പൊട്ടിച്ചിരിച്ചു. അതോടെ ഞങ്ങൾക്കു വളരെ ആശ്വാസം തോന്നി.

"എന്റെ ഭാര്യയോടു കൂടിച്ചേരുന്നതിനു ഞാൻ കിണഞ്ഞു പരിശ്രമിക്കേണ്ടിവരും. യുദ്ധത്തിൽ മരണമടഞ്ഞവർ സ്വാർത്ഥതവെടിഞ്ഞു് അവസാനനിമിഷംവരെ ത്യാഗോജ്ജ്വലമായ സേവനമനുഷ്ഠിച്ചു. അവരുടെ നിലവാരത്തിലെത്തിച്ചേരാൻ നാം വളരെ ബുദ്ധിമുട്ടിയേതീരൂ," അയാൾ പറഞ്ഞു.

"അതു ശരിയാണു സ്നേഹിതാ, അണുബോംബുണ്ടാക്കിയ ഏകാന്തവും ഭീതിജനകവുമായ ഈ മരുഭൂമിയെ ചാമ്പലിൽനിന്നും തകർന്ന ഓടുകളിൽനിന്നും വീണ്ടും കെട്ടിപ്പടുക്കുകയാണു് നമ്മുടെ ആദ്യത്തെ ചുമതല. മൺമറഞ്ഞ ഇഷ്ടജനങ്ങളുടെ ചിതാഭസ്മം കണ്ണുനീർത്തുള്ളികൾകൊണ്ടു നനയ്ക്കുന്നതോടൊപ്പം നാം രാഷ്ട്രീയ പുനർനിർമ്മാണവേലയിൽ മുഴുകുകകൂടിവേണം."

"ഡോക്ടർ, ഞാൻ ഒരു പാപിയാണ്. സഹനങ്ങളിലൂടെ എൻെറ പാപങ്ങൾക്കു പരിഹാരം ചെയ്യാൻ ഞാൻ അതിയായി ആഗ്രഹിക്കുന്നു. നമുക്കു പ്രാത്ഥിക്കുകയും പ്രവത്തിക്കുകയും ചെയ്യാം." ഇതു പറഞ്ഞപ്പോൾ ഇച്ചിത്താരോസാൻെറ മുഖത്തു് അവണ്ണ്യമായ ഒരാനന്ദഭാവം പടരുന്നതു് ഞാൻ ശ്രദ്ധിച്ചു.

## പുനർന്നിമ്മാണത്തിൻെറ നാലു ഘട്ടങ്ങൾ

ഈ അണുയുഗത്തിൽ പുനർന്നിമ്മാണത്തിൻെറ നാലു ഘട്ടങ്ങളിലൂടെ ഞങ്ങൾ ഇതിനകം ജീവിച്ചിട്ടുണ്ടു്. രക്ഷാകേന്ദ്രങ്ങളുടെ ഘട്ടം (Shelter); ബാരക്കുകളുടെ ഘട്ടം; താല്ക്കാലികവീടുകളുടെ ഘട്ടം; ശാശ്വത വസതികളുടെ ഘട്ടം.

ഇവയിൽ ഒന്നാമത്തെ ഘട്ടം ഒരു മാസത്തേക്കു ദീർഘിച്ചു. ഒരുമിച്ചുള്ള വാസത്തിൻെറ കാലമെന്നു് അതിനെ വേണമെങ്കിൽ വിളിക്കാം. വീടുകളില്ലാതിരുന്നതിനാൽ ആളുകൾ അവിടേയും ഇവിടേയും കൂട്ടംചേന്നു പാത്തു. അധികാരികളുമായുള്ള ബന്ധവും ഭക്ഷണപദാത്ഥങ്ങളുടെ വിതരണവും എളുപ്പമായിരുന്നു. രക്ഷാകേന്ദ്രങ്ങളിൽ വന്നെത്തിയവരിൽ പലക്കും പരുക്കുപററിയിട്ടുണ്ടായിരുന്നു. ആരോഗ്യം നഷ്ടപ്പെടാത്ത ചുരുക്കം വ്യക്തികൾ നല്ല സേവനസന്നദ്ധത പ്രകടിപ്പിക്കുകയും തങ്ങൾക്കുണ്ടായിരുന്നതെല്ലാം മററുള്ളവക്കു പങ്കിട്ടുകൊടുക്കുകയും ചെയ്തു. ആത്യന്തികമായ ദാരിദ്ര്യവും ശരീരയാതനകളും നിമിത്തം ആ കാലഘട്ടത്തിനു സവിശേഷമായ ഏതോ മനോഹാരിതയുണ്ടായിരുന്നു. ഞങ്ങളോരോരുത്തരും ജീവിതം അവസാനിച്ചതായി കരുതുകയും അടുത്ത ഭക്ഷണം പാകംചെയ്യുന്ന

തിലും സുഹൃത്തുക്കളുടേയും ബന്ധുജനങ്ങളുടേയും മൃതദേഹങ്ങൾ സംസ്കരിക്കുന്നതിലും പൂർണ്ണമായി വ്യാപൃതരാവുകയും ചെയ്തു. അന്നൊക്കെ ചെയ്തതെന്തെന്നോ, ചെയ്യേണ്ടതെന്തെന്നോ ഞങ്ങളിലാൎക്കും വ്യക്തമായി അറിയാമായിരുന്നില്ല.

ബാരക്കുകളിലെ വാസംനിമിത്തം പുതിയ ജീവിതത്തിനു തയ്യാറെടുക്കാനുള്ള ചൈതന്യം ഞങ്ങൾക്കു ലഭിച്ചു. ആളുകൾ അതിന്നായി പ്ലാനിട്ടുതുടങ്ങി. സ്വന്തം ബന്ധുജനങ്ങളേയും സുഹൃത്തുക്കളേയുംപററി ഇതിനകം അവർക്ക് കൂടുതൽ വ്യക്തമായ അറിവു ലഭിച്ചുകഴിഞ്ഞിരുന്നു. മരണമടഞ്ഞവരെ സംസ്കരിച്ചതിനുശേഷം ബാങ്കുകളിൽനിന്നു മിച്ചസംഖ്യ പിൻവലിക്കുകയും ജീവസന്ധാരണത്തിന് അത്യാവശ്യമായ വിഭവങ്ങൾ വാങ്ങി സംഭരിക്കുകയും ചെയ്തു. പുനർനിൎമ്മാണത്തിനുള്ള ഒരുക്കങ്ങളായിരുന്നു അതെല്ലാം. ബന്ധുജനങ്ങൾ സഹകരിച്ചു് പത്തു ചതുരശ്രഅടി വലിപ്പത്തിൽ കുടിലുകൾ കെട്ടാൻ തുടങ്ങി. അഴുക്കുകൂമ്പാരങ്ങളിൽനിന്നും ഊരിയെടുത്ത തടിക്കഷണങ്ങളും തകരാവശിഷ്ടങ്ങളും ഇത്തരം ഭവനനിൎമ്മിതിക്കു വളരെ ഉപകരിച്ചു. ജനങ്ങൾ അന്യോന്യം സഹായിച്ചു. മരണത്തിൽനിന്നും രക്ഷപ്പെട്ടതിൻെറ ആനന്ദത്തിളപ്പു് ഇതിനകം ശമിച്ചിരുന്നു. വ്യക്തിഗതമായ ആഗ്രഹങ്ങൾ തലപൊക്കാൻ തുടങ്ങി. സമൂഹജീവിതത്തിൽ പുറത്തുനിന്നു വന്നവരുമായി വഴക്കുകളും വിദ്വേഷങ്ങളും പ്രത്യക്ഷപ്പെട്ടു. ബന്ധുജനങ്ങളുടെയും സുഹൃത്തുക്കളുടെയുമിടയിൽ അസുഖസംഭവങ്ങളൊന്നും ഉണ്ടായില്ല. മഴപെയ്തപ്പോൾ ആ കുടിലുകളിലേക്കും വെള്ളം ചോൎന്നുവന്നു. ഒരു പന്നി

ത്തൊഴത്തിലെ മൃഗങ്ങളെപ്പോലെ ജനങ്ങൾ അങ്ങനെ പററംചേൎന്ന ദിനരാത്രങ്ങൾ തള്ളിവിട്ടു.

പൊട്ടിത്തെറിക്കശേഷം അഞ്ചുമാസം കഴിഞ്ഞു് ഡിസംബറിൽ ആലിപ്പഴം പെയ്യാൻ തുടങ്ങി. തുടർച്ച യായി അടിച്ചുകൊണ്ടിരുന്ന മരംകോച്ചിക്കളിർകാററു് പലകകൾക്കിടയിലൂടെ മുറിക്കള്ളിലേക്കു് കയറിവന്നു. താല്ക്കാലികഷെഡ്ഡുകളിൽ ജീവിക്കകതന്നെ അസാദ്ധ്യ മായിത്തീൎന്നു. സമീപപ്രദേശങ്ങളിൽനിന്നും കെട്ടിട സാമഗ്രികളും ആശാരിമാരും വന്നെത്തി. സഹോദര ങ്ങളും ബന്ധുക്കളും പുതിയ വീടുകൾ പിണിയിക്കാൻ മുമ്പോട്ടുവന്നു. കളിമണ്ണുകൊണ്ടു് ചുമരുണ്ടാക്കി, വൈ ക്കോൽ മേഞ്ഞ പുരകളാണു് അവർ നിൎമ്മിച്ചതു്. മച്ചിടാത്ത ആ വസതികൾ കണ്ടാൽ ഏകദേശം അറു പതു ച. അടി വിസ്താരമുള്ള കർഷകഭവനങ്ങൾപോ ലെ തോന്നും. തിടുക്കത്തിൽ പണിതതാണെങ്കിലും ആ വീടുകൾക്കു് തറയിൽ വിരിക്കുവാൻ പായും വരാന്തയി ലേക്കു് തുറക്കുന്ന ജനൽക്കതകുകളുമുണ്ടായിരുന്നു. ആദ്യ ത്തെ കുടിലുകളുമായി താരതമ്യപ്പെടുത്തിയാൽ കൊ ട്ടാരങ്ങൾതന്നെയായിരുന്നു അവ. ഈ പുതിയ ചുററുപാ ടിൽ പലരും കല്യാണം കഴിച്ചു. പ്രതിവാരം ശരാശരി പത്തു വിവാഹങ്ങൾവീതം നടന്നു.

ശാശ്വതമായ പുനർനിൎമ്മാണഘട്ടം ഇനിയും തുട ങ്ങേണ്ടിവന്നു. രാജ്യമാകെയുള്ള സ്ഥിതിഗതികൾ പൊ തുവേ കുറെക്കൂടി മെച്ചമാകുന്നതിനുമുമ്പു് ശാശ്വത പരിപാടികളെപ്പററി ചിന്തിക്കാൻപോലും ഞങ്ങൾ ക്കു കഴിഞ്ഞില്ല. അപാരമായ അവശതകളുടെയിടയി ലും ജീവിതം തുടരുവാൻ ജനങ്ങൾക്കു് ആവേശമുണ്ടായി.

അവർ സംതൃപ്തരായിരുന്നതുകൊണ്ടുതന്നെ സമ്പന്നരുമായിരുന്നു. ഒരു നല്ല നാളെക്കുവേണ്ടി വേലചെയ്യുക എന്നതായിരുന്നു ആ സംതൃപ്തിയുടെ നിദാനം. അണുബോംബു ചുട്ടുകരിച്ച മരുപ്രദേശത്തു് താല്ക്കാലിക മേൽക്കൂരയ്ക്കു കീഴിലുള്ള ആ വാസത്തിൽ ഏററവും മഹത്തായ മാനുഷികമൂല്യമൊളിഞ്ഞിരിപ്പുണ്ടെന്നാണു് എൻ്റെ അഭിപ്രായം.

ഞാൻ എൻെറ പുതിയ 'മണിമേട'യിൽ പ്രവേശിച്ചപ്പോൾ എൻെറ പഴയ പ്രൊഫസർ, ഡോക്ടർ സുവേത്സ്ഗു ഒരനുമോദനക്കത്തു് എനിക്കയച്ചുതന്നു.

തീവണ്ടിയിൽനിന്നു നോക്കിയാൽ ഉറക്കാമിയിലെ മലകൾക്കു് ഇപ്പോഴും വരണ്ടുനശിച്ച ആകൃതിയാണുള്ളതു്. ആൾപ്പാപ്പു് തീരെ കുറവുള്ള ആ മലമ്പ്രദേശം കാണുമ്പോൾ പുനർനിർമ്മാണംതന്നെ അസാദ്ധ്യമെന്നു തോന്നിപ്പോകും. എന്നിട്ടും ജനങ്ങൾ അവിടെ ഇപ്പോൾ കഠിനാദ്ധ്വാനം നടത്തുകയാണു്. നാശാവശിഷ്ടങ്ങളിൽനിന്നും കേടുവരാത്ത കല്ലും തടിക്കഷണങ്ങളും അവർ വലിച്ചൂരുന്നു. ബാഹ്യദൃഷ്ടിക്കു് മിക്കവാറും അദൃശ്യമായ രീതിയിൽ മന്ദംമന്ദം പട്ടണം വീണ്ടും ഉയൎന്നുവരുകയാണു്. കണ്ണുനീരിലും യാതനകളിലും ആനന്ദം കണ്ടെത്താൻകഴിഞ്ഞ വിശ്വാസികളുടേതായ ഒരു ചെറിയ സമൂഹം ഈ നൂററാണ്ടിൻെറ ഏററവും വലിയ കത്തവ്യം—പരിഹാരപ്രവൃത്തിയുടേതായ കത്തവ്യം—അനുഷ്ഠിക്കുന്നതിൽ മുഴുകിക്കഴിയുന്നു. അവിശ്വാസികൾ ഇതുവരെ തിരിച്ചുവന്നിട്ടില്ല. ഇവിടെ ചെയ്യപ്പെടുന്ന മഹോദ്യമത്തിൻെറ ഏക ഉറവിടം ദൈവവിശ്വാസമത്രെ.

## നാഗസാക്കിപ്പള്ളിയിലെ മണികൾ വീണ്ടുമടിക്കുമ്പോൾ

ചുമന്ന ഇഷ്ടികകൾകൊണ്ടു പണിതുയർത്തിയ ഉറക്കാമിപ്പള്ളിയുടെ മുഖവാരത്തു് മുപ്പതുമീററർ ഉയരമുള്ള രണ്ടു ഗോപുരങ്ങളുണ്ടായിരുന്നു. അവയിൽ വലുതും ചെറുതുമായ രണ്ടു മണികൾ ഘടിപ്പിച്ചിരുന്നു. കത്തോലിക്കരുടെയിടയിൽ സാധാരണമായ ത്രികാലജപം ചൊല്ലേണ്ട സമയങ്ങളിൽ എന്നും ആ വലിയ മണി മുഴങ്ങിവന്നു. സവിശേഷോത്സവാവസരങ്ങളിൽ മാത്രമേ ചെറിയമണി അടിച്ചിരുന്നുള്ളു. കൂടുതൽ സ്വർണ്ണംചേർത്തു് വാർത്തെടുത്തതാണു് ആ ചെറിയമണി എന്നു് ജനങ്ങൾ പറഞ്ഞുവന്നു. ഏതായാലും അതിമനോഹരമായ ഒരു ശബ്ദം അതിനുണ്ടായിരുന്നു. മൂന്നു കിലോമീറ്ററിലധികം അകലെ നിന്നാൽ ആ മണിയടി കേൾക്കാമായിരുന്നു. ബോംബു പൊട്ടിയപ്പോൾ ഗോപുരങ്ങൾരണ്ടും നിലം പതിച്ചു. അവയിലുണ്ടായിരുന്ന മണികൾക്കെന്തുസംഭവിച്ചുവെന്നറിയാൻ വിശ്വാസികൾ ഉൽക്കണ്ഠാപൂർവ്വം തിരക്കിവന്നു. പൊട്ടിത്തകന്ന ഇഷ്ടികക്കൂമ്പാരത്തിന്നടിയിൽ ചെറിയ മണി ഒരു കേടുംകൂടാതെ കിടക്കുന്നതു് തഗാവ കണ്ടുപിടിച്ചു. വലിയതിനു പിളർപ്പേറ്റിരുന്നു.

ഇപ്പോൾ വൃദ്ധനായിക്കഴിഞ്ഞ തഗാവ യൗവനത്തിൽ തൻെറ പിതാവിനോടൊപ്പം ആ മണികൾ രണ്ടും ഗോപുരങ്ങൾക്കുള്ളിൽ ബന്ധിക്കുന്ന വേലയിൽ സഹായിച്ചിട്ടുണ്ടായിരുന്നു. ഗോപുരങ്ങൾ വീണ്ടും പണിതുകഴിയുമ്പോൾ ആ രണ്ടുമണിയും പൂർവ്വസ്ഥാനത്തു കെട്ടിവെയ്ക്കുന്നതു് തീർച്ചയായും താൻ ആയിരിക്കുമെന്നു് തഗാവ കണ്ടവരോടെല്ലാം അഭിമാനപൂർവ്വം പറഞ്ഞു

നടന്നു. എന്നാൽ അണുരോഗം പിടിപെട്ടു വല്ലാതെ അവശനായിത്തീൎന്നിരുന്നു അയാൾ. രോഗശമനം അസാദ്ധ്യമെന്നു ഡോക്ടർമാർ തുറന്നുപറഞ്ഞു.

"ഈ മരുപ്രദേശത്തു് ആ മണികൾ ഒരിക്കൽക്കൂടി അടിച്ചിരുന്നെങ്കിൽ," ആളുകൾ പറയാൻ തുടങ്ങി. അവയുടെ ശബ്ദം നിലച്ചിട്ടു് ആണ്ടുകൾ എത്രയോ കഴിഞ്ഞിരിക്കുന്നു. ജപ്പാനിൽ ഇന്നു് സമാധാനം വീണ്ടും കൈവന്നിട്ടുണ്ടു്. എങ്കിലും വീടുകളും നെല്പാടങ്ങളും പോലെ നശിച്ചുകിടക്കുകയാണു് ജനങ്ങളുടെ ഹൃദയങ്ങളും.

"തകർച്ചയിലാണ്ട ഈ പട്ടണത്തിനുമീതെ പഴയ പ്രാൎത്ഥനാമണികൾ ഒരിക്കൽക്കൂടെ മുഴങ്ങാൻ തുടങ്ങിയെങ്കിൽ എത്രയേറെ സ്വൎഗ്ഗീയസ്മരണകൾ വീണ്ടും ഉണൎന്നു വന്നേനെ!"

ഡിസംബർ 24-ാംതീയതി ഇച്ചിത്താരോ യമാടയ്ക്കു് ഒരു നല്ല ആശയം കിട്ടി. അതു നടപ്പിലാക്കുന്നതിനു മോട്ടുവിലുള്ള ചെറുപ്പക്കാരുടെയെല്ലാം സമ്മതം അയാൾ സമ്പാദിച്ചു. അവർ ഭദ്രാസനപ്പള്ളിയിൽ വന്നുചേൎന്നതു ഞാൻ നോക്കിയിരുന്നു. ഒന്നും ചെയ്യുവാൻ എനിക്കു കഴിവുണ്ടായിരുന്നില്ല. സമീപത്തിരുന്നു് പ്രാൎത്ഥിക്കുവാനല്ലാതെ മറെറാന്നിനും ഞാൻ പ്രാപ്തനല്ലായിരുന്നു.

ഭാരമുള്ള വസ്തുക്കൾ ഉയൎത്തിക്കെട്ടാനുപയോഗിക്കുന്ന ഒരു യന്ത്രം പള്ളിക്കടുത്തുതന്നെ അവർ കണ്ടെത്തി. എല്ലാവരും ആദ്യം മുട്ടുകുത്തി കന്യകാമേരിയുടെ സ്തുതിക്കായുള്ള ജപമാല ചൊല്ലി. ഇഷ്ടികക്കഷണങ്ങളുടെ കീഴിൽ മറഞ്ഞുകിടക്കുന്ന മണി പൊക്കിയെടുത്തു് ഗോപുരത്തിനുള്ളിൽ കെട്ടിത്തൂക്കിയാൽ ക്രിസ്തുമസ്സ്ദിനം ദൈവമഹിമക്കായി അതു് അടിക്കാമല്ലോ എന്നു്

അവർ അഭിപ്രായപ്പെട്ടു. ഭാരമേറിയ ആ വേലയിൽ അവർ ഏർപ്പെട്ടപ്പോൾ ഞാൻ മുട്ടിന്മേൽനിന്നു പ്രാൎത്ഥിച്ചു.

പഴയ മണിമാളിക മുഴുവനും തകൎന്നുകിടന്നിരുന്നു. അതിന്റെയെല്ലാം താഴെ വളരെ ആഴത്തിൽ മൂടപ്പെട്ടിരിക്കുകയായിരുന്നു മണി. കല്ലുകളുടേതായ ആ പടുകൂററൻ കൂമ്പാരത്തിന്റെ അടിയിൽനിന്നു് മണി വലിച്ചെടുക്കുന്നതെങ്ങനെ? ഭാരംപൊക്കുന്ന യന്ത്രം അവർ ഉയൎത്തിനിൎത്തി. അപകടംനിറഞ്ഞ ഒരു വേലയായിരുന്നു അതു്. കയറെല്ലാം വേണ്ടതരത്തിൽ കെട്ടി ശരിപ്പെടുത്തിയശേഷം ജോലിക്കാർ ചങ്ങലയിൽ പിടിച്ചു വലിക്കാൻ ഒരുങ്ങി.

"സ്വൎഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ," ആദ്യമായി വലിച്ചിട്ടു് അവർ നിൎത്തി.

"അങ്ങേ തിരുനാമം പ്രകീൎത്തിതമാകട്ടെ"—ആ ചങ്ങല രണ്ടാമതും അവർ വലിച്ചു.

"അങ്ങേ രാജ്യം വരട്ടെ"—മണിയുയൎത്താൻ വീണ്ടുമൊരു ശ്രമം.

"അങ്ങേ തിരുവിഷ്ടം സ്വൎഗ്ഗത്തിലേപ്പോലെ ഭൂമുഖത്തും നടക്കട്ടെ"—മണി അനങ്ങി. അതു മണ്ണിന്നടിയിൽ നിന്നും ഉയൎന്നുവന്നു.

അസ്തമയസൂൎയ്യൻ ഈനാസമലമുകളിൽ ചെങ്കതിരുകൾ വീശിയപ്പോഴേക്കും അവിടെ പൊട്ടിത്തകൎന്നുകിടന്ന ഗോപുരാവശിഷ്ടങ്ങളുടെമേൽ ഞങ്ങളുടെ മണിനാദം മാറെറാലിക്കൊണ്ടു. ആവേശഭരിതനായി, അനങ്ങാതെ, ഞാൻ അതു നോക്കിനിന്നു.

വിദൂരതയിലുള്ള തുറമുഖത്തിന്റെ സമീപപ്രദേശങ്ങളിൽനിന്നു വേറെ മണികളും അടിക്കാൻതുടങ്ങി.

ആറു കിലോമീററർ അകലെയുള്ള ഒമുറയിലെ മണി യൊച്ച എനിക്കു കേൾക്കാൻ കഴിഞ്ഞു.

"കത്താവിൻെറ മാലാഖ" എന്നു് എല്ലാവരേയും ഓമ്മിപ്പിച്ചുകൊണ്ടു് മി. യമുഡാ മുട്ടുകുത്തി നിന്നു. അ യാളുടെ മാതൃക എല്ലാവരും അനുകരിച്ചു. ഞങ്ങളുടെ മണിയും ആ പ്രാത്ഥനയ്ക്കുള്ള സമയം അടിച്ചറിയിച്ചു. പല കൊല്ലങ്ങൾക്കുശേഷം ആദ്യമായി ഉറക്കാമിയി ലെ മലമ്പ്രദേശത്തെല്ലാം മണിനാദം മുഴങ്ങിക്കേട്ടു. എല്ലാ ചെററപ്പുരകളിലും കുടിലുകളിലും നിന്നു്, ഒരത്ഭു തസംഭവം കാണാനെന്നപോലെ ക്രൈസ്തവർ ഓടിവ ന്നു. ആരാധനാഭാവംപൂണ്ടു് അവരെല്ലാവരും മുട്ടുകുത്തി നിന്നു സ്വഗ്ഗത്തിലേക്കു സ്വരമുയത്തി പ്രാത്ഥിച്ചു.

"ദൈവവചനം മാംസമായി ഞങ്ങളുടെ മദ്ധ്യ ത്തിൽ വസിച്ചു."

"പാപികളായ ഞങ്ങൾക്കുവേണ്ടി പ്രാത്ഥിക്കേ ണമേ."

മനോഹരമായ ആ മണിനാദം എവിടെയെല്ലാമെ ത്തിച്ചേന്നുവോ, അവിടങ്ങളിലെ സ്ത്രീകളും പുരുഷന്മാ രും മുട്ടിന്മേൽനിന്നു് ആശാഭരിതങ്ങളായ പ്രാത്ഥനകൾ സ്വഗ്ഗത്തിലേക്കു് അപ്പിച്ചു.

അദ്ധ്യായം ആറ്

# ഒരു നല്ല നാളെയ്ക്കു് ഇനിയും വഴിയുണ്ടു്

ശാസ്ത്രപുരോഗതി മനുഷ്യനു് സന്തുഷ്ടിയാണോ ദുരിതമാണോ നല്കാൻപോകുന്നതു്? ഈ ചോദ്യം നമ്മുടെ മുമ്പിൽ അവശേഷിക്കുന്നുണ്ടു്.

ശാസ്ത്രജ്ഞന്മാരുടെ എല്ലാ കണ്ടുപിടുത്തങ്ങളുടേയും ലക്ഷ്യം യുദ്ധമാണെന്നുപോലും തോന്നിപ്പോകും. വെടിക്കോപ്പുകൾ, റേഡിയോ, വിമാനങ്ങൾ, അണുശക്തി ഇവയെല്ലാം യുദ്ധലക്ഷ്യങ്ങൾക്കായി ഉപയോഗപ്പെടുത്തിയിട്ടുണ്ടു്. യുദ്ധോദ്യമത്തിൻെറ സഹായത്തിനു് ശാസ്ത്രജ്ഞന്മാർ അണിനിരക്കുകയുണ്ടായി. ഇതെല്ലാമാണെങ്കിലും വിനാശോന്മുഖങ്ങളായ പ്രവൎത്തനങ്ങളിൽ മാത്രമേ ശാസ്ത്രജ്ഞന്മാർ ഏൎപ്പെട്ടിട്ടുള്ളുവെന്നു പറയുന്നതു് ഒട്ടും ശരിയല്ല. അനുനിമിഷം വൎദ്ധിച്ചുവരുന്ന വിപൽസാദ്ധ്യതകളുൾക്കൊള്ളുന്ന ഏററവും വലിയ മാനുഷികദുരന്തമാണു് യുദ്ധം, സംശയമില്ല. നാഗസാക്കിനഗരത്തിൻെറ ജീവിതകേന്ദ്രം മുഴുവൻ നശിപ്പിക്കാൻ ഒരൊററ ബോംബിനു കഴിഞ്ഞു. അണുശക്തിവിഷയകമായ ഗവേഷണങ്ങളാരംഭിച്ച മരീക്യൂറീ ശാസ്ത്രപുരോഗതിക്കായി തൻെറ ജീവിതം അടിയറ വെച്ചതു് അതിൻെറ വിനാശസാദ്ധ്യതകൾ മുൻകൂട്ടി അറിഞ്ഞുകൊണ്ടാണോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. വെടിമരുന്നു (Dynamite) കണ്ടുപിടിച്ച പ്രസിദ്ധ ശാസ്ത്രജ്ഞൻ നോബേൽ തൻെറ ജീവിതത്തിൻെറ അന്തിമഘട്ടത്തിൽ എത്രയേറെ മനസ്സുഖമനുഭവിച്ചിട്ടു

ണ്ടെന്നു് നമുക്കറിയാം. അണുബോംബു നിർമ്മിക്കുവാൻ സഹായിച്ചിട്ടുള്ള ശാസ്ത്രജ്ഞന്മാർ മൃതദേഹങ്ങൾ പാകിയ നാഗസാക്കിയിലെ ഭയാനകദൃശ്യം കണ്ടു് ഇപ്പോൾ സങ്കടപ്പെടുന്നുണ്ടെന്നാണു് എന്റെ വിശ്വാസം. അന്തിമ വിശകലനത്തിൽ, തെററുചെയ്തവർ ശാസ്ത്രജ്ഞന്മാരല്ലതന്നെ.

സൃഷ്ടപ്രപഞ്ചത്തിന്റെ ഉള്ളിൽ അസാധാരണങ്ങളായ ഭീമശക്തികൾ ഇനിയും ഒളിഞ്ഞിരിക്കുന്നുണ്ടെന്ന വസ്തുത അണുബോംബുമൂലം മനുഷ്യരാശി പഠിച്ചു. കല്ക്കരിയുടേയും എണ്ണയുടേയും ഖനികൾ എല്ലാം കുഴിച്ചെടുത്തുകഴിയുമ്പോൾ ലോകത്തിനു വന്നുചേരാനിടയുള്ള മഹാവിപത്തു് ഭാവിദർശനംചെയ്യുന്ന നാം, അണുബോംബിൻെറ വിസ്ഫോടനത്തോടുകൂടി തികച്ചും നവീനമായ ഒരു വ്യവസ്ഥിതിയിലേക്കു പെട്ടെന്നു് പ്രവേശിച്ചിരിക്കുകയാണിപ്പോൾ.

സ്ഥലച്ചുരുക്കത്തിൻേറയും ജനപ്പെരുപ്പത്തിൻേറതുമായ പ്രശ്നങ്ങളോട്ടേററുമുട്ടിയപ്പോഴെല്ലാം ലോകരാഷ്ട്രനേതാക്കൾ രാജ്യതന്ത്രമോ യുദ്ധമോവഴി അവയ്ക്കു പരിഹാരം കണ്ടെത്താൻ ശ്രമിച്ചിട്ടുണ്ടു്. എൻെറ അഭിപ്രായത്തിൽ അന്താരാഷ്ട്രീയവിദ്വേഷത്തിൻെറ പല ഹേതുക്കളേയും നീക്കംചെയ്യുവാൻ അണുശക്തിയുടെ ഉപയോഗം സഹായകമാകും. ക്ഷമാപൂർവ്വം ഗവേഷണം തുടന്നാൽ മനുഷ്യവർഗ്ഗത്തിൻെറ മുഴവൻ ജീവിതം പൂർവ്വോപരി സുഖപ്രദമാക്കാൻ കഴിവുള്ള ശക്തിവിശേഷങ്ങൾ ഏററവും അപ്രതീക്ഷിതമായ സ്ഥലങ്ങളിൽവെച്ചു് കണ്ടെത്താൻ സാധിക്കും.

കൂടുതൽ തെളിവുകൾ ആവശ്യമില്ല. നിങ്ങളുടെ ചുററുമൊന്നു നോക്കുക. ഇക്കഴിഞ്ഞ അമ്പതുകൊല്ലത്തി

നിടയിൽ എത്രയെത്ര മാറ്റങ്ങൾ അവിടെയെല്ലാം വന്നിട്ടുണ്ടു്? ഇതിൽനിന്നുതന്നെ നിങ്ങൾക്കു കാണാൻകഴിയും, എല്ലാവരും ആഗ്രഹിക്കുകയാണെങ്കിൽ, ജീവിതം ഭൂരിപക്ഷം ജനങ്ങൾക്കും സൗകര്യപ്രദവും സുഖകരവുമാക്കാൻ സാധിക്കുമെന്നു്. അങ്ങനെ മാറുന്ന ചുറ്റുപാടിൽ ഇന്നത്തെ മാനുഷികപ്രശ്നങ്ങൾക്കു് എന്തു സംഭവിക്കും?

ജപ്പാനിലുള്ള വളരെയേറെ ആളുകൾക്കു് ഏറ്റവും മൗലികമായ ജീവിതാവശ്യങ്ങൾപോലും ഇന്നു സാധിച്ചുകിട്ടുന്നില്ല. എങ്ങനെയാണു ജീവിച്ചുപോവുക? ഇതാണു് ഓരോരുത്തരുടേയും ഏകചിന്ത. ആത്മാവിനെക്കുറിച്ചു ചിന്തിക്കാനുള്ള മാനസികശക്തി ആർക്കും ശേഷിക്കുന്നില്ല. ആത്മാവിനെപ്പററി ചിന്തിക്കാൻ സമയം കിട്ടാതെ, നിരന്തരദുരിതത്തിൽ ജീവിച്ചുപോകുവാൻ ജനങ്ങളെ നിർബന്ധിക്കുന്ന കമ്മ്യൂണിസ്റ്റ്വ്യവസ്ഥിതിക്കു തുല്യമാണു് നമ്മുടെ ഇപ്പോഴത്തെ നില. ആവശ്യമുള്ള ഭക്ഷണവും വസ്ത്രങ്ങളുമുണ്ടെങ്കിൽ ഭൗതികാവശ്യങ്ങളെ നേരിടാൻവേണ്ടി സ്വന്തം ആദ്ധ്യാത്മികശക്തി മുഴുവനും അവർക്കു വ്യയംചെയ്യേണ്ടിവരില്ല. ആത്മാവിനെ സംബന്ധിക്കുന്ന പ്രശ്നങ്ങളെപ്പററി അവർ സഗൗരവം ചിന്തിക്കാൻതുടങ്ങും.

ഇന്നത്തെ അന്താരാഷ്ട്രീയസമ്മേളനങ്ങളിലെ പ്രധാനചർച്ചാവിഷയം മനുഷ്യജീവിതത്തിലെ ഭൗതികാവശ്യങ്ങളെ മാത്രം സ്പർശിക്കുന്ന പ്രശ്നങ്ങളാണെന്നു വരുന്നതു് തികച്ചും ശോച്യമായ വസ്തുതയത്രേ. നമ്മുടെ വിശ്വവീക്ഷണത്തിൽ ചില നല്ല മാററങ്ങൾ വരുത്താൻ ശാസ്ത്രജ്ഞന്മാർക്കു കഴിയുമെന്നാണു് എന്റെ ഉറച്ച വിശ്വാസം. ഭൗതികമാത്രപ്രസക്തമായ ജനങ്ങളുടെ ഇന്നത്തെ കാഴ്ചപ്പാടു മാറിയേതീരൂ.

ഭൗതികാവശ്യങ്ങളെ നേരിടാൻവേണ്ടി മനുഷ്യരാശിയുടെ സർവ്വശക്തികളും അവകാശപ്പെടാത്ത ഒരു നവലോകം കെട്ടിപ്പടുക്കാൻ ശാസ്ത്രജ്ഞന്മാർ അണിനിരക്കണം. ശില്പവിജ്ഞാനം (technology) ആദ്ധ്യാത്മികസംസ്കാരത്തിന്റെ പുരോഗതിക്കൊരു വിലങ്ങുതടിയാണു് എന്ന അഭിപ്രായം ചിലയിടങ്ങളിൽ തലപൊക്കാറുണ്ടു്. ഈ ചിന്താഗതി സ്വീകരിക്കുന്നവർ യാഥാർത്ഥ്യത്തിന്റെ എല്ലാ വശവും കാണുന്നില്ല. ഭാവിയിൽ പൂർണ്ണസ്വാതന്ത്ര്യത്തോടെ ഒരാദ്ധ്യാത്മികസംസ്കാരം സ്ഥാപിക്കുകയും വളർത്തുകയും ചെയ്യുന്നതിനു് അവശ്യാവശ്യമായ അടിത്തറയത്രേ യന്ത്രവൽകൃതമായ പരിഷ്കാരം.

## ഒരു ത്രികാലജപത്തിൽനിന്നു മററൊന്നിലേക്കു്

എന്റെ കുടിലിൽ വിദ്യുൽപ്രകാശമില്ല. അതുകൊണ്ടു് ഇരുട്ടായാലുടൻ കയാനോവിനെ കൈയിലെടുത്തുകൊണ്ടു് ഞാൻ പുതപ്പിനുള്ളിൽ ചുരുണ്ടുകയറും. "ഒരാററം വളരെ വലുതാണോ അപ്പച്ചാ?" നാലാംതരത്തിൽ പഠിക്കുന്ന എന്റെ കൊച്ചുമകൻ ചോദിക്കുകയായി.

"ഓ, അല്ലല്ല വളരെ ചെറുതാണു്," ഞാൻ അവനു പറഞ്ഞുകൊടുക്കും. "ഒരു സെൻറിമീറ്ററിന്റെ പത്തുകോടിയിലൊരംശം വലിപ്പമേ ഉള്ളു അതിനു്."

അവൻ എല്ലാത്തരത്തിലുമുള്ള ചോദ്യങ്ങൾ തുടന്നു ചോദിക്കും. ന്യൂക്ലിയസിനെപ്പററിയും ന്യൂട്രോണിനെപ്പററിയുമൊക്കെ ഞാൻ അവനോടു സംസാരിക്കും. അപ്പോൾ അവൻ ചോദിക്കും: "അപ്പച്ചാ, ബോംബു

ണ്ടാക്കാനല്ലാതെ വേറെ വല്ലതിനും കൊള്ളാമോ ഈ ആററം?"

"തീർച്ചയായിട്ടും, മകനേ, വേറെ പല ഉപയോഗങ്ങളുമുണ്ടു് അതിനു്. സാവധാനത്തിലും ക്രമികമായും നാം അവയെപ്പൊട്ടിക്കുകയാണെങ്കിൽ അങ്ങനെയുണ്ടാകുന്ന ശക്തിയുപയോഗിച്ചു നമുക്കു് കപ്പലുകളും തീവണ്ടികളും വിമാനങ്ങളുമൊക്കെ ഓടിക്കാം. കല്ക്കരിയോ, പെട്രോളോ, വിദ്യുച്ഛക്തിയോ ഒന്നും വേണ്ട പിന്നെ. വലിയ യന്ത്രങ്ങളും വേണ്ട. ആളുകൾക്കെല്ലാം സുഖമായി ജീവിക്കാം."

"ഓഹോ, അങ്ങനെയാണെങ്കിൽ ഇനി ഒരുകാലത്തു് അണുശക്തികൊണ്ടായിരിക്കുമല്ലോ എല്ലാമോടുന്നതു്?"

"അതെ. നിനക്കും കയാനോവിനും അണുയുഗത്തിൽ ജീവിക്കുവാൻ ഭാഗ്യമുണ്ടാകും."

"അണുയുഗത്തിലോ?" എന്നാവൎത്തിച്ചുകൊണ്ടു് അവൻ ഉറങ്ങിപ്പോകും.

എൻെറ തലയണയ്ക്കു താഴെ ഒരു വെട്ടിൽ പാട്ടു പാടി.

അണുയുഗത്തിൽ മനുഷ്യരാശി പൂൎവ്വോപരി സന്തുഷ്ടിയനുഭവിക്കുമോ? അതോ കൂടുതൽ ദുരിതനിർഭരമായിരിക്കുമോ ലോകത്തിൻെറ ഭാവി? നാളിതുവരെ പ്രപഞ്ചത്തിൻെറ ഉള്ളിൽ ദൈവം ഒളിച്ചുവെച്ചിരുന്നതും നന്മയ്ക്കും തിന്മയ്ക്കും കഴിവുള്ളതുമായ ഈ അസാധാരണശക്തികൊണ്ടു് ജനങ്ങൾ എന്താണു ചെയ്യാൻപോകുന്നതു്? നന്മയ്ക്കുവേണ്ടി ഉപയോഗിക്കുകയാണെങ്കിൽ മാനവസംസ്കാരത്തിൻെറ അത്ഭുതപൂൎവ്വമായ പുരോഗതിക്കു് അതു വഴിതെളിയിക്കും. തിന്മയ്ക്കുപയോഗിച്ചാൽ

മനുഷ്യവംശത്തിൻെറ ഉന്മൂലനാശത്തിന്നതു കാരണമാകും. ലോകത്തിൻെറ ഭാവി മനുഷ്യൻെറ സ്വതന്ത്രമായ ഇച്ഛാശക്തിയെ ആശ്രയിച്ചിരിക്കും. സ്വന്തം ഭാവിഭദ്രതയുടെ താക്കോൽ അവൻെറ കൈയിലുണ്ടു്. ഈ വഴിക്കു് അല്പമൊന്നു ചിന്തിച്ചുപോയാൽ നാം ഞെട്ടിപ്പോകും. ഉന്മൂലനാശത്തിൽനിന്നു മനുഷ്യരാശിയെ രക്ഷിപ്പാൻ ആഴമേറിയ മതചൈതന്യത്തിന്നുമാത്രമേ കഴിവുള്ളു—ഇതാണു് എൻെറ സുചിന്തിതമായ അഭിപ്രായം.

വെട്ടിൽ അതിൻ്റെ ഗാനാലാപം തുടരുകയാണു്. അർദ്ധരാത്രിയിലുണർന്ന കയാനോ അവളുടെ അമ്മയെ വിടെയെന്നു തപ്പിനോക്കി, ആ ഉദ്യമത്തിൽ തോൽവിയടഞ്ഞു് അല്പനേരം കരഞ്ഞിട്ടു് വീണ്ടും ഉറങ്ങിപ്പോകുന്നു.

ഇങ്ങനെ ദുർഭഗരായി ഞങ്ങൾമാത്രമല്ലല്ലോ ഉള്ളതു്! ഞാൻ ആത്മഗതം ചെയ്യുകയാണു്. എത്ര എത്ര അനാഥശിശുക്കളാണു്, എത്ര എത്ര വിധവകളാണു് ഇന്നു രാത്രി അയൽവക്കത്തെ വീടുകളിൽ കിടന്നു കരയുന്നതു്!

നീണ്ട ഒരു രാത്രികൂടി കടന്നുപോയി. ഞാൻ ഉണർന്നു. ജനാലവാതിലിലൂടെ ചോർന്നുവന്ന പുലരിപ്രകാശത്തിൽ എൻെറ അവസാനസ്വപ്നം അലിഞ്ഞുപോയി.

പള്ളിമണി അടിക്കുന്നുണ്ടു്. ഒരു പുതിയ ദിവസത്തിൻെറ പിറവിയാണതു്. എൻെറ പുതപ്പിന്മേൽ മുട്ടുകുത്തിനിന്നു് പ്രഭാതപ്രാർത്ഥന ചൊല്ലാൻവേണ്ടി മക്ക

ത്തോവും കയാനോവും കിടക്കയിൽനിന്നു ചാടി എഴു ന്നേററുകഴിഞ്ഞു. പുലരിത്തുടുപ്പിലൂടെ പാളിപ്പോകുന്ന മണിനാദം ക്രിസ്തുവിൻെറ ശാന്തിസന്ദേശവും പേറി ചക്രവാളച്ചെരുവുകളിലേക്കു നീങ്ങുകയാണു്.

വേറൊരു യുദ്ധത്തെപ്പററി ചിന്തിക്കാൻപോലും ദൈവം നമ്മെ അനുവദിക്കാതിരിക്കട്ടെ. ഇനി ഒരു യു ദ്ധമുണ്ടായാൽ അണുബോംബുമൂലം മനുഷ്യരാശിയുടെ പൂർണ്ണനാശം അക്ഷരാർത്ഥത്തിൽ സംഭവിക്കും. ഉറക്കാമീ മലഞ്ചെരുവിലെ പാവപ്പെട്ട വീടുകളിൽനിന്നു ലോക മാകെയുള്ള എല്ലാ മനുഷ്യരോടും ഞങ്ങൾ അഭ്യർത്ഥിക്കു ന്നു: "യുദ്ധത്തിൻേറതായ ആശയംതന്നെ നമുക്കു് ഉപേ ക്ഷിക്കാം. നിസ്പാർത്ഥസ്നേഹത്തിൻെറയും ആഗോള സാഹോദര്യത്തിൻെറയുമായ ചൈതന്യത്തോടെ നമുക്കു പരസ്പരം സഹകരിച്ചു പ്രവർത്തിക്കാം. നശിപ്പിക്കപ്പെട്ട ഈ താഴ്വരയിൽ മുട്ടുകുത്തിനിന്നുകൊണ്ടു ഞങ്ങൾ പ്രാ ർത്ഥിക്കുകയാണു്. അണുബോംബിൻെറ ക്രൂരാഘാതമേ ല്ക്കുന്ന അവസാനത്തെ നഗരം ഞങ്ങളുടെ ഈ ഉറക്കാമി ആയിരിക്കട്ടെ."

മണിയടി മുഴങ്ങുന്നു. "അമലോത്ഭവയായ മറിയ മേ, അങ്ങേ സഹായം തേടുന്ന ഞങ്ങൾക്കുവേണ്ടി പ്രാ ർത്ഥിക്കുക."

മക്കത്തോവും കയാനോവും പ്രാർത്ഥന പൂർത്തി യാക്കി കുരിശടയാളം വരയ്ക്കുന്നു.

★

KOTTAYAM PUBLIC LIBRARY
KOTTAYAM

Cl. No. M07 NAG-A    Acc. No. 81467

This book should be returned on or before the date last stamped below.

If the book is not returned on due date
a fine of ₹1 per day will be charged

MO.7 81467

NAG-A

നാഗായി തകാഷി

അണുബോംബുവീണപ്പോൾ

KOTTAYAM PUBLIC LIBRARY

Call No M07 NAG-A Acc. No 81467

Author നാഗവല്ലി, [illegible]

Title [illegible]

Indic Digital Archive Foundation

gpura.org